©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തി ഒന്നാമത് റിപ്പോർട്ട്

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 മുതൽ 2010-11 വരെയും 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷൻ എന്നിവ അടിസ്ഥാനമാക്കിയുള്ളത്]**

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഇരുപത്തി ഒന്നാമത് റിപ്പോർട്ട്**

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 മുതൽ 2010-11 വരെയും 2013-14, 2015-16, 2016-17 എന്നീ വർഷങ്ങളിലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷൻ എന്നിവ അടിസ്ഥാനമാക്കിയുള്ളത്]**

941/2022

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ ശിപാർശകളും | .. | 85 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 96 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021 -2023)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ :</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീമതി കവിതാ ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)-യുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 മുതൽ 2010-2011 വരെയും 2013-2014, 2015-2016, 2016-2017 എന്നീ വർഷങ്ങളിലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷൻ എന്നീ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022, ജൂലൈ 20.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 മുതൽ 2010-2011 വരെയും 2013-2014, 2015-2016, 2016-2017 എന്നീ വർഷങ്ങളിലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷൻ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

ഓഡിറ്റ് ഖണ്ഡിക

ആസ്തി ആർജ്ജിക്കൽ - മതിയായ വിവര അടിത്തറ ഇല്ലാത്തതിനാൽ തെറ്റായ വിവരങ്ങളിൽ അധിഷ്ഠിതമായ തീരുമാനങ്ങളും തൽഫലമായി ഉണ്ടാകുന്ന ധനനഷ്ടങ്ങളും

### സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ഉടമസ്ഥാവകാശം യഥാവിധി ഉറപ്പാക്കുന്നതിന് അടിയന്തര ശ്രദ്ധയും സംസ്ഥാനതല നടപടിയും സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഇപ്രകാരം ആസ്തി ആർജ്ജിക്കുന്നതിലും പരിപാലിക്കുന്നതിലും തദ്ദേശ സ്ഥാപനം അനുവർത്തിക്കേണ്ട കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തി സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് ബോധ്യപ്പെടുത്തുന്ന ചില അപാകങ്ങൾ തൻവർഷവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം യഥാവിധി ഉറപ്പാക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അത്തരം ഭൂമിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയാൽ ഗണ്യമായ തുക ചെലവഴിച്ചശേഷം പ്രവൃത്തികൾ പൂർത്തീകരിക്കാനാകാതെയും/ പൂർത്തീകരിച്ച ആസ്തികൾ ഏറ്റെടുക്കാനാകാതെയും വൻ തുകകൾ പാഴ്ചെലവ് ആയിത്തീരുന്നുണ്ട്. ശരിയായ ആസൂത്രണമോ പഠനമോ അന്വേഷണമോ നടത്താതെ വസ്തു ആർജ്ജിക്കുന്നതിനാൽ വസ്തു ആർജ്ജിക്കലിൽ അന്തർലീനമായ ഉദ്ദേശലക്ഷ്യം പൂർത്തിയാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു. 2016-17-ൽ റിപ്പോർട്ടുചെയ്ത പ്രസക്തമായ പരാമർശങ്ങളിൽ ഒന്ന് താഴെ ചേർക്കുന്നു.

## കൊല്ലം ജില്ല- കുളക്കട ഗ്രാമപഞ്ചായത്ത് - പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും - 7.74 ലക്ഷം രൂപ പാഴായി

[ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.2]

നിർമ്മാണം പാതിവഴിയിലായിരിക്കെ മാർക്കറ്റ് സ്ഥിതി ചെയ്തിരുന്ന സ്ഥലം മത്സ്യവകുപ്പ് ഏറ്റെടുത്തത് വഴി 17-9-2015-ന് 7,73,930 രൂപ ഭാഗിക ബിൽ തുകയായി നല്കി പദ്ധതി അവസാനിപ്പിച്ചു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത മാർക്കറ്റിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും പഞ്ചായത്തിന്റെ പുതിയ/പഴയ പ്രോജക്ടുകളെക്കുറിച്ചും ഗുണഭോക്തൃ സമിതിയ്ക്ക് നൽകിയ തുകക്കനുസൃതമായാണോ നിർമ്മാണം നടന്നത് എന്നതിനെ സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മാർക്കറ്റാണിതെന്നും ടി മാർക്കറ്റ് നവീകരിക്കുന്നതിനായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നുവെന്നും രണ്ട് കോടി രൂപ അനുവദിക്കുമെന്ന പ്രഖ്യാപനമുണ്ടായിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി എസ്റ്റിമേറ്റ് തയ്യാറാക്കി ഫിഷറീസ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത മാർക്കറ്റ് മത്സ്യ വകുപ്പിന് വിട്ടുകൊടുത്തിട്ടില്ലെന്നും നല്ല രീതിയിലാണ് മാർക്കറ്റ് പ്രവർത്തിക്കുന്നതെന്നും പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾക്കാണ് പാർട്ട് ബിൽ നൽകിയതെന്നും മാർക്കറ്റ് നവീകരണത്തിനായി പഞ്ചായത്തിന്റെ ഒറിജിനൽ പ്രോജക്ടിൽ 10 ലക്ഷം രൂപയാണ് വകയിരുത്തിയതെന്നും അതിൽ 7,73,930 രൂപ ഉപയോഗിച്ച് രണ്ട് ഓപ്പൺ സ്റ്റാളുകൾ നിർമ്മിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ഫണ്ടുപയോഗിച്ച് മുഴുവൻ നവീകരണ പ്രവൃത്തികൾ നടത്തുക എന്നത് സാധ്യമല്ലാത്തതിനാൽ ജനകീയ സമിതി ഫിഷറീസ് വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നുവെന്നും തുടർന്ന് മാർക്കറ്റ് നവീകരണത്തിനായി ഫണ്ട് അനുവദിക്കുമെന്ന് പ്രഖ്യാപനമുണ്ടായെന്നും അതിന്റെയടിസ്ഥാനത്തിൽ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരിക്കുകയാണെന്നും കുളക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 2 കോടിയുടെ പുതിയ പ്രോജക്ടിൽ ഓപ്പൺ മാർക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ആദ്യത്തെ പ്രോജക്ടിൽ നിർമ്മിച്ച ഓപ്പൺ സ്റ്റാളുകൾ പുതിയ പ്രോജക്ടിൽ ഉപയോഗപ്പെടുത്താനാകുമോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് പുതിയ സ്റ്റാളുകൾ നിർമ്മിച്ചിട്ടില്ലെന്നും പഴയ സ്റ്റാളുകൾ നിലനിർത്തിക്കൊണ്ട്

നവീകരണപ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും ആദ്യ പ്രോജക്ടിലെ ഒരു സെപ്റ്റിക് ടാങ്ക് നിർമ്മാണം നാട്ടുകാരുടെ എതിർപ്പുമൂലം മാറ്റിവയ്ക്കേണ്ടി വന്നുവെന്നും പ്രസ്തുത നിർമ്മാണം കൂടി പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പ്രസ്തുത മാർക്കറ്റ് പഞ്ചായത്തിന്റെ ആസ്തിയിലുള്ള സ്ഥലമാണെന്നും സർവ്വേ നടത്തിയതായും കുളക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത ഫയലിൽ നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**2. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവിധ ആവശ്യങ്ങൾക്കായുള്ള ആസ്തി ആർജ്ജിക്കൽ-പരാജയപ്പെട്ട പദ്ധതികൾ**

**(1) ക്യാരിബാഗ് നിർമ്മാണ പദ്ധതി (നിലമേൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല)** ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3-6]

ക്യാരിബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും യൂണിറ്റ് ആരംഭിക്കുന്നതിന് പ്രാരംഭ സഹായം നൽകുന്നതിനുമായി 2014-2015 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നിലമേൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതിക്ക് കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 6,00,000 രൂപ വകയിരുത്തി.

24 പേരെ ഉൾപ്പെടുത്തി യൂണിറ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും മൂന്നുപേർ മാത്രമാണ് യൂണിറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. യൂണിറ്റ് പ്രവർത്തിക്കുന്ന ഹാളിൽ വൈദ്യുതിയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തയ്യൽ മെഷീനുകളും മറ്റ് ഉപകരണങ്ങളും പ്രവർത്തനരഹിതമായി കാണപ്പെട്ടു. ക്യാരിബാഗിന് ആവശ്യക്കാരേറെയുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം അവ നിർമ്മിക്കാൻ കഴിയാത്തതിനാൽ പദ്ധതിക്ക് ചെലവഴിച്ച 3,03,375 രൂപ പാഴ്ചെലവായി.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.2 (ii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. നിലമേൽ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി പേപ്പർ ബാഗ് നിർമ്മാണ പരിശീലനം നൽകുന്ന യൂണിറ്റ് ആരംഭിക്കുന്ന പ്രോജക്ടിലേക്ക് 2014-15-ൽ 24 പേരെ ഉൾപ്പെടുത്തി യൂണിറ്റ് ആരംഭിച്ചിരുന്നെന്നും എന്നാൽ ആറുമാസക്കാലം

പിന്നിട്ടപ്പോൾ മൂന്ന് പേർ മാത്രമാണ് യൂണിറ്റിൽ ശേഷിച്ചതെന്നും മറ്റ് തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിയിലേർപ്പെട്ട് പോയതായി അറിയാൻ സാധിച്ചെന്നും നിലവിൽ യൂണിറ്റ് പ്രവർത്തിക്കാതെ 15 തയ്യൽ മെഷീനുകൾ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ഉപയോഗശൂന്യമായി അവശേഷിക്കുകയാണെന്നും ഓട്ടോമാറ്റിക് തയ്യൽ മെഷീനിൽ നിർമ്മിക്കുന്നതിനേക്കാൾ വിലക്കൂടുതൽ സാധാരണ മെഷീനിൽ നിർമ്മിക്കുന്നവയ്ക്കായതിനാൽ പ്രസ്തുത ക്യാരിബാഗുകൾ ലാഭകരമായി മാർക്കറ്റ് ചെയ്യാൻ സാധിക്കുകയില്ലെന്ന് പഞ്ചായത്ത് സമിതി മനസ്സിലാക്കിയെന്നും ക്യാരിബാഗ് നിർമ്മാണ യൂണിറ്റിനെ മറ്റ് യൂണിറ്റുകളുമായി ലയിപ്പിക്കാൻ ശ്രമിച്ചിരുന്നുവെന്നും ഓട്ടോമാറ്റിക് തയ്യൽ മെഷീനുകളുണ്ടെങ്കിൽ മാത്രം ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന യൂണിറ്റിന് വേണ്ടി വലിയ തോതിൽ ലോണെടുക്കേണ്ടി വരുമെന്നും അതിനാൽ പ്രസ്തുത യൂണിറ്റിനെ തയ്യൽ പരിശീലന യൂണിറ്റാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ലഭിച്ച 6,00,000 രൂപയിൽ 3,03,375 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുക പഞ്ചായത്ത് അക്കൗണ്ടിലുണ്ടെന്നും നിലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**4. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**(2) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല**

[ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.3]

കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ പ്ലാസ്റ്റിക് ശേഖരിച്ച് ഷ്രെഡ്ഡിംഗ് മെഷീനിൽ പൊടിച്ച് റീസൈക്കിൾ ചെയ്യുകയും റോഡ് ടാർ ചെയ്യുമ്പോൾ അതിൽ കലർത്തി ഉപയോഗിക്കുകയും ചെയ്യുകയായിരുന്നു പദ്ധതി ലക്ഷ്യം.

പദ്ധതിക്കായി പ്രകൃതി ഗ്രൂപ്പ്, ആലുവയുടെ 5,50,000 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. പ്രകൃതി ഗ്രൂപ്പിന്റെ ഇൻവോയിസ് നം.1475/04.03.2015 പ്രകാരമുള്ള 5,50,000 രൂപ നൽകി (ബിൽ നമ്പർ 5/17-7-2015) അംഗീകരിച്ച ടെണ്ടർ പ്രകാരം പ്ലാന്റിന്റെ വില എല്ലാ നികുതിയും ഉൾപ്പെടെ 5,00,000 രൂപയാണ്. എന്നാൽ 5,50,000 രൂപയാണ് പ്ലാന്റിന്റെ വിലയായി നൽകിയത്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭൗതിക സാഹചര്യമൊരുക്കാതെ (സ്ഥലം, ത്രീ ഫേസ് ഇലക്ട്രിക്ക് കണക്ഷൻ മുതലായവ) പ്ലാന്റ് വാങ്ങി. പ്ലാന്റിനായി അധികം ചെലവഴിച്ച 50,000 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്. പ്ലാന്റ് നാളിതുവരെയും പ്രവർത്തന രഹിതമായി കാണുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.2(iii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. പ്രസ്തുത യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന്, യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത യൂണിറ്റ് പ്രചാരത്തിൽ വരുന്നതിന് മുമ്പ് പരിശീലനം ലഭിച്ചിട്ടില്ലെന്നും അതിനാൽ 50,000 രൂപ അധികമായി നൽകേണ്ടി വന്നെന്നും, നിലവിൽ ഹരിത കർമ്മസേനയ്ക്ക് പരിശീലനം നൽകി പ്രസ്തുത യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും മുൻവർഷം ടി പ്ലാന്റിൽ നിന്നുള്ള ഗ്രാന്യൂൾ ഉപയോഗിച്ച് 6 കിലോമീറ്ററോളം റോഡ് ടാർ ചെയ്തെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**6. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**(3) മരുതിമല ഇക്കോടൂറിസം പദ്ധതി (വെളിയം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല)**

[ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.1]

വെളിയം ഗ്രാമപഞ്ചായത്തിലെ പ്രകൃതിരമണീയമായ മുട്ടറ മരുതിമലയെ നിലവാരമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആദ്യഘട്ടമായി 35 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു. 2009-2010 വർഷം 30,70,000 രൂപ വകയിരുത്തി ഇക്കോ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 29,84,000 രൂപയ്ക്കുള്ള സാങ്കേതികാനുമതി ലഭിച്ച പദ്ധതി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30,62,886 രൂപയായി പുതുക്കി അംഗീകാരം ലഭിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, കരാർ പ്രകാരം മൂന്ന് മുതൽ അഞ്ച് മാസം വരെ ആയിരുന്നു. 2009-10-ൽ കരാർ വച്ച പ്രവൃത്തികൾ 2011-2012-ൽ ഭാഗികമായി ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല ചെയ്ത പ്രവൃത്തികൾ തന്നെ നശിച്ച നിലയിലുമാണ്. പ്രസ്തുത സാഹചര്യത്തിൽ ചെയ്ത പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 2015-16 സാമ്പത്തിക വർഷം 18,90,900 രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ച് 14,96,411 രൂപ കരാറുകാർക്ക് നൽകി. പദ്ധതിക്കായി ആകെ 26,75,505 രൂപ ചെലവായിട്ടുണ്ട്.

വൈദ്യുതി, വെള്ളം എന്നിവയുടെ അഭാവത്താലാണ് കരാറുകാർ പ്രവൃത്തി 20% അധിക നിരക്കിൽ ഏറ്റെടുത്തത് എന്നിരിക്കെ വൈദ്യുതി, വെള്ളം എന്നിവ ഇല്ലാത്തതിനാൽ പ്രവൃത്തി കാലാവധി ദീർഘിപ്പിച്ച എന്ന വാദത്തിന് അടിസ്ഥാനമില്ല.

പണി അനിശ്ചിതമായി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. കെട്ടിടം തകർന്ന അവസ്ഥയിലാണ് നിലവിൽ കാണുന്നത്. പഞ്ചായത്ത് നാളിതുവരെയും ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.2 (iv))

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞു. ആയതിന് മരുതിമല ഇക്കോട്ടൂറിസം പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും ടൂറിസം വകുപ്പിന്റെ പ്രോജക്ട് ഏറ്റെടുത്ത് നടത്തിയതാണെന്നും പദ്ധതി അടുത്ത മാസം ഉദ്ഘാടനം നടത്തുന്നതാണെന്നും വെളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**8. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കശാപ്പുശാലകൾ**

കശാപ്പുശാലകളുടെ സ്ഥാപിക്കൽ, ലൈസൻസ് നൽകൽ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും

**കേരള പഞ്ചായത്ത് രാജ് നിയമം**

- വകുപ്പ് 229 - പൊതുകശാപ്പുശാലകൾ
- വകുപ്പ് 230 - കശാപ്പുശാലകൾക്കുള്ള ലൈസൻസ്
- വകുപ്പ് 230 എ - കശാപ്പുശാലകളുടെ പരിപാലനം, പിഴ ഈടാക്കൽ

**കേരള മുനിസിപ്പാലിറ്റി നിയമം**

- വകുപ്പ് 452 - കശാപ്പുശാല ഏർപ്പെടുത്തൽ
- വകുപ്പ് 453 - കശാപ്പുശാല ലൈസൻസ്

**Prevention of Cruelties to Animals (Slaughter House) Rules, 2001**

പൊതുകശാപ്പുശാലകളായി ഉപയോഗിക്കുവാൻ സ്ഥലങ്ങൾ ഏർപ്പെടുത്തി, പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കാത്ത രീതിയിലും ആരോഗ്യ സംരക്ഷകമായും മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. കശാപ്പുശാല ഉപയോഗത്തിന് നിർണ്ണയിക്കപ്പെടുന്ന വാടകയും ഫീസും ചുമത്തി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷിപ്ത കർത്തവ്യങ്ങളിൽപ്പെടുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടിയുള്ള കശാപ്പുശാലകളിൽ മാത്രമേ കശാപ്പ് നടത്താവൂ എന്ന് 2001-ലെ Prevention of Cruelties to Animals (Slaughter House) Rules-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം അറവുശാലകൾ പണിയുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഭാരിച്ച ചെലവും പ്രായോഗിക മാതൃകകളില്ലാത്തതും കാരണം തദ്ദേശസ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള കശാപ്പുശാലകൾ ഏർപ്പെടുത്തി നൽകുന്നതിന് കഴിയാത്ത സ്ഥിതി നിലവിലുണ്ട്. അനധികൃത കശാപ്പുശാലകളുടെ പ്രവർത്തനത്തിന് ഇത് വഴിയൊരുക്കുന്നു.

അംഗീകൃത കശാപ്പുശാലകളുടെ അഭാവവും നിലവിലുള്ള കശാപ്പുശാലകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതും കാരണം തനതു വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. മാത്രവുമല്ല അനധികൃത കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനങ്ങൾ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കശാപ്പുശാലകളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്ന പരാമർശങ്ങളിൽ ഒന്ന് ചുവടെ ചേർക്കുന്നു.

**കടയ്ക്കൽ ഗ്രാമപഞ്ചായത്ത് ആധുനിക അറവുശാല – നിർമ്മാണം പൂർത്തീകരിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.6)

അറവുശാലകളിൽ നിന്നും ഉണ്ടാകുന്ന മാംസാവശിഷ്ടങ്ങളുടെ സംസ്കരണം ഉറപ്പുവരുത്തുക, ആരോഗ്യകരമായ സാഹചര്യങ്ങളിൽ മാംസവിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 55,80,000 രൂപ അടങ്കൽ തുകയുള്ള പദ്ധതിക്കായി 15,53,044 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചതാണ് ആകെ നടന്ന പ്രവൃത്തി. മെക്കാനിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കാത്തതിനാലും തുടർ പ്രവൃത്തികൾക്കുള്ള ധനവിഹിതം കണ്ടെത്താൻ കഴിയാത്തതിനാലും പദ്ധതി അപൂർണ്ണമായി അവശേഷിക്കുന്നു.

നിലവിലുള്ള നിയമ/ചട്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അംഗീകൃത കശാപ്പുശാലകൾ പ്രവർത്തിപ്പിക്കുന്നതിനും അനധികൃത കശാപ്പുശാലകളുടെ പ്രവർത്തനം തടയുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.4(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. പ്രസ്തുത പരാമർശത്തെക്കുറിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന്, ശുചിത്വമിഷനും പഞ്ചായത്തും ചേർന്ന് 2013-2014 കാലയളവിൽ നടപ്പിലാക്കിയ പ്രോജക്ടായിരുന്നെന്നും സിവിൽ വർക്ക് മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂവെന്നും ബാക്കി പ്രവർത്തനങ്ങൾ പ്രാദേശിക പ്രശ്നം കാരണം നിർത്തി വയ്ക്കേണ്ടിവന്നെന്നും പ്രസ്തുത അറവുശാലയുടെ സമീപമുണ്ടായിരുന്ന രണ്ട് താമസക്കാർ താമസം മാറിയിട്ടുണ്ടെന്നും പ്രദേശം മുഴുവൻ ഒഴിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പ്രദേശത്ത് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാലിപ്പോൾ ടി പ്രദേശം ആധുനിക അറവുശാലയായി പ്രവർത്തിപ്പിക്കാൻ ശുചിത്വ മിഷന്റെ അംഗീകാരത്തോടുകൂടി ഡി.പി.ആർ. തയ്യാറാക്കിയെന്നും സോയിൽ സർവ്വേ നടത്തിയെന്നും ഡീറ്റെയ്ൽഡ് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാമെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**10. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സവിശേഷ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായുള്ള ആസ്തി ആർജ്ജിക്കലും പരിപാലനവും - സേവനപ്രദാനക്ഷമത കൈവരിക്കാത്ത ധനവിനിയോഗങ്ങൾ**

**അങ്കണവാടികൾ - അപര്യാപ്തമായ സൗകര്യങ്ങൾ**

ശിശുവികസന പരിപാടികളുടെ അടിസ്ഥാന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പുരോഗതിക്കായി ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ളവ കൃത്യമായി പരിപാലിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്ന അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. വാടകക്കെട്ടിടങ്ങളിലും അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിലും ടോയ്‌ലെറ്റ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികൾ നിരവധിയാണ്. സുരക്ഷിതത്വം ഇല്ലാത്ത ചുറ്റുപാടുകളിലും വൃത്തിഹീനമായ സാഹചര്യങ്ങളിലും നിരവധി അങ്കണവാടികൾ പ്രവർത്തിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാറുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാത്ത അവസ്ഥ നിലവിലുണ്ട്. ഇത്തരത്തിൽ ശ്രദ്ധേയമായ ഒരു പരാമർശം ചുവടെ ചേർക്കുന്നു.

**നെടുമ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല**

(ഓഡിറ്റ് റിപ്പോർട്ട് 2014-15, ഖണ്ഡിക 3.2)

നെടുമ്പന ഗ്രാമപഞ്ചായത്തിലുള്ള 48 അങ്കണവാടികളിൽ 35 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 13 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. തൻവർഷം അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കഴിഞ്ഞ വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച കെട്ടിടങ്ങളിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്നവയുമുണ്ട്. ഏതുനിമിഷവും നിലംപൊത്താവുന്ന ടോയ്ലെറ്റ്, അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ, ഈർപ്പം പിടിച്ച് കുതിർന്ന് അപകടസാധ്യതയുള്ള കെട്ടിടങ്ങൾ എന്നിങ്ങനെയാണ് പല അങ്കണവാടികളുടെയും അവസ്ഥ. ടെണ്ടർ ചെയ്ത് കരാർ നൽകിയെങ്കിലും പല കെട്ടിടങ്ങളുടെയും പണി മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ല. പ്രസക്തമായ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- **83-ാം നമ്പർ അങ്കണവാടി, കനകക്കുന്ന്, വാർഡ് -19 –** ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിലെ ഓടുകൾ പൊട്ടിത്തകർന്ന് മേൽക്കൂര നിലംപൊത്താറായ സ്ഥിതിയിലാണ്. മേൽക്കൂരയ്ക്ക് മുകളിൽ ടാർപ്പോളിൻ വലിച്ച് കെട്ടിയിരിക്കുന്നു. മഴക്കാലത്ത് മുറിക്കുള്ളിൽ വെള്ളം നിറയുന്നതിനാൽ തൊട്ടടുത്ത വീടിന്റെ വരാന്തയിലും മുറ്റത്തും ഇരുന്ന് കുട്ടികൾക്ക് പഠിക്കേണ്ട സ്ഥിതി ഉണ്ടാകുന്നു. അറ്റകുറ്റപ്പണികൾക്ക് പ്രോജക്ട് തയ്യാറാക്കി 2015-ൽ കരാർ വച്ചിട്ടുണ്ടെങ്കിലും ഇതുവരെയും പണി ആരംഭിച്ചിട്ടില്ല.

- **97-ാം നമ്പർ അങ്കണവാടി, പാലനിരപ്പ്, 3-ാം വാർഡ്** - 2005-ൽ പണികഴിപ്പിച്ച കെട്ടിടത്തിലാണ് നിലവിൽ ഈ അങ്കണവാടി പ്രവർത്തിക്കുന്നത്. ഭിത്തി മുഴുവൻ ഈർപ്പം പിടിച്ച് അപകടാവസ്ഥയിലാണ്. റോഡ് നിരപ്പിൽ നിന്ന് താഴെയുള്ള കെട്ടിടത്തിലേയ്ക്കുള്ള റാംപ് തകർന്ന അവസ്ഥയിലാണ്.

- **99-ാം നമ്പർ അങ്കണവാടി, പുലിയില 5-ാം വാർഡ്** - ടോയ്ലെറ്റിന്റെ ഭിത്തി മുഴുവൻ പൊട്ടിപ്പിളർന്ന് റൂഫ്, സ്ലാബിൽ നിന്ന് വിട്ടുനിൽക്കുന്നു. ഉയരമുള്ള ചുറ്റുമതിൽ അകത്തേയ്ക്ക് ചരിഞ്ഞ് നിലംപതിക്കാറായ അവസ്ഥയിലാണ്. ടെറസിൽ നിന്ന് ഒലിച്ചിറങ്ങുന്ന വെള്ളം അടുക്കളയിൽ കെട്ടിക്കിടക്കുന്നു.

- **78-ാം നമ്പർ അങ്കണവാടി, ഇടപ്പാൻതോട് 16-ാം വാർഡ്** - ഓടിട്ട പഴക്കമുള്ള അങ്കണവാടി കെട്ടിടത്തിന്റെ വാതിലിനോട് ചേർന്ന് മേൽമൂടി ഇല്ലാത്ത ആഴമുള്ള കിണറിന് തറനിരപ്പിൽ നിന്ന് അരമീറ്റർ മാത്രം ഉയരമുള്ള ആൾമറയാണ് ഉള്ളത്. സംസ്ഥാന പാതയോട് ചേർന്നനിൽക്കുന്ന കെട്ടിടത്തിന് ചുറ്റുമതിലും ഇല്ല.

- **94-ാം നമ്പർ അങ്കണവാടി, ചാലക്കര വാർഡ് നമ്പർ 13** - ഓടുമേഞ്ഞ കെട്ടിടത്തിന്റെ മേൽക്കൂര പൊളിഞ്ഞു വീഴാറായ അവസ്ഥയിലാണ്. ടോയ്‌ലെറ്റ് ഉപയോഗശൂന്യമാണ്. ചുറ്റുമതിലില്ല. കിണറിന് മൂടിയില്ല. മഴക്കാലത്ത് സമീപത്തുള്ള വീട്ടിൽ വച്ച് പഠനം നടത്തേണ്ടി വരുന്നു.

- **119-ാം നമ്പർ അങ്കണവാടി, പള്ളിമൺ വാർഡ് നമ്പർ 12** - സ്വന്തം കെട്ടിടം ഇല്ലാത്തതിനാൽ സ്വകാര്യ വ്യക്തിയുടെ അടച്ചുറപ്പില്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

- **77-ാം നമ്പർ അങ്കണവാടി, കുണ്ടമൺ**- സ്വന്തം കെട്ടിടം പൊളിഞ്ഞു വീഴാറായതിനാൽ സ്വകാര്യ വ്യക്തിയുടെ ഷെഡ്ഡിൽ പ്രവർത്തിക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

12. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഇ-സാക്ഷരതാപദ്ധതി-പരിശീലകരും ടാബുകളും ഉണ്ടെങ്കിലും പരിശീലനം നൽകുന്നില്ല**

**[കുണ്ടറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല, ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.6]**

കമ്പ്യൂട്ടർ സാക്ഷരത നടപ്പിലാക്കുന്നതിനായി കെൽട്രോണിൽ നിന്നും 14 ടാബുകൾ 1,12,000 രൂപ ചെലവഴിച്ച് വാങ്ങി. ആയതിൽ 13-ഉം ഇൻസ്ട്രക്ടർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ പരിശീലനം നടത്തുകയോ ടാബുകൾ തിരികെ വാങ്ങുകയോ ചെയ്തിട്ടില്ല. പദ്ധതി നാളിതുവരെയും നടപ്പാക്കിയിട്ടില്ല.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. പ്രസ്തുത പദ്ധതി പ്രകാരം 14 വാർഡുകളിലുമുള്ള ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന് സമിതി ചോദ്യമുന്നയിച്ചതിന് 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നും 1,12,000 രൂപ ചെലവഴിച്ച് 14 വാർഡുകളിലേയ്ക്കായി 14 ടാബുകൾ വാങ്ങുകയും ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്ത് ടാബുകൾ അവരെ ഏൽപ്പിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഗ്രാമകേന്ദ്രങ്ങളിൽ വച്ചാണ് പരിശീലനം നൽകിയതെന്നും എന്നാൽ ഇൻസ്ട്രക്ടർമാരുടെ വേതനം സംബന്ധിച്ച തർക്കമുണ്ടായതിനാൽ പദ്ധതി നിർത്തിവയ്ക്കുകയും ടാബുകൾ ഉപയോഗിക്കാത്ത അവസ്ഥയുണ്ടാകുകയും നിലവിൽ ടാബുകൾ പഞ്ചായത്തിന്റെ കൈവശമാണെന്നും ടി ടാബുകൾ കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ സ്കൂളുകൾക്ക് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

14. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കൃഷിഭവൻ-പ്ലാന്റ് ഹെൽത്ത് യൂണിറ്റ്-ആവശ്യത്തിന് ഉതകാത്ത കെട്ടിട നിർമ്മാണം**

**[ഇളമാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക നമ്പർ 3.5]**

- നിലവിലുള്ള കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് 2,78,206 രൂപ വകയിരുത്തി നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയത്.

- യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത നിർമ്മാണം അപര്യാപ്തമായതിനാൽ യൂണിറ്റിനായി വാങ്ങിയ യന്ത്രങ്ങളും ഉപകരണങ്ങളും രാസവസ്തുക്കളും കൃഷിഭവനിൽ കൂട്ടിയിട്ടിരിക്കുന്നു. നിലവിൽ പണിത കെട്ടിടത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നില്ല.

- കെട്ടിടത്തിന്റെ ഉയരം 2.15 മീറ്റർ മാത്രമായത് അസൗകര്യം സൃഷ്ടിച്ചു. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 41 പ്രകാരം കെട്ടിടത്തിന്റെ മുറിയുടെ ഉയരം 3 മീറ്ററിൽ കുറയരുതെന്ന വ്യവസ്ഥ ലംഘിച്ചു.

- നിർമ്മാണത്തിനായി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

- നിർമ്മാണം പ്രയോജനരഹിതമായതിനാൽ ചെലവായ 2,70,845 രൂപ പാഴായി.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.6.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. 2015-2016 കാലഘട്ടത്തെ പ്രോജക്ടായിരുന്നു ഇതെന്നും കൃഷി ഭവന്റെ മുകളിലുണ്ടായിരുന്ന റൂഫ് മെയിന്റനൻസ് നടത്തിയാണ് പ്ലാന്റ് ഹെൽത്ത് യൂണിറ്റ് ആരംഭിച്ചതെന്നും എന്നാൽ റൂഫിന് വേണ്ടത്ര പൊക്കമില്ലെന്നും സൗകര്യങ്ങളില്ലെന്നുമായിരുന്നു ഓഡിറ്റ് പരാമർശമെന്നും അതിനെത്തുടർന്ന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും നിലവിൽ നല്ല രീതിയിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത യൂണിറ്റിന്റെ ഫോട്ടോ കൊണ്ടുവന്നിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് കഴിഞ്ഞ വർഷം പ്രസ്തുത യൂണിറ്റിൽ പരിശോധന നടത്തിയിരുന്നെന്നും നിലവിൽ ജില്ലാ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ 10 കർഷകരെ തെരഞ്ഞെടുക്കുകയും കൃഷിയിടങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്നും ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത യൂണിറ്റിന്റെ ഫോട്ടോ ഉൾപ്പെടെ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**16. പ്ലാന്റ് ഹെൽത്ത് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ജില്ലാ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കർഷകരെ തെരഞ്ഞെടുക്കുകയും കൃഷിയിടങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിൽ യൂണിറ്റിന്റെ ഫോട്ടോ ഉൾപ്പെടെ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ആസ്തികളുടെ ഉപയോഗം-ലേലം കൊണ്ടവരിൽ നിന്ന് സേവന നികുതി ഈടാക്കുന്നതിന് പര്യാപ്തമായ നടപടിക്രമം വ്യവസ്ഥ ചെയ്തിട്ടില്ല.**

വിവിധ സേവനങ്ങൾക്കായി നഗരസഭയുടെ അധീനതയിലുള്ള സ്ഥല സംവിധാനങ്ങൾ വാടകയ്ക്കായി ലേലം ചെയ്ത് നൽകുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. കേന്ദ്ര സർക്കാരിന്റെ (ഫൈനാൻസ്) 22-5-2007-ലെ നമ്പർ 23/07 എസ്.റ്റി. വിജ്ഞാപനപ്രകാരം 1-6-2007 മുതൽ അപ്രകാരം സ്ഥാവര സ്വത്തുക്കൾ വാടകയ്ക്ക് നൽകപ്പെടുന്ന സേവനങ്ങൾക്കും സേവന നികുതി ബാധകമാക്കി ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ അധീനതയിലുള്ള സ്ഥല സംവിധാനങ്ങൾ ലേലം കൊണ്ട വ്യക്തികളിൽ നിന്നും സേവന നികുതി ഇനത്തിൽ തുക ഈടാക്കുന്നത് സംബന്ധിച്ച് കേരള മുനിസിപ്പൽ നിയമത്തിലെ 215-ാം വകുപ്പിലുള്ള വ്യവസ്ഥകൾ പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ പലപ്പോഴും സേവനങ്ങൾക്കായി നഗരസഭയുടെ അധീനതയിലുള്ള സ്ഥലം വാടകയ്ക്കായി ലേലം ചെയ്ത് നൽകിയതിൽ ലേലം കൊണ്ട വ്യക്തികളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട സേവന നികുതി ഈടാക്കാറില്ല. ഇത് തദ്ദേശസ്ഥാപനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചിട്ടുണ്ട്. ഇതിന് ഉദാഹരണം താഴെ ചേർക്കുന്നു.

**സേവന നികുതിയായി ഒടുക്കിയത് 33,84,334 രൂപ**

**(കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല, ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3.5)**

2007-2008 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ, പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ, ബസ് സ്റ്റാന്റ്, മാർക്കറ്റ് എന്നിവയിൽ നിന്നും വാടക, തറവാടക എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകകളിൽ നിന്നും കാലാകാലങ്ങളിൽ സർവ്വീസ് ടാക്സ് ഈടാക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 33,84,334 രൂപ സർവ്വീസ് ടാക്സ് ഇനത്തിൽ ഒടുക്കുവരുത്തി.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.9.2) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, സർവ്വീസ് ടാക്സ് സംബന്ധിച്ച പരാമർശമാണെന്നും 2007 മുതൽ 2013 വരെയുള്ള കാലയളവിലെ സർവ്വീസ് ടാക്സിനെക്കുറിച്ച് 2013 വരെ പഞ്ചായത്തിന് അറിവുണ്ടായിരുന്നില്ലെന്നും അക്കാലയളവിലുള്ള വാടകക്കാരിൽ നിന്നും സർവ്വീസ് ടാക്സ് പിരിച്ചെടുക്കാത്തത് മൂലമാണ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നതെന്നും നിലവിൽ സർവ്വീസ് ടാക്സ് കൃത്യമായി പിരിക്കുന്നുണ്ടെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വീസ് ടാക്സ് ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 33 ലക്ഷം രൂപ അടച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2018 വരെയുള്ള

സർവ്വീസ് ടാക്സ് അടച്ചിട്ടുണ്ടെന്ന് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 2015-16-ലെ കണക്ക് പ്രകാരം 33,84,000 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്തിന് വരവൊന്നുമുണ്ടായിരുന്നില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പഞ്ചായത്തിന് വരവുണ്ടെന്നും 7 ലക്ഷത്തോളം രൂപയൊഴികെ ബാക്കി തുക വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ സർവ്വീസ് ടാക്സ് ഇനത്തിൽ അടച്ച 33 ലക്ഷം രൂപ പിരിച്ചെടുത്തില്ലെന്നും ആകെ 60 ലക്ഷത്തോളം രൂപയാണ് ടാക്സ് ഇനത്തിൽ വന്നതെന്നും പഞ്ചായത്തിന്റെ സാഹചര്യം വിശദീകരിച്ച് ടാക്സ് സെറ്റിൽമെന്റിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തിയാണ് തുക കുറച്ചുനൽകിയതെന്നും കടകൾ നടത്തിയ പഴയ വാടകക്കാർ മാറി പുതിയ ആൾക്കാർ വന്നതുകൊണ്ടാണ് മുൻകാല തുക പിരിച്ചെടുക്കാൻ സാധിക്കാത്തതെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിൽ സർവ്വീസ് ടാക്സ് കൃത്യമായി പിരിച്ചെടുക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ടെന്ന് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. വാടകക്കാരിൽ നിന്നും ഈടാക്കേണ്ട തുകയാണ് പഞ്ചായത്ത് അടച്ചതെന്നും അതിനാൽ ആർക്കൊക്കെ വേണ്ടിയാണ് പണമടച്ചത് എന്നതിന്റെ കണക്ക് പഞ്ചായത്തിന്റെ പക്കലുണ്ടാകുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടപ്പോൾ, പ്രത്യേക കണക്കുകളില്ലെന്നും 10 ലക്ഷത്തിന് മുകളിലുള്ള തുകയ്ക്ക് 2007 മുതൽ അരിയർ കണക്കുകൂട്ടിയാണ് ഇത്രയും തുക ആയതെന്നും പഞ്ചായത്ത് ഇതിനെപ്പറ്റി അറിയുന്നത് 2013-ൽ ആണെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വീസ് ടാക്സ് പിരിച്ചെടുക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ, അതിനെക്കുറിച്ച് പഞ്ചായത്തധികൃതർക്ക് അറിവില്ലായിരുന്നു എന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

18. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന്, റെന്റ്, ടാക്സബിൾ സർവ്വീസ് ടാക്സിൽ ഉൾപ്പെടുന്നതാണെന്നും ഈ തുക ഡിഡക്ട് ചെയ്യുന്നതിനെപ്പറ്റി റെന്റ് എഗ്രിമെന്റിൽ കൃത്യമായി പറയുന്നുണ്ടെന്നും റെന്റ് പിരിക്കുന്നതിനൊപ്പം ഈ തുകയും പിരിച്ചെടുക്കാതിരുന്നത് അക്കാലയളവിലെ ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്തിന്റേത് നിരുത്തരവാദപരമായ സമീപനമാണെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും സമിതി കണ്ടെത്തി. തനതു ഫണ്ടിൽ നിന്നും തുക അടച്ചത് തെറ്റാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചപ്പോൾ ടാക്സ് സെറ്റിൽമെന്റിന് അപേക്ഷിച്ച് ഇളവ് നേടിയെന്ന് പഞ്ചായത്ത് അധികൃതർ മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും അഡ്മിനിസ്ട്രേറ്റീവ് ആക്ഷൻ എടുക്കട്ടെയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, ബസ്സ്റ്റാന്റ്, മാർക്കറ്റ് എന്നിവയിൽ നിന്നും വാടക ലഭിക്കുന്നുണ്ടെന്നും എ.എഫ്.എസ്. (Annual Financial Statement) പരിശോധിച്ചപ്പോഴാണ് മേൽ വിഷയം ശ്രദ്ധയിൽപ്പെട്ടതെന്നും പഴയ വാടകക്കാർ ഒഴിഞ്ഞുപോയതിനാലാണ് വാടക ഈടാക്കാനുള്ള സാഹചര്യമില്ലാതെ പോയതെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 2014-15 വർഷത്തെ സർവ്വീസ് ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച ഫയൽ സെൻട്രൽ എക്സൈസ് വകുപ്പിന്റെ പരിഗണനയിലാണെന്ന് വകുപ്പിന്റെ മറുപടിയിൽ നിന്ന് മനസ്സിലാക്കിയ സമിതി വാടകക്കാരിൽ നിന്നും തുക പിരിച്ചെടുക്കാത്തതും പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക അടച്ചതും ഗുരുതരമായ കൃത്യവിലോപമാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത വിവരങ്ങളെല്ലാം കാണിച്ച് സർക്കാരിനെ സമീപിക്കുകയും സർക്കാരിൽ നിന്നും മാപ്പ് ലഭിച്ചശേഷം വിവരം ഓഡിറ്റിന് നൽകിയാൽ അംഗീകരിക്കാമെന്നും മറിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ ഓഡിറ്റ് വകുപ്പിന് അധികാരമില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**19. വാടക പിരിക്കുന്നതിനൊപ്പം സർവ്വീസ് ടാക്സ് പിരിച്ചെടുക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു.**

**20. 2014-2015 വർഷത്തെ സർവ്വീസ് ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച ഫയൽ സെൻട്രൽ എക്സൈസ് വകുപ്പിന്റെ പരിഗണനയിലാണെന്ന സർക്കാർ മറുപടിയിൽ നിന്നും വാടകക്കാരിൽ നിന്നും തുക പിരിച്ചെടുക്കാത്തതും പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക അടച്ചതും ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതോടൊപ്പം സർവ്വീസ് ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച വിവരങ്ങളെല്ലാം കാണിച്ച് സർക്കാരിനെ സമീപിക്കുകയും സർക്കാരിൽ നിന്നും മാപ്പ് ലഭിച്ചശേഷം വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്താൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആശ്രയ പദ്ധതിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ പ്രഥമ മുൻഗണന നൽകി നടപ്പാക്കുന്നില്ല.**

നിരാശ്രയരും നിരാലംബരുമായ അഗതി കുടുംബാംഗങ്ങളിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് 10-ാം പഞ്ചവത്സര പദ്ധതി മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ പദ്ധതി. ഈ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത്,

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭക്ഷണം, ആരോഗ്യസുരക്ഷ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകൽ, ക്ഷേമപെൻഷനുകൾ, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, സാമൂഹികമായ ഒറ്റപ്പെടലിൽ നിന്നും സുരക്ഷ എന്നീ മേഖലകളിൽ അഗതി കുടുംബാംഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ നടപ്പാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-2017 വർഷം ഓഡിറ്റ് നടത്തിയിട്ടുള്ള സ്ഥാപനങ്ങളിലെ റിപ്പോർട്ടുകൾ പ്രകാരം 2014-2015, 2015-2016 വർഷത്തിൽ ആശ്രയ പദ്ധതിക്ക് വേണ്ടി ലഭിച്ച ഫണ്ട് അതത് പദ്ധതി വർഷം തന്നെ പൂർണ്ണമായി വിനിയോഗിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

ആശ്രയ പദ്ധതി നടത്തിപ്പിൽ കാര്യക്ഷമമായി മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാതിരുന്നത് മേൽപ്പറഞ്ഞവിധം പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ, പ്രോജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്താൻ സഹായിക്കൽ തുടങ്ങിയ മുഖ്യ ചുമതലകൾ നിർവ്വഹിക്കേണ്ടത് ജില്ലാ ആസൂത്രണ സമിതിക്ക് കീഴിലുള്ള ഡി.പി.സി. ചെയർപേഴ്സൺ ചെയർപേഴ്സണായും ജില്ലാ കളക്ടർ കൺവീനറുമായുള്ള 15 പേരടങ്ങുന്ന വിദഗ്ധ സമിതിയാണ്. വിലയിരുത്തൽ സംബന്ധിച്ച വിവരം സർക്കാരിലേക്ക് നൽകേണ്ടതാണ്. എന്നാൽ മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

ഉദാഹരണത്തിന് കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ (2015-2016 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-8) 'ആശ്രയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീട് വച്ച് നൽകൽ' എന്ന പദ്ധതിയിലെ അപാകത താഴെ ചേർക്കുന്നു.

2009-2010-ൽ വാങ്ങിയ 80 സെന്റ് ഭൂമിയിൽ 14 ഗുണഭോക്താക്കൾക്ക് നൽകിയ 42 സെന്റ് (14x3 സെന്റ്) സ്ഥലത്ത് 7 വീടുകൾ നിർമ്മിച്ചെങ്കിലും 2 വീടുകളിൽ മാത്രമാണ് താമസക്കാരുള്ളത്. സ്ഥലം ലഭിച്ചതിൽ 2 പേർ പ്രസ്തുത പ്രദേശം വിട്ടു പോയിട്ടുണ്ട്. അവശേഷിക്കുന്ന 38 സെന്റ് സ്ഥലം അന്യാധീനപ്പെട്ട സ്ഥിതിയിൽ നിലനിൽക്കുന്നു.

ധനവിനിയോഗം നടത്തിയിട്ടും അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ല എന്നതാണ് മേൽ പദ്ധതിയുടെ നടത്തിപ്പിൽ വ്യക്തമാകുന്നത്. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കി പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖാ നിർദ്ദേശ പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പ്രസ്തുത പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന്, 22 ആശ്രയ ഗുണഭോക്താക്കൾക്ക് 3 സെന്റ് ഭൂമി വീതം വാങ്ങി വീട് വയ്ക്കുന്നതിനായി ഇ.എം.എസ്. ഭവനപദ്ധതിയിലുൾപ്പെടുത്തി 80 സെന്റ് ഭൂമി വാങ്ങിച്ചിരുന്നുവെന്നും 14 ഗുണഭോക്താക്കൾ വീട് വയ്ക്കാൻ തയ്യാറായി വരികയും അതിൽ 13 വീടുകൾ താമസസജ്ജമാക്കുകയും ഒരു വീട് പൂർത്തിയാകാത്തതിനാൽ അവർ വേറെ സ്ഥലം വാങ്ങിപ്പോയെന്നും ബാക്കി 38 സെന്റും ഒഴിവായ പ്ലോട്ടും ചേർത്ത് മൂന്നാംഘട്ട ലൈഫ് പദ്ധതിയിലേക്ക് മാറ്റുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

22. **പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി/വർഗ്ഗ പദ്ധതികളുടെ അവലോകനം**

പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജ സങ്കേതങ്ങൾ, കുടിവെള്ള-കക്കൂസ് സൗകര്യങ്ങൾക്ക് മുൻഗണന, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ഭക്ഷണ വിതരണം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങളിൽ വിഭാവനം ചെയ്ത പൊതു ലക്ഷ്യത്തിനും യുക്തിക്കും നിരക്കാത്ത രീതിയിൽ സബ്സിഡി നൽകുകയെന്ന പരിഗണന മാത്രം വച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചില അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം, പഠനം എന്നിവയ്ക്കും പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗിനും പഠനത്തിനും ധനസഹായം നൽകുന്നതിനായി പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം

ഉറപ്പാക്കുന്നതിനും പഠനോപകരണങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസ ഉന്നമനത്തിന് നൽകേണ്ട തുക പലപ്പോഴും ഏതെങ്കിലും ഒരു ആസ്തി വിതരണം മാത്രമായി പരിമിതപ്പെടുത്തി ചെലവഴിച്ചുതീർക്കുന്ന പ്രവണത നിലനിൽക്കുന്നു.

(ബി) മറ്റ് പദ്ധതികൾ നടപ്പിലാക്കിയതിൽ വന്നിട്ടുള്ള സമാന വീഴ്ചകളുടെ വിശദാംശം പട്ടികയായി നൽകുന്നു.

| | | | | | |
|---|---|---|---|---|---|
| കുടിവെള്ളം | കുണ്ടറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | 2015-16 ഖ. 3-2 | ₹44,44,628 | ജലലഭ്യത ഉറപ്പാക്കാതെ കുഴൽ ക്കിണർ നിർമ്മിച്ചു. ജലവിതരണം സജ്ജമായിട്ടില്ല | സബ്സിഡി മാർഗ്ഗരേഖ 9.3(ix)-ന് പ്രഥമ മുൻഗണന നൽകി പദ്ധതി നടപ്പാക്കിയില്ല |
| ആരോഗ്യം | പിറവന്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | 2014-15 ഖ. 3-4 | ₹2,79,520 | പട്ടികവർഗ്ഗ കോളനികളിൽ ഭക്ഷണ വിതരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല, 1000 രൂപയിൽ അധികമുള്ള തുക പണമായി നൽകി. | പദ്ധതി മാർഗ്ഗരേഖ അനുബന്ധം 1 ക്രമ നം.10, അനുബന്ധം 13 ക്രമനം. 2.1. ന് വിരുദ്ധമായി പദ്ധതി നടപ്പാക്കി |

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നതിന് തെളിവാണ് മേൽ പരാമർശങ്ങൾ. ഈ വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ നിർബന്ധിത വകയിരുത്തലും ധനവിനിയോഗവും പൂർണ്ണമായും ഉറപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുമ്പോൾ നിർദ്ദിഷ്ട വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, 2015-16 പദ്ധതിയിലുൾപ്പെടുത്തി 6 പട്ടികജാതി കോളനികളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തതെന്നും, 44,94,628 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടച്ച് പദ്ധതി പൂർത്തീകരിക്കുകയും എല്ലാ കോളനികളിലേക്കും കുടിവെള്ളം എത്തിക്കുന്നുണ്ടെന്നും ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഫീൽഡ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

24. പിറവന്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

25. **കുണ്ടറ, പിറവന്തൂർ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തുടർപ്രവർത്തനമില്ല; പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നു.**

ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനമില്ലാതെ പാഴാവുന്നു.

രജിസ്റ്ററും രേഖകളും കൃത്യമല്ലാത്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമല്ല. ലഭ്യമായ കണക്കുകൾ പ്രകാരം 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. പദ്ധതി വിഹിതത്തിൽ നിന്നാണ് തുക ചെലവിട്ടത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ പാഴാവുന്ന ഭൂമിയുടെ അളവും അതിന് ചെലവഴിച്ച പദ്ധതി വിഹിതവും ഉയരും.

ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വ്യവസായപാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ് സ്റ്റാന്റ് വികസനം, വ്യാപാരസമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. 1997-98 മുതൽ 2001-02 വരെ ഏറ്റെടുത്തതാണിത്.

ഏറ്റെടുത്ത ഭൂമിയുടെ വിവരം ആസ്തിവിവര രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആധാരം തുടങ്ങിയ അടിസ്ഥാന രേഖകൾ പോലും ചില സ്ഥാപനങ്ങളിൽ ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത

തെളിയിക്കുന്നതിന് കൃത്യമായ രേഖയില്ലാത്തത് ഭൂമി അന്യാധീനപ്പെടുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കും ഇടയാക്കിയേക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് പദ്ധതികൾ പൂർത്തിയാക്കാതെ ഭൂമി അന്യാധീനപ്പെടുന്നതിന് പ്രധാന കാരണം.

കൊല്ലം ജില്ലയിൽ ഏറ്റെടുത്ത ഭൂമിക്ക് ചെലവഴിച്ച പദ്ധതി വിഹിതത്തിന്റെ വിവരം താഴെ പത്രികയിൽ.

| ജില്ല | തുക |
|---|---|
| കൊല്ലം | 24,72,860 |

പദ്ധതി വിഹിതം കോടികൾ ചെലവഴിച്ച് വാങ്ങിയ ഭൂമി അന്യാധീനപ്പെടുന്നതിന് എതിരെ സർക്കാരിന്റെ ജാഗ്രതാ നടപടികൾ ക്ഷണിക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

27. **കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമി വിവിധ പദ്ധതികൾക്കായി ഉപയുക്തമാക്കിയിട്ടുണ്ട് എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല**

**പദ്ധതി വിഹിതം 18.19 കോടി രൂപ വിവിധ സ്ഥാപനങ്ങളിൽ**

ഭവനനിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് ജനകീയാസൂത്രണ വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപിച്ച പദ്ധതി വിഹിതം നിക്ഷേപമായി തുടരുന്നു.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും 18.19 കോടി രൂപ ഭവനനിർമ്മാണ ബോർഡ്, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2001-02-ന് മുമ്പ് നിക്ഷേപിച്ചതാണിത്. ഏറ്റെടുത്ത വർഷം തന്നെ പൂർത്തിയാക്കേണ്ട പദ്ധതികളുടെ പേരിലാണ് നിക്ഷേപം നടത്തിയത്. നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിന് സാധൂകരണ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും നിരക്കിലും ഇനി പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞേക്കില്ല. ഈ അവസ്ഥയിൽ നിക്ഷേപ തുക സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുന്നതിന് ഇടയാകും. പ്രത്യേകിച്ചും നിക്ഷേപം സംബന്ധിച്ച രേഖകളോ കരാറുകളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപതുക താഴെ പത്രികയിൽ വിവരിക്കുന്നു.

| ജില്ല | തുക |
|---|---|
| കൊല്ലം | 4,10,015 |

ജനങ്ങളുടെ വികസനം നിഷേധിച്ച് പദ്ധതി വിഹിതം വിവിധ ഏജൻസികൾക്ക് സഹായകരമായി നിക്ഷേപമായി തുടരുന്നത് ഗൗരവമായി കണ്ട് അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

29. **വിവിധ സ്ഥാപനങ്ങളിൽ, പദ്ധതി പൂർത്തീകരണത്തിനായി നിക്ഷേപിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ, നിലവിൽ തുകകൾ ഒന്നും തന്നെ ചെലവഴിക്കാതെ**

**അവശേഷിക്കുന്നില്ല എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി**

**പദ്ധതി വിഹിതം 4.02 കോടി രൂപ നഷ്ടം**

തൊഴിലും വ്യവസായ വികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപനചെലവിനായി കോടികൾ പാഴായി.

ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടി രൂപയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ ഈ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ ചില വിവരങ്ങൾ.

കൊല്ലം കോർപ്പറേഷൻ 48,66,106 രൂപ ചെലവഴിച്ച് സ്ഥാപിച്ച സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിൽ തുടങ്ങിയ യൂണിറ്റുകളിൽ ഒന്നൊഴികെയെല്ലാം വിട്ടുപോയി. ശേഷിക്കുന്നത് അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

(2000-01 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 12)

ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ജില്ല | തുക |
|---|---|
| കൊല്ലം | 65,27,520 |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

30. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

31. **നിലവിൽ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾ ഒന്നും തന്നെയില്ലായെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ കാർഷിക യന്ത്രവൽക്കരണ പദ്ധതികൾ ലക്ഷ്യം കണ്ടില്ല. ഇതിന് ചെലവഴിച്ച പദ്ധതി വിഹിതം ലക്ഷങ്ങൾ പാഴായി.

കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതോതിൽ കാർഷിക യന്ത്രങ്ങൾ വാങ്ങിയത്. അംഗീകൃത പദ്ധതികളിൽ ചിലതിലെങ്കിലും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇവ പരിഹരിക്കാതെ ഭൂരിഭാഗം പദ്ധതികളും പദ്ധതി വിഹിതത്തിലാണ് നടപ്പാക്കിയത്.

കാർഷിക യന്ത്രവൽക്കരണ പദ്ധതികളിൽ പാളിച്ച സംഭവിക്കാൻ പ്രധാന കാരണം കൃഷിയിടങ്ങൾക്കും കൃഷിരീതിക്കും അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങാതിരുന്നതും യന്ത്രങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ജനകീയ സമിതികളെ ഏൽപ്പിക്കാതിരുന്നതും മോണിട്ടറിംഗ് സംവിധാനം പാഴായതുമാണ്.

കാർഷിക യന്ത്രങ്ങളുടെ നടത്തിപ്പ് പാടശേഖര/കാർഷിക സമിതികളെ ഏൽപ്പിക്കുവാനായിരുന്നു നിർദ്ദേശം. പരിമിതമായിപ്പോലും ജനാധിപത്യം ഇല്ലാത്ത ഇത്തരം സമിതികളെ ഏൽപ്പിച്ച യന്ത്രങ്ങൾ ചില വ്യക്തികൾ കയ്യടക്കിയതിന് ഉദാഹരണം നിരവധിയാണ്. കൃഷിഭവനുകളുടെ മോണിട്ടറിംഗ് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും കൃഷി ഓഫീസർമാർ യന്ത്രങ്ങളുടെ വരവ്/ചെലവ് കണക്കുകൾ പരിശോധിച്ചതിന് തെളിവില്ല. ഇതിനാൽ ട്രാക്ടർ/ട്രില്ലർ പോലുള്ള യന്ത്രങ്ങൾ കൃഷിക്ക് മാത്രമായി ഉപയോഗിച്ചു എന്നത് ഉറപ്പാക്കാനും കഴിഞ്ഞില്ല.

എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാർഷിക യന്ത്രങ്ങൾ പ്രയോജനപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഉദാഹരണം : കൊല്ലം കോർപ്പറേഷൻ വിവിധ കാർഷിക പദ്ധതികൾക്ക് വാങ്ങിയ ട്രാക്ടറും പവർ ട്രില്ലറും ഇപ്പോഴും നല്ല നിലയിൽ പാടശേഖര സമിതികൾ ഉപയോഗിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയാണ് കാർഷിക യന്ത്രവൽക്കരണ പാളിച്ചയ്ക്ക് കാരണമെന്ന് ഇതിനാൽ വ്യക്തമാണ്.

കാർഷിക യന്ത്രവൽക്കരണ പദ്ധതി നിർവ്വഹണം അന്വേഷിച്ച് ഭാവിയിലേയ്ക്ക് വേണ്ട പ്രതിരോധ മാർഗ്ഗങ്ങൾ തേടേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി കാർഷിക യന്ത്രവൽക്കരണത്തിന് ചെലവഴിച്ച പദ്ധതി വിഹിതം താഴെ ചേർത്തിരിക്കുന്നു.

| ജില്ല | തുക |
|---|---|
| കൊല്ലം | 49,28,521 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

32. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**33. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വസ്തു നികുതി. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203, 207 വകുപ്പുകളിലും 1994-ലെ കേരള മുനിസിപ്പൽ നിയമം 230 മുതൽ 235 വരെയുള്ള വകുപ്പുകളിലുമാണ് യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വസ്തു നികുതി സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിയമം നിലവിൽ വന്ന ശേഷം 1997-ലാണ് കെട്ടിട നികുതിയുടെ പരിഷ്കരണം ആദ്യമായി നടന്നത്. അതിനുശേഷം 2011-ലാണ് വസ്തു നികുതി പരിഷ്കരണത്തിന് വിശദമായ നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

ഇപ്രകാരം 1-4-2011 പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവ് മുതൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ സന്ദർഭങ്ങളിൽ വിശദമായ നിരവധി ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഓരോ അവസരത്തിലും നിർദ്ദിഷ്ട നടപടികൾ സമയബന്ധിതമായും ഏകോപിതമായും സംസ്ഥാന തലത്തിൽ കുറ്റമറ്റതാക്കി

പൂർത്തിയാക്കാൻ കഴിയാതെ വരികയും പുതിയ നിർദ്ദേശങ്ങൾ ആവശ്യമാകുകയും പൂർത്തീകരണ കാലയളവ് പലപ്രാവശ്യം ദീർഘിപ്പിക്കേണ്ടിയും വന്നു. ഇപ്രകാരം 26-5-2017-ലെ ഉത്തരവുവരെയുള്ള വസ്തു നികുതി പരിഷ്കരണ നടപടികളുടെ പൂർത്തീകരണത്തിന് 6 വർഷം വേണ്ടിവന്നിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്ത നിർദ്ദിഷ്ട പ്രവർത്തന ഘട്ടങ്ങൾ ഓരോന്നും കുറ്റമറ്റതായി പൂർത്തിയാക്കി എന്നുറപ്പാക്കുന്നതിനുള്ള നടപടിയോ അവ അന്തിമമാക്കുന്നതിന് കഴിയുംവിധമുള്ള മേൽ പരിശോധനയോ തുടർ നടപടികളോ ഉണ്ടായിട്ടില്ല. സ്വാഭാവികമായും തദ്ദേശസ്ഥാപന തലത്തിൽത്തന്നെ മേൽപരിശോധന നടത്തി തെറ്റുകൂടാതെ പൂർത്തിയാക്കിയെന്നുറപ്പാക്കാത്ത നടപടികളുടെയും വിവരങ്ങളുടെയും (ഡിജിറ്റൽ വിവരശേഖരമടക്കം) ഓഡിറ്റ് നടത്തി അപാകതകൾ കണ്ടെത്തി പരിഹരിക്കുക എന്നത് അപ്രായോഗികമാണ്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് പ്രധാനമായും 6 ഘട്ടങ്ങളിലെ നടപടികൾക്കാണ് പഞ്ചായത്ത്/നഗരസഭാ ഉദ്യോഗസ്ഥ സംവിധാനത്തെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾ പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പാക്കാൻ അവ ഓരോന്നിനോടുമൊപ്പം ചേർത്ത വിധമുള്ള മേൽനോട്ടവും മേൽ പരിശോധനയും സാക്ഷ്യപ്പെടുത്തലും അംഗീകാരവും കൂടി ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ മാത്രമേ നടപടികളും പുതുക്കിയ വിവരശേഖരവും കുറ്റമറ്റതാണെന്നുറപ്പാക്കി നികുതി പരിഷ്കരണം അന്തിമമാക്കാൻ കഴിയുകയുള്ളൂ. അപ്രകാരം ചുമതലകൾ ഉത്തരവാദപ്പെടുത്തി നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണവും അന്തിമമാക്കാത്തതുമായ അവസ്ഥയാണ് നിലവിലുള്ളത്. പ്രധാനപ്പെട്ട ആറ് പരിഷ്കരണ നടപടി ഘട്ടങ്ങളും ആയത് നിർവ്വഹിക്കാൻ നിർദ്ദേശിക്കപ്പെട്ടവരുടെയും അവയോരോന്നിലും ആവശ്യമായ മേൽപരിശോധന/ അംഗീകാര നടപടികളും അവ നിർവ്വഹിക്കേണ്ടതിന്റെ വിവരവും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | | അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിനുശേഷം കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കൽ<br>31-8-2012 (സ.ഉ.(സാധാ) നമ്പർ 1821/2012/ത.സ്വ.ഭ.വ തീയതി 30-6-2012) |
| | | ബിൽ കളക്ടർ/ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന. |

| | | |
|---|---|---|
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (10% പരിശോധിക്കണം) പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണ സമിതി വിലയിരുത്തി അംഗീകരിക്കണം. |
| 2 | | കെട്ടിടങ്ങളുടെ എണ്ണം, തരം, നികുതി, നികുതി കുടിശ്ശിക, പഴയ കെട്ടിട നമ്പർ, പുതിയ നമ്പർ, പേര്, വിലാസം പഴയ നികുതിയും ലൈബ്രറി സെസ്സും, അസസ്മെന്റ് വർഷം, ARV/പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണോ നികുതി നിശ്ചയിച്ചത് എന്നിവയുടെ ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കൽ. |
| | | (സ.ഉ (എം.എസ്) നമ്പർ 210/2013/ത.സ്വ.ഭ.വ തീയതി 4-6-2013) |
| | | 1-4-2013 പ്രാബല്യം (നിലവിലുള്ള നികുതി ദായകർ)<br>1-4-2011 പ്രാബല്യം (പുതിയ നികുതി ദായകർ) |
| | | ബിൽ കളക്ടർ/വാർഡ് ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന)<br>ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം-50%, വാണിജ്യം - 20%, വ്യവസായം-10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം-10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന. |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (10% പരിശോധന) പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണ സമിതി വിലയിരുത്തി അംഗീകരിക്കണം. |

| | | |
|---|---|---|
| 3 | | കെട്ടിട ഉടമകളിൽ നിന്ന് ഫോറം 2 എ-യിൽ വിവരശേഖരണം. ആകെ കെട്ടിടങ്ങളുടെ ഡാറ്റ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം എല്ലാ കെട്ടിട ഉടമകളും ഫോറം 2-ൽ വിവരം സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന്റെ/നഗരസഭയുടെ ഡാറ്റയുമായി ഒത്തുനോക്കി ഉറപ്പുവരുത്തൽ, ഫോറം 3 ലുള്ള വസ്തു നികുതി റിട്ടേൺ രജിസ്റ്റർ രേഖപ്പെടുത്തൽ (2011-ലെ കേ.പ.രാ. (വസ്തു നികുതിയും .... സർചാർജ്ജും) ചട്ടം 11(4) |
| | | 30-9-2012 (സ.ഉ (സാധാ) നമ്പർ 1821/2012/ത.സ്വ.ഭ.വ തീയതി 30-6-2012) |
| | | ബിൽ കളക്ടർ/ ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന. |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 10% പരിശോധന. അപാകതകളുണ്ടെങ്കിൽ സെക്രട്ടറിയോട് 100% പരിശോധിക്കാൻ നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണ സമിതി വിലയിരുത്തി അംഗീകരിക്കണം. |
| 4 | | കെട്ടിട ഉടമകൾ ഫോറം 2-ൽ നൽകിയ വിവരങ്ങൾ ഉറപ്പ് വരുത്താൻ ഭൗതിക പരിശോധന നടത്തി ഫോറം 6-ൽ വിവരങ്ങൾ രേഖപ്പെടുത്തലും ഡാറ്റ എൻട്രി നടത്തലും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കലും വസ്തു നികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തലും (2011-ലെ കേ.പ.രാ. (വസ്തു നികുതിയും ... സർചാർജ്ജും) ചട്ടം 12(4), (6)) |
| | | 21-7-2013 മുതൽ 30-9-2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 8-7-2013-ലെ സി3-6865/2011 നമ്പരിലുള്ള സർക്കുലർ) |
| | | ബിൽ കളക്ടർ/വാർഡ് ക്ലാർക്ക് |

| | | |
|---|---|---|
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന)<br>അപാകതകളുണ്ടെങ്കിൽ 100% പരിശോധന. |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 10% പരിശോധന. (പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%, വ്യവസായം - 10%, വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണ സമിതി വിലയിരുത്തി അംഗീകരിക്കണം. |
| 5 | | വസ്തു നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങൾ രേഖപ്പെടുത്തൽ. (2011-ലെ കേ.പ.രാ. (വസ്തു നികുതിയും .. സർചാർജ്ജും) ചട്ടം 17) |
| | | ബിൽ കളക്ടർ/ ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് |
| | മേൽപരിശോധന | സെക്രട്ടറി |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി |
| | അംഗീകാരം | ഭരണസമിതി |
| | അഭിപ്രായം | കെട്ടിടത്തിന് വരുത്തിയ മാറ്റങ്ങൾ ഉടമ അറിയിക്കാതിരിക്കുകയോ വസ്തുതാ വിരുദ്ധമായ വിവരങ്ങൾ നൽകുകയോ ചെയ്താൽ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് നികുതി നിർണ്ണയിക്കണമെന്ന് 17-ാം ചട്ടത്തിൽ നിഷ്കർഷിക്കുന്നു. എന്നാൽ കെട്ടിടത്തിലെ മാറ്റങ്ങൾ ഉടമ അറിയിക്കാതെ സെക്രട്ടറി അറിയാനും സാധ്യതയില്ല. ഈ അപാകത പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്. (ഉദാഹരണത്തിന് വർദ്ധിച്ച പിഴയോ നികുതി നിരക്കോ ഏർപ്പെടുത്താവുന്നതാണ്). |

| | | |
|---|---|---|
| 6 | | നികുതിദായകർക്ക് 9-ാം നമ്പർ ഫോറത്തിൽ നികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യലും ഡിമാന്റ് നോട്ടീസിന്റെ കൈപ്പറ്റുരേഖ സൂക്ഷിക്കലും. (2011-ലെ കേ.പ.രാ. (വസ്തു നികുതിയും .. സർചാർജ്ജും) ചട്ടം 14) |
| | | 15-9-2013 മുതൽ 15-10-2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 8-7-2013-ലെ സി3-6865/2011 നമ്പർ സർക്കുലർ) |
| | മേൽപരിശോധന | സെക്രട്ടറി |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി |
| | അംഗീകാരം | ഭരണസമിതി |

മേൽപ്പറഞ്ഞ 6 ഘട്ടങ്ങളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും മേൽപരിശോധനയും സാക്ഷ്യപ്പെടുത്തലും കൃത്യമായി നടക്കാത്തതിനാലും അപ്രകാരം ഉറപ്പാക്കാത്തതിനാലും 2016-2017 വർഷം നിർവ്വഹിച്ച ഓഡിറ്റിൽ വ്യാപകമായി വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില പ്രധാനപ്പെട്ട അപാകതകൾ താഴെപറയുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വസ്തുനികുതി സംബന്ധിച്ച ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതും തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സാംഖ്യ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കാത്തതും കാരണമായുള്ള അപാകതകൾ.

2. വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത്.

3. കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാത്തത്.

4. നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളായി മാറിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

5. വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റു രേഖകളും മാന്വലായും ഡിജിറ്റലായും സൂക്ഷിക്കാത്തതും അപൂർണ്ണമായി സൂക്ഷിക്കുന്നതും.

6. നികുതി പരിഷ്കരണം നടപ്പിലാക്കാത്തത്.

7. വസ്തുനികുതി നിർണ്ണയിക്കുന്നതിലെ അപാകതകൾ. (ഉപയോഗക്രമം/ തരംമാറ്റിയത്, 100 $m^2$ൽ കൂടുതലുള്ള തറവിസ്തീർണ്ണത്തിന്റെ നികുതി നിരക്കിന് പകരം കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത്, FAR-ൽ തെറ്റായി രേഖപ്പെടുത്തി നികുതി നിശ്ചയിച്ചത് തുടങ്ങിയവ).

മേൽപ്പറഞ്ഞ അപാകതകൾ ഓരോന്നും പരാമർശിക്കപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളുടെ കൊല്ലം ജില്ലയിലെ വിവരം താഴെ ചേർക്കുന്നു.

| ജില്ല | ഓഡിറ്റ് വർഷം | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| കൊല്ലം | 2014-15 | 04 | 11 | 01 | .. | 02 | .. | 02 |
| | 2015-16 | .. | 01 | .. | .. | .. | .. | .. |

ശിപാർശകൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവിനങ്ങളുടെ ശേഖരണത്തിന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ കെട്ടിട നികുതിയുടെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള കെട്ടിടങ്ങളുടെ എണ്ണം, തരം, തറവിസ്തീർണ്ണം, മേഖല, റോഡിന്റെ സാമീപ്യം, ഉപയോഗക്രമം തുടങ്ങി എല്ലാ വിവരങ്ങളും കുറ്റമറ്റ രീതിയിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പ് വരുത്താനുള്ള ക്രമീകരണം ഉണ്ടാകേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പിലെ 4(2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി 3-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും തുടർന്ന് ഓരോ അഞ്ച് വർഷക്കാലം പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടെയും നിരക്കുകളുടെയും മേൽ ഓരോ വർഷവും 5% എന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം 5 വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ 25% വർദ്ധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങൾക്ക് 1-4-2011 മുതലും പഴയ കെട്ടിടങ്ങൾക്ക് 1-4-2013 മുതലുമാണ് നിലവിലുള്ള നികുതി പരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി. 1-4-2011-ന് ശേഷം 5 വർഷം കഴിഞ്ഞതിനാലും 1-4-2013-ന് ശേഷം 5 വർഷം 1-4-2018-ന് കഴിയുമെന്നതിനാലും പുതിയ നികുതി പരിഷ്കരണത്തിന് ഇതോടൊപ്പംതന്നെ തുടർനടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

3. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി സംബന്ധിച്ച നിലവിലുള്ള ഡാറ്റാബേസ് സുതാര്യവും കൃത്യവും പൂർണ്ണവുമാണെന്ന് ഉറപ്പുവരുത്തുകയും തുടർപരിഷ്കരണ നടപടികളെല്ലാം ഈ ഡാറ്റാബേസ് അടിസ്ഥാനപ്പെടുത്തിയാകണമെന്നുമുള്ള ക്രമീകരണം നടത്തേണ്ടതുമാണ്.

4. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ GIS മാപ്പിംഗിലൂടെ IPMS (Integrated Property Management System) നടപ്പിലാക്കാൻ ജി.ഒ.(ആർ.ടി) നം. 687/16 ത.സ്വ.ഭ.വ തീയതി 19-2-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി (സഞ്ചയ, സുലേഖ, സങ്കേത തുടങ്ങിയവ) IPMS സംവിധാനത്തെ സംയോജിപ്പിക്കാൻ സാങ്കേതികമായി സാധിക്കുമെന്നതിനാൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്. IPMS സംവിധാനം നടപ്പിലാക്കിയ കളമശ്ശേരി നഗരസഭയിൽ കെട്ടിടങ്ങളുടെ മാത്രമല്ല തദ്ദേശസ്ഥാപനത്തിന്റെ എല്ലാ ആസ്തികളുടെയും കാര്യക്ഷമമായ വിവരശേഖരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. വസ്തു നികുതി സംബന്ധിച്ച വിവരശേഖരണത്തിൽ നിലനിൽക്കുന്ന അവ്യവസ്ഥയ്ക്കുള്ള പരിഹാരമാർഗ്ഗമെന്ന നിലയിൽ ഈ സംവിധാനം പ്രസക്തമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; അദ്ധ്യായം 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

34. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**35. വിവിധ പഞ്ചായത്തുകളിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന വരുമാന സ്രോതസ്സാണ് തൊഴിൽ നികുതി. കേരള പഞ്ചായത്ത് രാജ് നിയമം

205-ാം വകുപ്പും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 13 മുതൽ 19 വരെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യവും പൂർണ്ണവുമായി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലക്ഷ്യം കൈവരിക്കാനാകുന്നില്ല.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2016-2017 സാമ്പത്തിക വർഷം നടത്തിയ ഓഡിറ്റിൽ തൊഴിൽ നികുതി നിയമങ്ങളും ചട്ടങ്ങളും യഥാവിധി പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിലുള്ള തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 927 ഗ്രാമപഞ്ചായത്തുകളുടെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ 594 ഗ്രാമപഞ്ചായത്തുകളിലും 941 ഗ്രാമപഞ്ചായത്തുകളുടെ 2015-2016 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ 653 ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ, നോട്ടീസ് നൽകൽ, നികുതി നിർണ്ണയിക്കൽ, ഡിമാന്റ് ചെയ്യൽ, പിരിവ് എന്നിവയിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്.

തൊഴിൽ നികതി അപാകതകൾക്ക് ഉദാഹരണമായി ഒരു റിപ്പോർട്ടിലെ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

*** തൊഴിൽ നികുതി - രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ, എന്നിവ പരിപാലിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

*** തൊഴിൽ നികുതി ഈടാക്കുന്നില്ല**

വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16, 1-ാം പാദ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.

***തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ തൊഴിൽ നികുതി വരവിൽ കുറവുണ്ടാകുന്നു. പതിനൊന്ന് വ്യക്തികളിൽ നിന്നും കുറവായി തൊഴിൽ നകുതി ഈടാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

*** സ്ഥാപന നികുതി ഈടാക്കിയില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടെങ്കിലും നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം 13 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ-2016-2017 വർഷത്തെ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) 2014-2015 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ വിവരം (കൊല്ലം ജില്ല) ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2014-15 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | 2014-15 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം | അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതും രജിസ്റ്റർ സൂക്ഷിക്കാത്തതുമായ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
| 1 | കൊല്ലം | 71 | 51 | 35 | 40 | 30 | 20 |

(2) 2015-16 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ വിവരം (കൊല്ലം ജില്ല) ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2015-16 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | 2015-16 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം | അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതും, രജിസ്റ്റർ സൂക്ഷിക്കാത്തതുമായ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
| 1 | കൊല്ലം | 68 | 50 | 18 | 35 | .. | .. |

മേൽ പട്ടികയിൽ വെളിപ്പെടുന്ന അപാകങ്ങൾ മുൻനിർത്തി നിലവിലെ നിയമ/ചട്ട നിഷ്കർഷകളും നടപടിക്രമങ്ങളും വിലയിരുത്തിയതിൽ ചുവടെ ചേർത്ത പ്രകാരമുള്ള പോരായ്മകൾ സംസ്ഥാന സർക്കാരിന്റെ നടപടികളിലൂടെ പരിഹരിക്കാവുന്നതായി കാണുന്നു.

| ക്രമ നമ്പർ | നിയമം/ ചട്ടം/ ഉത്തരവ് | നിർദ്ദിഷ്ട നടപടി | ഉത്തരവാദി | സമയ പരിധി | നികുതി പിരിവിൽ ഉണ്ടാവുന്ന വീഴ്ച | വീഴ്ചയുടെ കാരണം |
|---|---|---|---|---|---|---|
| 1 | വകുപ്പ് 205 (ബി)/ ചട്ടം 13, 14 | സ്ഥലം ഉപയോഗിക്കുന്നവരുടെയും തൊഴിൽ ചെയ്യുന്നവരുടെയും വിവരങ്ങളും മേൽവിലാസവും | സെക്രട്ടറി | ലിസ്റ്റ് ലഭിക്കേണ്ടത് നോട്ടീസിൽ പറയുന്ന സമയത്ത് എന്നാൽ നോട്ടീസ് | സ്ഥാപനങ്ങളുടെയും/ തൊഴിൽ ചെയ്യുന്നവരുടെയും വിവരം പൂർണ്ണമായും ലഭ്യമല്ല. | വകുപ്പിലും ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരം സ്ഥാപനങ്ങളുടെയും നികുതിദായകരുടെയും |

| | | | | | | |
|---|---|---|---|---|---|---|
| | | കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും ഉടമകളിൽ നിന്ന് ആവശ്യപ്പെടൽ | | നൽകേണ്ടത് എന്ന് എന്നത് വ്യക്തമല്ല. | നികുതി ബാധ്യതയിൽ നിന്നും ഒഴിവാകുന്നു. | വിവരങ്ങൾ ആവശ്യപ്പെടുന്ന നടപടിക്രമം വ്യക്തമല്ല. |
| 2 | വകുപ്പ് 205 (സി) (എ)/ ചട്ടം 16 | ജോലി ചെയ്യുന്നവരുടെ ശമ്പളത്തെയും വരുമാനത്തെയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടൽ (ഫോറം I, ഫോറം II) | സെക്രട്ടറി | സ്റ്റേറ്റ്മെന്റ് ലഭിക്കേണ്ടത് നോട്ടീസിൽ പറയുന്ന സമയത്ത് എന്നാൽ നോട്ടീസ് നൽകേണ്ടത് എന്ന് എന്നത് വ്യക്തമല്ല | സ്ഥാപനങ്ങളുടെയും/ തൊഴിൽ ചെയ്യുന്നവരുടെയും വിവരം പൂർണ്ണമായും ലഭ്യമല്ല. നികുതി ബാധ്യതയിൽ നിന്നും ഒഴിവാകുന്നു. | നിർദ്ദിഷ്ട നടപടിക്രമം വ്യക്തമല്ല. |
| 3 | ചട്ടം 17 | നികുതി നിർണ്ണയം | സെക്രട്ടറി | ഫോറം II-ലെ വിവരങ്ങൾ ലഭ്യമായാലുടൻ | വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. നികുതി കുറവായി ഈടാക്കുന്നു. | ഫോറം II-ലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്ന വിധം വ്യക്തമല്ല. |
| 4 | ചട്ടം 18 | ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യണം (ഫോറം - III) | സെക്രട്ടറി | .. | ഡിമാന്റ് ചെയ്യാത്തതു മൂലം നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുന്നില്ല. | നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. |
| 5 | 205 (ഐ)/ ചട്ടം (18) (2) | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം (ഫോറം V-ൽ) | സെക്രട്ടറി | .. | ഡിമാന്റ് ചെയ്യപ്പെടാതിരിക്കാൻ കാരണമാകുന്നു. | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല. |

**തൊഴിൽ നികുതി നടപടികൾ സമഗ്രവും കാര്യക്ഷമവും ആക്കുന്നതിലേക്ക് നിർദ്ദേശിക്കാവുന്ന നടപടികൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.**

* തൊഴിൽ നികുതി നടപടിക്രമങ്ങളിലെ അവ്യക്തതമൂലം കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും ഉടമസ്ഥരിൽ നിന്നും സ്ഥലം ഉപയോഗിക്കുന്നവരുടെയും അവിടെ തൊഴിൽ ചെയ്യുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലില്ല. ആയതിനാൽ നോട്ടീസ് നൽകുന്നതിനും വിവരം ശേഖരിക്കുന്നതിനും വ്യക്തമായ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

* കെട്ടിട ഉടമകളിൽ നിന്നും സ്ഥലം ഉടമകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ കാലികമാക്കുന്നതിനുള്ള ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

* തദ്ദേശസ്വയംഭരണ സ്ഥാപന ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് നൽകേണ്ടി വരുമ്പോൾ ടി വ്യക്തികളെയും സ്ഥാപനങ്ങളെയും സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്ന single data source സംവിധാനം കളമശ്ശേരി IPMS മാതൃകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്താവുന്നതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; അദ്ധ്യായം 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

36. പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**37. തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**കൊല്ലം ജില്ലാ പഞ്ചായത്ത്**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി - പാഴ്ചെലവ്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3.11

കർബല മാർക്കറ്റിംഗ് കോംപ്ലക്സിന്റെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപ്പന്ന വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 2 ലക്ഷം രൂപയും കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് 6 ലക്ഷം രൂപയും ഉൾപ്പെടെ 8 ലക്ഷം രൂപ വകയിരുത്തി ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കി കെട്ടിടത്തിന്റെ ഇന്റീരിയൽ വർക്ക് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെയും വൈദ്യുതി ജലവിതരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തു.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 4 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നതെങ്കിലും 4,99,400 രൂപ ചെലവഴിച്ച് 21-6-2006-ൽ 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായി. എന്നാൽ വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ പരിശീലന പരിപാടി നാളിതുവരെ ആരംഭിച്ചിട്ടില്ല.

കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളും രണ്ട് വർഷത്തിലേറെയായി നിരുപയോഗമായി തുടരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായും പദ്ധതിപ്പണത്തിന്റെ പാഴ്ചെലവായും ഓഡിറ്റ് വിലയിരുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.8.17(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

38. പ്രസ്തുത പരാമർശത്തെ സംബന്ധിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കർബല മാർക്കറ്റിംഗ് കോംപ്ലക്സ് വിപുലീകരണവുമായി ബന്ധപ്പെട്ട് ഉൽപ്പന്ന വിതരണ കേന്ദ്രവും കമ്പ്യൂട്ടർ പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിനായി യഥാക്രമം 2 ലക്ഷം, 6 ലക്ഷം ഉൾപ്പെടെ 8 ലക്ഷം രൂപ വകയിരുത്തി ജില്ലാ വ്യവസായ കേന്ദ്രം മാനേജരെ നിർവ്വഹണോദ്യോഗസ്ഥനാക്കി പ്രോജക്ട് തയ്യാറാക്കിയിരുന്നതായും എന്നാൽ വൈദ്യുതി ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി പരിശീലന പരിപാടികൾ ആരംഭിച്ചിരുന്നില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ 2010-ൽ രണ്ടുവിഭാഗങ്ങളിലായി നടത്തിയ കമ്പ്യൂട്ടർ

പരിശീലന പരിപാടികളിലായി പങ്കെടുത്ത 75 കുട്ടികളിൽ 66 പേർ കമ്പ്യൂട്ടർ പരീക്ഷ പാസ്സായി സർട്ടിഫിക്കറ്റ് നേടുകയും തുടർന്ന് പരിശീലനത്തിന് പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുകയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നേരിട്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയും, ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രത്തിൽ പ്രസ്തുത കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് പുതിയ കമ്പ്യൂട്ടർ പരിശീലന പരിപാടി ആരംഭിക്കുകയും എം.എസ്. ഓഫീസ്, വേഡ് തുടങ്ങി രണ്ട്/മൂന്ന് മാസം കാലാവധിയുള്ള കോഴ്സുകൾ ആരംഭിക്കുകയും ചെയ്തുവെന്നും ഒരു വർഷം ശരാശരി നൂറിലധികം കുട്ടികൾ പ്രസ്തുത കേന്ദ്രത്തിൽ നിന്നും പാസ്സാകുന്നുണ്ടെന്നും വിശദവിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ ശിപാർശകൾ

**39. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി സമിതിയ്ക്ക് നൽകിയ വിശദീകരണത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 13,59,250 രൂപ ചെലവാക്കിയെങ്കിലും പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമായില്ല

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 നമ്പർ: 3(15)]

* പേപ്പർ ബാഗ് യൂണിറ്റിന് സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മെഷിനറി വാങ്ങി.
* ഒടുവിൽ കണ്ടെത്തിയത് വൈദ്യുതി ബന്ധമില്ലാത്ത സ്ഥലം
* ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തില്ല
* 13.59 ലക്ഷത്തിന്റെ മെഷിനറി തുരുമ്പെടുക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ ഗ്രൂപ്പിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ പി.എൽ.ജി.483/07/ഡിപിസി/ഡിപിഒ./14.12.07 ഉത്തരവു പ്രകാരം 18.40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ സംഘടിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, സ്ഥലം എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ സൗജന്യമായി വിട്ടുനൽകുകയും യൂണിറ്റൊന്നിൽ പട്ടിക വിഭാഗത്തിൽപ്പെട്ട 10 വനിതകൾക്ക് തൊഴിൽ അവസരം ലഭ്യമാക്കുകയും ചെയ്യേണ്ടതായിരുന്നു.

പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ മെഷീനറികൾ വാങ്ങുന്നതിന് 29-2-2008-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും എൻ.എസ്.കെ. മെഷീനറി ആന്റ് ടൂൾസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, 15-3-2008-ൽ നെഗോഷ്യേഷനിലൂടെ 11.98 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1. ഹെവി ആന്റ് സ്പെഷ്യൽ ടൈപ്പ് പേപ്പർ ബാഗ് മെഷീൻ | 7,30,000 |
| 2. ട്യൂബിംഗ് അറ്റാച്ച്മെന്റ് | 3,00,000 |
| 3. സിംഗിൾസ്ലിറ്റ് സ്ലിറ്റിംഗ് അറ്റാച്ച്മെന്റ് | 75,000 |
| 4. പെഡൽ ഓപ്പറേറ്റഡ് ബാഗ്ഹോൾ പഞ്ചിംഗ് മെഷീൻ | 15,000 |
| 5. ബാഗ്ഹോൾ സൈക്ലിറ്റിംഗ് മെഷീൻ | 60,000 |
| 6. ഇറക്ഷൻ, കമ്മീഷനിംഗ് ആന്റ് ട്രയൽ റൺ | 18,000 |
| 7. ട്രെയിനിംഗ് റ്റു സ്റ്റാഫ് ഫോർ 14 ഡെയ്സ് | 25,000 |
| 1 വർഷം സർവ്വീസ് വാറന്റി | 25,000 |
| | **12,48,000** |
| നെഗോഷ്യേറ്റഡ് ഡിസ്കൗണ്ട് | 50,000 |
| | **11,98,000** |

25-3-2008-ൽ കൂടിയ കമ്മിറ്റി തീരുമാനം 7 പ്രകാരം പ്രോജക്ട് 187/07 പേപ്പർ/ തുണിബാഗ് യൂണിറ്റ് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായകേന്ദ്രത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

29-3-2008-ൽ ഡിഡി 194082 പ്രകാരം 1359250 രൂപ നികുതി ഉൾപ്പെടെ എൻ.എസ്.കെ.മെഷീനറി ആന്റ് ടൂൾസ്-ന് നൽകി.

നാളിതുവരെ ഈ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. മെഷീനറി സ്ഥാപിച്ച് ട്രയൽറൺപോലും നടത്തുകയോ, കുടുംബശ്രീ അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുകയോ ചെയ്തിട്ടില്ല. 6-6-2008-ലെ ജില്ലാ വ്യവസായകേന്ദ്രം മാനേജരുടെ കത്ത് പ്രകാരം 90 $m^2$ വിസ്തീർണ്ണമുള്ള (ഷെഡ്ഡ് നം. 2) ഒരു ഷെഡ്ഡ് അക്ഷയ പേപ്പർ ബാഗ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്നതായി ഫയലിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട വനിതകൾ ഉൾപ്പെടെ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുക്കുക, യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക, ആവശ്യമായ വൈദ്യുതിബന്ധം സ്ഥാപിക്കുക തുടങ്ങിയ പ്രാഥമികമായ കാര്യങ്ങളൊന്നും പൂർത്തിയാക്കാതെ മെഷിനറി വാങ്ങുക മാത്രമാണ് നിർവഹണോദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. മെഷീനറി സ്ഥാപിക്കുക, ട്രെയിനിംഗ് നൽകി വനിതകളെ വ്യവസായ സംരംഭത്തിന് പ്രാപ്തരാക്കുക, യൂണിറ്റ് പ്രവർത്തനം തുടങ്ങി ഉൽപാദന മികവ് കാണിക്കുകയും അതുവഴി വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ കാര്യങ്ങളൊന്നും നടപ്പിലായിട്ടില്ല.

കരാർ വ്യവസ്ഥയിലെ ഐറ്റം നം. 6 പ്രകാരം 25-3-2008-ന് മുമ്പായി സപ്ളൈ, ഇൻസ്റ്റലേഷൻ, ട്രയൽറൺ എന്നിവ നടത്തേണ്ടതായിരുന്നു. മെഷീനറിയുടെ തൃപ്തികരമായ പ്രവർത്തനം ബോദ്ധ്യം വന്നതിനുശേഷം മാത്രമേ ഐറ്റം 5, 6, 7 പ്രകാരമുള്ള തുകകൾ നൽകേണ്ടതുള്ളൂ. എന്നാൽ മെഷിനറി ഇൻസ്റ്റാൾ ചെയ്യുകയോ വൈദ്യുതിബന്ധം സ്ഥാപിക്കുകയോ ചെയ്യുന്നതിനു മുൻപായി, ട്രയൽ റൺ ഉൾപ്പെടെ ഈ മൂന്നിനത്തിലുമുള്ള തുകകൾ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ നൽകിയ 68,000 രൂപ (18000+25000+25000) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ പ്രോജക്ടിനായി നൽകിയ മുഴുവൻ തുകയും (1291250) വിനിയോഗ സാക്ഷ്യപത്രത്തിന്റെയും പ്രവർത്തന വിശദാംശങ്ങളുടെയും അഭാവത്തിൽ തടസ്സം ചെയ്യുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ശ്രീ. എൻ.പി. ചിത്തർ

(കുടുംബശ്രീ ജില്ലാ മിഷൻ കോ.ഓർഡിനേറ്റർ, കൊല്ലം)

ഫ്ളാറ്റ് നം.229, ബ്ലോക്ക് നം. 110, ഇ.എം.എസ്. നഗർ,

പാറ്റൂർ, വഞ്ചിയൂർ പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.8(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

40. പ്രസ്തുത പരാമർശത്തെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ ഗ്രൂപ്പിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി ജില്ലാ മിഷൻ കോ-ഓഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി, 18.40 ലക്ഷം രൂപ ഭരണാനുമതി ലഭിച്ച പ്രോജക്ടാണിതെന്നും പ്രസ്തുത യൂണിറ്റിനാവശ്യമായ കെട്ടിടം, സ്ഥലം എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വിട്ടു നൽകുകയും ഒരു യൂണിറ്റിൽ പട്ടിക വിഭാഗത്തിൽപ്പെട്ട 10 വനിതകൾക്ക് തൊഴിലവസരം ലഭ്യമാക്കുകയും ആവശ്യമായ മെഷീനുകൾ വാങ്ങി ട്രെയിനിംഗ് നൽകി യൂണിറ്റുകൾ ആരംഭിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യമെന്നും എന്നാൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചിരുന്നില്ലെന്നും തുടർന്ന് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ കേന്ദ്രത്തിലെ ഒരു കടമുറിയിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിക്കുകയും അക്ഷയ എന്ന പേരിൽ കുടുംബശ്രീ യൂണിറ്റിന് പേപ്പർ ബാഗ് നിർമ്മാണവുമായി ബന്ധപ്പെട്ട മെഷിനറി വാങ്ങുകയും സിംഗിൾ ഫേസ് കണക്ഷൻ ആയിരുന്നത് ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തുവെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മെഷീനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും അവ എന്ത് ചെയ്തെന്നും സമിതി ചോദ്യമുന്നയിച്ചതിന് മെഷീനുകൾ പ്രവർത്തിക്കുന്നില്ലെന്നും 13.59 ലക്ഷം രൂപയാണ് മെഷീനറിക്കായി ചെലവഴിച്ചതെന്നും പഴയ ടെക്നോളജി പ്രകാരമുള്ള വലിയ മെഷീനായതിനാൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്നും രണ്ടാഴ്ചയിലൊരിക്കലെങ്കിലും ക്ലീൻ ചെയ്യേണ്ടതായിട്ടുണ്ടെന്നും കുടുംബശ്രീ ഗ്രൂപ്പുകൾ പറഞ്ഞതായും പേപ്പർ വില വർദ്ധനവ് മൂലം മാർക്കറ്റിംഗ് നടക്കുന്നില്ലെന്നും ആയതിനാൽ പ്രസ്തുത ഗ്രൂപ്പുകൾക്ക് യൂണിറ്റ് നടത്താൻ സാധിക്കില്ലെന്ന് അറിയിക്കുകയുണ്ടായെന്നും നിലവിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം ജില്ലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും മെഷീനുകൾ വിറ്റാൽ എന്ത് തുക ലഭിക്കുമെന്നും സമിതി ആരാഞ്ഞതിന് നിലവിൽ ഇത്തരത്തിലുള്ള മെഷീനുകൾ ഉപയോഗിക്കുന്നില്ലെന്നും അവയ്ക്ക് സ്ക്രാപ്പിന്റെ വില മാത്രമേ ലഭിക്കുകയുള്ളൂവെന്നും വാങ്ങിയ കാലയളവിലെ മികച്ച മെഷീനുകളായിരുന്നുവെന്നും എന്നാൽ നിലവിൽ കുടുംബശ്രീ ഉൾപ്പെടെ ഒരു ഗ്രൂപ്പുകളും മെഷീൻ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഉത്തരവാദിത്തവും ദീർഘവീക്ഷണവുമില്ലാതെ നടത്തിയ പ്രവർത്തനമാണിതെന്നും നടത്തിപ്പിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

**നിഗമനങ്ങൾ/ ശിപാർശകൾ**

**41. നിലവിൽ പഴയ ടെക്നോളജി പ്രകാരമുള്ള മെഷീൻ പ്രവർത്തനക്ഷമമല്ലെന്നും ഉത്തരവാദിത്തവും ദീർഘവീക്ഷണവുമില്ലാതെ നടത്തിയ പ്രവർത്തനമാണിതെന്നും നടത്തിപ്പിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു.**

**42. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന സർക്കാർ നടപടിയിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്-പദ്ധതി നടപ്പായില്ല - 3,17,189 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09 നമ്പർ 3(15)]

* പദ്ധതി, ഭാഷാ നൈപുണ്യം ഉണ്ടാക്കുന്നതിന്

* സ്ഥാപിച്ചത് കമ്പ്യൂട്ടർ ലാബ്

* കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ വൈദ്യുതിയില്ല.

ജില്ലയിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഇംഗ്ലീഷ് ഭാഷാ വൈദഗ്ധ്യം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിലക്ഷ്യം. പദ്ധതി നടത്തിപ്പിനായി 3,17,189 രൂപ ബിൽ നമ്പർ 8/09 തീയതി 31-3-2009 പ്രകാരം പിൻവലിച്ചു. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളും ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആ നിലയ്ക്ക് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കുന്നതിനു പകരം ജില്ലയുടെ വടക്കേ അതിർത്തി പ്രദേശത്തുള്ള പോരുവഴി ഗവ.ഹൈസ്കൂൾ മാത്രമാണ് പദ്ധതി പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുത്തത്. ഇത് ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാകുന്നില്ല.

2. പദ്ധതി പ്രവർത്തനമായി ആകെ നടത്തിയിട്ടുള്ളത്, 7 കമ്പ്യൂട്ടറുകൾ, 7 ഹെഡ്ഫോൺ, 7 കമ്പ്യൂട്ടർ ചെയർ, 7 കമ്പ്യൂട്ടർ ടേബിൾ, 1 യു.പി.എസ് എന്നിവ വാങ്ങിയതാണ്. കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതി സംവിധാനം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തില്ല.

3. കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചാൽ തന്നെ അത് ഒരു കമ്പ്യൂട്ടർ ലാബ് മാത്രമായിരിക്കും. ഭാഷാപരിശീലനം ആരാൽ, ഏത് രീതിയിൽ നൽകും എന്നൊന്നും പദ്ധതിയിൽ പരാമർശമില്ല. 7 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുക വഴി ജില്ലയിലെ ആകമാനം വിദ്യാർത്ഥികളുടെയും ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരുടെയും ഭാഷാ നൈപുണ്യം മെച്ചപ്പെടുന്നതെങ്ങനെയെന്ന് വ്യക്തമാകുന്നില്ല.

പരാമർശ വിഷയത്തിനുമേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 8/3.2.2010) മറുപടി ലഭ്യമാക്കിയിട്ടില്ല. അശാസ്ത്രീയവും ഭാവനാശൂന്യവുമായ പദ്ധതികൾ ഉണ്ടാക്കി, പദ്ധതിപ്പണം പാഴാക്കുകയാണ് നിർവ്വഹണാധികാരി ചെയ്തിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ലാഘവബുദ്ധിയോടുകൂടി കൈകാര്യംചെയ്യുന്ന രീതി ആശാസ്യമല്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ 3,17,189 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സം ചെയ്യുന്നു. ടി തുക ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളെപ്പറ്റിയും അവയുടെ നിലവിലുള്ള അവസ്ഥയെപ്പറ്റിയും വകുപ്പുതല അന്വേഷണത്തിന് ആഡിറ്റിൽ ശിപാർശ ചെയ്യുന്നു. (നിർവഹണാധികാരി - കൊല്ലം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ)

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ. വി.രാജേന്ദ്രൻ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം)

കൃഷ്ണവിഹാർ, മുളങ്കാടകം,

തിരുമുല്ലവാരം പി.ഒ., കൊല്ലം-691012

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.8(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

43. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഇംഗ്ലീഷ് ഭാഷാവൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടായിരുന്നുവെന്നും പദ്ധതി നടത്തിപ്പിനായി 3,17,189 രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനായി 7 കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെന്നും എന്നാൽ ജില്ലയിലെ പോരുവഴി ഗവ.ഹൈസ്കൂൾ മാത്രമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തതെന്നും വൈദ്യുതി സൗകര്യം ഏർപ്പെടുത്താതെയാണ് കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങിയിട്ടുള്ളതെന്നും പദ്ധതി പൂർണ്ണ

അർത്ഥത്തിൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലെന്നമാണ് ഓഡിറ്റ് പരാമർശമെന്നം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിൽ കമ്പ്യൂട്ടറുകൾ സ്കൂളിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പൈലറ്റ് പ്രോജക്ടായി ജില്ലയിലെ ഒരു സ്കൂളിൽ ആരംഭിച്ച പദ്ധതിയാണിതെന്നും അക്കാലയളവിൽ ജില്ലയിൽ മൂന്ന് വിദ്യാഭ്യാസ ഉപജില്ലകളാണുണ്ടായിരുന്നതെന്നും ഈ വർഷം സർക്കാർ ഉത്തരവോടുകൂടി ജില്ലാ പഞ്ചായത്ത് രണ്ട് സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം പദ്ധതി നടപ്പാക്കുന്നുണ്ടെന്നും അതിനോടുകൂടി പ്രസ്തുത പദ്ധതിയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത തുക വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പുതിയ പ്രോജക്ടിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതെങ്ങനെയെന്ന് ആരാഞ്ഞ സമിതി ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**44. വൈദ്യുതി സൗകര്യം ഏർപ്പെടുത്താതെയാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളതെന്നും പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.**

**45. പദ്ധതി തുക വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ട്രാക്ടറുണ്ടായിട്ടും പൂട്ടുകൂലി നൽകി**

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09 നമ്പർ 3(25)]

സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട നെടിയപാടം പാടശേഖര സമിതിയ്ക്ക് നെൽവിത്ത്, വളം, കീടനാശിനി, പൂട്ടുകൂലി എന്നീ ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. 32 ഹെക്ടർ കൃഷിഭൂമിയിലാണ് നെൽകൃഷി നടത്തിയിട്ടുള്ളത്. 32 ഹെക്ടർ പൂട്ടിയ ഇനത്തിൽ ആകെ പൂട്ടുകൂലി 1,20,240 രൂപയിൽ ഗുണഭോക്തൃ വിഹിതം കിഴിച്ച് 60,000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഡി.ഡി.നം.401016/6.4.09 പ്രകാരം 50,000 രൂപയും ഡി.ഡി.നം.403613/23-4-2009 പ്രകാരം 10,000 രൂപയും ഈ ആവശ്യത്തിലേയ്ക്കായി ശൂരനാട് വടക്ക് കൃഷി ആഫീസർക്ക് കൈമാറിയിട്ടുള്ളതാണ്.

2007-08 ലെ ജനകീയാസൂത്രണത്തിലെ പ്രോജക്ട് നം.616/08, 142/08 എന്നിവ പ്രകാരം നെടിയപാടം പാടശേഖര സമിതിയ്ക്ക് ട്രാക്ടർ വാങ്ങി നൽകിയിട്ടുണ്ട്. ട്രാക്ടർ

സ്വന്തമായി ഉള്ള പാടശേഖര സമിതിയ്ക്ക് വീണ്ടും പൂട്ടുകൂലി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ പൂട്ടുകൂലി ഇനത്തിൽ സബ്സിഡിയായി നൽകിയ 60,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥ:

ശ്രീമതി. ജീനാ ജോൺ (കൃഷി ഡെപ്യൂട്ടി ഡയറക്ടർ,

പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കൊല്ലം)

അറപ്പുരയിൽ, ഐസക് നഗർ-15, പുലമൺ പി.ഒ, കൊട്ടാരക്കര

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.2.8(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

46. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**47. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം ജില്ലാ പഞ്ചായത്ത് - ദർഘാസ് നടപടികൾ അട്ടിമറിച്ചു - നഷ്ടം എട്ടര ലക്ഷം രൂപ**

[ഓഡിറ്റ് റിപ്പോർട്ട് 2011-12, ഓഡിറ്റ് ഖണ്ഡിക 3-3]

- **താൽക്കാലികമായി അംഗീകരിച്ച ആദ്യ ദർഘാസ് അകാരണമായി നിരസിച്ചു.**
- **പുനർ ദർഘാസ് ക്ഷണിച്ച് അതേ വ്യക്തികൾക്കുതന്നെ ഇരട്ടിയിലേറെ വരുന്ന നിരക്കുകൾ നൽകി.**
- **സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അസാധാരണമായ നടപടി വൻ നഷ്ടത്തിനും കാരണമായി.**

കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലെ ഉരുക്കളുടെ പരിചരണത്തിനായി ക്ഷണിച്ച ദർഘാസുകൾ പ്രകാരം കറവ പശുവിനും കറവയില്ലാത്ത പശുവിനും ഏറ്റവും കുറവു നിരക്കുകൾ രേഖപ്പെടുത്തിയത് ശ്രീ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ

എന്നയാളും കിടാരികൾക്കും മൂന്നുമാസത്തിനു മുകളിൽ പ്രായമുള്ള കിടാവിനും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ശ്രീ. എം. പ്രഹ്ളാദൻ, ഇടയിലവീട്, പുന്നല പി.ഒ എന്ന വ്യക്തിയുമാണ്.

23-7-2010-ന് നടന്ന ടെണ്ടർ താൽക്കാലികമായി അംഗീകരിച്ച് നടപടി ക്രമങ്ങൾ ഫാം സൂപ്രണ്ട് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചു. എന്നാൽ നിരക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു എന്ന അവ്യക്തവും അസാധാരണവുമായ കാരണം പറഞ്ഞ് ഇതൊഴിവാക്കി പുനർദർഘാസ് നടത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. (തീരുമാനം നമ്പർ 8, തീയതി 10-5-2010). എന്നാൽ ടെണ്ടർ ഡോക്യുമെന്റ് പരിശോധിച്ചതിൽ നിരക്കുകളിൽ യാതൊരു അവ്യക്തതയുമില്ല. മാത്രമല്ല മേൽ വ്യക്തികളുടെ സാന്നിധ്യത്തിലാണ് ദർഘാസ് തുറന്ന് അവരുടെ അംഗീകരത്തോടുകൂടി ഫാം സൂപ്രണ്ട് നിരക്കുകൾ താൽക്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ആദ്യ ദർഘാസിൽ അവ്യക്തത ഉണ്ടായിരുന്നുവെങ്കിൽ അതിലെ രണ്ടാമത്തെ കുറഞ്ഞ നിരക്കുകൾ അംഗീകാരത്തിന് പരിഗണിക്കാവുന്നതായിരുന്നു. 11-10-2010-ൽ നടന്ന പുനർ ദർഘാസിൽ ഇരട്ടിയിലേറെ വരുന്ന നിരക്കുകളിൽ അതേ വ്യക്തികൾക്കുതന്നെയാണ് കരാർ ഉറപ്പിച്ചു നൽകിയത്. പഴയ ദർഘാസും പുതിയ ദർഘാസും തമ്മിലുള്ള നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പുനർ ദർഘാസ് പ്രകാരം കരാർ വച്ച വ്യക്തികളുടെ പേരും മേൽ വിലാസവും | പുനർദർഘാസ് പ്രകാരമുള്ള നിരക്ക് (രൂപ) | ആദ്യ ദർഘാസ് നിരക്കുകൾ (രൂപ) | വ്യത്യാസം |
|---|---|---|---|---|
| കറവ പശു | ശ്രീ. എൻ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 30 | 14 | 16 |
| കറവ ഇല്ലാത്ത പശു | ശ്രീ. എൻ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 18 | 8 | 10 |
| കിടാവ് | ശ്രീ. എൻ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 13 | 6.50 | 6.50 |
| കിടാരി | ശ്രീ. എം. പ്രഹ്ളാദൻ, ഇടയില വീട്, പുന്നല | 15 | 6 | 9 |

പുനർ ദർഘാസ് പത്രിക പരിശോധിച്ചതിൽ നാലുപേർ പങ്കെടുത്തതായി കാണുന്നുവെങ്കിലും മറ്റുള്ളവർ നിരക്കുരേഖപ്പെടുത്തിയിട്ടില്ല. (ആദ്യത്തെ പ്രാവശ്യം എട്ട് പേർ പങ്കെടുത്തിരുന്നു.)

7-12-2010 മുതൽ പ്രാബല്യത്തിൽ വന്ന പശുപരിപാലന കാലാവധി 6-12-2011-ന് അവസാനിക്കുകയായിരുന്നുവെങ്കിലും ശ്രീ. സോമന് കറവപശു പരിപാലനത്തിനുള്ള കാലാവധി 6-12-2011-ലെ കത്തു മുഖേന വീണ്ടുമൊരറിയിപ്പുണ്ടാകുന്നതുവരെ നീട്ടിക്കൊടുക്കുകയായിരുന്നു. ഈ കരാർ പ്രകാരം ജില്ലാ പഞ്ചാത്തിനുണ്ടായ നഷ്ടം 8,50,698 രൂപയാണ്. വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തെറ്റായ തീരുമാനമാണ് ഈ നഷ്ടത്തിനു കാരണമായതെന്നതിനാൽ 10-8-2010-ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ ഈ നഷ്ടത്തിനുത്തരവാദികളാണ്.

പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്നതായി അറിയിച്ചുകൊണ്ട് 2-7-2014-ൽ കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.ക്യൂ/പി.ജി/839/2014 നമ്പർ കത്ത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൻ.പ്രസന്നകുമാർ, ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | എള്ളുവിള വീട്, കുണ്ടറ പി.ഒ, കൊല്ലം |
| 2 | ശ്രീ. എ.സായുദ്ദീൻ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | പുത്തൻവീട്, മുട്ടക്കാവ്, നെടുമ്പന പി.ഒ |
| 3 | ശ്രീ. ഡി.സുരേഷ്കുമാർ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | ശ്രീഹരി നിവാസ്, പൂതക്കുളം പി.ഒ, പിൻ-691302 |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. എസ്.സുഭാഷ്, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | ത്രിവേണി, കലയ്ക്കോട് പി.ഒ, പൂതക്കുളം-691302 |
| 5 | ശ്രീമതി ജയദേവി മോഹൻ, മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് | - | സുരഭി, ഉപ്പൂസ്, ഈസ്റ്റ് കല്ലട പി.ഒ, കൊല്ലം |

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നം. 4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലെ ഉരുക്കളുടെ പരിചരണത്തിനായി എല്ലാ വർഷവും വ്യക്തികളിൽനിന്നും ടെണ്ടർ ക്ഷണിക്കാറുണ്ടെന്നും അത്തരത്തിൽ 23-7-2010-ൽ നടന്ന ടെണ്ടർ നടപടിക്രമങ്ങൾ ഫാം സൂപ്രണ്ട് താൽക്കാലികമായി അംഗീകരിച്ച് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അക്കാലയളവിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ടി ടെണ്ടറിൽ അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന് കാണിച്ച് റീ-ടെണ്ടർ ആവശ്യപ്പെട്ടുവെന്നും തുടർന്ന് പുനർ ദർഘാസ് നടത്തുകയും ആദ്യ ടെണ്ടറിൽ തെരഞ്ഞെടുത്ത വ്യക്തികൾക്ക് തന്നെയാണ് ഇരട്ടിയോളം തുകയ്ക്ക് രണ്ടാമത്തെ ടെണ്ടർ അനുവദിച്ച് നൽകിയതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം വന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് രണ്ടാമത്തെ ടെണ്ടർ അനുവദിച്ചതെന്നും ആദ്യത്തെ ടെണ്ടറിനെക്കുറിച്ചും തുകയെക്കുറിച്ചും പുതിയ കമ്മിറ്റി മനസ്സിലാക്കിയിരുന്നില്ലെന്നും ഓഡിറ്റ് പരാമർശം അനുസരിച്ച് ആദ്യ കമ്മിറ്റിയിലെ അഞ്ച് അംഗങ്ങളിൽനിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ഭരണസമിതിയിലെ അംഗങ്ങൾക്ക് മാറ്റം വന്നതിനാൽ ക്വട്ടേഷനിലെ നിരക്ക് വ്യത്യാസം മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ ടി അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ അർത്ഥമില്ലെന്ന മറുപടിയാണ് ആദ്യകാല വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ലഭ്യമാക്കിയതെന്നും ഇവരിൽ ആർക്കെതിരെ നടപടി സ്വീകരിക്കണമെന്നതിൽ വ്യക്തത വന്നിട്ടില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങളിൽ അതിഗുരുതര വീഴ്ചയാണ് വന്നിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി ക്രമക്കേട് നടത്തിയ വ്യക്തികൾ നിലവിൽ സർവ്വീസിലുണ്ടോയെന്ന്

ആരാഞ്ഞതിന്, അഞ്ച് വ്യക്തികളും പഞ്ചായത്തംഗങ്ങളാണെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ജില്ലാ പഞ്ചായത്ത് പ്രസ്തുത വിഷയം പരിശോധിച്ച് പ്രസ്തുത വ്യക്തികളിൽനിന്നോ മറ്റ് ഉത്തരവാദികൾ ഉണ്ടെങ്കിൽ അവരിൽനിന്നോ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**49. കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിന്റെ പ്രവർത്തനത്തിന് ക്ഷണിച്ച ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത വിഷയത്തിൽ അതിഗുരുതര വീഴ്ചയാണ് വന്നിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിഷയം പരിശോധിച്ച് ക്രമക്കേട് നടത്തിയ വ്യക്തികളിൽ നിന്നോ മറ്റ് ഉത്തരവാദികൾ ഉണ്ടെങ്കിൽ അവരിൽ നിന്നോ നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പവർ ലാൺട്രി സ്ഥാപിച്ചിട്ടില്ല.**

[ഓഡിറ്റ് റിപ്പോർട്ട് 2011-12, ഖണ്ഡിക 3-7]

➢ **ജില്ലാ വിക്ടോറിയ ആശുപത്രികളിൽ പവർ ലാൺട്രി സ്ഥാപിക്കുന്നതിന് 14,98,000 രൂപ ചെലവഴിച്ചിട്ടും നാളിതുവരെ പവർ ലാൺട്രി സ്ഥാപിച്ചിട്ടില്ല.**

➢ **തുക നൽകിയിരിക്കുന്നത് 4,05,000 രൂപ അധികം ക്വോട്ട് ചെയ്ത സ്ഥാപനത്തിന്**

ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായ ഈ പ്രോജക്ടിനു വേണ്ടി 14,98,000 രൂപ (ഡി.ഡി. നമ്പർ 224141/10-4-2012 - 10,93,000 രൂപ (വികസന ഫണ്ട്) ഡി.ഡി.നമ്പർ 125702/26-3-2012 - 4,05,000 രൂപ (എച്ച്.എം.സി. ഫണ്ട്) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) എന്ന സ്ഥാപനത്തിനാണ് മുൻകൂർ നൽകിയിട്ടുള്ളത്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം പവർ ലാൺട്രി സ്ഥാപിക്കുന്നതിന് 10,93,000 രൂപയുടെ ഇൻവോയിസ് നേരത്തെ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ തുക തന്നെയാണ് (10,93,000 രൂപ) ഈ പ്രോജക്ടിനുവേണ്ടി വകയിരുത്തിയിരുന്നതും. എന്നാൽ പിന്നീട് ഇത് അവഗണിച്ച് 14,98,000 രൂപ മുൻകൂറായി KMSCL എന്ന സ്ഥാപനത്തിന് നൽകുകയായിരുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനവും സർക്കാർ അംഗീകൃത ഏജൻസിയാണെന്നിരിക്കെ പ്രസ്തുത ഏജൻസി സമർപ്പിച്ച കുറഞ്ഞ നിരക്ക്

നിരസിച്ചതുമൂലം 4,05,000 രൂപയുടെ പ്രത്യക്ഷ നഷ്ടമാണ് ഈ ഇടപാടിൽ ഉണ്ടായിരിക്കുന്നത്. മാത്രമല്ല KSIE യുടെ നിബന്ധനകൾ പ്രകാരം, സാധനം നൽകിയതിനുശേഷം മാത്രം തുക നൽകിയാൽ മതിയായിരുന്നു. കൂടാതെ രണ്ടുവർഷത്തെ സൗജന്യ വാറന്റി എന്ന മെച്ചവുമുണ്ടായിരുന്നു. എന്നാൽ KMSCL എന്ന സ്ഥാപനം ഉപകരണത്തിന്റെ വിലയായി 14,00,000 രൂപയും 7% AMC (അറ്റകുറ്റപ്പണികൾക്കുള്ള കരാർ) ആയി 98,000 രൂപയുമാണ് കൈപ്പറ്റിയിട്ടുള്ളത്. വർഷം തോറും നിശ്ചിത തുക AMC യ്ക്കായി നീക്കി വയ്ക്കേണ്ടിയും വരുന്നു. തുക മുൻകൂർ നൽകിയിട്ടും സ്ഥാപനവുമായി കരാർ വച്ചിട്ടില്ലാത്തതിനാൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ പോലും സ്വീകരിക്കാനാവാത്ത അവസ്ഥയാണുള്ളത്.

ഈ സാഹചര്യത്തിൽ 4,05,000 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. ശേഷിക്കുന്ന 10,93,000 രൂപയുടെ ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു. ഈ ഇടപാടുമൂലം ഭാവിയിൽ ഉണ്ടാകുന്ന മുഴുവൻ നഷ്ടത്തിനും നിർവ്വഹണോദ്യോഗസ്ഥ ഡോ. കെ. സലില ഉത്തരവാദിയായിരിക്കുന്നതാണ്. പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്നതായും മറുപടി/ സ്വീകരിച്ച നടപടി എന്നിവ അറിയിക്കണമെന്നും ആവശ്യപ്പെട്ട് 2-7-2014-ൽ കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.ക്യൂ/പി.ജി/ 839/2014-ാം നമ്പർ കത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

നഷ്ടത്തിന് ഉത്തരവാദിയായ വ്യക്തിയുടെ സ്ഥിരം മേൽവിലാസം

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ. സലില കെ., ജില്ല മെഡിക്കൽ ഓഫീസർ, അലോപ്പതി | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം | പുത്തൻവീട്, ആദിച്ചനല്ലൂർ പി.ഒ, കൊല്ലം - 691573 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നം. 4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

50. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, ജില്ല, വിക്ടോറിയ ആശുപത്രികളിൽ പവർ ലാൺട്രി സ്ഥാപിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടാണിതെന്നും പ്രസ്തുത പ്രോജക്ടിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.ഐ.ഇ) 10,93,000 രൂപയുടെ ഇൻവോയിസ് നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകതന്നെ പദ്ധതിക്കായി വകയിരുത്തിയെന്നും എന്നാൽ അതവഗണിച്ചുകൊണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) എന്ന സ്ഥാപനത്തിന് മുൻകൂറായി 14,98,000 രൂപ നൽകിയതുവഴി ഗവൺമെന്റിന് 4,05,000 രൂപയുടെ നഷ്ടമുണ്ടാക്കി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ കെ.എസ്.ഐ.ഇ. സമർപ്പിച്ച രേഖകൾ ആധികാരികമല്ലാത്തതിനാലാണ് കെ.എം.എസ്.സി.എൽ.-ന് തുക നൽകിയതെന്നും ജില്ലാ മെഡിക്കൽ ഓഫീസർ വിശദീകരണം നൽകിയെന്നും നിലവിൽ കെ.എം.എസ്.സി.എൽ. നൽകിയ ഉപകരണം നല്ലരീതിയിൽ പ്രവർത്തിക്കുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**51. പവർ ലോൺട്രി സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സമർപ്പിച്ച രേഖകൾ ആധികാരികമല്ലാത്തതിനാലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയതെന്നും നിലവിൽ കെ.എം.എസ്.സി.എൽ നൽകിയ ഉപകരണം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഓഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാട വളർത്തൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - കാടക്കുട്ടകളിൽ പ്രാവുകൾ ചേക്കേറി**

[ഓഡിറ്റ് റിപ്പോർട്ട് 2013-14]

- **പ്രോജക്ട് പൂർത്തീകരിക്കപ്പെട്ടില്ല**
- **മൂന്നുവർഷക്കാലം കാടകളെ വളർത്തണമെന്ന കരാർ വ്യവസ്ഥ പാലിച്ചില്ല.**
- **പദ്ധതി മോണിറ്റർ ചെയ്തില്ല.**

2011-12 ലെ 287/12 പ്രോജക്ട് പ്രകാരം ആരംഭിച്ച കാടവളർത്തൽ പദ്ധതി 293/13, 290/14, 908/13, 464/14 പ്രോജക്ടുകളിലൂടെ തുടർന്നു. പ്രോജക്ടുകൾ അവ സ്പിൽ

ഓവറാകുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. മൂന്ന് വാർഷിക പദ്ധതികളിലായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ 2013-14 വരെ 45085 കാടക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തത്. പ്രോജക്ട് പ്രകാരം ഒരു ലക്ഷത്തോളം കാടക്കുഞ്ഞുങ്ങളെ ഇനിയും വിതരണം ചെയ്യേണ്ടതുണ്ട്. എന്നാൽ കുര്യോട്ടുമല ഫാമിൽ ഇപ്പോൾ കാടക്കോഴികളെ വളർത്തുന്നില്ലെന്ന് ഫാം സന്ദർശിച്ച ഓഡിറ്റ് ടീമിന് ബോധ്യമായി. ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് ഇതുവരെ 17,58,272 രൂപ ചെലവഴിച്ചു. വിശദവിവരം ചുവടെ

| വർഷം | പ്രോജക്ട് | ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|---|
| 2011-12 | 287/12 | വികസന ഫണ്ട് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 32,20,000 | 3,77,462 (1037462-660000) |
| 2012-13 | 293/13 (എസ്.ഒ) | വികസന ഫണ്ട് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 11,95,000 | 69,675 |
| 2012-13 | 908/13 | തനത് ഫണ്ട് | സൂപ്രണ്ട്, ബി.ബി.എഫ് | 6,60,000 | 2,02,540 |
| 2013-14 | 464/14 (എസ്.ഒ) | തനത് ഫണ്ട് | സൂപ്രണ്ട്, ബി.ബി.എഫ് | 4,57,460 | 4,43,595 |
| 2013-14 | 290/14 (എസ്.ഒ) | വികസന ഫണ്ട് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 11,25,325 | 6,65,000 |
| | | | | | **17,58,272** |

മോണിട്ടറിംഗിന്റെ അഭാവം പദ്ധതി നടത്തിപ്പിൽ പ്രകടമാണ്. കാടകളെ ഏറ്റുവാങ്ങിയവരിൽ ചുരുക്കം ഗ്രൂപ്പുകൾ മാത്രമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. മിക്കവരും കാടക്കൂടുകളിൽ പ്രാവുകളെ വളർത്തുന്നു.

കുറഞ്ഞത് തുടർച്ചയായ മൂന്ന് വർഷക്കാലമെങ്കിലും കാടകളെ വളർത്താമെന്നും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കാമെന്നുമുള്ള എഗ്രിമെന്റിന്മേലാണ് കർഷകർക്ക് കാടയെ നൽകിയത്. എന്നാൽ ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായില്ല.

കാടക്കോഴി വളർത്തൽ പദ്ധതിയിലുണ്ടായ വീഴ്ചകൾ വിലയിരുത്തുന്നതിന് സർക്കാർതല അന്വേഷണം ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

പ്രസ്തുത വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിച്ചിട്ടുള്ള വിവരം 11-8-2016-ലെ നമ്പർ കെ.എസ്.എ.കെ.എൽ.എം.ഡി.ബി.632/15-ാം നമ്പർ കത്ത് പ്രകാരം കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നം. 8.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. പ്രസ്തുത പരാമർശം സംബന്ധിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, 2011-12-ൽ കാടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ലക്ഷത്തോളം കാടക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്ത് ആരംഭിച്ച പദ്ധതിയാണിതെന്നും കൂടുനിർമ്മാണം പൂർത്തിയായതിനുശേഷം കാടക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നുവെന്നും കൂട് നിർമ്മാണത്തിന് കുറച്ച് കാലതാമസം വന്നതിനാലും കൂടുകളിൽ കാടക്കോഴികളെ അടച്ച് വളർത്തരുതെന്ന കേന്ദ്ര ഗവൺമെന്റ് നിയമം നിലനിന്നിരുന്നതിനാലും നിയന്ത്രണം ഏർപ്പെടുത്തുകയും 45,085 കുഞ്ഞുങ്ങളെ മാത്രമേ വിതരണം ചെയ്തുള്ളൂവെന്നും പ്രോജക്ട് ആരംഭിച്ചശേഷമാണ് കേന്ദ്ര ഗവൺമെന്റ് നിയമം വന്നതെന്നും എന്നാൽ പിന്നീട് നിയമം പിൻവലിക്കുകയും നിലവിൽ കാടക്കോഴികളെ കൂടുകളിൽ വളർത്താമെന്നും മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കിയ പ്രോജക്ട് നിലവിൽ നടപ്പിലാക്കുന്നില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മൂന്ന്/നാല് കാര്യങ്ങളിൽ നിന്നും ജില്ലാ പഞ്ചായത്ത് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ചിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ച സമിതി, പഞ്ചായത്ത് ഓഡിറ്റ് നടത്താറില്ലേയെന്നും ഇത്രയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്താൻ സാധിക്കാതിരുന്നതെന്തെന്നും ആരാഞ്ഞതിന്, സംസ്ഥാനതലം, എ.ജി, പെർഫോമൻസ് ഓഡിറ്റ് എന്നിവ ഓഡിറ്റ് നടത്താറുണ്ടെന്നും പ്രസ്തുത കാലയളവിൽ പ്രസ്തുത പ്രോജക്ടിന്റെ ചാർജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ ഹാജരായിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു. ടിയാൻ പ്രസ്തുത കാലയളവിലെ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്നുവെന്നും പ്രോജക്ട് ആരംഭിച്ച് ആൾക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയതിന് ശേഷമാണ് കാടവളർത്തൽ നിരോധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് വന്നതെന്നും ആയതിനാൽ ചെങ്ങന്നൂരിലെ സെൻട്രൽ ഹാച്ചറിയിൽനിന്നും ആവശ്യത്തിന് കാടക്കുഞ്ഞുങ്ങളെ ലഭിക്കാതെ മൃഗസംരക്ഷണ

വകുപ്പിന്റെ ഫാമിലാണ് കാടക്കുഞ്ഞുങ്ങളെ വളർത്തിയതെന്നും 5000 രൂപ വിലയുള്ള കൂട് 1000 രൂപയ്ക്ക് 10 ഗുണഭോക്താക്കൾ വീതമുള്ള 22 യൂണിറ്റുകൾക്ക് നൽകിയിരുന്നുവെന്നും സമിതിയെ അറിയിച്ചു. ഇത്രയധികം തുക ചെലവായതിനെക്കുറിച്ചും ചെലവഴിച്ച 17,58,575 രൂപയിൽ എത്ര രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും കൂട് വിതരണം ചെയ്തതിന്റെ ലിസ്റ്റ് ഉണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഡിപ്പാർട്ടുമെന്റ് ഫാമിൽ കാടക്കുഞ്ഞുങ്ങളെ വളർത്താൻ മൂന്നുവർഷത്തോളം വേണ്ടി വന്നെന്നും 15 രൂപ വച്ച് വാങ്ങിയ കാടക്കോഴി ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകിയതായും 220 ഗുണഭോക്താക്കളുടെ പേരുവിവരമടങ്ങുന്ന ലിസ്റ്റ് ഉണ്ടെന്നും ഡിപ്പാർട്ട്മെന്റിന് തുക ലഭിച്ചിട്ടില്ലെന്നും ഗവൺമെന്റ് ഫാമിന് ആദ്യം 6,20,000 രൂപയും പിന്നീട് 6,00,000 രൂപയും നൽകിയിട്ടുണ്ടെന്നും ഇത് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഫാം ആയിരുന്നുവെന്നും ടിയാൻ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിൽ സമിതി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിന്, പ്രോജക്ട് ആരംഭിച്ചതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റ് കാടവളർത്തൽ നിയന്ത്രണമേർപ്പെടുത്തിയതെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**53. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റേയും സർക്കാർ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ക്ഷീരാമൃതം പദ്ധതി - പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക (ആകെ 7,22,000 രൂപ) തിരിച്ചടച്ചു.**

കൊല്ലം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ചേർന്ന് സംയുക്തമായി നടപ്പിലാക്കിയ ക്ഷീരാമൃതം പദ്ധതിയിൽ പാൽ വിപണന ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി നൽകിയത് 12-ാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ, വിവിധ വിപണന ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയ ഇനത്തിലെ ചെലവ് ഓഡിറ്റ് നിരാകരിച്ചതിനെത്തുടർന്ന് പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക ട്രഷറിയിൽ തിരിച്ചടച്ചു (പേരയം 4,12,000 രൂപ ചെലാൻ നം.309/09-10-2014, പെരിനാട് - 3,10,000/-ചെലാൻ നമ്പർ 522/23-10-2014)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 9.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**55.തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃസമിതി കൺവീനർ ഹാജരാക്കിയ ബില്ലുകൾ വ്യാജമെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 5,87,425 രൂപ ഈടാക്കി**

കൊല്ലം ജില്ലാ പഞ്ചായത്തിലെ എ.എ റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രിയിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ നിയമനാസൃതമായി ഫാറം 8 ബിയിൽ തയ്യാറാക്കിയവ അല്ലാതിരുന്നതിനാൽ ഓഡിറ്റിന്റെ നം.എൽ.എഫ്.ക്യൂ.ഡി.ബി.2936/14 തീയതി 10-12-2014 പ്രകാരം ഇവയുടെ സാധുത പരിശോധിക്കുന്നതിനായി കൊമേഴ്സ്യൽ ടാക്സ് ഇന്റലിജൻസ് ഓഫീസർക്ക് കൈമാറുകയും ടിയാളുടെ 15-12-2014, 27-12-2014 തീയതികളിലെ FIR No.IBK.A1-613/14-15 കത്തുകൾ പ്രകാരം പ്രസ്തുത ബില്ലുകൾ വ്യാജമാണെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിന്മേൽ പ്രവൃത്തികളുടെ കൺവീനറായ ശ്രീ. കെ. എസ്. മധുസൂദനൻ പിള്ളയ്ക്ക് കൊമോഴ്സ്യൽ ടാക്സ് വിഭാഗം നോട്ടീസ് നൽകുകയും ആകെ 5,87,425 രൂപ (3,81,030 രൂപ രസീത് നമ്പർ 5301190/15-01-2015 പ്രകാരവും 2,06,395 രൂപ രസീത് നമ്പർ 5301189/13-01-2015 പ്രകാരവും) ടിയാനിൽ നിന്നും ഈടാക്കുകയും ചെയ്തു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 9.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**57. ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രവൃത്തികളുടെ കൺവീനറിൽ നിന്നും തുക ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബ്ലോക്ക് പഞ്ചായത്തുകൾ**

**പദ്ധതി നിർവ്വഹണം: നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു**

| | |
|---|---|
| പ്രാദേശിക വികസനം:<br>ദിശ തെറ്റുന്നു | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നിഷ്ക്രിയാസ്തികൾ കുന്നുകൂടാൻ ഇടയാക്കുന്നു. ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാതെ പദ്ധതി വിഹിതം കോടികളാണ് പാഴാവുന്നത്. ഇതിലൂടെ പ്രാദേശിക വികസനം ദിശതെറ്റുന്നു. 2004-2005 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇതിന് തെളിവാണ്. |
| നിർമ്മാണ പദ്ധതികൾ<br>സമയക്ലിപ്തത തെറ്റിക്കുന്നു. | നിർമ്മാണ സ്വഭാവമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. (പത്രിക 1 കാണുക). ചിലത് അനന്തമായി നീളുന്നു. ചിലത് മുൻകൂറുകളിൽ ഒതുങ്ങി. മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല. |
| പദ്ധതി വിഹിതം:<br>കോടികൾ നിക്ഷേപമായി:<br>പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിച്ചു. | വൈദ്യുതീകരണം, കുടിവെള്ളം/ജലസേചനം, ഭവനനിർമ്മാണം, തൊഴിൽ പദ്ധതികൾ തുടങ്ങിയവ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപമായി തുടരുന്നു. ചില പദ്ധതികളാകട്ടെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മാറിയ സാഹചര്യത്തിൽ പഴയ എസ്റ്റിമേറ്റിൽ ഇവയുടെ പൂർത്തീകരണം അസാധ്യമാണ്. ഫലത്തിൽ കോടികളുടെ പാഴ്ചെലവാണ് ഇവ വരുത്തിയിരിക്കുന്നത്. പൂർത്തിയായ പദ്ധതികൾ അധികവും തുടർപ്രവർത്തനമില്ലാതെ നിശ്ചലാവസ്ഥയിലാണ്. |

| | |
|---|---|
| ഉല്പാദനമേഖലാ പദ്ധതികൾ പാളി | ഉല്പാദനമേഖലാ പദ്ധതികളിൽ വാങ്ങിയ ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം, കറവയന്ത്രം എന്നിവയിൽ അധികവും ഉപയോഗശൂന്യമായി നശിക്കുന്നു. കാർഷികാഭിവൃദ്ധി ലക്ഷ്യമിട്ട് വിത്തും വളവും സൗജന്യമായി നൽകാൻ തയ്യാറാക്കിയ പദ്ധതികൾ ധനസഹായവിതരണമായി പരിമിതപ്പെട്ടു. ഉൽപ്പാദനവർദ്ധനയെന്നത് സാമ്പത്തിക നേട്ടം കൈവരിക്കലായി ചുരുങ്ങി. |
| ജനപങ്കാളിത്തം പരിമിതം: പദ്ധതിധനവിനിയോഗത്തിൽ ക്രമക്കേട് ഗുരുതരം | ജനപങ്കാളിത്തം പരിമിതിപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിൽ അപാകതകൾ പെരുകിയതും മോണിട്ടറിംഗ് സംവിധാനം നിശബ്ദമാക്കപ്പെട്ടതുമാണ് ഭൂരിഭാഗം പദ്ധതികളുടേയും പാളിച്ചകൾക്ക് കാരണം. പദ്ധതി നിർവ്വഹണത്തിൽ മാത്രമല്ല ധനവിനിയോഗത്തിലും ഗുരുതരമായ ക്രമക്കേടുകൾ വ്യാപകമാണ്. വകമാറ്റി ചെലവ് ചെയ്യലും ഏറെയുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുന്നവയാണിത്. |
| | 1(i) മരാമത്ത് പണികൾ |
| മരാമത്ത് പദ്ധതികൾ- ധനദുർവിനിയോഗം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കുറഞ്ഞ ഫലപ്രാപ്തിയും ഏറ്റവും കൂടിയ ധനദുർവിനിയോഗവും കെടുകാര്യസ്ഥതയും സുതാര്യതയില്ലായ്മയും ധൂർത്തും പൊതുമരാമത്ത് പണികളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി തുലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്. |
| എഞ്ചിനീയർമാരുടേയും കരാറുകാരുടേയും രാഷ്ട്രീയക്കാരുടേയും മേധാവിത്വം. | അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരള വികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഭൂരിഭാഗം സ്ഥാപനങ്ങളിലും തീരെയില്ല. ഉദ്യോഗസ്ഥർ - പ്രത്യേകിച്ചും എഞ്ചിനീയർമാർ, കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ ലളിതമലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കുന്നില്ല. സാങ്കേതികതയുടെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി തുടരുന്നു. |

| | |
|---|---|
| മരാമത്ത് പദ്ധതി നിർവ്വഹണം: മോണിട്ടറിംഗ് സമിതി രൂപീകരിച്ചില്ല<br><br>കേരള വികസന പദ്ധതിയിൽ കരാറുകാരുടെ കുത്തക | 1997-1998 മുതൽ 2001-2002 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളെങ്കിലുമുണ്ടായിരുന്നു. പണികൾ അന്ന് അനന്തമായി നീണ്ടതിനാലും ബിനാമി ഇടപാടുകൾ വ്യാപകമായതിനാലും 2002-2003 മുതൽ കേരള വികസന പദ്ധതിയുടെ ഭാഗമായി 25,000 രൂപയ്ക്ക് മുകളിലുള്ള പണികൾ ടെണ്ടർവേലയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാമായിരുന്ന അപകടങ്ങൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടർവേലകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേൻമയും ഉറപ്പാക്കാൻ ഗുണഭോക്തൃ സമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്)20/2002; 6-6-2002) ഉണ്ടായിരുന്നു. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പരസ്പര ധാരണയിലൂടെ നിരക്ക് ക്വാട്ട് ചെയ്ത് മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കുത്തക രൂപപ്പെടുന്നത് തടയാനും സ്ഥാപനങ്ങൾ ശ്രമിച്ചില്ല. |
| സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല. | മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ - ഏറ്റെടുത്തവ, പൂർത്തിയാക്കിയവ, പൂർത്തിയാക്കാൻ ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബില്ല് തീർപ്പാക്കുമ്പോഴാണ് പല പണികളും തുടർ പദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻകൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻകൂർ ക്രമീകരിക്കാതെ തുക നൽകി അധിക ചെലവും വരുത്തുന്നുണ്ട്. |
| മുൻകൂർ: നിയമലംഘനം വ്യാപകം. | മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത പണികളുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻതുകകൾ മുൻകൂർ നൽകുന്നു. കരാറുകാർക്ക് മുൻകൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 നോട്ട് 4,10, 2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| എസ്റ്റിമേറ്റ്: യാഥാർത്ഥ്യബോധമില്ല; വ്യതിചലനം ഏറുന്നു. | മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധിക ചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണിനടത്തുന്നതും അധിക ചെലവിന് ഇടയാക്കുന്നു. |

## പത്രിക-1

പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം (31-3-2005-ലെ സ്ഥിതി) (ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ജില്ല | പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം | | | | | അടങ്കൽ തുക (ആകെ) | ആകെ ചെലവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗര സഭ | ആകെ | | | |
| കൊല്ലം | - | 82 | - | 50 | 132 | 3,58,24,457 | 1,48,49,330 | 2,09,75,127 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 1.1.1(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**59. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് നിരീക്ഷണങ്ങൾ -ത്രിതല പഞ്ചായത്തുകൾ**

ഓഡിറ്റ് ഖണ്ഡിക

ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം

1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1. | 1998-99 മുതൽ 2004-05 | 3-26 | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 92,397 | പൊതു ഞാറ്റടി തയ്യാറാക്കലും ട്രാൻസ് പ്ലാന്റർ എന്ന യന്ത്ര മുപയോഗിച്ച് പറിച്ച് നടീലും എന്ന പദ്ധതിയ്ക്ക് ഉപകരണം വാങ്ങൽ - റെയ്ഡ്കോക്ക് 92,397 രൂപ നൽകി. യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ സ്റ്റോർ റൂമിൽ തുരുമ്പെടുത്തു നശിക്കുന്നു. തുക പാഴായി. ആധുനികവൽക്കരണ ത്തിലൂടെ നെൽകൃഷി ലാഭകരമാക്കുക എന്ന പദ്ധതി സഫലമായില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

60. നെൽകൃഷി ലാഭകരമാക്കാൻ വാങ്ങിയ ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2018 ഒക്ടോബറിൽ ടി ഉപകരണങ്ങൾ മൂല്യനിർണ്ണയം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയിരുന്നുവെന്നും ഉടൻ തന്നെ മൂല്യനിർണ്ണയം നടത്തി ലഭ്യമാക്കുമെന്നും ശേഷം ഉപകരണങ്ങൾ ലേലം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**61. നെൽകൃഷി ലാഭകരമാക്കാൻ വാങ്ങിയ ഉപകരണങ്ങൾ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗം മൂല്യ നിർണ്ണയം നടത്തി ലഭ്യമാക്കുമെന്നും ശേഷം ഉപകരണങ്ങൾ ലേലം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ**

സാമ്പത്തിക ആസൂത്രണത്തിനും, നിയന്ത്രണത്തിനും ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ബജറ്റ്. ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ചശേഷം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കു സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സ്ഥാപനത്തിന്റെ വരും വർഷത്തെ വരവുചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും മാർച്ച് ആദ്യവാരത്തിനു മുമ്പായി പ്രത്യേകം വിളിച്ചുചേർക്കുന്ന യോഗത്തിൽ വച്ച് തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതു മാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരും വർഷത്തെ പ്രതീക്ഷിത വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ജനുവരി 15-നു മുമ്പായി അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുക, ബജറ്റ് മാർച്ച് ആദ്യവാരത്തിനു മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ

പഞ്ചായത്തുകളിൽ യഥാവിധി ചർച്ചചെയ്യപ്പെടുകയോ നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല. ഇത് ബജറ്റ് നിയന്ത്രണങ്ങളുടെ പരാജയത്തിനും കൃത്യതയില്ലായ്മയ്ക്കും വഴിതെളിക്കുന്നു. ഉദാഹരണത്തിന്, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2007-08 വർഷത്തെ ബജറ്റിൽ റവന്യൂ വരവിനത്തിൽ 856.680 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്നെങ്കിലും അതിന്റെ 22% തുകയായ 189.07 ലക്ഷം രൂപ മാത്രമേ വരവായി സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. റവന്യൂ ചെലവിനത്തിൽ 885.10 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 199.229 ലക്ഷം രൂപ മാത്രമേ ചെലവിടാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ പാസ്സാക്കിയ 2007-08 വർഷത്തെ പുതുക്കിയ ബജറ്റും പ്രസ്തുത വർഷത്തെ യഥാർത്ഥ വാർഷിക കണക്കും തമ്മിൽ കോടികളുടെ വ്യത്യാസമാണ് കാണുന്നത്. വരവിനങ്ങളിൽ തൻവർഷത്തെ പുതുക്കിയ ബജറ്റിനെക്കാൾ 35.65 കോടി രൂപയുടെയും ചെലവിനങ്ങളിൽ 40.69 കോടി രൂപയുടെയും കുറവാണ് വന്നിട്ടുള്ളത്. യഥാർത്ഥ കണക്കുകളെ അവലംബിച്ച് തയ്യാറാക്കേണ്ട പുതുക്കിയ ബജറ്റിനേക്കാൾ വരവ്/ചെലവുകൾ കുറയുന്നത് ബജറ്റിംഗ് തത്ത്വങ്ങളിൽ നിന്നുള്ള വ്യതിയാനമാണ് . അതുപോലെ കൊല്ലം ജില്ലയിലെ ഏതാനും പഞ്ചായത്തുകളിലെ അംഗീകരിച്ച ബജറ്റിലെ വരവു ചെലവു തുകകളുടെ വ്യത്യാസം കാണിക്കുന്ന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| 1 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 9,82,90,000 | 9,81,90,000 | 3,47,63,983 | 2,76,73,242 |
| 2 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 9,23,56,000 | 9,22,41,000 | 3,22,46,819 | 3,23,68,208 |
| 3 | ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3,64,73,500 | 3,62,54,500 | 1,86,94,520 | 1,60,84,753 |

മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ രീതിയിലുള്ള ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഒട്ടുമിക്ക ബജറ്റുകളിലും വരവുചെലവുകൾ ഊതിപ്പെരുപ്പിച്ചതും യഥാർത്ഥ തുകകളുമായി വളരെ അന്തരമുള്ളതുമാണ്. ബജറ്റിൽ തുകകൾ വകയിരുത്തുന്നത് യാഥാർത്ഥ്യ ബോധത്തോടെയും രേഖകളുടെ പിൻബലത്തോടെയും ആയിരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ കൃത്യമായാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ബഡ്ജറ്റ് കൃത്യമായി ചെയ്യേണ്ട കാര്യമാണെന്നും അതിൽ വരുന്ന പിഴവ് തിരുത്തി നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകേണ്ടത് ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും ഇത് സംബന്ധിച്ചുണ്ടാകുന്ന ബാധ്യത ഉദ്യോഗസ്ഥരിലായിരിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശിപാർശകൾ**

**63. നിലവിൽ ബഡ്ജറ്റിൽ കൃത്യമായാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന്, ബഡ്ജറ്റ് കൃത്യമായി ചെയ്യേണ്ട കാര്യമാണെന്നും അതിൽ വരുന്ന പിഴവ് തിരുത്തി നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകേണ്ടത് ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും ബജറ്റ് സംബന്ധിച്ചുണ്ടാകുന്ന ബാധ്യത ഉദ്യോഗസ്ഥരിലായിരിക്കുമെന്നും സമിതി ഓർമ്മിപ്പിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി/വർഗ്ഗ പദ്ധതികളുടെ അവലോകനം**

പട്ടകജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജ സങ്കേതങ്ങൾ, കുടിവെള്ള-കക്കൂസ് സൗകര്യങ്ങൾക്ക് മുൻഗണന, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ഭക്ഷണ വിതരണം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങളിൽ വിഭാവനം ചെയ്ത പൊതുലക്ഷ്യത്തിനും യുക്തിക്കും നിരക്കാത്ത രീതിയിൽ സബ്സിഡി നൽകുകയെന്ന പരിഗണന മാത്രം വച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചില അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം, പഠനം എന്നിവയ്ക്കും പ്രൊഫഷണൽ കോളേജുകളിലെ കോഴ്സിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗിനും പഠനത്തിനും ധനസഹായം നൽകുന്നതിനായി

പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പഠനോപകരണങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസ ഉന്നമനത്തിന് നൽകേണ്ട തുക പലപ്പോഴും ഏതെങ്കിലും ഒരു ആസ്തിവിതരണം മാത്രമായി പരിമിതപ്പെടുത്തി ചെലവഴിച്ചുതീർക്കുന്ന പ്രവണത നിലനിൽക്കുന്നു. വിദ്യാഭ്യാസ പദ്ധതിക്കുള്ള തുക 'ഫർണിച്ചർ നൽകൽ' മാത്രമായി തീർന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തദ്ദേശസ്വയംഭരണ സ്ഥാപനം | വർഷം /ഖണ്ഡിക | തുക | കാരണം |
|---|---|---|---|---|
| വിദ്യാഭ്യാസം | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 2014-15 ഖ. 3.1 | 24,28,000 | ഫർണിച്ചർ വിതരണത്തിൽ ജി.ഒ(എം. എസ്.)4/2016/ തസ്വഭവ/11.01.16 |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നതിന് തെളിവാണ് മേൽ പരാമർശം. ഈ വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ നിർബന്ധിത വകയിരുത്തലും ധനവിനിയോഗവും പൂർണ്ണമായും ഉറപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുമ്പോൾ നിർദ്ദിഷ്ട വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള നടപടികൾ കൂടി ഉണ്ടാകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-2017-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 7 എ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്ന പ്രോജക്ടാണിതെന്നും അടങ്കൽ തുകയായ 25,92,000 രൂപയിൽ 24,28,000 രൂപ സർക്കാർ മാനദണ്ഡത്തിന് വിപരീതമായി പ്രവർത്തിച്ചു എന്ന കാരണത്താൽ തടസ്സപ്പെടുത്തിയിരിക്കുകയാണെന്നും 648 വിദ്യാർത്ഥികൾക്ക്

ഫർണിച്ചർ വാങ്ങി നൽകുന്ന പ്രോജക്ടാണിതെന്നും ജി.ഒ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 607 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ടെന്നും നടപടിക്രമങ്ങളിലെ അപാകതകളാണ് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചതെന്നും സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം സ്കൂളിൽനിന്നും വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂൾ അതോറിറ്റി അംഗീകരിച്ച ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചശേഷം മാത്രമേ നൽകാവൂ എന്നതാണെന്നും എന്നാൽ വൈകി ആരംഭിച്ച പ്രോജക്ടായതിനാൽ 3-2-2015-ലെ ബ്ലോക്ക് പഞ്ചായത്ത് യോഗതീരുമാനപ്രകാരം പത്രപരസ്യം നൽകിയാണ് അപേക്ഷ ക്ഷണിച്ചതെന്നും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായാണോ പ്രസ്തുത പദ്ധതിയെന്നും സ്ഥാപനത്തിന്റെ സാക്ഷ്യപത്രമുണ്ടോയെന്നും ഫർണിച്ചർ വാങ്ങി നൽകിയതിന്റെ തെളിവിനെക്കുറിച്ചും സമിതി ആരാഞ്ഞതിന്, സ്കൂളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തന്നെയാണ് ഫർണിച്ചർ നൽകിയതെന്നും സ്കൂളിൽനിന്നും ലിസ്റ്റ് വാങ്ങിയാൽ അവിടെ വ്യത്യസ്ത ബ്ലോക്കുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടാകാമെന്ന കാരണത്താലാണ് നേരിട്ട് പത്രപരസ്യം നൽകിയതെന്നും വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഫർണിച്ചർ നൽകിയതെന്നും ആയതിന്റെ ബില്ല് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ഫർണിച്ചർ വാങ്ങി നൽകിയില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു. നിലവിൽ ഡ്യൂപ്ലിക്കേറ്റ് ബില്ലുണ്ടാക്കാൻ പ്രയാസമില്ലെന്നും ആവശ്യമെങ്കിൽ റാൻഡം അന്വേഷണം നടത്താൻ സാധിക്കുമെന്നും ചൂണ്ടിക്കാട്ടിയ സമിതി സർക്കാർ മറുപടി അംഗീകരിച്ചു.

65. 2010-ലെ റിമിറ്റിഗേഷന്റെ ഭാഗമായി അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫൈനൽ തുകയായ 1,50,000 രൂപ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും മാർക്കറ്റിംഗ് ആന്റ് സെയിൽസ് സഹകരണ സംഘത്തിന് നൽകിയ തുകയാണിതെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ ടി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

66. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**67. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്ന പ്രോജക്ട് വൈകി ആരംഭിച്ചതിനാൽ പഞ്ചായത്ത് യോഗതീരുമാനപ്രകാരം പത്രപരസ്യം നൽകിയാണ് അപേക്ഷ ക്ഷണിച്ചതെന്നും വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഫർണിച്ചർ നൽകിയതെന്നും ആയതിന്റെ ബില്ല് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി. ആയതിന് ഡ്യൂപ്ലിക്കേറ്റ് ബില്ല് തയ്യാറാക്കാൻ പ്രയാസമില്ലെന്നും ആവശ്യമെങ്കിൽ സമിതിക്ക് വീണ്ടും അന്വേഷണം നടത്താൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ നൽകിയ വിശദീകരണം സമിതി അംഗീകരിച്ചു.**

**68. അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫൈനൽ തുക ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ പരിശീലന പദ്ധതികൾ ലക്ഷ്യം കണ്ടില്ല**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2 (34), ബി.സി.ഡി.ഇ.)

നഗരസഭയുടെ തൊഴിൽ പരിശീലന പദ്ധതികൾ ലക്ഷ്യം കണ്ടില്ല.

തൊഴിൽരഹിതവനിതകൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം നൽകുന്നതിന് വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി, അംഗീകൃത സർക്കാർ സ്ഥാപനം മുഖേന നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ ഏജൻസിക്ക് നൽകിയ 3,00,000 രൂപ അഞ്ച് മാസങ്ങൾക്ക് ശേഷം സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി കാണുന്നു. പദ്ധതിപ്പണത്തിന് 12% നിരക്കിൽ 5 മാസത്തെ പലിശ 14,104 രൂപ ഈടാക്കി പ്ലാൻഫണ്ടിൽ അടവ് വരുത്തേണ്ടതാണ്.

2002-2003-ൽ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ ടെലിഫോൺ, സെൽഫോൺ റിപ്പയറിംഗ് പരിശീലനം തുടങ്ങിയ വനിതാപദ്ധതികൾക്ക് കരാർ വെയ്ക്കുന്നതിന് മുൻപ് 50% തുക സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നൽകി. പദ്ധതിയുടെ നിർവ്വഹണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് 12,99,500 രൂപ തടസ്സപ്പെടുത്തുന്നു. വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതിപ്പണം വളരെ മുൻപ് മുൻകൂറായി നൽകുക, ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാൻ കാലതാമസം വരുത്തുക, ആവശ്യമായ രേഖകൾ ഹാജരാക്കാതിരിക്കുക എന്നീ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡികകൾ 3.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. പ്രസ്തുത പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, തൊഴിൽരഹിത വനിതകൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം നൽകുന്നതിന് വ്യവസായ വികസന ഓഫീസർ മുഖേന നടപ്പിലാക്കിയ പദ്ധതിയാണിതെന്നും പ്രസ്തുത പദ്ധതി സർക്കാർ അംഗീകൃത സ്ഥാപനം മുഖേന നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ ഏജൻസിക്ക് നൽകിയ 3,00,000 രൂപ അഞ്ച് മാസങ്ങൾക്കുശേഷം സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും പദ്ധതി പണത്തിന് 12% നിരക്കിൽ 5 മാസത്തെ പലിശയായ 14,104 രൂപ പ്ലാൻ ഫണ്ടിൽ അടവു വരുത്തേണ്ടതുണ്ടെന്നും പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കാത്തതിനാൽ 12,99,500 രൂപ തടസ്സപ്പെടുത്തുകയും 25-3-2003-ൽ വ്യവസായ വികസന വകുപ്പ് ഓഫീസറായിരുന്ന ശ്രീ.രാജൻപിള്ളയോട് പലിശത്തുകയായ 14,104 രൂപ അടയ്ക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 6000 രൂപ അടവാക്കിയിട്ടുണ്ടെന്നും ബാക്കി തുകയ്ക്കായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 12,99,500 രൂപയുടെ നിർവ്വഹണ രേഖകൾ 1-4-2009-ൽ ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും നിലവിലും വനിതകൾക്ക് പരിശീലനം നൽകുന്നുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**70. തൊഴിൽരഹിത വനിതകൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം നൽകുന്ന പദ്ധതിയ്ക്കായി നൽകിയ തുകയുടെ പലിശത്തുകയായ 14,104 രൂപയിൽ 6000 രൂപ അടവാക്കിയിട്ടുണ്ടെന്നും ബാക്കി തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ**

**ആരംഭിച്ചിട്ടുണ്ടെന്നും 12,99,500 രൂപയുടെ നിർവ്വഹണ രേഖകൾ ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം കോർപ്പറേഷൻ**

മുൻകൂർ നൽകിയ 2,21,773 രൂപ ക്രമീകരിച്ചിട്ടില്ല.

[ചെലവ് ഓഡിറ്റ് റിപ്പോർട്ട്: 2003-04 ഖണ്ഡിക നമ്പർ 2 (23):]

2003-04 വർഷത്തിൽ കൊല്ലം നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കായുള്ള മരാമത്ത് ചെലവുകൾക്കായി ജീവനക്കാർക്ക് 2003-04-ൽ മുൻകൂർ നൽകിയ 2,21,773 രൂപ നിയമാനുസൃതമായി സമയപരിധിക്കുള്ളിൽ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ടി തുകയിൽ 1,01,655 രൂപ ടി രജിസ്റ്ററിൽ ചേർക്കാതെയാണ് നൽകിയിട്ടുള്ളതെന്ന് വൗച്ചറുകളും അഡ്വാൻസ് രജിസ്റ്ററും തമ്മിൽ ഒത്തു നോക്കിയതിൽ വ്യക്തമായിട്ടുണ്ട്. കൂടാതെ 20-4-1998 മുതൽ നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾപോലും ഇപ്പോഴും ക്രമീകരിച്ചിട്ടില്ല എന്നും, മുൻവർഷങ്ങളിൽ വസൂലാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ കൂട്ടിയെഴുതി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും കാണുന്നു.

മുൻകൂറായി വാങ്ങിയ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഇവ ക്രമീകരിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അഡ്വാൻസായി വാങ്ങിയ തുകയിൽ ചെലവഴിക്കാൻ ബാക്കിയുണ്ടെങ്കിൽ 12% പലിശ സഹിതം കണക്കാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.1).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. 2003-04 കാലയളവിൽ കൊല്ലം നഗരസഭയിലെ വിവിധ മരാമത്ത് ചെലവുകൾക്കായി ജീവനക്കാർക്ക് മുൻകൂർ നൽകിയ 2,21,773 രൂപ നിയമാനുസൃതമായി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി ക്രമീകരിച്ചിട്ടില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും മുൻകൂർ എടുത്തിട്ടുള്ള പലരും വിരമിച്ചുപോയിട്ടുണ്ടെന്നും ടി വ്യക്തികളുടെ ഡി.സി.ആർ.ജി.യിൽ നിന്നും തുക കുറവ് ചെയ്തിട്ടുണ്ടെന്നും ആയത് അഡ്വാൻസ്

രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും പലിശ ഉൾപ്പെടെയാണ് നൽകിയതെന്നും പ്രസ്തുത ഫയൽ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുകയും അധിക പലിശയും ഈടാക്കാനാണോ തീരുമാനമെന്ന് ആരാഞ്ഞതിന് അങ്ങനെയാണെന്നും ബാക്കി തുകയ്ക്ക് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും റിട്ടയർ ചെയ്തവരിൽനിന്നും ഈടാക്കാനുള്ള പലിശ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുകയും പലിശയും നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**72. നഗരസഭയിലെ വിവിധ മരാമത്ത് ചെലവുകൾക്കായി ജീവനക്കാർക്ക് തുക മുൻകൂർ നൽകിയതുസംബന്ധിച്ച തുകയും അധിക പലിശയും ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ബാക്കി തുകയ്ക്ക് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും റിട്ടയർ ചെയ്തവരിൽ നിന്നും ഈടാക്കാനുള്ള പലിശ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്നും നഗരസഭാ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന് മുൻകൂർ തുകയും പലിശയും നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അനധികൃതമായി മൊബൈൽ ഫോൺ വാങ്ങാൻ ചെലവഴിച്ച 30,600 രൂപയുടെ ചെലവ് നിരാകരിക്കുന്നു**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(38):]

സർക്കാർ ഉത്തരവ് നം. 51445/ഡി1/03/ത.സ്വ.ഭ.വ.തീ. 24-1-2004 പ്രകാരമുള്ള നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് 30,600 രൂപ ചെലവഴിച്ച് കൊല്ലം കോർപ്പറേഷൻ 4 മൊബൈൽ ഫോണുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതായി കാണുന്നു. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. നം. ജി1/40520/00 ഫയലിൽ ഇവ സെക്രട്ടറി, മേയർ, ഡെപ്യൂട്ടി മേയർ എന്നിവർക്ക് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾ മറികടന്നുകൊണ്ട് അനധികൃതമായി മൊബൈൽ ഫോണിനായി ചെലവഴിച്ച 30,600 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.2).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. ആർക്കൊക്കെ വേണ്ടിയാണ് മൊബൈൽ ഫോണുകൾ വാങ്ങിയതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത കാലയളവിലെ നഗരസഭ സെക്രട്ടറി, മേയർ, ഡെപ്യൂട്ടി മേയർ എന്നിവർക്ക് വേണ്ടിയാണെന്നും 2014-നുശേഷമാണ് സെക്രട്ടറിക്കും മേയർക്കും ടെലിഫോൺ ചാർജ്ജ് യഥാക്രമം 750, 1500 രൂപ വീതം നൽകാനുള്ള ഓർഡർ വന്നതെന്നും 2010-ൽ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ഫോൺ വാങ്ങിയതെന്നും പ്രസ്തുത വിഷയം റാറ്റിഫൈ ചെയ്യുവാൻവേണ്ടി ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും സ്ഥാനമൊഴിഞ്ഞവർ ഫോൺ തിരികെ നൽകിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**74. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോർപ്പറേഷൻ സെക്രട്ടറി സമിതിയ്ക്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അംഗീകൃത പ്രോജക്ടിന് വിരുദ്ധമായി ജെ. സി. ബി. വാങ്ങൽ- ചെലവ് തടസ്സം-17,60,555 രൂപ**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(49)]

കൊല്ലം കോർപ്പറേഷനിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 2 മിനി ജെ.സി.ബി. വാങ്ങാൻ 2003-04 വർഷത്തിലെ എസ്/245/2002-03-ാം നമ്പർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 8,50,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിനു പകരം 17,60,555 രൂപ ചെലവഴിച്ച് ഒരു എസ്കോർട്സ് ജെ.സി.ബി 3 ഡി എസ്കവേറ്റർ വാങ്ങുകയാണുണ്ടായത്. എന്നാൽ പ്രോജക്ടിന് വിരുദ്ധമായി ചെലവഴിച്ചതിന് റിവൈസ്ഡ് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിന് മുമ്പായി സർക്കാരിൽ നിന്നും അനുമതി വാങ്ങി പത്രപ്പരസ്യം നൽകി ക്വട്ടേഷൻ മുഖേന മാത്രമേ വാങ്ങാൻ

പാട്ടുള്ളൂ എന്ന മാനദണ്ഡം പോലും ലംഘിച്ച്, കമ്പനി അംഗീകൃത ഏജൻസി ആണെന്ന് ഉറപ്പുപോലും വരുത്താതെ ഇൻഡ്യാ ടെക് ലിമിറ്റഡ്, പള്ളിക്കൽ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും ടി ജെ.സി.ബി. വാങ്ങിയിട്ടുള്ളത് അംഗീകരിക്കത്തക്കതല്ല.

കൗൺസിൽ തീരുമാനപ്രകാരം 2 വീതം ടിപ്പർ ലോറിയും ജിപ്പും ഒരു ചെറിയ ജെ.സി.ബി.യും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങാൻ തീരുമാനമെടുത്ത് ക്വട്ടേഷൻ ക്ഷണിച്ചതിന് മേൽ ലഭിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉൾപ്പെടെയുള്ള ക്വട്ടേഷനുകൾ പരിഗണിക്കാതെ തീരുമാനം മാറ്റി ജെ.സി.ബി 3ഡി എസ്കവേറ്റർ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല.

നിലവിൽ ഒരു ജെ.സി.ബി ഉണ്ടായിരിക്കേ വീണ്ടും അതേ വലിപ്പമുള്ള മറ്റൊരെണ്ണം കൂടി വാങ്ങാനുണ്ടായ കാരണവും അതിന്റെ ഉപയോഗവും വ്യക്തമല്ല.

അംഗീകൃത പ്രോജക്ടിലെ ധനകാര്യ വിശകലനത്തിന് വിരുദ്ധമായ ചെറിയ 2 ജെ.സി.ബി 8,50,000 രൂപ മാത്രം ചെലവഴിച്ച് വാങ്ങുന്നതിന് പകരം 17,60,555 രൂപ ചെലവഴിച്ച് മതിയായ കാരണവും അംഗീകാരവുമില്ലാതെ ഒരു വലിയ ജെ.സി.ബി മാത്രം വാങ്ങിയത് പ്ലാൻ ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗം തടസ്സത്തിൽ വച്ച് കൂടുതൽ അന്വേഷണത്തിനായി ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.3).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 2 ടിപ്പർ ലോറികൾ, ഒരു ചെറിയ ജെ.സി.ബി., ജീപ്പ് എന്നിവ പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങാനായിരുന്നു പദ്ധതിയെങ്കിലും 17,60,555 രൂപ ചെലവഴിച്ച് ഒരു എസ്കോർട്ട്സ് ജെ.സി.ബി 3 ഡി എസ്കവേറ്റർ വാങ്ങി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ ആദ്യ പ്ലാൻ ഫണ്ടുപയോഗിച്ച് മേൽ സൂചിപ്പിച്ച വാഹനങ്ങൾ വാങ്ങാൻ തീരുമാനിക്കുമ്പോൾ തന്നെ എസ്കവേറ്റർ വാങ്ങുന്നതിന് ഗവൺമെന്റ് ഓർഡർ ഉണ്ടായിരുന്നെന്നും പ്രസ്തുത എസ്കവേറ്റർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുമ്പോഴും ഗവൺമെന്റ് ഓർഡറിന്റെ പകർപ്പ് നൽകണമായിരുന്നെന്നും അതിനാൽ കൗൺസിൽ തീരുമാനിച്ചാണ് എസ്കവേറ്റർ വാങ്ങിയതെന്നും നഗരസഭയിൽ വേറെ ജെ.സി.ബി. ഇല്ലായിരുന്നുവെന്നും 2006 മുതൽ 2017 വരെ ഉപയോഗിച്ചിരുന്ന എസ്കവേറ്റർ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ

നിർദ്ദേശാനുസരണം 2,59,600 രൂപയ്ക്ക് ലേലം ചെയ്യുകയായിരുന്നുവെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. എസ്കവേറ്റർ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്നും പ്രസ്തുത ജെ.സി.ബി. വാങ്ങുന്നതിനുള്ള ഉത്തരവായിരുന്നോ എന്നും സമിതി ആരാഞ്ഞതിന് 3-6-2006-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്കവേറ്റർ വാങ്ങുന്നതിന് കൊല്ലം നഗരസഭയ്ക്ക് അനുമതി നൽകിയിരുന്നുവെന്നും മൂന്ന് വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയായിരുന്നെങ്കിലും അക്കാലയളവിൽ ഒരു വാഹനമുണ്ടായിരുന്നത് കൊണ്ട് ജെ.സി.ബി. 3 ഡി എസ്കവേറ്റർ വാങ്ങിയതാണെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. എസ്കവേറ്റർ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവും പ്രസ്തുത പദ്ധതി ഇംപ്ലിമെന്റ് ചെയ്തത് സംബന്ധിച്ചും വാഹനം വാങ്ങിയ തീരുമാനം അടങ്ങിയ വിശദവിവരവും ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**76. എസ്കവേറ്റർ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ്, പദ്ധതി ഇംപ്ലിമെന്റേഷൻ, വാഹനം വാങ്ങാനെടുത്ത തീരുമാനം എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൃക്ഷമിത്ര പദ്ധതി - പ്രോജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000 രൂപ അംഗീകരിക്കുന്നില്ല**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നം. 2(49)(എഫ്)]

കൊല്ലം കോർപ്പറേഷന്റെ 50 ഡിവിഷനുകളിലായി ഒരു വർഷം 10000 വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുക, വൃക്ഷത്തൈകൾ ലഭ്യമാക്കുവാൻ കോർപ്പറേഷൻ തലത്തിൽ സ്ഥിരം സംവിധാനം സാദ്ധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് 2002-03-ലെ എസ്.105/02-03-ാം നമ്പർ വൃക്ഷമിത്ര പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പേരൂർ ശ്രീരാമരാമ സ്മാരക ട്രസ്റ്റ് വാളത്തുംഗൽ എന്ന ഒരു കുടുംബ ട്രസ്റ്റിന്റെ പേർക്ക് 1,00,000 രൂപ മുൻകൂറായി നൽകിയതായി കാണുന്നു. കുടുംബത്തിലെ അംഗങ്ങൾ മാത്രം ഉൾപ്പെട്ട ഒരു ട്രസ്റ്റിന് പദ്ധതി നിർവ്വഹണവുമായി പ്ലാൻ ഫണ്ട് അനുവദിച്ചുനൽകിയത് അംഗീകരിക്കാനാവില്ല. കോർപ്പറേഷൻ പ്രദേശത്ത് തന്നെ ഔഷധ/ഫലവൃക്ഷ തോട്ടം നിലവിലുള്ള രജിസ്റ്റേർഡ് സംഘടനകൾ മുഖാന്തരം മാതൃകാത്തോട്ടം സ്ഥാപിക്കാനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ടി ട്രസ്റ്റിന് നേരത്തേ

ഔഷധത്തോട്ടമോ ഫലവൃക്ഷത്തോട്ടമോ ഉള്ളതായിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ടിന്റെ പരമമായ ലക്ഷ്യം കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട റെസിഡന്റ്സ് അസോസിയേഷനുകൾക്ക് വൃക്ഷത്തൈകൾ നൽകുകയും ആയത് നട്ടുപിടിപ്പിക്കുകയുമാണ്. ഇവ നിറവേറ്റാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഇനത്തിൽ നൽകിയ 1,00,000 രൂപ ബന്ധപ്പെട്ട സംഘടനയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ പേരൂർ ശ്രീരാമരാമ സ്മാരക ട്രസ്റ്റ്, വാളത്തുംഗൽ എന്ന കുടുംബ ട്രസ്റ്റിന് ഒരു ലക്ഷം രൂപ മുൻകൂർ നൽകിയെന്നും ടി ട്രസ്റ്റ് പ്രോജക്ട് നിർദ്ദേശപ്രകാരം പുതിയ തൈകൾ നടുകയും നിലവിലുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുകയും വഴിച്ചാലുകൾ നിർമ്മിക്കുകയും ചെയ്തുവെന്നും ആശ്രമ മൈതാനത്താണ് തൈകൾ നട്ടതെന്നും ടി തൈകൾ വലിയ മരങ്ങളായി നിൽക്കുന്നുവെന്നും കൗൺസിലർ സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി പറഞ്ഞു. പ്രസ്തുത ട്രസ്റ്റ് നിലവിലുള്ളതാണോയെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**78. ട്രസ്റ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവിധ പദ്ധതികളിലെ അപാകതകൾ - 49,82,100 രൂപയുടെ വിനിയോഗം തടസ്സപ്പെടുന്നു.**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(50)(സി)(ഡി)]

കൊല്ലം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.097/02-03 നമ്പർ സ്പിൽ ഓവർ പദ്ധതി പ്രകാരം കോർപ്പേറഷൻ പരിധിയിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 8-ാം ക്ലാസ് പാസ്സായ തൊഴിൽ രഹിതരും

18-45 നും മദ്ധ്യേ പ്രായമുള്ള 50 വനിതകൾക്ക് 4 മാസം ദൈർഘ്യമുള്ള ഫാഷൻ ടെക്നോളജി പരിശീലന കോഴ്സ് ഗവ. അംഗീകൃത സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നു.

ഇത് സംബന്ധിച്ച് ആദ്യം 2 ലക്ഷം രൂപ എറണാകുളത്തുള്ള ഒരു സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നെങ്കിലും പിന്നീട് അത് തിരികെ വാങ്ങി. 10,000 രൂപ ഗുണഭോക്തൃ വിഹിതമുൾപ്പെടെ 4 ലക്ഷം രൂപ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. ഈ പ്രോജക്ട് നടപ്പാക്കിയതിൽ ഗുരുതരമായ ഒട്ടനവധി ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

അംഗീകൃത പ്രോജക്ടിനുവിരുദ്ധമായി 50 പേർക്ക് പകരം 100 പേർക്ക് പരിശീലനം നടത്തിയതായി കാണിച്ചിരിക്കുന്നു. ഇതിന് പദ്ധതി തുകയിൽ മാറ്റം വരുത്തി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നില്ല. കൂടാതെ ഗുണഭോക്താക്കളായ പരിശീലനാർത്ഥികൾക്ക് പ്രോജക്ട് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള യോഗ്യതകൾ ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, പരിശീലന ഏജൻസിയെ നിശ്ചയിച്ചത് സംബന്ധിച്ച രേഖകൾ, പരിശീലനം നൽകിയതിന്റെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിന്റെയും രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി ലക്ഷ്യത്തോട് നിരുത്തരവാദപരമായ സമീപനമാണ് കാട്ടിയത് എന്നു കാണുന്നു. ഇത് കൂടാതെ 45,82,100 രൂപ ചെലവഴിച്ച് ടിയാൻ നടപ്പിലാക്കിയ മറ്റ് 12 പ്രോജക്ടുകളുടെ നടത്തിപ്പിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

(സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കോർപ്പറേഷൻ പരിധിയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 8-ാം ക്ലാസ്സ് പാസ്സായ തൊഴിൽരഹിതരായ 18-45 നും മദ്ധ്യേ പ്രായമുള്ള 50 വനിതകൾക്ക് ഫാഷൻ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ 100 പേർക്ക് പരിശീലനം നൽകിയെന്നും ആയതിന് ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയില്ല എന്നുള്ളതുമാണ് ഓഡിറ്റ് പരാമർശമെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ടി പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും പ്രസ്തുത

കാലയളവിലെ വ്യവസായ വികസന ഓഫീസർ നിലവിൽ സർവ്വീസിലുണ്ടോയെന്ന് ആരാഞ്ഞതിന് ടിയാൻ സർവ്വീസിൽനിന്നും വിരമിച്ചുവെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഫീസർ വിരമിച്ചുവെന്നത് ഒരു ന്യായീകരണമല്ലെന്നും ടി പദ്ധതി നടപ്പിലാക്കിയതിന്റെ മുഴുവൻ രേഖകളും ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**80. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ മുഴുവൻ രേഖകളും ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വികലാംഗർക്ക് സഹായ ഉപകരണ വിതരണം-നിർവ്വഹണത്തിലെ അപാകതകൾ - 12,06,385 രൂപ തടസ്സപ്പെടുത്തുന്നു.**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 52(ബി)]

പുനലൂർ സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 356/02-03 130/03-04 എന്നിവ പ്രകാരം വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ട് പ്രകാരം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ലിസ്റ്റ് തയ്യാറാക്കി ആവശ്യാനുസരണമുള്ള സഹായ ഉപകരണങ്ങൾ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നു. എന്നാൽ ഓരോ ഇനത്തിലും പരമാവധി എത്ര പേർക്ക് സഹായം നൽകണമെന്നോ മൊത്തം ചെലവ് എത്രയെന്നോ പ്രോജക്ടിൽ കണക്കാക്കിയിട്ടില്ല. കൂടാതെ ഡി.പി.സി. അംഗീകാരം നൽകിയപ്പോൾ ബി.പി.എൽ. വിഭാഗത്തിന് മാത്രമായി ഉപകരണവിതരണം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇവ പാലിച്ചിട്ടില്ല. പ്രോജക്ട് വിഭാവന പ്രകാരം 3400 രൂപ നിരക്കിലുള്ള ട്രൈസൈക്കിൾ വാങ്ങി വിതരണം ചെയ്യേണ്ടതിനു പകരം 25,000 രൂപ നിരക്കിലുള്ള സൈഡ് വീൽ അറ്റാച്ച്മെന്റുള്ള സ്കൂട്ടറുകൾ വാങ്ങി 40 പേർക്കായി വിതരണം ചെയ്തത് അംഗീകരിക്കത്തക്കതല്ല. ടി സ്കൂട്ടർ ഉൾപ്പെടെ 12 സഹായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങിയത് പ്രകാരം 12,06,385 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന് വിരുദ്ധമായും വ്യക്തമായ കാഴ്ചപ്പാടില്ലാതെയും പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെയും ചെലവഴിച്ച 12,06,385 രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്റ്റായിരുന്നെന്നും ടി പ്രോജക്റ്റ് പ്രകാരം 3400 രൂപ നിരക്കിലുള്ള ട്രൈസൈക്കിൾ വാങ്ങി വിതരണം ചെയ്യുന്നതിന് പകരം 25,000 രൂപ നിരക്കിലുള്ള സൈഡ് വീൽ അറ്റാച്ചുമെന്റുള്ള സ്കൂട്ടർ വാങ്ങി 40 പേർക്ക് വിതരണം ചെയ്തുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും സ്കൂട്ടർ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ രേഖയുണ്ടെന്നും നടപടിക്രമങ്ങൾ എല്ലാം ശരിയായിട്ടാണ് ചെയ്തതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. നഗരസഭയിൽ 10 വർഷം പഴക്കമുള്ള ഫയൽ പോലും കാണുന്നില്ലെന്നുള്ളത് കുറ്റപ്പെടുത്തിയ സമിതി ഫയലുകളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുകയല്ലേയെന്ന് ആരാഞ്ഞതിന് പദ്ധതികൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെന്നും എന്നാൽ ഫയലുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ലെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ ഉണ്ടെന്ന് ഉറപ്പാക്കണമെന്നും ഗുണഭോക്താക്കളുടെയും പദ്ധതി നടപ്പിലാക്കിയതിന്റെയും വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**82. നഗരസഭയിൽ 10 വർഷം പഴക്കമുള്ള ഫയൽ പോലും ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ ഉണ്ടെന്ന് ഉറപ്പാക്കണമെന്നും ഗുണഭോക്താക്കളുടെയും പദ്ധതി നടപ്പിലാക്കിയതിന്റെയും വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ പ്രോജക്റ്റ് - 53,87,561 രൂപ വിനിയോഗിച്ചിട്ടില്ല.**

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(64)]

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് 2002-03 മുതൽ 2004-05 സാമ്പത്തിക വർഷങ്ങളിലായി 53,87,561 രൂപ പദ്ധതി വിഹിതത്തിൽ നിന്നും കൊടുത്തിരുന്നു. പദ്ധതി തുകകൾ അതത് വർഷം ചെലവഴിക്കാതെ കുടുംബശ്രീ യൂണിറ്റുകൾക്ക് നേരിട്ട് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ നിക്ഷേപിക്കാനായി തുറന്നിട്ടുള്ള എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു കാണുന്നു. സാമ്പത്തിക വർഷാവസാനത്തിൽ ചെലവഴിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശം

നിൽക്കുന്ന പ്ലാൻ ഫണ്ട് തുകകൾ സെക്രട്ടറിയുടെ പ്ലാൻ പി.ഡി.യിലേക്ക് ഒടുക്കുവരുത്താതെ ടി അക്കൗണ്ടിൽ തന്നെ ഇപ്പോഴും സൂക്ഷിച്ചിട്ടുള്ളത് ചട്ടവിരുദ്ധമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കുടുംബശ്രീ യൂണിറ്റുകളിലെ അയൽക്കൂട്ടങ്ങൾ പ്രവർത്തനമാരംഭിച്ച് ആറ് മാസമാകുമ്പോൾ 10,000 രൂപ സമ്പാദ്യമുള്ളവയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ടാണിതെന്നും 2002-03 വർഷത്തിൽ 19,28,000 രൂപയും 2003-04-ൽ 21,21,000 രൂപയുമുൾപ്പെടെ 53,87,561 രൂപ 538 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും നൽകുകയുണ്ടായെന്നും തുക എ.ഡി.എസ്.-ന്റെ അക്കൗണ്ട് വഴിയാണ് നൽകിയതെന്നും 2003 മുതൽ 2007 വരെ പ്രസ്തുത തുക ചെലവഴിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. 12,17,561 രൂപ സമയബന്ധിതമായി ചെലവഴിച്ചിട്ടില്ലെന്ന് കാണുന്നതായി നിരീക്ഷിച്ച സമിതി പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞതിന് 2003 മുതൽ 2007 വരെ 53,87,561 രൂപ ചെലവഴിച്ചുവെന്നും റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിന്റെ രേഖകൾ എ.ഡി.എസ്.ന്റെ പാസ് ബുക്കിലുണ്ടാകുമെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

**84. കുടുംബശ്രീ യൂണിറ്റിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിൽ നിന്നും അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.**

**85. റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം നഗരസഭ പട്ടികജാതി പദ്ധതികൾക്ക് വകയിരുത്തിയ 2,88,11,397 രൂപ വകമാറ്റി ചെലവഴിച്ചത്**

[ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക നമ്പർ 3-37]

കൊല്ലം നഗരസഭ 2007-08 വർഷം പട്ടികജാതി വികസനത്തിനായി ആവിഷ്ക്കരിച്ച് അംഗീകാരം നേടിയ 25 പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തിയ 2,88,11,397 രൂപ മറ്റ് ആറ് പദ്ധതികൾക്കുവേണ്ടി വകമാറ്റുകയും ഈ തുകയിൽ നിന്ന് 2,86,46,397 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിലും ജില്ലാ കളക്ടറുടെ അക്കൗണ്ടിലും നിക്ഷേപിക്കുകയും ചെയ്തെങ്കിലും ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

പട്ടികജാതി വികസനത്തിനായി അംഗീകാരം നേടിയ 13 പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ 1,42,67,772 രൂപ വകമാറ്റുകയും ടി തുക പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തെങ്കിലും വാട്ടർ അതോറിറ്റി നാളിതുവരെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം പോലും നടത്തിയിട്ടില്ല. മേൽ പറഞ്ഞതുകൂടാതെ 12 പട്ടികജാതി വികസന പദ്ധതികളിൽ നിന്നായി 1,45,43,625 രൂപ വകമാറ്റുകയും അതിൽനിന്ന് 1,43,78,625 രൂപ നാല് പുതിയ പദ്ധതികൾക്കായി വകയിരുത്തുകയും ചെയ്തു. ആയതിൽ നിന്നും 1,10,00,000 രൂപ ജില്ലാകളക്ടർക്കും 33,78,625 രൂപ വാട്ടർ അതോറിറ്റിക്കും നൽകിയെങ്കിലും ടി തുകകളൊന്നുംതന്നെ ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

പ്രത്യേക ഘടകപദ്ധതിക്കായി വകയിരുത്തുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ലംഘനമാണ്. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കുന്ന പദ്ധതിവിഹിതം വകമാറ്റുന്നതും ചെലവഴിക്കാതിരിക്കുന്നതും നഗരസഭയിൽ അർപ്പിതമായ പ്രാഥമിക ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള വീഴ്ചയായി കാണുന്നു. മേൽ പ്രകാരമുള്ള 2,86,46,397 രൂപ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾപോലും സ്വീകരിക്കാതെ ധൃതി പിടിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ പിൻവലിച്ചത് പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവ് പെരുപ്പിച്ച് കാണുന്നതിനുള്ള നടപടിയായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ പ്രാരംഭ പ്രവർത്തനം പോലും ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമാകുന്ന ഈ സാഹചര്യത്തിൽ 2,86,46,397 രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതെന്തെന്ന് സമിതി ആരാഞ്ഞതിന്, പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ചെലവഴിച്ച 1,76,41,397 രൂപയുടെ

ഡീറ്റെയിൽസ് സമർപ്പിച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി രണ്ട് പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും ടി പ്രോജക്ട് നടപ്പിലാക്കിയതിന്റെ രേഖകൾ നഗരസഭയുടെ കൈവശമുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പ്രോജക്ടിനായി വാട്ടർ അതോറിറ്റിക്കും ജില്ലാ കളക്ടർക്കും എത്ര രൂപയാണ് നൽകിയതെന്ന് സമിതി ആരാഞ്ഞതിന് ചാത്തിനാംകുളം ഡിവിഷനിലെ കരുനാമണി വയൽപേരി ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ചെലവഴിച്ച 2,18,000 രൂപയുടെയും കരിക്കോട് ഡിവിഷനിലെ കരിമ്പാലിൽ കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മിച്ചതിന് 11,30,000 രൂപയുടെയും പൂർത്തീകരണ സാക്ഷ്യപത്രവും വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ടെന്നും കൊല്ലം നഗരസഭയിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള വിതരണ പദ്ധതിക്കായി നൽകിയ തുകയുടെയും ചാത്തിനാംകുളം കെ.പി. നഗർ കുടിവെള്ള വിതരണത്തിനായി നൽകിയ തുകയുടെയും പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്നതിനായി പലതവണ ഓർമ്മക്കുറിപ്പയച്ചിട്ടും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി പറഞ്ഞു. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക പലിശ സഹിതം തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

87. **പ്രസ്തുത പദ്ധതിക്കായി നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക പലിശ സഹിതം തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയ 74,77,628 രൂപ ക്രമീകരിക്കാത്തത്**

[ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക നമ്പർ 3-42]

അഡ്വാൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1989-90 മുതൽ മുൻകൂർ നൽകിയ 74,77,628 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഭരണവകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**തനത് വരുമാനം**

നികുതി/നികുതിയേതര വരുമാനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽപ്പെടുന്നത്. സ്ഥാപനത്തിന് കിട്ടേണ്ടതായ നികുതികളും ഫീസുകളും മറ്റ് തുകകളും യഥാസമയം പിരിച്ചെടുക്കാത്തതുകാരണം അവ കാലഹരണപ്പെടുകയും സ്ഥാപനത്തിന്റെ വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രധാന വരുമാനസ്രോതസ്സായ വസ്തുനികുതി ശരിയായ വിധത്തിൽ പിരിച്ചെടുക്കുന്നതിൽ സ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ച വരുത്തുന്നു. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ട കെട്ടിടനികുതി/ വസ്തുനികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ തോതിൽ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. നിരവധി സ്വകാര്യ കെട്ടിടങ്ങളുടെ മുകളിൽ വിവിധ കമ്പനികളുടെ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കെട്ടിട ഉടമകൾക്ക് പ്രസ്തുത കമ്പനികളിൽ നിന്നും ലഭിക്കുന്ന ഗണ്യമായ പ്രതിമാസ വാടകയുടെ അടിസ്ഥാനത്തിൽ വാർഷിക വാടകമൂല്യം പുനർനിർണയിക്കുകയും വസ്തുനികുതിയിൽ ആനുപാതിക വർദ്ധനവ് വരുത്തുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധ പതിയേണ്ടതാണ്.

പൊതു മാർക്കറ്റുകളുടെ ഭാഗമോ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളോ ലേലം ചെയ്തോ മറ്റുവിധത്തിലോ പാട്ടത്തിനുകൊടുക്കുമ്പോൾ കേരള സ്റ്റാംപ് ആക്ട് സെക്ഷൻ 2(1) പ്രകാരം പാട്ടത്തുകയുടെ 5% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി വയ്ക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ചവരുത്തുന്നുണ്ട്. കെട്ടിടങ്ങളുടെ മുറികൾ ലേലത്തിലൂടെ വാടകയ്ക്കെടുത്തിട്ടുള്ളവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അറിയാതെ കൈമാറ്റം ചെയ്യുന്നത് വളരെ സാധാരണമാണ്. കോഴിക്കോട് നഗരസഭയിൽ മാത്രം യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയുമുള്ള 27 കേസുകൾ 2007-08 വർഷത്തിലെ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതുതെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ 3-ാം ഉപചട്ടമനുസരിച്ച് നഗരസഭയുടെ ലൈസൻസ് ഇല്ലാതെ പൊതുസ്ഥലത്തോ റോഡിലോ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ല. പരസ്യബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർ സ്ഥാപനവുമായി കരാറിലേർപ്പെട്ട് കരാർ വ്യവസ്ഥപ്രകാരം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള തുക നഗരസഭകളിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ, ലൈസൻസ് ഇല്ലാതെയോ ലൈസൻസിന് വിരുദ്ധമായോ സ്ഥാപിച്ച പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ് കാരണക്കാരിൽനിന്നും ഈടാക്കാതെ തനതുഫണ്ട് ചെലവഴിക്കുന്ന പ്രവണത കണ്ടുവരുന്നു. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി

ഈടാക്കാവുന്നതാണ്. നഗരസഭാ അതിർത്തിക്കുള്ളിൽ പരസ്യനികുതി പിരിക്കാത്തതിനാലും പരസ്യബോർഡുകളുടെ തറവാടകയും വാടകയിന്മേലുള്ള സേവനനികുതിയും ഈടാക്കാത്തതിനാലും പഞ്ചായത്തുകളുടെ/നഗരസഭകളുടെ തനതുഫണ്ടിൽ ഗണ്യമായ കുറവ് വരുന്നുണ്ട്.

പഞ്ചായത്ത്/നഗരസഭകളുടെ ലൈസൻസ്/രജിസ്ട്രേഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടത്. എന്നാൽ ഇവയുടെ സമഗ്രമായ ലിസ്റ്റ് സ്ഥിരമായി എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ എന്നും സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കപ്പെടുന്നില്ല. 27-5-2008-ലെ ജി.ഒ.(പി)143/2008/തസ്വഭവ ഉത്തരവനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിപ്രകാരം, സ്വന്തമായി ജോലിചെയ്യുന്ന വ്യക്തികളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിലുൾപ്പെടുത്തിയ സ്രോതസ്സുകളിൽനിന്ന് തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ്കാന്തി പുലർത്തുന്നില്ല. അഭിഭാഷകരിൽ നിന്നും ഡോക്ടർമാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള തൊഴിൽ നികുതിയെങ്കിലും ഈടാക്കാതിരിക്കുന്നതു മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

നഗരസഭകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള ഡി&ഒ ലൈസൻസ് ഫീസ് നിരക്കുകൾ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447-ാം വകുപ്പിനുകീഴിൽ 1997-98 കാലഘട്ടത്തിലാണ് ബൈലോ വിജ്ഞാപനം ചെയ്ത് നിശ്ചയിച്ചിരിക്കുന്നത്. ഒരു പതിറ്റാണ്ടുമുമ്പ് നിശ്ചയിക്കപ്പെട്ടതായതിനാൽ നിരക്കുകൾ വളരെ കുറവാണ്. ചട്ടങ്ങളിലെ പരമാവധി നിരക്കിന്റെ പരിധി കവിയാതെ കാലാനുസൃതമായി നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയാണെങ്കിൽ നഗരസഭകളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്. കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ യഥാസമയം പിരിച്ചെടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. നികുതി/ഫീസിന് പിഴപ്പലിശ വസൂലാക്കുന്നതിൽ സർക്കാർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിനോദ നികുതി, ലേലം, വാടക എന്നീയിനങ്ങളിലും ഭീമമായ തുക കുടിശ്ശികയായി ഇപ്പോഴും നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് വർഷം/ഖ. | ഇനം | തുക |
|---|---|---|---|---|
| 1 | കൊല്ലം നഗരസഭ | 2008-09 2.4(എ) | വിനോദനികുതി | 5,90,470 |
| 2 | കൊല്ലം നഗരസഭ | 2008-09 2.4(സി) | വിനോദനികുതി സർവ്വീസ് ചാർജ്ജ് | 8,74,200 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 2.4)

88. പ്രസ്തുത ഖണ്ഡികകളിന്മേൽ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പല ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ചൂണ്ടിക്കാണിക്കുകയും എത്രയുംവേഗം ഒരു സ്റ്റാഫ് മീറ്റിംഗ് വിളിച്ചുകൂട്ടി കോർപ്പറേഷനുകളിലെ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**89. മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ചും തനതുവരുമാനം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലും റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, പല ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി മനസ്സിലാക്കുന്നു. സ്റ്റാഫ് മീറ്റിംഗ് എത്രയും വേഗം നടത്തി കോർപ്പറേഷനുകളിലെ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്കെടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്.**

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ വായ്പയെടുത്ത് പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഉപയോഗിക്കുന്നതിന് ലേലത്തിൽ പിടിക്കുന്ന വ്യക്തികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനം 1996-ലെ കേരള പഞ്ചായത്ത്രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ചുള്ള കരാർ

ചമയ്ക്കാത്തതിനാൽ വാടക ഒടുക്കുന്നതിൽ വീഴ്ചവരുത്തുന്ന വ്യക്തികളിൽനിന്നും തുക ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ തടസ്സം നേരിടുന്നു. കൂടാതെ, കരുതൽ ധനം വാങ്ങാതിരിക്കുക, വാടകക്കരാർ രജിസ്റ്റർ ചെയ്യാതിരിക്കുക തുടങ്ങി നിരവധി അപാകതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് തുക ഈടാക്കാതെ മുറികൾ വാടകക്കാർക്ക് കൈമാറുന്നതും വാടക അടയ്ക്കാത്തവരെ മുറികളിൽ തുടരാൻ അനുവദിക്കുന്നതും കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർലേലം ചെയ്യാത്തതും തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളുടെ വീഴ്ചയാണ്. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയ പ്രസ്തുത അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഓ.റി. വർഷം | ഓ.റി. ഖ. | വാടയ്ക്ക് നൽകിയ ആസ്തിയുടെ വിവരം |
|---|---|---|---|---|
| | | കൊല്ലം ജില്ല | | |
| 1 | കൊല്ലം നഗരസഭ | 2008-09 | 2-7(ഇ) | 1. വലിയകട മാർക്കറ്റ് ഗേറ്റ് ഫീസ് നഷ്ടം 2,19,375 രൂപ<br>2. സ്ലാർട്ടർ ഹൗസ് ഫീസ് നഷ്ടം 1,77,350<br>3. ലോറി സ്റ്റാന്റ് 3,75,601 രൂപ<br>4. ആണ്ടാമുക്കം കംഫർട്ട് സ്റ്റേഷൻ 33,200 രൂപ |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 2.6 ക്രമ നം.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വലിയകട മാർക്കറ്റ് ഗേറ്റ് ഫീസ് നഷ്ടം 2,19,375 രൂപയാണെന്നും കൊല്ലം നഗരസഭ 2008-09 വർഷത്തെ പൊതുലേലത്തിൽ ഉൾപ്പെട്ട വലിയകട മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് ശ്രീ. നജീബ് എന്നയാളുടെ പേരിൽ 2,75,700 രൂപയ്ക്ക് ഉറപ്പിക്കുകയുണ്ടായെന്നും ടിയാൻ പ്രസ്തുത ലേല തുക മൂന്ന് തവണകളായി അടച്ചിട്ടുണ്ടെന്നും

കൂടാതെ സർവ്വീസ് ടാക്സിനത്തിൽ 21,200 രൂപയും റിസ്ക് ആന്റ് കോസ്റ്റ് ഇനത്തിൽ അടയ്ക്കാനുള്ള 20,200 രൂപയും ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവരിൽനിന്നും തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി ആരംഭിച്ചിട്ടുണ്ടെന്നും കൊല്ലം കോർപ്പേറേഷൻ അക്കൗണ്ട്സ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി. ഇത്തരമൊരു മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, കോർപ്പറേഷന്റെ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി ഒരു യോഗം കൂടി കൃത്യമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

91. തുടർന്ന് കോർപ്പറേഷന്റെ മേഖലാ ഓഫീസുകളെക്കുറിച്ചും മേഖലാ ഓഫീസുകളുടെ ഉത്തരവാദിത്തമുള്ള ജോയിന്റ് ഡയറക്ടർമാരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞതിന് കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ ഓഫീസുകളാണുള്ളതെന്നും മേഖലാ ഓഫീസർമാർ പ്രധാനമായും സ്റ്റാറ്റ്യൂട്ടറി പെർഫോമൻസ് ഓഡിറ്റ് ഓഫീസുകളുടെ ചുമതലയാണ് വഹിക്കുന്നതെന്നും ജീവനക്കാരുടെമേൽ നേരിട്ടുള്ള ഉത്തരവാദിത്തം നഗരകാര്യ ഡയറക്ടർക്കാണെന്നും അച്ചടക്ക നടപടി ഉൾപ്പെടെ സർക്കാർ ആവശ്യപ്പെടുന്ന എല്ലാ റിപ്പോർട്ടുകളും നഗരകാര്യ ഡയറക്ടർ മുഖാന്തരമാണ് നൽകുന്നതെന്നും റീജ്യണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് വകുപ്പ്, മേഖലാ ഓഫീസ്, കൊല്ലം സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**92. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 2 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 4 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 6 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | തദ്ദേശസ്വയംഭരണ വകുപ്പ് | 8 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 10 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.. |
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 12 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 14 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 16 | പ്ലാന്റ് ഹെൽത്ത് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ജില്ലാ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കർഷകരെ തെരഞ്ഞെടുക്കുകയും കൃഷിയിടങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിൽ യൂണിറ്റിന്റെ ഫോട്ടോ ഉൾപ്പെടെ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 19, 20 | വാടക പിരിക്കുന്നതിനൊപ്പം സർവ്വീസ് ടാക്സ് പിരിച്ചെടുക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു.<br><br>2014-15 വർഷത്തെ സർവ്വീസ് ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച ഫയൽ സെൻട്രൽ എക്സൈസ് വകുപ്പിന്റെ പരിഗണനയിലാണെന്ന സർക്കാർ മറുപടിയിൽ നിന്നും വാടകക്കാരിൽ നിന്നും തുക പിരിച്ചെടുക്കാത്തതും പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക അടച്ചതും ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതോടൊപ്പം സർവ്വീസ് ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച വിവരങ്ങളെല്ലാം കാണിച്ച് സർക്കാരിനെ സമീപിക്കുകയും സർക്കാരിൽ നിന്നും മാപ്പ് ലഭിച്ചശേഷം വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്താൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| | | | |
|---|---|---|---|
| 10 | തദ്ദേശസ്വയംഭരണ വകുപ്പ് | 22 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | തദ്ദേശസ്വയംഭരണ വകുപ്പ് | 25 | കുണ്ടറ, പിറവന്തൂർ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | തദ്ദേശസ്വയംഭരണ വകുപ്പ് | 27 | കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമി വിവിധ പദ്ധതികൾക്കായി ഉപയുക്തമാക്കിയിട്ടുണ്ട് എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | തദ്ദേശസ്വയംഭരണ വകുപ്പ് | 29 | വിവിധ സ്ഥാപനങ്ങളിൽ, പദ്ധതി പൂർത്തീകരണത്തിനായി നിക്ഷേപിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ, നിലവിൽ തുകകൾ ഒന്നും തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നില്ല എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | തദ്ദേശസ്വയംഭരണ വകുപ്പ് | 31 | നിലവിൽ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾ ഒന്നും തന്നെയില്ലായെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 15 | തദ്ദേശസ്വയംഭരണ വകുപ്പ് | 33 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | തദ്ദേശസ്വയംഭരണ വകുപ്പ് | 35 | വിവിധ പഞ്ചായത്തുകളിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | തദ്ദേശസ്വയംഭരണ വകുപ്പ് | 37 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | തദ്ദേശസ്വയംഭരണ വകുപ്പ് | 39 | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി സമിതിയ്ക്ക് നൽകിയ വിശദീകരണത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | തദ്ദേശസ്വയംഭരണ വകുപ്പ് | 41, 42 | നിലവിൽ പഴയ ടെക്നോളജി പ്രകാരമുള്ള മെഷീൻ പ്രവർത്തനക്ഷമമല്ലെന്നും ഉത്തരവാദിത്തവും ദീർഘവീക്ഷണവുമില്ലാതെ നടത്തിയ പ്രവർത്തനമാണിതെന്നും നടത്തിപ്പിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു.<br>പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന സർക്കാർ നടപടിയിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 20 | തദ്ദേശസ്വയംഭരണ വകുപ്പ് | 44, 45 | വൈദ്യുതി സൗകര്യം ഏർപ്പെടുത്താതെയാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളതെന്നും പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.<br>പദ്ധതി തുക വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിയ്ക്കുന്നു. |
| 21 | തദ്ദേശസ്വയംഭരണ വകുപ്പ് | 47 | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | തദ്ദേശസ്വയംഭരണ വകുപ്പ് | 49 | കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിന്റെ പ്രവർത്തനത്തിന് ക്ഷണിച്ച ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത വിഷയത്തിൽ അതിഗുരുതര വീഴ്ചയാണ് വന്നിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിഷയം പരിശോധിച്ച് ക്രമക്കേട് നടത്തിയ വ്യക്തികളിൽ നിന്നോ മറ്റ് ഉത്തരവാദികൾ ഉണ്ടെങ്കിൽ അവരിൽ നിന്നോ നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 23 | തദ്ദേശസ്വയംഭരണ വകുപ്പ് | 51 | പവർ ലോൺട്രി സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സമർപ്പിച്ച രേഖകൾ ആധികാരികമല്ലാത്തതിനാലാണ് കേരള |

| | | | |
|---|---|---|---|
| | | | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയതെന്നും നിലവിൽ കെ.എം.എസ്.സി.എൽ നൽകിയ ഉപകരണം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 53 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റേയും സർക്കാർ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | തദ്ദേശസ്വയംഭരണ വകുപ്പ് | 55 | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | തദ്ദേശസ്വയംഭരണ വകുപ്പ് | 57 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രവൃത്തികളുടെ കൺവീനറിൽ നിന്നും തുക ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | തദ്ദേശസ്വയംഭരണ വകുപ്പ് | 59 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 28 | തദ്ദേശസ്വയംഭരണ വകുപ്പ് | 61 | നെൽകൃഷി ലാഭകരമാക്കാൻ വാങ്ങിയ ഉപകരണങ്ങൾ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗം മൂല്യ നിർണ്ണയം നടത്തി ലഭ്യമാക്കുമെന്നും ശേഷം ഉപകരണങ്ങൾ ലേലം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | തദ്ദേശസ്വയംഭരണ വകുപ്പ് | 63 | നിലവിൽ ബഡ്ജറ്റിൽ കൃത്യമായാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന്, ബഡ്ജറ്റ് കൃത്യമായി ചെയ്യേണ്ട കാര്യമാണെന്നും അതിൽ വരുന്ന പിഴവ് തിരുത്തി നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകേണ്ടത് ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നും ബജറ്റ് സംബന്ധിച്ചുണ്ടാകുന്ന ബാധ്യത ഉദ്യോഗസ്ഥരിലായിരിക്കുമെന്നും സമിതി ഓർമ്മിപ്പിക്കുന്നു. |
| 30 | തദ്ദേശസ്വയംഭരണ വകുപ്പ് | 67, 68 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്ന പ്രോജക്ട് വൈകി ആരംഭിച്ചതിനാൽ പഞ്ചായത്ത് യോഗതീരുമാനപ്രകാരം പത്രപരസ്യം നൽകിയാണ് അപേക്ഷ ക്ഷണിച്ചതെന്നും വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിലാണ് ഫർണിച്ചർ നൽകിയതെന്നും ആയതിന്റെ ബില്ല് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി. ആയതിന് ഡ്യൂപ്ലിക്കേറ്റ് ബില്ല് തയ്യാറാക്കാൻ പ്രയാസമില്ലെന്നും ആവശ്യമെങ്കിൽ സമിതിക്ക് വീണ്ടും അന്വേഷണം നടത്താൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ നൽകിയ വിശദീകരണം സമിതി അംഗീകരിച്ചു.<br><br>അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ ഫൈനൽ തുക ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത വിഷയുവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31 | തദ്ദേശസ്വയംഭരണ വകുപ്പ് | 70 | തൊഴിൽരഹിത വനിതകൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം നൽകുന്ന പദ്ധതിയ്ക്കായി നൽകിയ തുകയുടെ പലിശത്തുകയായ 14,104 രൂപയിൽ 6000 രൂപ അടവാക്കിയിട്ടുണ്ടെന്നും |

| | | | |
|---|---|---|---|
| | | | ബാക്കി തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 12,99,500 രൂപയുടെ നിർവ്വഹണ രേഖകൾ ഓഡിറ്റിന് നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | തദ്ദേശസ്വയംഭരണ വകുപ്പ് | 72 | നഗരസഭയിലെ വിവിധ മരാമത്ത് ചെലവുകൾക്കായി ജീവനക്കാർക്ക് തുക മുൻകൂർ നൽകിയതുസംബന്ധിച്ച തുകയും അധിക പലിശയും ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ബാക്കി തുകയ്ക്ക് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും റിട്ടയർ ചെയ്തവരിൽ നിന്നും ഈടാക്കാനുള്ള പലിശ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്നും നഗരസഭാ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന് മുൻകൂർ തുകയും പലിശയും നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | തദ്ദേശസ്വയംഭരണ വകുപ്പ് | 74 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോർപ്പറേഷൻ സെക്രട്ടറി സമിതിയ്ക്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 34 | തദ്ദേശസ്വയംഭരണ വകുപ്പ് | 76 | എസ്കവേറ്റർ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ്, പദ്ധതി ഇംപ്ലിമെന്റേഷൻ, വാഹനം വാങ്ങാനെടുത്ത തീരുമാനം എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 35 | തദ്ദേശസ്വയംഭരണ വകുപ്പ് | 78 | ട്രസ്റ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ആയതിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 36 | തദ്ദേശസ്വയംഭരണ വകുപ്പ് | 80 | പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ മുഴുവൻ രേഖകളും ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 37 | തദ്ദേശസ്വയംഭരണ വകുപ്പ് | 82 | നഗരസഭയിൽ 10 വർഷം പഴക്കമുള്ള ഫയൽ പോലും ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ ഉണ്ടെന്ന് ഉറപ്പാക്കണമെന്നും ഗുണഭോക്താക്കളുടെയും പദ്ധതി നടപ്പിലാക്കിയതിന്റെയും വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 38 | തദ്ദേശസ്വയംഭരണ വകുപ്പ് | 84, 85 | കുടുംബശ്രീ യൂണിറ്റിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിൽ നിന്നും അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39 | തദ്ദേശസ്വയംഭരണ വകുപ്പ് | 87 | പ്രസ്തുത പദ്ധതിക്കായി നഗരസഭ കേരളവാട്ടർ അതോറിറ്റിക്ക് നൽകിയ തുക പലിശ സഹിതം തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 40 | തദ്ദേശസ്വയംഭരണ വകുപ്പ് | 89 | മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ചും തനതുവരുമാനം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലും റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, പല ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും കോർപ്പറേഷനു കളിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി മനസ്സിലാക്കുന്നു. സ്റ്റാഫ് മീറ്റിംഗ് എത്രയും വേഗം നടത്തി കോർപ്പറേഷനുകളിലെ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | തദ്ദേശസ്വയംഭരണ വകുപ്പ് | 92 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 16 | 2016–17 | 4.3.1 | **സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ഉടമസ്ഥാവകാശം യഥാവിധി ഉറപ്പാക്കുന്നതിന് അടിയന്തിര ശ്രദ്ധയും സംസ്ഥാനതല നടപടിയും സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഇപ്രകാരം ആസ്തി ആർജ്ജിക്കുന്നതിലും പരിപാലിക്കുന്നതിലും തദ്ദേശ സ്ഥാപനം അനുവർത്തിക്കേണ്ട കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് ബോധ്യപ്പെടുത്തുന്ന ചില അപാകങ്ങൾ തൽവർഷവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം യഥാവിധി ഉറപ്പാക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അത്തരം ഭൂമിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയാൽ ഗണ്യമായ തുക ചെലവഴിച്ച ശേഷം പ്രവൃത്തികൾ പൂർത്തീകരിക്കാനാകാതെയും/ പൂർത്തീകരിച്ച ആസ്തികൾ ഏറ്റെടുക്കാനാകാതെയും വൻ തുകകൾ പാഴ്ചെലവ് ആയിത്തീരുന്നുണ്ട്. ശരിയായ ആസൂത്രണമോ പഠനമോ അന്വേഷണമോ നടത്താതെ വസ്തു ആർജ്ജിക്കുന്നതിനാൽ വസ്തു ആർജ്ജിക്കലിൽ അന്തർലീനമായ ഉദ്ദേശ്യലക്ഷ്യം പൂർത്തിയാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു. 2016–17–ൽ റിപ്പോർട്ട് ചെയ്ത പ്രസക്തമായ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i. <u>പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും– 7.74 ലക്ഷം രൂപ പാഴായി</u><br><u>കുളക്കട ഗ്രാമപഞ്ചായത്ത്</u><br><br>നിർമ്മാണം പാതിവഴിയിലായിരിക്കെ മാർക്കറ്റ് സ്ഥിതി ചെയ്തിരുന്ന സ്ഥലം മത്സ്യവകുപ്പ് ഏറ്റെടുത്തത് വഴി 17.09.2015–ന് | <u>കുളക്കട ഗ്രാമപഞ്ചായത്ത്</u><br><br>പുത്തൂർ മാർക്കറ്റ് കുളക്കട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളത് തന്നെയാണ് പുത്തൂർ മാർക്കറ്റിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് കുളക്കട ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാണ്. 2014–15 വർഷത്തിൽ പുത്തൂർ മാർക്കറ്റ് നവീകരണം എന്ന പദ്ധതി ഏറ്റെടുത്തത് മാർക്കറ്റിലെ ഖര-ദ്രവ മാലിന്യങ്ങൾക്ക് പരിഹാരമാകണമെന്ന ഉദ്ദേശത്തോടു കൂടിയാണ്. എന്നാൽ സെപ്റ്റിക് ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപ വാസികളുടെ കുടിവെള്ള കിണർ മലിനമാകും എന്ന പരാതി ഉണ്ടായതിനാലും മാർക്കറ്റിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സ്ഥല പരിമിതി ഉള്ളതിനാലും മലിനജലം ഒഴുകി തൊട്ടടുത്ത ക്ഷേത്ര പരിസരത്ത് എത്തുന്നത് വളരെയധികം പ്രതിഷേധത്തിന് ഇടയാക്കിയതിനാലും വ്യാപാരി വ്യവസായികളും പഞ്ചായത്തും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് മാർക്കറ്റ് നവീകരണത്തിനായി തുക അനുവദിക്കുകയും ചെയ്ത സാഹചര്യത്തിലാണ് മാർക്കറ്റ് നവീകരണം എന്ന പദ്ധതി പാർട്ട് ബിൽ നൽകി അവസാനിപ്പിച്ചത്. ആയതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | 7,73,930/- രൂപ ഭാഗിക ബിൽ തുകയായി നൽകി പദ്ധതി അവസാനിപ്പിച്ചു. | അധികൃതരോട് അപേക്ഷിക്കുന്നു. |
| 2016-17 | 4.3.2 | **വിവിധ ആവശ്യങ്ങൾക്കായുള്ള ആസ്തി ആർജ്ജിക്കൽ- പരാജയപ്പെട്ട പദ്ധതികൾ**<br><br>**ii. ക്യാരിബാഗ് നിർമ്മാണ പദ്ധതി**<br><br>**നിലമേൽ ഗ്രാമപഞ്ചായത്ത്**<br><br>ക്യാരിബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും യൂണിറ്റ് ആരംഭിക്കുന്നതിന് പ്രാരംഭ സഹായം നൽകുന്നതിനുമായി 2014-15 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നിലമേൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതിയ്ക്ക് കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 6,00,000/- രൂപ വകയിരുത്തി.<br><br>24 പേരെ ഉൾപ്പെടുത്തി യൂണിറ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും | **നിലമേൽ ഗ്രാമപഞ്ചായത്ത്**<br><br>2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത ഫണ്ട് 600000/- രൂപ വകയിരുത്തി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്യാരി ബാഗ് നിർമ്മാണ പദ്ധതി പ്രകാരം നിലവിൽ തയ്യൽ മെഷീനിലാണ് മാനുവലായി ക്യാരിബാഗ് നിർമ്മിക്കുന്നത്. ഇപ്രകാരം നിർമ്മിക്കുന്ന ബാഗുകൾ നിർമ്മാണ ചെലവ് അധികമായതിനാൽ പൊതു മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കൂടുതൽ വില ഈടാക്കേണ്ടി വരുന്നുണ്ട്. ആയതുകൊണ്ടു |

| | | |
|---|---|---|
| | മൂന്നു പേർ മാത്രമാണ് യൂണിറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. യൂണിറ്റ് പ്രവർത്തിക്കുന്ന ഹാളിൽ വൈദ്യുതിയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തയ്യൽ മെഷീനുകളും മറ്റ് ഉപകരണങ്ങളും പ്രവർത്തനരഹിതമായി കാണപ്പെട്ടു. കൃാരിബാഗിന് ആവശ്യക്കാരേറെയുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം അവ നിർമ്മിക്കാൻ കഴിയാത്തതിനാൽ പദ്ധതിയ്ക്ക് ചെലവഴിച്ച 3,03,375/- രൂപ പാഴ്ചെലവായി.<br><br>iii. <u>പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്</u><br><br><u>കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u><br><br>കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ പ്ലാസ്റ്റിക് ശേഖരിച്ച് ഷ്രെഡ്ഡിംഗ് മെഷീനിൽ പൊടിച്ച് റീസൈക്കിൾ ചെയ്യുകയും റോഡ് ടാർ ചെയ്യുമ്പോൾ അതിൽ കലർത്തി ഉപയോഗിക്കുകയും ചെയ്യുകയായിരുന്നു പദ്ധതി ലക്ഷ്യം.<br><br>പദ്ധതിക്കായി പ്രകൃതി ഗ്രൂപ്പ്, ആലുവയുടെ 5,50,000/- രൂപയുടെ ടെണ്ടർ അംഗീകരിച്ചു. പ്രകൃതി ഗ്രൂപ്പിന്റെ ഇൻവോയിസ് നം. 1475/04.03.2015 <u>പ്രകാരമുള്ള</u> 5,50,000/- രൂപ നൽകി (ബിൽ നം.5/17.07.2015) അംഗീകരിച്ച ടെണ്ടർ പ്രകാരം പ്ലാന്റിന്റെ വില എല്ലാ നികുതിയും ഉൾപ്പെടെ 5,00,000/- രൂപയാണ്. എന്നാൽ 5,50,000/- രൂപയാണ് പ്ലാന്റിന്റെ വിലയായി നൽകിയത്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭൗതിക സാഹചര്യമൊരുക്കാതെ (സ്ഥലം, ത്രീ ഫേസ് ഇലക്ട്രിക് കണക്ഷൻ മുതലായവ) പ്ലാന്റ് വാങ്ങി. പ്ലാന്റിനായി അധികം ചെലവഴിച്ച 50,000/- രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്. പ്ലാന്റ് നാളിതുവരെയും പ്രവർത്തനരഹിതമായി കാണുന്നു.<br><br>iv. <u>മരുതിമല എക്കോടൂറിസം പദ്ധതി</u> | തന്നെ നിലവിലുള്ള നിർമ്മാണ ( ഉപയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കു( ലാഭകരമല്ല. ടി കാരണത്താൽ നിലവില യൂണിറ്റിന്റെ പ്രവർത്ത അവസാനിപ്പിച്ചിരിക്കുകയാണ്. ആധു( യന്ത്ര സാമഗ്രികൾ വാങ്ങി യൂ( പുനരുദ്ധരിക്കുന്നതിന് പത്ത് ല( രൂപയോളം ആവശ്യം വരുന്നതും വാ( ഉൾപ്പെടെയുള്ള ധനസമാഹരണ മാർഗ്ഗങ ഉപയോഗിക്കേണ്ടി വരുന്നതുമാ ഇത്തരത്തിൽ ആധുനികവത്ക( ആട്ടോമാറ്റിക് മെഷീനുകൾ വാ( പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിലു യൂണിറ്റ് തയ്യാറായെങ്കിൽ മാത്ര പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള നിലവിലുള്ള യൂണിറ്റ് ഇത്തരത്ത് പ്രവർത്തനം തുടരുന്നതിന് സന്നദ്ധമല്ല. ഉ വിഷയം വിവിധ യൂണിറ്റുകളുമാ ഭരണസമിതി ചർച്ച ചെയ്തു വരുന്നു<br><br><u>കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u><br><br>സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ നടപ്പാക്കിയ പ്രോജക്ടാണിത്. ആയതിന |

വെളിയം ഗ്രാമപഞ്ചായത്ത്

വെളിയം ഗ്രാമപഞ്ചായത്തിലെ പ്രകൃതി രമണീയമായ മുട്ടറ മരുതിമലയെ നിലവാരമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

പദ്ധതിയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആദ്യഘട്ടമായി 35 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു. 2009-10 വർഷം 30,70,000/- രൂപ വകയിരുത്തി ഇക്കോ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 29,84,000/- രൂപയ്ക്കുള്ള സാങ്കേതികാനുമതി ലഭിച്ച പദ്ധതി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30,62,886/- രൂപയായി പുതുക്കി അംഗീകാരം ലഭിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, കരാർ പ്രകാരം മൂന്ന് മുതൽ അഞ്ച് മാസം വരെ ആയിരുന്നു. 2009-10-ൽ കരാർ വെച്ച പ്രവൃത്തികൾ 2011-12-ൽ ഭാഗികമായി ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല ചെയ്ത പ്രവൃത്തികൾ തന്നെ നശിച്ച നിലയിലുമാണ്. പ്രസ്തുത സാഹചര്യത്തിൽ ചെയ്ത പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 2015-16 സാമ്പത്തിക വർഷം 18,90,900/- രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ച് 14,96,411/- രൂപ കരാറുകാർക്ക് നൽകി. പദ്ധതിയ്ക്കായി ആകെ 26,78,505/- രൂപ ചെലവായിട്ടുണ്ട്.

വൈദ്യുതി, വെള്ളം എന്നിവയുടെ അഭാവത്താലാണ് കരാറുകാർ പ്രവൃത്തി 20% അധിക നിരക്കിൽ ഏറ്റെടുത്തത് എന്നിരിക്കെ വൈദ്യുതി, വെള്ളം എന്നിവയില്ലാത്തതിനാൽ പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചുവെന്ന വാദത്തിന് അടിസ്ഥാനമില്ല.

പണി അനിശ്ചിതമായി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. കെട്ടിടം തകർന്ന അവസ്ഥയിലാണ് നിലവിൽ കാണുന്നത്. പഞ്ചായത്ത് നാളിതുവരെയും ആവശ്യമായ തുടർനടപടി

വെളിയം ഗ്രാമപഞ്ചായത്ത്

വകയിരുത്തിയ 5,50,000/- രൂപയിൽ മെഷീൻ ആന്റ് പ്ലാന്റ് -476190/-രൂപയും, വാറ്റ് 23810/- രൂപ ഉൾപ്പടെ 500000 രൂപയും, സ്ഥാപിക്കലും പരിശീലനവും 50,000/- രൂപയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥാപിക്കലും പരിശീലനവും നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് കാലയളവിൽ 50,000/- രൂപ നിരാകരിച്ചിരുന്നു.

പിന്നീട് പ്ലാന്റ് സ്ഥാപിച്ച് കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ പ്ലാസ്റ്റിക് ശേഖരിച്ച് ,ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ച് പൊടിച്ച് ഗ്രാന്യൂൾ ആക്കുകയും റോഡ് ടാറിംഗിന് ഉപയോഗിക്കുകയും ചെയ്തു വരുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വിജയകരമായി പ്രവർത്തിച്ചുവരുന്നു.

വെളിയം ഗ്രാമപഞ്ചായത്ത്

മരുതിമല എക്കോ ടൂറിസം പദ്ധതിക്ക് 2012-2011 സാമ്പത്തിക വർഷത്തിൽ അംഗീകാരം വാങ്ങുകയും 2010 ജൂലൈ മാസത്തിൽ എഗ്രിമെന്റ് വെക്കുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി, വെള്ളം എന്നിവയുടെ അഭാവം മൂലം പ്രവൃത്തി തുടങ്ങാൻ താമസം നേരിട്ടു. തുടർന്നുള്ള പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തിയുടെ പറമ്പിലൂടെ റോഡ് നിർമ്മിച്ച് സാധന സാമഗ്രികൾ എത്തിക്കുകയും

| | | |
|---|---|---|
| | സ്വീകരിച്ചിട്ടില്ല. | എം.എൽ.എ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി വൈദ്യുത തൂൺ സ്ഥാപിച്ച പ്രവൃത്തി ആരംഭിക്കുകയും ചെയ്തു നിർമ്മാണത്തിന്റെ പ്രത്യേകതകൾ അനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് അംഗീകാരം നേട 2011-12 വർഷത്തിലാണ് പ്രവൃത്തി പുനരാരംഭിച്ചത്. 2009 എസ്.ഒ. ആർ പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തിയിൽ ഇൻഫർമേഷൻ സെന്റർ ബിൽഡിംഗ്, ഫുഡ്കോർട്ട്, പവലിയൻ കെട്ടിടം, കിയോസ്ക്, പവലിയൻ പാത്ത്‌വേ എന്നീ നിർമ്മാണങ്ങൾ നടത്തി. വിവിധ തടസ്സങ്ങൾ കാരണം 2015-16 ൽ ഫൈനൽ ബിൽ തയ്യാറാക്കി പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ ടി. നിർമ്മാണ പ്രവർത്തികളിൽ ചിലത് സാമൂഹ്യവിരുദ്ധർ നശിപ്പിക്കുകയും ആയതിൻ മേൽ പരാതി നിലനിൽക്കുകയും ചെയ്യുന്നു. തുടർന്ന് 21/11/2017-ാം തിയ്യതി ബഹു. ടൂറിസം വകുപ്പ് മന്ത്രി ബഹു. എം.എൽ.എ എന്നിവരുമായി പഞ്ചായത്ത് നടത്തിയ കൂടിക്കാഴ്ചയിൽ ടി. പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന് തിരികെ നൽകണമെന്ന് ബഹു. മന്ത്രി നേരിട്ട് ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കി നിലവിൽ ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട് എന്ന |

| | | | |
|---|---|---|---|
| | | | വിവരം ബോധിപ്പിക്കുന്നു. |
| 2016-17 | 4.4 | **കശാപ്പുശാലകൾ**<br><br>**കശാപ്പുശാലകളുടെ സ്ഥാപിക്കൽ, ലൈസൻസ് നൽകൽ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും** -<br><br>പൊതു കശാപ്പുശാലകളായി ഉപയോഗിക്കുവാൻ സ്ഥലങ്ങൾ ഏർപ്പെടുത്തി, പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കാത്ത രീതിയിലും ആരോഗ്യ സംരക്ഷകമായും മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. കശാപ്പുശാല ഉപയോഗത്തിന് നിർണ്ണയിക്കപ്പെടുന്ന വാടകയും ഫീസും ചുമത്തി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷിപ്ത കർത്തവ്യങ്ങളിൽപ്പെടുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടു കൂടിയുള്ള കശാപ്പുശാലകളിൽ മാത്രമേ കശാപ്പ് നടത്താവൂ എന്ന് 2001-ലെ Prevention of Cruelties to Animals (Slaughter House) Rules-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം അറവുശാലകൾ പണിയുന്നതിനും പരിപാലിക്കുന്നതിനുമുള്ള മാതൃകകളില്ലാത്തതും കാരണം തദ്ദേശ സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള കശാപ്പുശാലകൾ ഏർപ്പെടുത്തി നൽകുന്നതിന് കഴിയാത്ത സ്ഥിതി നിലവിലുണ്ട്. അനധികൃത കശാപ്പുശാലകളുടെ പ്രവർത്തനത്തിന് ഇത് വഴിയൊരുക്കുന്നു.<br><br>അംഗീകൃത കശാപ്പുശാലകളുടെ അഭാവവും, നിലവിലുള്ള കശാപ്പുശാലകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതും | **കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**<br><br>കടയ്ക്കൽ ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തിൽ പ്രോജക്ട് നം 228 ആയി അംഗീകാരം നേടിയ പദ്ധതിയാണ് - ആധുനിക അറവുശാല നിർമ്മാണം. 56,91,000/- രൂപ അടങ്കലുള്ള ടി പദ്ധതിയിൽ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 28,45,500/- രൂപയും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 28,45,500/- രൂപയും ആണ് ഉൾപ്പെടുത്തിയിരുന്നത്. ടി പദ്ധതിയ്ക്ക് സംസ്ഥാന ശുചിത്വ മിഷന്റെ 29/06/2013-ലെ 3433/സി1/2012/എസ്.എം നമ്പർ ഉത്തരവിൻ പ്രകാരം 55.8 ലക്ഷം രൂപയുടെ അംഗീകാരവും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്.<br><br>കടയ്ക്കൽ ഗ്രാമപഞ്ചായത്ത് കടയ്ക്കൽ ടൗൺ വാർഡിൽ ചായിക്കോട് എന്ന സ്ഥലത്ത് സർവ്വേ നമ്പർ 163/3- ൽ പ്പെട്ട പഞ്ചായത്ത് വക 50 സെന്റ് ഭൂമിയിൽ അറവുശാല നിർമ്മാണം ആരംഭിച്ചു. പ്രസ്തുത പദ്ധതി 2014-15 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 145, സ്പിൽ ഓവർ പ്രോജക്ട് ആയി തുടരുകയും സിവിൽ പ്രവർത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തു. ആയതിനനുസരിച്ച് സിവിൽ വർക്കുകളുടെ 1835934/- രൂപയുടെ പ്രവർത്തി |

| | | |
|---|---|---|
| | കാരണം തനതു വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. മാത്രവുമല്ല അനധികൃത കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനങ്ങൾ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കശാപ്പുശാലകളുടെ<br><br>പ്രവർത്തനങ്ങളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്ന പരാമർശം ചുവടെ ചേർക്കുന്നു.<br><br>**ii. <u>ആധുനിക അറവുശാല – നിർമ്മാണം പൂർത്തീകരിച്ചില്ല. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**<br><br>അറവുശാലകളിൽ നിന്നും ഉണ്ടാകുന്ന മാംസാവശിഷ്ടങ്ങളുടെ സംസ്ക്കരണം ഉറപ്പുവരുത്തുക. ആരോഗ്യകരമായ സാഹചര്യങ്ങളിൽ മാംസവിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 55,80,000/- രൂപ അടങ്കൽ തുകയുള്ള പദ്ധതിക്കായി 16,53,044/- ചെലവഴിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചതാണ് ആകെ നടന്ന പ്രവൃത്തി. മെക്കാനിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കാത്തതിനാലും തുടർ പ്രവൃത്തികൾക്കുള്ള ധനവിഹിതം കണ്ടെത്താൻ കഴിയാത്തതിനാലും പദ്ധതി അപൂർണ്ണമായി അവശേഷിക്കുന്നു.<br><br>നിലവിലുള്ള നിയമ/ചട്ട വ്യവസ്ഥകൾ പാലിച്ചു കൊണ്ട് അംഗീകൃത കശാപ്പുശാലകൾ പ്രവർത്തിപ്പിക്കുന്നതിനും, അനധികൃത കശാപ്പുശാലകളുടെ പ്രവർത്തനം തടയുന്നതിനും സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. | പൂർത്തീകരിച്ച ടെണ്ടർ ഡിഡക്ഷനും 10% റിടെൻഷൻ തുകയും കഴിച്ചുള്ള 1652175/- രൂപ (പതിനാറ് ലക്ഷത്ത് അമ്പത്തിരണ്ടായിരത്തി നൂറ്റി എഴുപത്തഞ്ച് രൂപാ മാത്രം) യുടെ ബിൽ അംഗീകാരത്തിനായി ബഹു. പഞ്ചായത്ത് ഡയറക്ടർക്കും ശുചിത്വ മിഷൻ മുൻപാകെ സമർപ്പിച്ചു. ബിൽ തുകയായ 16,52,175/- രൂപ 18/04/2016- ൽ പഞ്ചായത്തിൽ ലഭിക്കുകയും ചെയ്തു.<br><br>ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരണത്തിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14/12/2016-ലെ ജി.ഒ(ആർ.ടി) നം. 3402/2016/തസ്വഭവ ഉത്തരവ് പ്രകാരം കടയ്ക്കൽ ഗ്രാമപഞ്ചായത്തിന് 40,00,000/-. (നാൽപ്പത് ലക്ഷം രൂപ) അനുവദിച്ച വിവരം അറിയിക്കുന്നു.<br><br>അറവുശാല നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് 2012-ലെ നിരക്കുകൾ പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പൂർത്തീകരിച്ച സിവിൽ പ്രവൃത്തികളുടെ ശേഷിക്കുന്ന ബിൽ അനുവദിക്കുന്നതിന് അപേക്ഷിച്ചും ശേഷിക്കുന്ന പ്രവർത്തികൾ പഴയ നിരക്കിൽ നിർവ്വഹിക്കുന്നത് വളരെ നഷ്ടമുണ്ടാക്കുമെന്നതിനാൽ പ്രവർത്തി നിർവ്വഹണം പുനരാരംഭിക്കുന്നതിന് വിമുഖത കാണിച്ചും കരാറുകാരൻ കത്ത് നൽകിയിട്ടുള്ളതാണ്. ആയത് 27/01/2018-ലെ 1(4) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് |

| | | |
|---|---|---|
| | | പഞ്ചായത്തുമായി ഉള്ള കരാർ പ്രകാരം നൽകേണ്ടത്. ടി തുകയായ 4,89,000/- രൂപ അനുവദിച്ചു നൽകുവാൻ ബഹു. പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിക്കുന്ന പഞ്ചായത്ത് സമിതിയുടെ 05/10/2018-ലെ 1 (2) നമ്പർ തീരുമാനം 16/11/2018 തീയതിയിലെ ഇതേ നമ്പർ കത്ത് സഹിതം തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതാണ്.<br><br>വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ഡോ. പി.വി. മോഹനൻ, സെന്റർ ഫോർ ഫാമിംഗ് ആൻഡ് ഫുഡ് പ്രോസസിംഗ് എന്നയാൾക്ക് അടിയന്തിരമായി തുക അനുവദിക്കേണ്ടതുള്ളതിനാൽ ടി 4,89,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാനുള്ള ഉത്തരവുണ്ടാകുവാനും ബഹു. സർക്കാരിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ടി തുക ഗ്രാമപഞ്ചായത്തിന് മടക്കി നൽകുവാനും അഭ്യർത്ഥിക്കുന്ന പഞ്ചായത്ത് സമിതിയുടെ 30/10/2018 തീയതിയിലെ 1(10) നമ്പർ തീരുമാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16/11/2018 തീയതിയിലെ KGP/PRES/186/2018 നമ്പർ കത്ത് സഹിതം തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>അംഗീകൃത കശാപ്പ് ശാലകൾ നിലവിലുള്ള നിയമ/ചട്ട വ്യവസ്ഥകൾ പാലിച്ചു കൊണ്ട് പ്രവർത്തിക്കുന്നതാണെന്ന് ഉറപ്പ് |

| | | | |
|---|---|---|---|
| | | | സമിതി അംഗീകരിക്കുകയും കരാറുകാരന് ശേഷിക്കുന്ന 3,63,073/- രൂപ കൂടി അനുവദിച്ചുകൊണ്ട് പ്രോജക്ട് ക്ലോസ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.<br><br>ഇതേ യോഗത്തിലെ 1(9) നമ്പർ തീരുമാന പ്രകാരം ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയ ഡോ. പി. വി. മോഹനൻ, സെന്റർ ഫോർ ഫാമിംഗ് ആൻഡ് ഫുഡ് പ്രോസസിംഗ്, അംബിക റോഡ്, പള്ളിക്കുന്ന് (പി.ഒ), കണ്ണൂർ എന്നയാളുടെ ക്വട്ടേഷൻ 16/02/2018-ലെ 1(14) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സമിതി അംഗീകരിക്കുകയും ചെയ്യുകയുണ്ടായി.<br><br>ടിയാൻ സമർപ്പിച്ച 3,25,80,740/- രൂപ അടങ്കലുള്ള വിശദമായ പദ്ധതി റിപ്പോർട്ട് 21/06/2018-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സമിതി അംഗീകരിക്കുകയും അംഗീകാരത്തിനും സാങ്കേതിക അനുമതിയ്ക്കുമായി ശുചിത്വമിഷനിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>3,25,80,740/- രൂപ അടങ്കൽ തുകയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വ്യക്തിയ്ക്ക് ചാർജ്ജ് ഇനത്തിൽ പ്രോജക്ട് കോസ്റ്റിന്റെ 1.5% തുകയാണ് |

| | | | |
|---|---|---|---|
| | | | വരുത്തുവാനും അനധികൃത കശാപ്പുശാലകളുടെ പ്രവർത്തനം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ / ഡയറക്ടർ അർബൺ അഫേഴ്സ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് (19/09/2019 ലെ എബി1/80/2019/ത. സ്വ.ഭവ നം കത്ത്) |
| 2016-17 | 4.6.1 | **അംഗനവാടികൾ - അപര്യാപ്തമായ സൗകര്യങ്ങൾ**<br><br>ശിശുവികസന പരിപാടികളുടെ അടിസ്ഥാന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന അംഗനവാടികളുടെ പുരോഗതിയ്ക്കായി ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ളവ കൃത്യമായി പരിപാലിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്ന അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. വാടകക്കെട്ടിടങ്ങളിലും അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിലും ടോയ്ലെറ്റ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അംഗനവാടികൾ നിരവധിയാണ്. സുരക്ഷിതത്വം ഇല്ലാത്ത ചുറ്റുപാടുകളിലും വൃത്തിഹീനമായ സാഹചര്യങ്ങളിലും നിരവധി അംഗനവാടികൾ പ്രവർത്തിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാറുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാത്ത അവസ്ഥ നിലവിലുണ്ട്. ഇത്തരത്തിൽ ശ്രദ്ധേയമായ ഒരു പരാമർശം ചുവടെ ചേർക്കുന്നു.<br><br>നെടുമ്പന ഗ്രാമപഞ്ചായത്ത്<br><br>നെടുമ്പന ഗ്രാമപഞ്ചായത്തിലുള്ള 48 അംഗനവാടികളിൽ 35 | നെടുമ്പന ഗ്രാമപഞ്ചായത്ത്<br><br>83-ാം നമ്പർ അംഗനവാടി കനകകുന്ന് വാർഡ് 19 അംഗനവാടി ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br><br>97-ാം നമ്പർ അംഗനവാടി, പാലനിരപ്പ്, 3-ാം വാർഡ് 2018-19 സാമ്പത്തിക വർഷം പ്രോജക്ട് വെച്ച് അംഗനവാടി കെട്ടിട നിർമ്മാണം പ്രവർത്തനം നടന്നു വരുന്നു.<br><br>99-ാം നമ്പർ അംഗനവാടി, പുലിയില 5-ാം വാർഡ് അംഗനവാടി ഇപ്പോൾ പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br><br>78-ാം നമ്പർ അംഗനവാടി, ഇടപ്പാൻതോട് 16-ാം വാർഡ് അംഗനവാടിക്ക് ചുറ്റുമതിൽ കെട്ടി ഗേറ്റ് ഇട്ടിട്ടുണ്ട്. കൂടാതെ കിണർ ഗ്രിൽ മറച്ചിട്ടുണ്ട്.<br><br>94-ാം നമ്പർ അംഗനവാടി, ചാലക്കര വാർഡ് നം.13 സ്വന്തമായ അംഗനവാടി |

| | | |
|---|---|---|
| | എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 13 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. തൻവർഷം അംഗനവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കഴിഞ്ഞ വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച കെട്ടിടങ്ങളിൽ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്നവയുമുണ്ട്. ഏതു നിമിഷവും നിലം പൊത്താവുന്ന ടോയ്ലെറ്റ്, അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ, ഈർപ്പം പിടിച്ച് കുതിർന്ന് അപകടസാധ്യതയുള്ള കെട്ടിടങ്ങൾ എന്നിങ്ങനെയാണ് പല അംഗനവാടികളുടെയും അവസ്ഥ, ടെണ്ടർ ചെയ്ത് കരാർ നൽകിയെങ്കിലും പല കെട്ടിടങ്ങളുടെയും പണി മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിച്ചില്ല. പ്രസക്തമായ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• **83-ാം നമ്പർ അംഗനവാടി, കനകക്കുന്ന്, വാർഡ്-18 –** ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിന്റെ മേൽക്കൂരയിലെ ഓടുകൾ പൊട്ടിത്തകർന്ന് മേൽക്കൂര നിലംപൊത്താറായ സ്ഥിതിയിലാണ്. മേൽക്കൂരയ്ക്ക് മുകളിൽ ടാർപ്പോളിൻ വലിച്ച് കെട്ടിയിരിക്കുന്നു. മഴക്കാലത്ത് മുറിക്കുള്ളിൽ വെള്ളം നിറയുന്നതിനാൽ തൊട്ടടുത്ത വീടിന്റെ വരാന്തയിലും മുറ്റത്തും ഇരുന്ന് കുട്ടികൾക്ക് പഠിക്കേണ്ട സ്ഥിതി ഉണ്ടാകുന്നു. അറ്റകുറ്റപ്പണികൾക്ക് പ്രോജക്ട് തയ്യാറാക്കി 2015-ൽ കരാർ വച്ചിട്ടുണ്ടെങ്കിലും ഇതുവരെയും പണി ആരംഭിച്ചിട്ടില്ല.<br>• **97-ാം നമ്പർ അംഗനവാടി, പാലനിരപ്പ്, 3-ാം വാർഡ് –** 2006-ൽ പണികഴിപ്പിച്ച കെട്ടിടത്തിലാണ് നിലവിൽ ഈ അംഗനവാടി പ്രവർത്തിക്കുന്നത്. ഭിത്തി മുഴുവൻ ഈർപ്പം പിടിച്ച് അപകടാവസ്ഥയിലാണ്. റോഡ് നിരപ്പിൽ നിന്ന് താഴേയ്ക്കുള്ള കെട്ടിടത്തിലേയ്ക്കുള്ള റാംപ്. തകർന്ന അവസ്ഥയിലാണ്.<br>• **99-ാം നമ്പർ അംഗനവാടി, പുലിയില 5-ാം വാർഡ് –** ടോയിലറ്റിന്റെ ഭിത്തി മുഴുവൻ പൊട്ടിപ്പിളർന്ന് റൂഫ് സ്ലാബിൽ നിന്ന് വിട്ടു നിൽക്കുന്നു. ഉയരമുള്ള ചുറ്റുമതിൽ അകത്തേയ്ക്ക് ചരിഞ്ഞ് നിലം പതിക്കാറായ അവസ്ഥയിലാണ്. ടെറസിൽ നിന്ന് ഒലിച്ചിറങ്ങുന്ന വെള്ളം അടുക്കളയിൽ കെട്ടിക്കിടക്കുന്നു. | കെട്ടിടത്തിന് മേൽക്കൂര ഷീറ്റ് മേഞ്ഞ് സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ ടോയ്ലറ്റ് സൗകര്യം ഉണ്ട്. അടുത്ത വർഷം പ്രോജക്ട് വെച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതാണ്.<br><br>119-ാം നമ്പർ അംഗനവാടി, പള്ളിമൺ വാർഡ് നം.12 അംഗനവാടി ഇപ്പോൾ പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br><br>77-ാം നമ്പർ അംഗനവാടി, കുണ്ടുമൺ 2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിച്ചു. ഇപ്പോൾ അതിൽ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | • **78-ാം നമ്പർ അംഗനവാടി, ഇടപ്പാൻതോട് 16-ാം വാർഡ്** - ഓടിട്ട പഴക്കമുള്ള അംഗനവാടി കെട്ടിടത്തിന്റെ വാതിലിനോട് ചേർന്ന് മേൽമൂടി ഇല്ലാത്ത ആഴമുള്ള കിണറിന് തറനിരപ്പിൽ നിന്ന് അരമീറ്റർ മാത്രം ഉയരമുള്ള ആൾമറയാണ് ഉള്ളത്, സംസ്ഥാന പാതയോട് ചേർന്നു നിൽക്കുന്ന കെട്ടിടത്തിന് ചുറ്റുമതിലും ഇല്ല.<br>• **94-ാം നമ്പർ അംഗനവാടി, ചാലക്കര വാർഡ് നം.13** - ഓടുമേഞ്ഞ കെട്ടിടത്തിന്റെ മേൽക്കൂര പൊളിഞ്ഞു വീഴാറായ അവസ്ഥയിലാണ്. ടോയിലറ്റ് ഉപയോഗശൂന്യമാണ്. ചുറ്റുമതിലില്ല. കിണറിന് മൂടിയില്ല. മഴക്കാലത്ത് സമീപത്തുള്ള വീട്ടിൽ വച്ച് പഠനം നടത്തേണ്ടി വരുന്നു.<br>• **119-ാം നമ്പർ അംഗനവാടി, പള്ളിമൺ വാർഡ് നം.12**- സ്വന്തം കെട്ടിടം ഇല്ലാത്തതിനാൽ സ്വകാര്യ വ്യക്തിയുടെ അടച്ചുറപ്പില്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br>• **77-ാം നമ്പർ അംഗനവാടി, കുണ്ടുമൺ** - സ്വന്തം കെട്ടിടം വീഴാറായതിനാൽ സ്വകാര്യ വ്യക്തിയുടെ ഷെഡ്ഡിൽ പ്രവർത്തിക്കുന്നു. | |
| 2016-17 | 4.6.5 | **ഇ- സാക്ഷരതാ പദ്ധതി - പരിശീലകരും ടാബുകളും ഉണ്ടെങ്കിലും പരിശീലനം നൽകുന്നില്ല.**<br><br>**കുണ്ടറ ഗ്രാമപഞ്ചായത്ത്**<br><br>കമ്പ്യൂട്ടർ സാക്ഷരത നടപ്പിലാക്കുന്നതിനായി കെൽട്രോണിൽ നിന്നും 14 ടാബുകൾ 1,12,000/- രൂപ ചെലവഴിച്ച് വാങ്ങി. ആയതിൽ 13-ഉം ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ പരിശീലനം നടത്തുകയോ ടാബുകൾ തിരികെ വാങ്ങുകയോ ചെയ്തിട്ടില്ല. പദ്ധതി നാളിതുവരെയും നടപ്പാക്കിയിട്ടില്ല. | **കുണ്ടറ ഗ്രാമപഞ്ചായത്ത്**<br><br>2015-16 വർഷത്തിലെ ബഹു: സർക്കാരിന്റെ 16.10.2015-ലെ 119136/എഫ്എം2/2015തസ്വഭവ നിർദ്ദേശപ്രകാരം പി.എൻ പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പങ്കാളിത്തത്തോട് കൂടിആസൂത്രണം ചെയ്ത 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ഇ-സാക്ഷരതാ പദ്ധതി. പഞ്ചായത്തിൽ നിരക്ഷകരായിട്ടുള്ളവർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോട് ആരംഭിച്ച് പദ്ധതിക്കായി 600000/- രൂപ |

| | | | |
|---|---|---|---|
| | | | വകയിരുത്തുകയും ആയതനുസരിച്ച് കെൽട്രോൺ വഴി 14 ഇലക്ട്രോണിക് ടാബുകൾ വാങ്ങുകയും 16.06.2016–ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 14 വാർഡ് തല ഇൻസ്ട്രക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുള്ളതും പ്രവർത്തനങ്ങൾ വാർഡുകളിൽ നടത്തിയിട്ടുള്ളതുമാണ്<br><br>പ്രാരംഭഘട്ടത്തിൽ പദ്ധതി ഭംഗിയായി നടന്നിരുന്നുവെന്നും എന്നാൽ വേതനം സംബന്ധിച്ചിട്ടുള്ള അനിശ്ചിതത്വം, നെറ്റ് കണക്ഷന്റെ അഭാവം, ടാബുകൾക്കുള്ള റിപ്പയറുകൾ, പ്രോജക്ടിന്റെ മാറി വന്ന സിലബസ്, അടുത്ത് അടുത്ത് വന്ന പഞ്ചായത്ത് നിയമസഭാ തെരഞ്ഞെടുപ്പുകൾ എന്നിവ മൂലം ഈ പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ സാധിച്ചില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കോ-ഓർഡിനേറ്ററുടെയും റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 10.01.2018–ലെ കെഎസ്എ-കെഎൽഎംപി1/1847/18 നമ്പർ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം 14 ടാബുകളും നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ വാങ്ങി സൂക്ഷിച്ചിട്ടുള്ളതുമാണ്. ഈ ടാബുകൾ പഞ്ചായത്തിലെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പഞ്ചായത്ത് സമിതിയുമായി ആലോചിച്ച് ഉടൻ തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 2016–17 | 4.6.10 | **കൃഷി ഭവൻ- പ്ലാന്റ് ഹെൽത്ത് യൂണിറ്റ് – ആവശ്യത്തിന് ഉതകാത്ത കെട്ടിട നിർമ്മാണം**<br><br>**ഇളമാട് ഗ്രാമപഞ്ചായത്ത്**<br><br>• നിലവിലുള്ള കൃഷിഭവന് മുകളിൽ പ്ലാന്റ് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് 2,78,206/- രൂപ വകയിരുത്തി നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയത്.<br>• യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത നിർമ്മാണം അപര്യാപ്തമായതിനാൽ യൂണിറ്റിനായി വാങ്ങിയ യന്ത്രങ്ങളും ഉപകരണങ്ങളും രാസവസ്തുക്കളും കൃഷിഭവനിൽ കൂട്ടിയിട്ടിരിക്കുന്നു. നിലവിൽ പണിത കെട്ടിടത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നില്ല.<br>• കെട്ടിടത്തിന്റെ ഉയരം 2.15 മീറ്റർ മാത്രമായത് അസൗകര്യം സൃഷ്ടിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 41 പ്രകാരം കെട്ടിടത്തിന്റെ മുറിയുടെ ഉയരം 3 മീറ്ററിൽ കുറയരുതെന്ന വ്യവസ്ഥ ലംഘിച്ചു.<br>• നിർമ്മാണത്തിനായി പ്ലാൻ തയ്യാറാക്കിയിട്ടില്ല.<br>• നിർമ്മാണം പ്രയോജനരഹിതമായതിനാൽ ചെലവായ 2,70,845/- രൂപ പാഴായി | **ഇളമാട് ഗ്രാമപഞ്ചായത്ത്**<br><br>കൃഷി ഭവന് മുകളിൽ നിലവിൽ ഉണ്ടായിരുന്ന റൂഫ് ട്രസ്സ് ഇട്ടിരിക്കുന്ന സ്ഥലം കെട്ടി മറച്ച് പ്ലാസ്റ്റർ ചെയ്ത് തറ ടൈലിംഗ് നടത്തി സ്ലാബുകൾ സ്ഥാപിച്ച് പെയിന്റ് ചെയ്ത് പ്ലാന്റ് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് 2015–16–ൽ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങിയത്. ആഡിറ്റിന്റെ ഭാഗമായുള്ള പരിശോധനാ വേളയിൽ പ്രസ്തുത യൂണിറ്റിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ യന്ത്രങ്ങളും ഉപകരണങ്ങളും കൃഷി ആഫീസിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഇതിന് ശേഷം കൃഷി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അതിൽ ക്യാബിനും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുകയും പ്ലാന്റ് 2016–17 സാമ്പത്തിക വർഷം അവസാനത്തോടെ പ്രവർത്തന സജ്ജമാകുകയും ചെയ്തു. ഇളമാട് കൃഷി ആഫീസർ 26.03.2019–ൽ നൽകിയ റിപ്പോർട്ട് പ്രകാരം ക്ലിനിക് ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ക്ലിനിക്കിന്റെ പ്രവർത്തനത്തിനായി ഒരു പെസ്റ്റ് സ്കൗട്ടിനെ കൂടി താൽക്കാലികമായി നിയമിച്ചിട്ടുള്ള വിവരവും കൃഷി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന റൂഫിന് കീഴിൽ പരിമിതമായ തുകയിൽ ഒതുക്കി ചെയ്യേണ്ടി വന്നതിനാലാണ് ആവശ്യമായ ഉയരം ലഭിയ്ക്കാതെ പോയതെന്നും പ്ലാന്റ് നിലവിൽ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും നിലവിലെ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെലവായ തുകയുടെ പരമാവധി പ്രയോജനം ലഭിക്കുന്നത് പരിഗണിച്ച് ടി ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു. |
| 2016–17 | 4.9.2 | **ആസ്തികളുടെ ഉപയോഗം – ലേലം കൊണ്ടവരിൽ നിന്ന് സേവന നികുതി ഈടാക്കുന്നതിന് പര്യാപ്തമായ നടപടിക്രമം വ്യവസ്ഥ ചെയ്തിട്ടില്ല.**<br><br>ii. സേവന നികുതിയായി ഒടുക്കിയത് 33,84,334/– രൂപ<br><br>കടയ്ക്കൽ ഗ്രാമപഞ്ചായത്ത്<br><br>2007–08 മുതൽ 2015–16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ, പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ, ബസ്സ്റ്റാന്റ് മാർക്കറ്റ് എന്നിവയിൽ നിന്നും വാടക, തറവാടക എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകകളിൽ നിന്നും കാലാകാലങ്ങളിൽ സർവ്വീസ് ടാക്സ് ഈടാക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 33,84,334/– രൂപ സർവ്വീസ് ടാക്സ് ഇനത്തിൽ ഒടുക്ക് വരുത്തി. | കടയ്ക്കൽ ഗ്രാമപഞ്ചായത്ത്<br><br>2007–2008 മുതൽ 2013–2014 വർഷം വരെ പഞ്ചായത്ത് സർവ്വീസ് ടാക്സ് ഈടാക്കിയിരുന്നില്ല. 2013–2014 വർഷം മുതൽ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്നും2015 ഡിസംബർ മുതൽ ആഡിറ്റോറിയം വാടകയിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കി വരുന്നു.2017–2018 വർഷം മുതൽ മാർക്കറ്റ്, ബസ് സ്റ്റാൻഡ് , സ്ലോട്ടർ ഹൗസ് എന്നീ ഇനങ്ങളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കുന്നു.അക്കൗണ്ടന്റ് ജനറലിന്റെ . ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2007–2008 മുതൽ 2012–2013 വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികയുടെ അടിസ്ഥാനത്തിൽ കസ്റ്റംസ്,സെൻട്രൽ എക്സൈസ് & സർവ്വീസ് ടാക്സ് വകുപ്പ് നൽകിയ ഡിമാന്റിന്റെ പുറത്ത് പഞ്ചായത്ത് അപ്പീൽ തുകയായ 19,44,726/– രൂപ ബഹു.സർക്കാരിന്റെ 31.01.2013–ലെ 73733/AC3/12/LSGD നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കു വരുത്തുകയാണ് ഉണ്ടായത്. തുടർന്ന് ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്ന് പഞ്ചായത്ത് ഈടാക്കിയ സർവ്വീസ് ടാക്സ് തുക ഒടുക്ക് വരുത്തി വന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | വാർഷിക ധനകാര്യ പത്രികയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളായ പഞ്ചായത്ത് ഓഡിറ്റോറിയം, മാർക്കറ്റ്, ബസ് സ്റ്റാൻഡ്, സ്ലാട്ടർ ഹൗസ് എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനത്തിന്മേലും സർവ്വീസ് ടാക്സ് ഡിമാന്റ് ചെയ്യുകയുണ്ടായി. ഡിമാന്റ് തുക സമയ ബന്ധിതമായി ഒടുക്ക് വരുത്താതിരുന്നാൽ കസ്റ്റംസ്, സെൻട്രൽ എക്സൈസ് & സർവ്വീസ് ടാക്സ് വകുപ്പ് സ്വീകരിക്കുന്ന സങ്കീർണമായ നടപടി ക്രമങ്ങൾ മുൻ നിർത്തിയും വാടക/ലേലം ഒഴിഞ്ഞു പോയവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടും കണക്കിലെടുത്താണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവ് വരുത്തിയത്.<br><br>2013–2014 വർഷം കെട്ടിട വാടകയിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയോടൊപ്പം സർവ്വീസ് ടാക്സ് ഇനത്തിൽ 5,90,729/– രൂപ പിരിച്ചെടുത്തിട്ടുണ്ട്.ആ തുകയിൽ നിന്നുമാണ് 05/08/2014–ൽ 5,67,725/– രൂപ ഒടുക്ക് വരുത്തിയിട്ടുള്ളത്. ബാക്കിയുണ്ടായിരുന്ന കുടിശ്ശിക തുക 23,004/– രൂപ 30/03/2017–ൽ ഒടുക്കിയിട്ടുണ്ട്.<br><br>2014–2015 സാമ്പത്തിക വർഷം 6,73,166/– രൂപ സർവ്വീസ് ടാക്സ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. 19/08/2014–ൽ ഒടുക്കിയ 1,37,368/– രൂപ ഉൾപ്പടെ 6,29,743/– രൂപ അഞ്ചോളം മാസം പല തീയതികളിലായി |

| | | | |
|---|---|---|---|
| | | | അടച്ചിട്ടുണ്ട്.20‌1-15 വർഷത്തെ കുടിശ്ശി തുക ഒടുക്കുന്നത് സംബന്ധിച്ച് അപ്പീ എറണാകുളത്ത് സെൻട്രൽ എക്സൈ ഓഫീസിൽ പരിഗണനയിലാണ്. അപ്പീ തീർപ്പാക്കുന്ന മുറയ്ക്ക് ബാക്കി തുക ഒടുക വരുത്തുന്നതാണ്.<br><br>01/01/2013 മുതൽ 31/03/2014 വരെയുള കുടിശ്ശിക തുക 7,34,515/- രൂപ സെൻട്ര എക്സൈസ് ഓഫീസിൽ നിന്നും നോട്ടീ ലഭിച്ചതിൻ പ്രകാരം ഒടുക്ക് വരുത്തുകയു ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശ പ്രകാരം സെൻട്രൽ എക്സൈസ് അധികൃതരുമായി സംയുക്ത പരിശോധന നടത്തുകയും അതനുസരിച്ച് ടി തുക അഡ്വാൻസായി ഫയൽ ചെയ്യുകയും തുടർന്നുള്ള മാസങ്ങളിൽ ഒടുക്കേണ്ട തുകയിൽ നിന്നും കുറവ് ചെയ്തു വരികയുമാണ്. 2014-2015 ലെ കുടിശ്ശിക 2015-2016 മുതൽ ചരക്ക് സേവന നികുതി നിലവിൽ വന്നതുവരെയുള്ള കുടിശ്ശിക അപ്പീൽ തീർപ്പാക്കുന്ന മുറയ്ക്ക് പരിഹരിച്ച് തീർപ്പാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന വിവരവും അറിയിച്ചുകൊള്ളുന്നു. |
| 2016-17 | അദ്ധ്യായം- 6 | **ആശ്രയ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ പ്രഥമ മുൻഗണന നൽകി നടപ്പാക്കുന്നില്ല**<br><br>**ബി. അർഹരായ ഗുണഭോക്താക്കളും ഫണ്ടും ലഭ്യമായിട്ടും പദ്ധതി ധനവിനിയോഗം സാധ്യമാകാത്ത തദ്ദേശ** | **ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്**<br><br>ആശ്രയപദ്ധതിക്ക് ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പ്രഥമ പരിഗണന നൽകി ഒന്നാംഘട്ട പദ്ധതിയുടെ ഗുണഭോക്താക്കളായവരിൽ ഭൂമിയും വീടും ലഭ്യമാക്കേണ്ട 33 പേർക്കും |

| | | |
|---|---|---|
| | <u>സ്ഥാപനങ്ങളുടെ വിവരം</u><br><br>ആശ്രയ പദ്ധതി നടത്തിപ്പിൽ കാര്യക്ഷമമായി മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാതിരിക്കുന്നത് മേൽപ്പറഞ്ഞവിധം പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ പ്രോജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്താൻ സഹായിക്കൽ തുടങ്ങിയ മുഖ്യ ചുമതലകൾ നിർവ്വഹിക്കേണ്ടത് ജില്ലാ ആസൂത്രണ സമിതിയ്ക്ക് കീഴിലുള്ള ഡി.പി.സി ചെയർപേഴ്സൺ ചെയർപേഴ്സണായും ജില്ലാ കളക്ടർ കൺവീനറുമായുള്ള 15 പേരടങ്ങുന്ന വിദഗ്ദ്ധ സമിതിയാണ്. വിലയിരുത്തൽ സംബന്ധിച്ച വിവരം സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്. എന്നാൽ മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടത്.<br><br>ഉദാഹരണത്തിന്, കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ (2015-16 ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8) 'ആശ്രയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീട് വച്ച് നൽകൽ' എന്ന പദ്ധതിയിലെ അപാകത താഴെചേർക്കുന്നു.<br><br>2009-10-ൽ വാങ്ങിയ 80 സെന്റ് ഭൂമിയിൽ 14 ഗുണഭോക്താക്കൾക്ക് നൽകിയ 42 സെന്റ് (14 3 സെന്റ്) സ്ഥലത്ത് 7 വീടുകൾ നിർമ്മിച്ചെങ്കിലും 2 വീടുകളിൽ മാത്രമാണ് താമസക്കാരുള്ളത്. സ്ഥലം ലഭിച്ചതിൽ 2 പേർ പ്രസ്തുത പ്രദേശം വിട്ടു പോയിട്ടുണ്ട്. അവശേഷിക്കുന്ന 38 സെന്റ് സ്ഥലം അന്യാധീനപ്പെട്ട സ്ഥിതിയിൽ നിലനിൽക്കുന്നു.<br><br>ധനവിനിയോഗം നടത്തിയിട്ടും അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ല എന്നതാണ് മേൽ പദ്ധതിയുടെ നടത്തിപ്പിൽ വ്യക്തമാകുന്നത്. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കി പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖാ | ഇ.എം.എസ്/ലൈഫ് ഭവനപദ്ധതി മുഖേന ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഭൂരഹിതരായ പദ്ധതിയിലെ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2009/10-ൽ വാങ്ങിയ 80 സെന്റ് ഭൂമിയിൽ 14 വീടുകൾ 42 സെന്റ് സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതും, ശേഷിക്കുന്ന 38 സെന്റ് സ്ഥലം 11.12.2018-ലെ 7(3)-ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം ലൈഫ് പദ്ധതിയിലെ ഭൂരഹിത ഭവനരഹിതർക്ക് വേണ്ടി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ആശ്രയ തുടർസേവന പദ്ധതിക്ക് മാത്രം 2017-2020 വരെ കാലയളവിലേക്ക് 5148300/-രൂപ വകയിരുത്തിയിട്ടുണ്ട്. 2009-10 വാർഷിക പദ്ധതിയിൽ വാങ്ങിയ ഭൂമിയുടെ ന്യായവില ഇപ്പോൾ വർദ്ധിച്ചിട്ടുള്ളതിനാലും, ഗ്രാമപഞ്ചായത്തിൽ നിലവിൽ പട്ടയഭൂമി ലഭിക്കുന്നതിന് സാധ്യതയില്ലാത്തതിനാലും സ്ഥലം അന്യാധീനപ്പെട്ടു പോകാതെ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | നിർദ്ദേശ പ്രകാരം നിർവ്വഹിക്കേണ്ടതാണ്. | |
| 2016–17 | അദ്ധ്യായം– 7 | **പട്ടികജാതി/വർഗ്ഗ പദ്ധതികളുടെ അവലോകനം**<br><br>പട്ടികജാതി–പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമായി നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജ സങ്കേതങ്ങൾ, കുടിവെള്ള–കക്കൂസ് സൗകര്യങ്ങൾക്ക് മുൻഗണന, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ഭക്ഷണ വിതരണം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങളിൽ വിഭാവനം ചെയ്ത പൊതു ലക്ഷ്യത്തിനും യുക്തിക്കും നിരക്കാത്ത രീതിയിൽ സബ്സിഡി നൽകുകയെന്ന പരിഗണന മാത്രം വച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചില അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.<br><br>(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലേക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം, പഠനം എന്നിവയ്ക്കും, പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗിനും, പഠനത്തിനും ധനസഹായം ന.കുന്നതിനായി പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 18 വയസ്സിന് താഴെപ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പഠനോപകരണങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസ ഉന്നമനത്തിന് നൽകേണ്ട തുക പലപ്പോഴും ഏതെങ്കിലും ഒരു ആസ്തി വിതരണം മാത്രമായി പരിമിതപ്പെടുത്തി ചെലവഴിച്ചു തീർക്കുന്ന പ്രവണത | **കുണ്ടറ ഗ്രാമപഞ്ചായത്ത്**<br><br>കുണ്ടറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനും 14–ാം വാർഡ് പരിഹാരക്കോട് ലക്ഷം വീട് കോളനിയിൽ നിലവിലുള്ള കിണറിൽ കുടിവെള്ള വിതരണം നടത്തുന്നതിനും തനത് ഫണ്ടായ 22018/- രൂപയും പ്രത്യേക ഘടക പദ്ധതി വികസന ഫണ്ട് തുകയായ 4422610/- രൂപയും ചേർത്ത് ആകെ അടങ്കൽ 4444628/- രൂപ ആകെ അടങ്കലിൽ പദ്ധതി തയ്യാറാക്കി 2015–16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളതും ടി തുക 23.09.2015, 25.09.2015, 03.10.2015 എന്നീ ദിവസങ്ങളിലായി ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും ആണ്.<br><br>നിലവിൽ ടി ആറ് കോളനികളിലെയും കുടിവെള്ള പദ്ധതികൾ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതുപോലെ എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതും 14.08.2017–ൽ നമ്പർ ജി.കെ. റ്റി.1243/15 നമ്പരായി ജില്ലാ ആഫീസ് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും 4255487/- രൂപയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| | നിലനിൽക്കുന്നു. വിദ്യാഭ്യാസ പദ്ധതിക്കുള്ള തുക ഫർണിച്ചർ നൽകൽ മാത്രമായി തീർന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(ബി) മറ്റ് പദ്ധതികൾ നടപ്പിലാക്കിയതിൽ വന്നിട്ടുള്ള സമാന വീഴ്ചകളുടെ വിശദാംശം പട്ടികയായി നൽകുന്നു. | നിലവിൽ ടി ആറ് കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പിനായി ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് ടി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് ഏൽപ്പിച്ച് കൊടുത്തിട്ടുള്ളതും എല്ലാ പദ്ധതികളും കാര്യക്ഷമമായി പ്രവൃത്തിച്ചുവരുകയും ചെയ്യുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

| ഇനം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ആഡിറ്റ് റിപ്പോർട്ട്/വർഷം/ഖണ്ഡിക | തുക | അപാകത | കാരണം |
|---|---|---|---|---|---|
| കുടിവെള്ളം | കുണ്ടറ ഗ്രാമപഞ്ചായത്ത് | 2015-16 /ഖ.3.2 | 4444628 | ജലലഭ്യത ഉറപ്പാക്കാതെ കുഴൽകിണർ നിർമ്മിച്ചു. ജലവിതരണം സജ്ജമായിട്ടില്ല | സബ്സിഡി മാർഗ്ഗരേഖ 9.3(ix) ന് പ്രഥമ മുൻഗണന നൽകി പദ്ധതി നടപ്പാക്കിയില്ല. |
| ആരോഗ്യം | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 2014-15 /ഖ.3.4 | 279520 | പട്ടികവർഗ്ഗ കോളനികളിൽ വിതര | പദ്ധതി മാർഗ്ഗരേഖ അനുബന്ധം |

| കുടിവെള്ള പദ്ധതിയുടെ പേര് | ഗുണഭോക്തൃ സമിതി രൂപീകരിച്ച തീയതി | ഹൗസ് കണക്ഷൻ നൽകിയ ടാപ്പുകളുടെ എണ്ണം |
|---|---|---|
| തെറ്റിക്കുന്ന് ലക്ഷം വീട് കുടിവെള്ള പദ്ധതി | 02.09.2016 | 21 |
| പ്ലാച്ചിമുക്ക് കുടിവെള്ള പദ്ധതി | 10.05.2017 | 30 |
| മായംകോട് കുടിവെള്ള പദ്ധതി | 23.10.2016 | 45 |
| പരിഹാരക്കോട് കുടിവെള്ള പദ്ധതി | 06.11.2016 | 28 |

| | | | | | |
|---|---|---|---|---|---|
| | | | | ണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1000/- രൂപയിൽ അധികമുള്ള തുക പണമായി നൽകി | 1 ക്രമ.നം.10, അനുബന്ധം 13 ക്രമ.നം 2.1-ന് വിരുദ്ധമായി പദ്ധതി നടപ്പാക്കി. |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നതിന് തെളിവാണ് മേൽ പരാമർശങ്ങൾ. ഈ വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ നിർബന്ധിത വകയിരുത്തലും ധനവിനിയോഗവും പൂർണ്ണമായും ഉറപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുമ്പോൾ നിർദ്ദിഷ്ട വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

| | | |
|---|---|---|
| കട്ടകശ്ശേരി കുടിവെള്ള പദ്ധതി | 09.11.2016 | 19 |
| പുതുവീട് ലക്ഷം വീട് കുടിവെള്ള പദ്ധതി | 21.11.2011 | 38 |

<u>പിറവന്തൂർ ഗ്രാമപഞ്ചായത്ത്</u>

2016/2017 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് പരാമർശ വിഷയമായ അദ്ധ്യായം-7- സർക്കാർ ഉത്തരവ് മറികടന്ന് ഭക്ഷണ വിതരണം -279520/-രൂപ നിരാകരിക്കുന്നു എന്ന പരാമർശം ഭരണസമിതി പരിശോധിച്ചു. പിറവന്തൂർ ഗ്രാമ പഞ്ചായത്തിലെ മുള്ളുമല, കുര്യോട്ടുമല, കിഴക്കേ വെള്ളം തെറ്റി എന്നീ പട്ടികവർഗ്ഗ കോളനികളിലെ കൊടിയ ദാരിദ്ര്യവും അവശതയും അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഭക്ഷണവിതരണം നടത്തിയത്. ടി കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളിലെ കുട്ടികളിലും സ്ത്രീകളിലും പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന വിളർച്ചയും അനുബന്ധരോഗങ്ങളും കൂടുതലായി ഉണ്ടായിരുന്നു എന്ന് ഭരണസമിതിയ്ക്ക് ഉത്തമബോധ്യമുള്ളതാണ്. ടി പ്രശ്നം സംബന്ധിച്ച് വാർത്താ മാധ്യമങ്ങളിൽ വാർത്തകൾ വരികയും ചെയ്തിരുന്നു. ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഒരു വിഭാഗത്തിനുണ്ടായ ദുരവസ്ഥക്ക് ഒരു പരിഹാരം കാണുക എന്നുള്ള ലക്ഷ്യം മുൻ നിർത്തിയാണ് ഇത്തരത്തിലൊരു പദ്ധതി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്നതെന്ന് ഭരണ സമിതി

| | | |
|---|---|---|
| | | വിലയിരുത്തി. പുറംലോകവുമായി ഒറ്റപ്പെട്ടു കഴിയുകയായിരുന്ന കോളനിവാസികളുടെ ആരോഗ്യപരമായ മെച്ചപ്പെടൽ ഈ പ്രോജക്ട് നടപ്പിലാക്കുക വഴി സാധ്യമായിട്ടുണ്ടെന്ന് ഭരണ സമിതി ഒന്നടങ്കം അഭിപ്രായപ്പെട്ടു. തികച്ചും സുതാര്യവും മാതൃകാപരവുമായാണ് ഇതിന്റെ നിർവ്വഹണം നടത്തിയിട്ടുള്ളത്. കാട്ടുമൃഗങ്ങളുടെ ശല്യം മൂലം കൃഷി ചെയ്യുന്നതിന് കന്നുകാലികളെയോ കോഴികളെയോ വളർത്തുന്നതിനുള്ള സാഹചര്യം ഇല്ലാത്തതിനാൽ അത്തരം പദ്ധതികൾ ടി കോളനികളിൽ നടപ്പിലാക്കുക പ്രയാസകരമായിരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിന്റെ ഫലമായി വനമേഖലയിലെ കോളനികളിലെ ആബാലവൃദ്ധം ജനങ്ങൾക്കും പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാകുകയും പോഷകാഹാര കുറവ് മൂലമുള്ള മാരകമായ രോഗങ്ങൾക്ക് അറുതിവരികയും ചെയ്തിട്ടുണ്ട്. ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽ നിന്നും വിഭിന്നമായി പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തായതിനാലും കോളനിയിലെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച പദ്ധതിയായതിനാലും പദ്ധതി നടത്തിപ്പിന് ശേഷം ഗുണഭോക്താക്കളുടെ ജീവിത ആരോഗ്യ നിലവാരം വളരെയധികം മെച്ചപ്പെട്ടതിനാലും 279520/- രൂപയുടെ നിരാകരിക്കൽ ഒഴിവാക്കി തരണമെന്ന് കേരളാ ഓഡിറ്റ് വകുപ്പ് അധികാരികളോട് അഭ്യർത്ഥിക്കുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)

| ക്രമ. നം | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| | 1 | <u>തുടർ പ്രവർത്തനമില്ല - പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു.</u><br>ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർ പ്രവർത്തനമില്ലാതെ പാഴാവുന്നു.<br>ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം വ്യവസായ പാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ്സ്റ്റാന്റ് വികസനം, വ്യാപാര സമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. കൊല്ലം ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 2472860/- രൂപ ചെലവഴിച്ചിട്ടുണ്ട്. 97-98 മുതൽ 2001-2002 വരെ ഏറ്റെടുത്തതാണ് ഇത്.<br>ജില്ല — തുക<br>കൊല്ലം — 2472860 | കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമികൾ വിവിധ പദ്ധതികൾക്കായി ഉപയുക്തമാക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമായിട്ടുണ്ട്. |
| | 2. | <u>നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല: പദ്ധതി വിഹിതം 18.19 കോടി വിവിധ സ്ഥാപനങ്ങളിൽ .</u><br>സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപിച്ച പദ്ധതി വിഹിതം നിക്ഷേപമായി തുടരുന്നു. കൊല്ലം ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 410015 രൂപ ഭവന നിർമ്മാണ ബോർഡ്, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ | കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ, വിവിധ സ്ഥാപനങ്ങളിൽ, പദ്ധതി പൂർത്തീകരണത്തിനായി നിക്ഷേപിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ, നിലവിൽ തുകകൾ ഒന്നും തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നില്ലെന്ന വിവരം ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | നിക്ഷേപിച്ചിട്ടുണ്ട്. 2001-2002 ന് മുമ്പ് നിക്ഷേപിച്ചതാണ് ഇത്.<br>ജില്ല \| തുക<br>കൊല്ലം \| 410016 | |
| | 3. | **<u>തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി: പദ്ധതി വിഹിതം 4.02 കോടി നഷ്ടം</u>**<br>തൊഴിലും വ്യവസായ വികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപന ചെലവ് കോടികൾ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് കൊല്ലം ജില്ലയിൽ 6527520/- രൂപയാണ്.<br>ജില്ല \| തുക<br>കൊല്ലം \| 6527520 | കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി വിഹിതം ചെലവഴിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയി ഒന്നും തന്നെ നിലവിലില്ലെന്ന വിവരം ലഭ്യമായിട്ടുണ്ട്. |
| * | 3 | **<u>കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം – നേടിയില്ല</u>**<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ കാർഷിക യന്ത്രവൽക്കരണ പദ്ധതികൾ ലക്ഷ്യം കണ്ടില്ല. കൊല്ലം ജില്ലയിൽ ഇതിന് ചെലവഴിച്ച 4928521/- രൂപ പാഴായി.<br>കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതോതിൽ കാർഷിക യന്ത്രങ്ങൾ വാങ്ങിയത്. അംഗീകൃത പദ്ധതികളിൽ ചിലതിലെങ്കിലും ഗുണമേന്മ വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇവ പിരിക്കാതെ ഭൂരിഭാഗം പദ്ധതികളും പദ്ധതി വിഹിതത്തിലാണ് നടപ്പാക്കിയത്.<br>കാർഷിക യന്ത്രവത്ക്കരണ പദ്ധതികളിൽ പാളിച്ച സംഭവിക്കാൻ പ്രധാന കാരണം കൃഷിയിടങ്ങൾക്കും കൃഷി രീതിയ്ക്കും അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങാതിരുന്നതും | **<u>1.കരവാളൂർ ഗ്രാമപഞ്ചായത്ത്</u>**<br>കരവാളൂർ ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള കാർഷിക യന്ത്രങ്ങൾ എല്ലാം തന്നെ പ്രവർത്തനക്ഷമവും ഇവയുടെ ഉടമസ്ഥതയും പ്രവർത്തനവും പാടശേഖര സമിതി പോലെയുള്ള കാർഷിക കൂട്ടായ്മയുടെ മേൽനോട്ടത്തിലാണെന്നും ഇതു മൂലം പഞ്ചായത്തിനോ ബഹു. സർക്കാരിനോ യാതൊരു നഷ്ടവും വന്നിട്ടില്ലാത്തതാണ്. മേലിലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം യന്ത്രങ്ങൾ വാങ്ങുമ്പോൾ അവയുടെ പ്രവർത്തനവും ഉടമസ്ഥതയും പാടശേഖരം പോലെയുള്ള ജനകീയ സമിതികളെ ഏൽപ്പിക്കുന്നതാണ്.<br>**<u>2.ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്</u>**<br>ഈ കാലയളവിൽ ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക യന്ത്രങ്ങൾ ഒന്നും വാങ്ങിയിരുന്നില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു.<br>**<u>3.പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്</u>**<br>പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ |

| | | | |
|---|---|---|---|
| | | യന്ത്രങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ജനകീയ സമിതികളെ ഏൽപ്പിക്കാതിരുന്നതും മോണിറ്ററിംഗ് സംവിധാനം പാഴായതുമാണ്. | ഉന്നമനം ലക്ഷ്യമിട്ട് ട്രാക്റ്റർ, പവർ ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രം എന്നിവ വിവിധ വാർഷിക പദ്ധതിയിൽ വാങ്ങിയിരുന്നു. ടി യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് കൈമാറുകയും ചെയ്തിരുന്നു. ടി യന്ത്രങ്ങളിൽ ഇപ്പോഴും ഗ്രാമപഞ്ചായത്തിലെ 4 പാടശേഖര സമിതികൾ വഴി ഉപയോഗിക്കുന്നുണ്ട്. അതിന്റെ അറ്റകുറ്റപണി സമിതികൾ നിർവ്വഹിക്കുന്നുണ്ട്. ടി യന്ത്രങ്ങളുടെ പ്രവർത്തനം ഉപയോഗം എന്നിവ ഗ്രാമപഞ്ചായത്തിലെ കാർഷിക സമിതി കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുണ്ട്.<br><br>**<u>4.തഴവ ഗ്രാമപഞ്ചായത്ത്</u>**<br>തഴവ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന നെൽ കൃഷിയിടങ്ങളിൽ യന്ത്രവത്കൃത കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിച്ച് നെൽകൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് വാങ്ങി തഴവ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനു കൈമാറിയതാണ് കൊയ്ത്ത് യന്ത്രം. ടി യന്ത്രം പാടശേഖരസസമിതിക്ക് കൃഷിഭവൻ മുഖേന കൈമാറുകയും ചെയ്തിരുന്നു. ടി യന്ത്രങ്ങൾ പാടശേഖര സമിതി ഉപയോഗിച്ച് വരികയുമായിരുന്നു. ഇതിന്റെ അറ്റകുറ്റപ്പണികൾ പാടശേഖരസമിതി നടത്തിയിരുന്നതുമാണ്. എന്നാൽ ഈ യന്ത്രം കാലപ്പഴക്കംമൂലം അറ്റകുറ്റപ്പണി നടത്തി നന്നാക്കാൻ കഴിയാത്ത വിധം കേടായിപ്പോയി എന്ന് കൃഷി ഓഫീസർ അറിയിച്ചത് പ്രകാരം ആയതു ലേലം ചെയ്ത് വിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>5.എഴുകോൺ ഗ്രാമപഞ്ചായത്ത്</u>**<br>എഴുകോൺ ഗ്രാമപഞ്ചായത്തിൽ വാങ്ങിയ കാർഷികോപകരണങ്ങൾ കൃഷി ആഫീസിന് കൈമാറുകയും ടി കാർഷിക ഉപകരണങ്ങൾ പാടശേഖര സമിതി വഴി നൽകിയിട്ടുള്ളതും കാലപ്പഴക്കം മൂലം നിലവിൽ തുരുമ്പെടുത്ത് ഉപയോഗശൂന്യമായ നിലയിലുമാണ്.<br><br>**<u>6.വിളക്കുടി ഗ്രാമപഞ്ചായത്ത്</u>**<br>പരാമർശിക്കപ്പെട്ട കാലയളവിൽ വിളക്കുടി ഗ്രാമപഞ്ചായത്ത് കാർഷിക പദ്ധതികൾക്കായി യന്ത്രോപകരണങ്ങൾ വാങ്ങിയിട്ടില്ലെന്ന വിവരം സമർപ്പിക്കുന്നു. ടി കാലയളവിൽ നടപ്പാക്കിയ പദ്ധതിയായ സമഗ്ര നെൽകൃഷി വികസനത്തിൽ |

വിത്ത്, വളം സബ്സിഡിയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം കൂടി ബോധിപ്പിക്കുന്നു.

**7.പേരയം ഗ്രാമപഞ്ചായത്ത്**

2004–05 സാമ്പത്തിക വർഷം പേരയം ഗ്രാമപഞ്ചായത്തിൽ കാർഷികോപകരണങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. കൃഷിയിടങ്ങൾക്കും കൃഷി രീതിയ്ക്കും അനുയോജ്യമാകുന്ന വിധത്തിൽ കാർഷികോപകരണങ്ങൾ കണ്ടെത്തി ആയത് തുടർ വർഷങ്ങളിൽ പ്രോജക്ട് വച്ച് വാങ്ങുന്നതായിരിക്കും എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

**8.വെട്ടിക്കവല ഗ്രാമപഞ്ചായത്ത്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2004–05 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2–3 ന് " കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല " വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ നിന്ന് ഹാജരാക്കിയ രേഖകൾ അംഗീകരിച്ച് പരാമർശം. ഒഴിവാക്കിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്ത്കൊള്ളുന്നു.

**9.കുളക്കട ഗ്രാമപഞ്ചായത്ത്**

കുളക്കട ഗ്രാമപഞ്ചായത്തിൽ ആഡിറ്റ് പരാമർശ കാലയളവിൽ പ്ലാൻ ഫണ്ട്/ തനത് ഫണ്ട് വിഹിതം വകയിരുത്തി കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടില്ലാത്തതാണ് ആയതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി അപേക്ഷിക്കുന്നു.

**10.വെളിയം ഗ്രാമപഞ്ചായത്ത്**

2004–06 വർഷം ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതമുപയോഗിച്ച് വാങ്ങിയ നടീൽ യന്ത്രം, കൊയ്ത്ത്മെതി യന്ത്രം, ട്രില്ലർ എന്നിവ പാട ശേഖരസമിതിക്ക് കൈമാറുകയും ആയത് 10 വർഷത്തോളം ഉപയോഗിക്കുകയും ചെയ്തു. ടില്ലർ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. നടീൽ യന്ത്രം, കൊയ്ത്ത്മെതി യന്ത്രം എന്നിവ റിപ്പയർ ആവശ്യമുള്ളതിനാൽ ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. ആയത് പ്രവർത്തന ക്ഷമമാക്കി കാർഷിക കർമ്മസേനയ്ക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**11.മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ കാർഷിക യന്ത്രവത്ക്കരണ പദ്ധതിയിൽപ്പെടുത്തി മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിൽ കാർഷിക യന്ത്രോപകരണങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. ആയതിനാൽ ആഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**12.പുതക്കുളം ഗ്രാമപഞ്ചായത്ത്**

പുതക്കുളം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസ് മുഖേന വാങ്ങിയ കാർഷിക യന്ത്രങ്ങൾ പാടശേഖര സമിതിക്ക് കൈമാറി. കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിച്ചും കൃത്യമായി പരിപാലിച്ചും വരുന്നുണ്ട്. യന്ത്രങ്ങൾ ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകുന്നു. വാടക തുക പാടശേഖര സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഈ തുക യന്ത്രങ്ങളുടെ മെയിന്റനൻസിനും കാർഷിക പ്രവർത്തികൾക്കുമായി ഉപയോഗിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയും കൃഷി ഭവനും ആയത് മോണിറ്റർ ചെയ്യുന്നുണ്ട്.

**13.നിലമേൽ ഗ്രാമപഞ്ചായത്ത്**

നിലമേൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച കാർഷിക യന്ത്രോപകരണങ്ങളെല്ലാം ഗ്രാമപഞ്ചായത്ത് പരിധിയിലെ പാടശേഖര സമിതികൾക്ക് കൈമാറിയിട്ടുള്ളതും അവ പാടശേഖരസമിതികൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നതുമാണ്.

**14.പെരിനാട് ഗ്രാമപഞ്ചായത്ത്**

പെരിനാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതം അടച്ച് നടപ്പിലാക്കിയ കാർഷിക യന്ത്രോപകരണങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഉപകരണങ്ങളുടെ സൂക്ഷിപ്പ് അതാത് സമിതികൾ

ഉപകരണങ്ങളുടെ സൂക്ഷിപ്പ് അതാത് സമിതികൾ ഏറ്റെടുത്താണ് പ്രവർത്തിപ്പിക്കുന്നത്. പാടശേഖരസമിതിയുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട രീതിയിലുള്ള കാർഷിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

15.മൈലം ഗ്രാമപഞ്ചായത്ത്

2003-04 വർഷം മൈലം ഗ്രാമപഞ്ചായത്ത് കൃഷി ഭവൻ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ട്രാക്ടർ വാങ്ങിയിട്ടുള്ളതും ആയത് പാടശേഖര സമിതിക്ക് കൈമാറി നൽകിയിട്ടുള്ളതുമാണ്. യന്ത്രത്തിന്റെ പ്രവർത്തനങ്ങൾ പാടശേഖര സമിതി മുഖേന നടത്തുന്നുണ്ട്. കൃഷി ഓഫീസർ കൺവീനറായ സമിതി പാടശേഖരസമിതിയുടെ പ്രവർത്തനം മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നുണ്ട് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

16.കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്റെ 1997/98 വർഷത്തെ സംയോജിത നെൽകൃഷി വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പവർ ട്രില്ലർ വാങ്ങിയതിനും 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മെതിയന്ത്രം വാങ്ങിയതിലും വാങ്ങിയതിന്റെയോ ഉപയോഗപ്പെടുത്തിയതിന്റെയോ രേഖകൾ ലഭ്യമല്ല എന്നത് സംബന്ധിച്ച് ഓഡിറ്റ് തടസ്സത്തിന് അന്നത്തെ പാടശേഖര സമിതി സെക്രട്ടറിയായിരുന്ന മറ്റത്ത് രാജൻ എന്നവരിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഉത്തരവ് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിലെ ഇതുസംബന്ധിച്ച WP(C)13501/17 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ 15/10/2018-ൽ വസ്തുതാവിവരണ പത്രിക സമർപ്പിച്ചിട്ടുള്ളതാണെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

17. പന്മന ഗ്രാമപഞ്ചായത്ത്

പന്മന കൃഷിഭവൻ മുഖേന നടപ്പിലാക്കിയ യന്ത്രവൽകൃത

| | | | |
|---|---|---|---|
| | | | പ്രോജക്ടുകൾ പ്രകാരം വാങ്ങിയ യന്ത്രങ്ങൾ പാടശേഖരസമിതികൾക്ക് കൈമാറുകയും കൃഷി ഓഫീസർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി യന്ത്രങ്ങളുടെ ഉപയോഗത്തിന് മേൽനോട്ടം വഹിക്കുകയും പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>**18. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**<br><br>കടയ്ക്കൽ ഗ്രാമപഞ്ചായത്ത് കാർഷിക യന്ത്രവത്ക്കരണ പദ്ധതികൾ ഗുണഭോക്തൃ വിഹിതം പിരിച്ച് പാടശേഖരസമിതികൾ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയിടങ്ങൾക്കും കൃഷി രീതികൾക്കും അനുയോജ്യമായ യന്ത്രങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. പാടശേഖര സമിതികൾക്കാണ് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ കാർഷിക യന്ത്രവത്ക്കരണം പൂർണ്ണ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.<br><br>**19. നീണ്ടകര ഗ്രാമപഞ്ചായത്ത്**<br><br>നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മണ്ണ് ലവണാംശം ഉള്ളതായതിനാൽ കൃഷിയ്ക്ക് പൂർണ്ണമായും അനുയോജ്യമല്ല. ആയത് കാരണം ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ഒടുക്കി ആനുകൂല്യം കൈപ്പറ്റുവാൻ തയ്യാറാകുന്നില്ല. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മത്സ്യ, അനുബന്ധ മത്സ്യതൊഴിലുമായി ബന്ധപ്പെട്ട വിവിധ ജോലികളിൽ ഏർപ്പെടുന്നവരാണ് എന്നതിനാൽ എല്ലാവർക്കും കാർഷിക വൃത്തിയിൽ താല്പര്യമില്ല. ആയതിനാൽ നീണ്ടകര ഗ്രാമപഞ്ചായത്ത് കാർഷിക യന്ത്രവൽക്കരണപദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.<br><br>**20. പനയം ഗ്രാമപഞ്ചായത്ത്**<br><br>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004–05ലെ സമാഹൃത റിപ്പോർട്ടിൽ കാർഷിക യന്ത്രവത്ക്കരണ പദ്ധതി ലക്ഷ്യം കാണാത്തത് സംബന്ധിച്ച് പനയം |
| | | | |
| | | | |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിനെപറ്റി പരാമർശമൊന്നുമില്ലെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>**<u>21. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന് 2003-04 വർഷത്തിൽ കാർഷിക യന്ത്രവത്ക്കരണ പദ്ധതികൾ ഇല്ലാതിരുന്നതും തുടർന്നുള്ള 2007-08, 2011-12 വർഷങ്ങളിൽ കാർഷികയന്ത്രവൽക്കരണം പദ്ധതികൾ നടപ്പിലാക്കി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുള്ളതുമാണ്.<br><br>**<u>22. ആലപ്പാട് ഗ്രാമപഞ്ചായത്ത്</u>**<br><br>ആലപ്പാട് ഗ്രാമപഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്.പടിഞ്ഞാറ് അറബിക്കടലും കിഴക്ക് റ്റി എസ് കനാലും,റിബൺ പോലെയുള്ള 16 വാർഡുകൾ സ്ഥിതിചെയ്യുന്നു.ഐ ആർ ഇ, കെ എം എം എൽ മൈനിംഗ് ഏരിയ ഉൾപ്പെടുന്ന പഞ്ചായത്ത്.മുഖ്യ ഉപജീവന മാർഗ്ഗം മത്സ്യമേഖലയുമായി ബന്ധപ്പെട്ടാണ്. ആലപ്പാട് ഗ്രാമപഞ്ചായത്തിൽ പാടശേഖരങ്ങളോ യന്ത്രവത്കൃതകൃഷിയ്ക്ക് അനുയോജ്യമായ കൃഷി സ്ഥലങ്ങളോ ഇല്ല.ആയതിനാൽ കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയിരുന്നില്ല.<br><br>**<u>23. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br><br>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടിയും ഉൽപ്പാദനചിലവ് കുറച്ച് കാർഷിക മേഖലയ്ക്ക് ഉണർവ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഹിതത്തിലൂടെ പഞ്ചായത്ത് ഒരു ട്രാക്ടർ വാങ്ങിയത്. നിലവിൽ ഇത് പാടശേഖര സമിതിയുടെ കൈവശമാണ് .എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിലുള്ളതിനാൽ ഫയലുകൾ വിജിലൻസിന്റെ കൈവശമാണ്.കാർഷിക യന്ത്രവത്കരണ പദ്ധതിയിലുണ്ടായ പിഴവുകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

കൈവശമാണ്.കാർഷിക യന്ത്രവത്കരണ പദ്ധതിയിലുണ്ടായ പിഴവുകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**24. ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ട്രാക്റ്റർ, പവർ ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രം എന്നിവ വിവിധ വാർഷിക പദ്ധതിയിൽ വാങ്ങിയിരുന്നു.ടി യന്ത്രങ്ങൾ പടശേഖരസമിതികൾക്ക് കൈമാറുകയും ചെയ്തിരുന്നു.ടി യന്ത്രങ്ങൾ ഇപ്പോഴും ഗ്രാമപഞ്ചായത്തിലെ നാല് പാടശേഖരസമിതികൾ വഴി ഉപയോഗിക്കുന്നുണ്ട്.അതിന്റെ അറ്റകുറ്റപണി സമിതികൾ നിർവ്വഹിക്കുന്നുണ്ട്.ടി യന്ത്രങ്ങളുടെ പ്രവർത്തനം ,ഉപയോഗം എന്നിവ ഗ്രാമപഞ്ചാത്തിലെ കാർഷിക സമിതി കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുണ്ട്.

**25. തൃക്കരുവ ഗ്രാമപഞ്ചായത്ത്**

2000-2001 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാക്ടർ വാങ്ങുകയും പാടശേഖരസമിതികൾ വഴി ആയത് പരമാവധി ഉപയോഗിക്കുകയും, തുടർന്ന് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം വന്നതും 2016 മുതൽ കൃഷി ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. 15 വർഷക്കാലം പഞ്ചായത്തിന്റെ കാർഷിക അഭിവൃദ്ധിക്ക് ടി ട്രാക്ടർ പ്രയോജനം ചെയ്തിട്ടുണ്ട്. വളരെ പ്രയോജനപ്രദമായ ഒരു പദ്ധതിയായിരുന്നു.

**26. പോരുവഴി ഗ്രാമപഞ്ചായത്ത്**

പോരുവഴി ഗ്രാമപഞ്ചായത്തിൽ 2004-05 കാലയളവിൽ കാർഷികയന്ത്രവത്ക്കരണ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

**27. ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് പുട്ട്, മെതി യന്ത്രങ്ങൾ പദ്ധതി പണം ഉപയോഗിച്ച് വാങ്ങുകയും പ്രസ്തുത യന്ത്രങ്ങൾ

പരാമർശങ്ങൾ ഒന്നും തന്നെ 2004-2005 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകളിലോ സമാഹൃത റിപ്പോർട്ടുകളിലോ പരാമർശിക്കപ്പെട്ടിരുന്നില്ല. ആയതിനാൽ ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

**28. കൊറ്റങ്കര ഗ്രാമപഞ്ചായത്ത്**

. കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 2003-04, 2004-05 വർഷങ്ങളിൽ കാർഷിക യന്ത്രങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ ഒന്നുംതന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.. തുടർന്ന് 2008 മുതൽ കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിനായി കർഷകർക്കും പാടശേഖര സമിതികൾക്കും മെതിയന്ത്രം, ട്രാക്ടർ, ട്രില്ലർ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളതും ആയതിന്റെ ഫലമായി ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുള്ളതും, കാർഷിക മേഖലയിലും അതുമായി ബന്ധപ്പെട്ടുള്ള മറ്റ് മേഖലകളിലും അഭിവൃദ്ധി ഉണ്ടായിട്ടുള്ളതുമാണ്.

**29. മയ്യനാട് ഗ്രാമപഞ്ചായത്ത്**

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടി പ്രത്യേക പരിഗണന നൽകിയാണ് ഗ്രാമപഞ്ചായത്ത് കാർഷിക യന്ത്രങ്ങൾ വാങ്ങിയത്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രമഫലമായി വിവിധ പദ്ധതികളിൽ ബാക്കി വന്ന തുക ഉപയോഗിച്ച് അംഗീകരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ട്രാക്ടറും ഒരു കൊയ്ത്ത് മെതി യന്ത്രവും വാങ്ങിയത്. തൻനിമിത്തം 2008-2009 വർഷം മുതൽ ഉമയനല്ലൂർ ഏലായുടെ 80 ശതമാനം ഭാഗത്ത് കൃഷി ഇറക്കാൻ കഴിഞ്ഞു. നിലവിൽ യന്ത്രങ്ങളുടെ പ്രവർത്തനവും മോണിട്ടറിംഗും പാടശേഖര സമിതിയെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ ഉമയനല്ലൂർ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിൽ പ്രസിഡന്റിന്റെയും കൃഷി ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് കൊടുത്ത ഇനത്തിൽ ഉദ്ദേശം 7 ലക്ഷത്തോളം രൂപ വരവ് വന്നിട്ടുള്ളതും പദ്ധതി 100 ശതമാനം വിജയം

കൈവരിച്ചിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

## 30. പുയപ്പള്ളി ഗ്രാമപഞ്ചായത്ത്

പുയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ടി കാലയളവിൽ കാർഷിക മേഖലയിൽ ഉൾപ്പെടുത്തി കാർഷിക ഉപകരണങ്ങൾ ഒന്നും വാങ്ങിയിട്ടില്ലെന്നും ടി ഇനത്തിൽ ആഡിറ്റ് പരാമർശ പ്രകാരമുള്ള ധനനഷ്ടം ഒന്നും സംഭവിച്ചിട്ടില്ലെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

## 31. പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ട്രാക്ടർ, പവർ ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രം എന്നിവ വിവിധ വാർഷിക പദ്ധതിയിൽ വാങ്ങിയിരുന്നു. ടി യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് കൈമാറുകയും ചെയ്തിരുന്നു. ടി യന്ത്രങ്ങൾ ഇപ്പോഴും ഗ്രാമപഞ്ചായത്തിലെ 4 പാടശേഖര സമിതികൾ വഴി ഉപയോഗിക്കുന്നുണ്ട്. അതിന്റെ അറ്റകുറ്റപ്പണി സമിതി നിർവ്വഹിക്കുന്നുണ്ട്. ടി യന്ത്രങ്ങളുടെ പ്രവർത്തനം ഉപയോഗം എന്നിവ ഗ്രാമപഞ്ചായത്തിലെ കാർഷിക സമിതി കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുണ്ട്.

## 32. വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം 1997–98 കാലയളവിൽ 3.6 ലക്ഷം രൂപ ചെലവിട്ട് കാർഷിക യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ട്രാക്ടർ വാങ്ങിയിരുന്നു. വികസന ഫണ്ട് ഉപയോഗിച്ചാണ് യന്ത്രം വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു. ടി യന്ത്രം തുടർന്നുള്ള വിവിധ വർഷങ്ങളിലെ ഉൽപ്പാദന മേഖലയിലെ പ്രോജക്ടുകൾക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ളതാണ്. അനേക വർഷത്തെ ഉപയോഗത്തിന് ശേഷം ഉപയോഗ ശൂന്യമായപ്പോൾ ടി യന്ത്രം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതായും കാണുന്നു. തുടർന്നുള്ള വർഷങ്ങളിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കാർഷിക യന്ത്രവത്ക്കരണ മേഖലയിൽ തുക വിനിയോഗിച്ചിട്ടില്ല. എന്നാൽ കാർഷിക മേഖലയിലെ മുരടിപ്പ് ഒഴിവാക്കുന്നതിന് ഹരിതകർമ്മസേനകൾ രൂപീകരിച്ച്

പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

33. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസ് മുഖേന വാങ്ങിയ കാർഷിക യന്ത്രങ്ങൾ പാടശേഖര സമിതിക്ക് കൈമാറി. കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിച്ചും കൃത്യമായി പരിപാലിച്ചും വരുന്നുണ്ട്. യന്ത്രങ്ങൾ ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകുന്നു. വാടക തുക പാടശേഖര സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഈ തുക യന്ത്രങ്ങളുടെ മെയിന്റനൻസിനും കാർഷിക പ്രവർത്തികൾക്കുമായി ഉപയോഗിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയും കൃഷി ഭവനും ആയത് മോണിറ്റർ ചെയ്യുന്നുണ്ട്.

34. ഓച്ചിറ ഗ്രാമപഞ്ചായത്ത്

ഓച്ചിറ ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ട്രാക്ടർ, പവർ ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രം എന്നിവ വിവിധ വാർഷിക പദ്ധതികളിൽ വാങ്ങിയിരുന്നു. ടി യന്ത്രങ്ങൾ പാടശേഖരസമിതികൾക്ക് കൈമാറുകയും ചെയ്തിരുന്നു. ടി യന്ത്രങ്ങൾ ഇപ്പോൾ ഗ്രാമപഞ്ചായത്തിലെ പാടശേഖരസമിതികൾ വഴി ഉപയോഗിക്കുന്നുണ്ട്. അതിന്റെ അറ്റകുറ്റപ്പണി ടി സമിതികൾ നിർവ്വഹിക്കുന്നുമുണ്ട്. ടി യന്ത്രങ്ങളുടെ പ്രവർത്തനം ഉപയോഗം എന്നിവ ഗ്രാമപഞ്ചായത്തിലെ കാർഷിക സമിതി കൃത്യമായി മോണിറ്ററിംഗ് നടത്തി വരുന്നു.

35. ആര്യങ്കാവിൽവട്ടം ഗ്രാമപഞ്ചായത്ത്

കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി വാങ്ങിയ കാർഷിക യന്ത്രങ്ങൾ പാടശേഖര സമിതികൾക്കാണ് നൽകിയിട്ടുള്ളത്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഗുണമേന്മ വിഹിതം ഈടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പാടശേഖര സമിതികളെ മോണിറ്ററിംഗ് ചെയ്യുന്നതിനായി കൃഷി ആഫീസർ കൺവീനറായി ഒരു സമിതി പ്രവർത്തിക്കുകയും യന്ത്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു.

36. ചിതറ ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| | | കേരള സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം. 3 കാർഷിക യന്ത്രവത്ക്കരണം ലക്ഷ്യം നേടിയില്ലെന്ന ആഡിറ്റ് പരാമർശത്തിൽ ചിതറ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല.<br>**37. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്**<br>മെതിയന്ത്രം ഉപയോഗിച്ചാണ് ആദിച്ചനല്ലൂർ ഏലായിൽ കൃഷി വിളവെടുത്തത്. ഒരേക്കർ നിലം തൊഴിലാളികൾ കൊയ്ത് മെതിക്കുന്നതിന് 12000/- രൂപ ചെലവ് വരും. കൊയ്ത്ത് മെതിയന്ത്രം ഉപയോഗിച്ച് 1 ഏക്കർ സ്ഥലം കൊയ്ത് മെതിക്കാൻ കഴിഞ്ഞു. ഒരു വർഷക്കാലം കൊണ്ട് കൊയ്ത്ത് മെതിയന്ത്രത്തിൽ നിന്നും ലാഭമുണ്ടായി. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിലുള്ള യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളതും ടി യന്ത്രങ്ങൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിച്ചും കൃത്യമായ പരിപാലിച്ചു വരുന്നു. പഞ്ചായത്ത് ഭരണസമിതിയും കൃഷിഭവനും ആയത് കൃത്യമായി മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്ന തുക പാടശേഖര സമിതിയുടെ അക്കൗണ്ടിൽ ലഭിക്കുകയും ആയത് യന്ത്രങ്ങളുടെ മെയിന്റനൻസിനായി ഉപയോഗിക്കുകയും ചെയ്യുന്നു.<br>**38. ചടയമംഗലം ഗ്രാമപഞ്ചായത്ത്**<br>ചടയമംഗലം ഗ്രാമപഞ്ചായത്തിൽ 2004–06 കാലയളവിൽ കാർഷിക യന്ത്രങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2016-17 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)**

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2016-17 | 1 | <u>അദ്ധ്യായം - 1</u><br><br><u>വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല</u> | <u>1.കുമ്മിൾ ഗ്രാമപഞ്ചായത്ത്</u><br><br>2018/19 സാമ്പത്തിക വർഷം വസ്തുനികുതി 100% കൈവരിച്ചിട്ടുള്ളതിനാൽ നാളിതുവരെയുള്ള വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br><u>2.പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്</u><br><br>2014-15 വർഷം വസ്തുനികുതി പരിഷ്കരണ നടപടികൾ ആരംഭിച്ചിതിനാലാണ് കുടിശ്ശിക തുക ടി വർഷം പിരിച്ചെടുക്കുവാൻ കഴിയാതെ വന്നത്. തുടർന്നുള്ള വർഷങ്ങളിൽ ടി കുടിശ്ശിക വസ്തുനികുതി പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ 2017-18 വർഷം 100% നികുതിപിരിവ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>3.മൈലം ഗ്രാമപഞ്ചായത്ത്</u><br><br>2012-13, 2013-14 വർഷങ്ങളിലെ പിരിച്ചെടുക്കാൻ ബാക്കിയുള്ള കുടിശ്ശികയടക്കം 2019-20-ൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക ഡിമാന്റായ 495083/- രൂപയിൽ 30.08.2019 വരെ 118195/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശികയായ 376888/- രൂപ ഈടാക്കുന്നതിന് ആർ ആർ |

| | | | | |
|---|---|---|---|---|
| | | | | പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**4.മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്**<br>2008–09 മുതൽ 2014–15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിലെ 13 വാർഡുകളിലായി ലഭിക്കാനുണ്ടായിരുന്ന കെട്ടിടനികുതി കുടിശ്ശിക 364344/– രൂപ തുടർവർഷങ്ങളിൽ പിരിച്ചെടുത്തിട്ടുണ്ട്. 2017–18 വർഷം മുതൽ 100% നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു<br>**5.കുലശേഖരപുരം ഗ്രാമപഞ്ചായത്ത്**<br>കെട്ടിടനിർമ്മാണം ലംഘിച്ചും, നെൽവയൽ തണ്ണീർത്തട നിയമം, സി.ആർ.സെഡ് നിയമങ്ങൾ ലംഘിച്ചും നിർമ്മാണം നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും കണ്ടെത്തി (435 എണ്ണം) യു.എ. നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റ് സസ്പെക്ട് ചെയ്യപ്പെട്ടതിനാൽ എല്ലാ നികുതിയും യഥാസമയം പിരിച്ചെടുക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2018/19 സാമ്പത്തിക വർഷം ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി എല്ലാ കെട്ടിടങ്ങളും കണ്ടുപിടിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള എല്ലാ തുകയും പിരിച്ചെടുത്ത് 100% നികുതി പിരിവ് നേട്ടം കൈവരിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടനിർമ്മാണ ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്ന ചട്ടങ്ങൾ ഉപയോഗിച്ച് പരമാവധി കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് അംഗീകൃത നമ്പർ അനുവദിച്ചിട്ടുണ്ട്. യു.എ. നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര വ്യവസായങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. വസ്തു നികുതിയിൻമേൽ സേവനനികുതി ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ എടുത്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാലാണ് സേവന നികുതി ഈടാക്കാത്തത്.<br><br>6.നെടുമ്പന ഗ്രാമപഞ്ചായത്ത്<br><br>ശ്രീ.സമീർ 28.03.2017 തീയതിയിൽ രസീത് നമ്പർ 18 പ്രകാരം വസ്തുനികുതിയായി ഒടുക്കിയ 2612/- രൂപയിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 137/- രൂപയും ശ്രീ.ബാബു ഉമ്മൻ 08.12.2016 തീയതിയിൽ 1103500016 നമ്പർ രസീത് പ്രകാരം വസ്തുനികുതിയായി ഒടുക്കിയ 3426/- രൂപയിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 527/- രൂപയും ശ്രീ.കോശി ജോർജ്ജ് 23.03.2017 തീയതിയിൽ രസീത് നമ്പർ 34 പ്രകാരം വസ്തുനികുതിയായി ഒടുക്കിയ 3123/- രൂപയിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 1808/- രൂപയും ഉൾപ്പെടുന്നുണ്ട്. ശ്രീ.നാസിം / ഷൈജ എന്നവർക്ക് നിലവിൽ നികുതി കുടിശ്ശിക ഇല്ല. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തികളുടെ നികുതി മാറ്റം വരുത്തി ഡിമാന്റ് തയ്യാറാക്കിയിട്ടുള്ളതും ടിയാളുകൾക്ക് നിലവിൽ വസ്തുനികുതി കുടിശ്ശിക ഇല്ലാത്തതുമാകയാൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.<br><br>7.വെട്ടിക്കവല ഗ്രാമപഞ്ചായത്ത്<br><br>സഞ്ചയ സോഫ്റ്റ് വെയറിൽ പഞ്ചായത്തിലെ കെട്ടിങ്ങളുടെ വിവരശേഖരണം 100% കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള ഡേറ്റാബേയ്സ് സുതാര്യവും കൃത്യവും പൂർണ്ണവുമാണെന്ന് സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടങ്ങളുടെ ഡേറ്റാബേയ്സും കാലികമായി പൂർത്തീകരിക്കുന്നുണ്ട്. 2018-19 വർഷത്തെ വസ്തുനികുതി 100% കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | | | | സഹിതം പിരിച്ചെടുത്തിട്ടുള്ളതാണ്.<br><br>**8.കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**<br><br>സഞ്ചയ സോഫ്റ്റ് വെയർ കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. ഒന്നാമത്തെ ശുപാർശയിൽ പറഞ്ഞിട്ടുള്ള ഏതാണ്ട് എല്ലാ വിവരങ്ങളും പുതിയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സഞ്ചയ ശുദ്ധീകരണ പ്രക്രിയ നടന്നുവരുന്നതിനാൽ വസ്തുനികുതി സംബന്ധിച്ച അപാകതകൾ മിക്കവാറും പരിഹരിക്കുവാൻ സാധിക്കുന്നതാണ്.<br><br>**9.തലവൂർ ഗ്രാമപഞ്ചായത്ത്**<br><br>അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃതമായനികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യു.എ. നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഉയർന്ന നികുതി ചുമത്തി ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br><br>**10.പിറവന്തൂർ ഗ്രാമപഞ്ചായത്ത്**<br><br>2016/2017 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശ വിഷയമായ ഖണ്ഡിക 2.4 (2014/2015 സാമ്പത്തിക വർഷം) വസ്തു നികുതിയിനത്തിൽ 20.77 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു.പരാമർശം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു.<br><br>2016/2017 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാനുള്ള 20.77 ലക്ഷം രൂപയിൽ 1894300/-രൂപ പിരിച്ചെടുത്തിട്ടുള്ളതും 2016/2017 സാമ്പത്തിക വർഷത്തെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാനുള്ള 182700/- രൂപ ഈടാക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | 19/06/2019 ലെ എ3/1332/19(1) നമ്പർ പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാലും പരാമർശം ഒഴിവാക്കാൻ അഭ്യർത്ഥിക്കുന്നു.<br><br>11.ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്<br><br>ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയിനത്തിൽ പിരിച്ചെടുക്കാൻ 2016/17 വരെ ബാക്കിയുള്ള 1664250/- രൂപ 2018-19 സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുള്ളതാണ്. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് 2018/19 സാമ്പത്തിക വർഷം 100 % നികുതി പിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി നൽകാൻ അപേക്ഷിക്കുന്നു<br><br>12.പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്<br><br>2018 ഡിസംബറോടു കൂടി ഐ.കെ.എം-ന്റെ സഹായത്തോടുകൂടി വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുകയും വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന 664596/- രൂപ പിരിച്ചെടുക്കുകയും ആയത് സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം കൊല്ലം യൂണിറ്റിൽ റിപ്പോർട്ട് ചെയ്യുകയും ആയത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.<br><br>13.നെടുവത്തൂർ ഗ്രാമപഞ്ചായത്ത്<br><br>സഞ്ചയ സോഫ്റ്റ് വെയർ മുഖേനയുള്ള വസ്തുനികുതി സംബന്ധിച്ച ഡാറ്റാ എൻട്രി പൂർത്തിയായിട്ടുള്ളതും വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സാംഖ്യ സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ചിട്ടുള്ളതും നികുതി പരിഷ്കരണം നടപ്പിലാക്കി ഓൺലൈനായി വസ്തുനികുതി ഈടാക്കിവരുന്നതുമാകുന്നു. |

| | | | | |
|---|---|---|---|---|
| | | | | **14.കരവാളൂർ ഗ്രാമപഞ്ചായത്ത്**<br><br>നിലവിൽ സഞ്ചയ ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി 2018-19 വരെ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതി പിരിച്ചെടുത്ത് നൂറ് ശതമാന നികുതി പിരിവ് . കൈവരിച്ചിട്ടുണ്ടെന്ന വിവരം ഓഡിറ്റിനെ അറിയിക്കുന്നു.ബി.എസ്.എൻ.എൽ ടവറിന്റെ (KP XVI/325) 2018-19 വരെയുള്ള വസ്തു നികുതി ഈടാക്കുന്നതിന് ST. No. 1865/19 നമ്പരായി 26.04.2019 തീയതിയിൽ പുനലൂർ മൂന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്.<br><br>**15.നിലമേൽ ഗ്രാമപഞ്ചായത്ത്**<br><br>വസ്തുനികുതി പിരിവ് 100% 2018-19-ൽ കൈവരിച്ചിട്ടുള്ളതാണ്. തദവസരത്തിൽ മേൽ സൂചന ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തു നികുതി കുടിശ്ശിക പലിശസഹിതം പൂർണ്ണമായും പിരിച്ചെടുത്തിട്ടുള്ളതാണ്. ആയതിനാൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു<br><br>**16. കുണ്ടറ ഗ്രാമപഞ്ചായത്ത്**<br><br>2014-15 വർഷത്തിലെ ആഡിറ്റ് പരാമർശപ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക തുകയായ 15.49 ലക്ഷം രൂപയിൽ 100% നികുതി ശേഖരണത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 96.4% വസ്തുനികുതി പിരിച്ചെടുത്തിട്ടുള്ളതാണ്. 8, 9, 11 വാർഡുകളിലൊഴികെ എല്ലാ വാർഡുകളിലും 100% നികുതിയും പിരിച്ചെടുത്തിട്ടുള്ളതാണ്. കുണ്ടറ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊതു മേഖലാ സ്ഥാപനമായ അലിന്റ് അടച്ചുപൂട്ടിയതിനെ തുടർന്ന് 1994-95 മുതലുള്ള വസ്തു നികുതി കുടിശ്ശികയായ |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളതാണ്. കേസ് നാളിതുവ തീർപ്പായിട്ടില്ലാത്തതാണ്. 2018–19 സാമ്പത്ത് വർഷത്തിൽ 94.62% നികു പിരിച്ചെടുത്തിട്ടുള്ളതാകുന്നു. കുടിശ്ശിക ഇനത്തിലു 259093/- പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപ സ്വീകരിച്ചുവരുന്നു. അലിന്റിന്റെ 2018–19 സാമ്പത്തി വർഷത്തെ നികുതികുടിശ്ശിക കൂടി കേസി ഉൾപ്പെടുത്തുന്നതിനുള്ള നടപ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. 13–ാം വാർഡിൽ 2422 നമ്പർ കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയായ 12393, രൂപ പിരിച്ചെടുക്കുന്നതിനായി ബഹു: ജില്ലാ കളക്ട മുമ്പാകെ ആർ ആർ നടപടിക സമർപ്പിച്ചിട്ടുള്ളതാകുന്നു. 2019–20 സാമ്പത്തി വർഷത്തിൽ നികുതി പിരിവ് 100% ലക്ഷ്യ കൈവരിക്കുന്നതിനുള്ള സത്വരനടപ സ്വീകരിച്ചുവരുന്നു എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു<br><br>17. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് (ഖ.2.5, 2.6, 2.7)<br><br>ശ്രീ.എ.കെ.ഷുജ എന്നവരുടെ കെട്ടിടത്തിന അനധികൃത നിർമ്മാണ കാലയളവിലെ വസ്തുനികുത ഒടുക്കുന്നതിന് ടിയാൾക്ക് ഡിമാന്റ് നോട്ടീസ നൽകിയിരുന്നെങ്കിലും ടിയാൻ നികുതി തുക ഒടുക്കിയിട്ടില്ല.നികുതി തുകയും ആയതിന്മേലുള്ള പിഴപലിശയും മറ്റ് ചിലവുകളും ഒടുക്ക് വരുത്തുന്നതിന് ടിയാനോട് വീണ്ടും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരികയാണെങ്കിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടിയുലൂടെ ടിയാനിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതാണ് എന്നുള്ള വിവരം ബോധിപ്പിച്ച് കൊള്ളുന്നു. |

| | | | |
|---|---|---|---|
| 2016-17 | 2 | അദ്ധ്യായം - 2<br><br>തൊഴിൽ നികുതി | 1. അഞ്ചൽ ഗ്രാമപഞ്ചായത്ത്<br>തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുകയും രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. 2014/15-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തൊഴിൽ നികുതി സംബന്ധമായി യാതൊരു പരാമർശങ്ങളുമില്ല.<br><br>2. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്<br>ആഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. കുമ്മിൾ ഗ്രാമപഞ്ചായത്ത്<br>സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ ഓഫീസിന് കത്ത് നൽകിയിരുന്നു. എന്നാൽ 19.08.2016-ലെ ബി-783/11/201516/68 നമ്പർ കത്ത് പ്രകാരം ബി.എസ്.എൻ.എൽ ഒരു ബിസിനസ് സ്ഥാപനമല്ലാത്തതിനാൽ തൊഴിൽ നികുതി അടയ്ക്കേണ്ടതില്ല എന്ന സുപ്രീം കോടതി ഉത്തരവുള്ളതിനാൽ അടയ്ക്കുവാൻ സാധ്യമല്ല എന്ന് അറിയിച്ചിരുന്നു നിലവിൽ ടി തുക അടവാക്കണമെന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. അടവാക്കാത്ത പക്ഷം ആർ ആർ നടപടികളിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br><br>4. പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്<br>ഓഡിറ്റ് പരാമർശത്തിൽപറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.<br><br>5. മൈലം ഗ്രാമപഞ്ചായത്ത്<br>ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എം.ജി.എം.ആർ.പി.സ്കൂൾ 16.04.2016-ലെ 116100273 നമ്പർ രസീത് പ്രകാരവും പി.എസ്.എൻ.കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം 01.11.2013-ലെ 11302102202, 25.03.2014-ലെ 11307100333 നമ്പർ രസീതുകൾ പ്രകാരവും പ്ലാക്കുഴി ബാങ്കേഴ്സ് മൈലം എന്ന സ്ഥാപനം 10.05.2016-ലെ 116070100847 നമ്പർ രസീത് പ്രകാരവും അറപ്പുര ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനം 24.10.2013-ലെ 11302102062, 07.08.2014-ലെ 11407101480 നമ്പർ രസീത് പ്രകാരവും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് തുക അടവാക്കുന്നതിന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>6. പന്മന ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ-ന് കത്ത് നൽകിയിരുന്നെങ്കിലും ബി.എസ്.എൻ.എൽ ഏതെങ്കിലു ഉൽപന്നങ്ങൾ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്നും ടെലികോ സേവനങ്ങൾ നൽകുക മാത്രമാണ് ചെയ്യുന്നത് എന്നും ആയതിനാൽ തൊഴിൽ നികുത അടയ്ക്കേണ്ടതില്ല എന്നും ഇതു സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ നിലവിലുണ്ടെന്നും കാണിച്ച് മറുപടി കത്ത് നൽകുകയുണ്ടായി. തുടർന്ന് ടി കേസുകളു സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുവാൻ ബി.എസ്.എൻ.എൽ-ന് വീണ്ടും കത്ത നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.<br><br>മരാമത്ത് പ്രവൃത്തി ചെയ്ത കരാറുകാരുടെ ലിസ്റ്റ് അസി:എഞ്ചിനീയറുടെ പക്കൽ നിന്നു ലഭ്യമാക്കി തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>നിലവിൽ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽ നികുതി ഈടാക്കി വരുന്നു. കുടിശ്ശിക തുക അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>7. <u>പുയപ്പള്ളി ഗ്രാമപഞ്ചായത്ത്</u><br>സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മീയണ്ണൂർ ബ്രാഞ്ചിൽ നിന്നും സ്ഥാപന നികുതി 2014-15 വർഷം ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. (രസീത് നം. 11401103764 തീയതി. 06.03.2015) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂയപ്പള്ളിയുടെ രണ്ട് ബ്രാഞ്ചുകൾ 2016-17 വർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.<br><br>ടി പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ളതായ ബി.എസ്.എൻ.എൽ പൂയപ്പള്ളി ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ 02.06.2017, 16.09.2017 എന്നീ തീയതികളിൽ എ1-2610/2017 നമ്പർ കത്ത് പ്രകാരം ടി തുക ഒടുക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളായ റബ്ബർ ബോർഡ് ഫീൽഡ് സ്റ്റേഷൻ, പൂയപ്പള്ളി, ധന്യ സൂപ്പർമാർക്കറ്റ്, പൂയപ്പള്ളി ടേസ്റ്റി നട്ട്സ് ഇൻഡസ്ട്രീസ്, മരുതമൺ പള്ളി എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം രസീത് നം. 11601103963 തീയതി. 21.02.2017, 11501100187 തീയതി. 19.04.2017, 11501101022 തീയതി. 22.07.2017, 11501100505 തീയതി. 11.05.2017 പ്രകാരം ഒടുക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ തുക ഒടുക്ക് |

വരുത്തുന്നതിനായി 18.09.2019 തീയതിയിൽ ആർ ആർ നോട്ടീസ് നൽകിയിട്ടുണ്ട്.

8. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് സ്ഥാപന നികുതി പലിശ സഹിതം ഒടുക്കുവരുത്തണമെന്ന് കാണിച്ച് 30.08.2019 തീയതിയിൽ ആർ3-9800/ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വരുന്നു.

9. മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

മൺട്രോത്തുരുത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ജീവനക്കാരുടെ തൊഴിൽ നികുതി 2012-13, 2013-14, 2014-15 വർഷങ്ങളിലെ കുടിശ്ശിക അടവ് വരുത്താത്തതിനെ തുടർന്ന ഓഡിറ്റ് പരാമർശ പ്രകാരം നോട്ടീസ് നൽകി ടി കുടിശ്ശിക ഈടാക്കിയിട്ടുണ്ട് (765/- രൂപ രസീത് നമ്പർ - 11601100965/04-02-2017). ടി വിവരം ഓഡിറ്റ് അദാലത്തിൽ സമർപ്പിച്ച പരാമർശം ഒഴിവാക്കി നൽകിയിട്ടുണ്ട്. 2015-16 മുതൽ നിലവിലും തൊഴിൽ നികുതി കൃത്യമായി ഈടാക്കി വരുന്നു. ആകയാൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

10. തൊടിയൂർ ഗ്രാമപഞ്ചായത്ത്

പരാമർശ ഖണ്ഡികയിലെ ക്രമനമ്പർ 6, 11, 12 എന്നിവ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 14.06.2017-ലെ കെഎസ്എ-കെഎൽഎംപി2/1077/16 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ക്രമനമ്പർ 1 ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന നികുതി ഈടാക്കുന്നതിനായി ഈ ഓഫീസിൽ നിന്ന്ബി.എസ്.എൻ.എൽ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്.

1994-ലെ കെ.പി.ആർ നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധവർഷത്തിലും ആകെ കൂടി 60 ദിവസമെങ്കിലും പ്രവൃത്തി നടത്തിയാൽ മാത്രമേ തൊഴിൽ നികുതി ഈടാക്കേണ്ടതുള്ളൂ. ഇത്തരത്തിൽ ഓരോ അർദ്ധവർഷത്തിലും 60 ദിവസം പ്രവൃത്തി നടത്തിയാൽ കരാറുകാർ ആരും തന്നെ ഇല്ലാത്തതിനാലും, ആ ഇനത്തിൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ നഷ്ടം ഉണ്ടാക്കിയിട്ടില്ല എന്ന് ബോധിപ്പിക്കുന്നു.

പരാമർശിക്കപ്പെട്ട തൊഴിൽ നികുതി മുഴുവനും ഈടാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 08.06.2018-ലെ കെഎസ്എകെഎൽഎം/പി8/1064/16 നമ്പ പുനരഭിപ്രായക്കുറിപ്പ് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

മേൽ പുനരഭിപ്രായകുറിപ്പ് പ്രകാരം ടി ഓഡിറ്റ് പരാമർശം നിലവിലില്ല. തൊടിയൂർ

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ 100% നികുതിയും ഫീസും പിരിച്ചെടുത്തിട്ടുണ്ട്. ആയതിൻപ്രകാരം പഞ്ചായത്തിന് നികുതി, ഫീസ് ഇനങ്ങളിൽ ലഭ്യമാക്കേണ്ട മുഴുവൻ തുകയും കുടിശ്ശിക അടക്കം പിരിച്ചെടുത്തിയിട്ടുണ്ട്.<br><br>11. ആച്ചിറ ഗ്രാമപഞ്ചായത്ത്<br>ടി പരാമർശ പ്രകാരം കത്ത് നൽകിയതിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിലെ പിശകാണെന്ന് കാണിച്ച് ശരിയായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതും ആയത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.<br><br>ഡോ.മഹ്ലൂ - റസീപ്റ്റ് 11601106316 തീയതി: 07.01.2016 പ്രകാരം ഒടുക്കിയിട്ടുണ്ട്. റസീന, ഫാർമസിസ്റ്റ് - ടി കാലയളവിൽ എൽഡബ്ല്യുഎ ആയിരുന്നതായി അറിയിച്ചിരുന്നതും ആയത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ഡോ.നാരായണക്കുറുപ്പ് - സ്ഥാപന മേധാവിയായതിനാൽ ശമ്പള ഇനത്തിൽ തുക കൈപ്പറ്റുന്നില്ല എന്നും അറിയിച്ചിട്ടുള്ളതും ആയത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.<br><br>12. നിലമേൽ ഗ്രാമപഞ്ചായത്ത്<br>നിലമേൽ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം തൊഴിൽ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ ഡി.ഡി.ആർ.സി. എന്ന സ്ഥാപനം 08.09.2016-ൽ രസീത് നം. 11603101078 പ്രകാരം സ്ഥാപന നികുതി ഒടുക്ക് വരുത്തിയിട്ടുണ്ട്. എൽ.ബി.എസ് എന്ന സ്ഥാപനം ഈ പഞ്ചായത്തിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതിനാൽ യാതൊരു വിധത്തിലും തുക ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. ആയത് കണക്കാക്കി ടി തുക എഴുതിത്തള്ളുന്നതിനുള്ള അനുവാദത്തിനായി ബഹു: കേരള സർക്കാരിനെ സമീപിക്കുന്നതാണ്. ശേഷിക്കുന്ന ഷാലിമാർ ആഡിറ്റോറിയം, എസ്.എച്ച് ആഡിറ്റോറിയം, അപരാജിത ഡൊമിനിക് സിനർജീസ് (പി.ലിമിറ്റഡ്) എന്നീ സ്ഥാപനങ്ങൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2015-16 സാമ്പത്തിക വർഷം സ്ഥാപന നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ ശബരിഗിരി ന്യൂ ജനറേഷൻ സ്കൂൾ 28.08.2018-ലെ 117030104065 നമ്പർ രസീത് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഈ ആഫീസിൽ ഒടുക്കിയിട്ടുള്ളതാണ്. ശേഷിക്കുന്നവരിൽ നിന്നും കുടിശ്ശികയുള്ള നികുതി ആർ ആർ നടപടിയിലൂടെ ഈടാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>13. <u>പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്</u> |

| | | | |
|---|---|---|---|
| | | | ടി കാലയളവിലെ സ്ഥാപന നികുതി അടവാക്കുന്നതിന് ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ, കാരാളി ജംഗ്ഷൻ 31.08.2019–ലെ എ6–5428/19 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്.<br><br>14. <u>കുലശേഖരപുരം ഗ്രാമപഞ്ചായത്ത്</u><br>പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളൊന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലില്ല. ഓരോ കരാറുകാരനും ഒന്നോ രണ്ടോ പ്രവർത്തികളാണ് പഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ളത്. തൊഴിൽ നികുതി ചട്ട പ്രകാരം ഒരു അർദ്ധവർഷത്തിൽ 60–ൽ കുറയാത്ത ദിവസത്തിൽ ഏതെങ്കിലും പ്രവർത്തിയിൽ ഏർപ്പെട്ടയാളാണ് തൊഴിൽ നികുതി അടയ്ക്കേണ്ടത്. കരാറുകാർ 60 ദിവസം പൂർത്തിയാക്കാറില്ല. കരാറുകാരിൽ ഭൂരിഭാഗം പേരും പഞ്ചായത്തിന് പുറത്തുള്ളവരായതിനാൽ ഈ പഞ്ചായത്തിൽ അവർക്ക് ഓഫീസ് സൗകര്യവുമില്ല. കരാറുകാർ കാരാറിൽ ഏർപ്പെട്ട തീയതി മുതൽ നിർമ്മാണം പൂർത്തിയാക്കിയ തീയതി വരെയുള്ള കാലയളവ് കണക്കാക്കിയാണ് തൊഴിൽ നികുതി ഈടാക്കേണ്ടത് എന്ന് ഓഡിറ്റ് വകുപ്പ് നിർദ്ദേശിക്കുന്നത്. ഓരോ കരാറുകാരനും പല പഞ്ചായത്തുകളിലും കരാറിൽ ഏർപ്പെട്ട് പ്രവർത്തിച്ച് വരുന്നു. ഇത് സംബന്ധിച്ച വ്യക്തത ലഭിക്കാത്തതിനാലാണ് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് തടസ്സം നേരിടുന്നത് എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ വള്ളിക്കാവ് ടെലിഫോൺ എക്സ്ചേഞ്ചിന്റെ 2015–16 വർഷത്തെ തൊഴിൽ നികുതി ഒടുക്കണമെന്ന് ആവശ്യപ്പെട്ട് നിരവധിതവണ കത്ത് നൽകിയെങ്കിലും തൊഴിൽ നികുതി അടവാക്കാൻ തയ്യാറായിട്ടില്ല എന്നാൽ 2015–16 മുതൽ നാളിതുവരെയുള്ള സ്ഥാപനതൊഴിൽ നികുതി അടയ്ക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ തുടങ്ങുന്നതിനായി ഡിമാന്റ് നോട്ടീസ് 16/9/2019 ബി എസ് എൻ എൽ അധികാരികൾക്ക് നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.<br><br>15. <u>ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്</u><br>സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട തൊഴിൽ നികുതി കുടിശ്ശിക വരുത്തിയ ഒലിവ് ഗ്രീൻ മെൻ പവർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കളീക്കൽത്തറ ക്ഷീരോൽപാദക സംഘം, പാതിരിക്കൽ ക്ഷീരോത്പാദക സംഘം എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. നിലവിൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു. ആയതിനാൽ പരാമർശം |

ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ട് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

16. ആലപ്പാട് ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്തിലെ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ഇവർ 60 ദിവസത്തിൽ കുറവ് ദിവസങ്ങളേ തൊഴിലിൽ ഏർപ്പെട്ടിരുന്നുള്ളൂ എന്ന കാരണത്താൽ തുക ഒടുക്കുന്നതിന് തയ്യാറായിരുന്നില്ല.7/9/2019 തീയതിയിലെ എ1-3773/19 നമ്പർ കത്ത് പ്രകാരം തുക ഒടുക്കുന്നതിനുള്ള അറിയിപ്പ് വീണ്ടും നൽകിയിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തിലെ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ഇവർ 60 ദിവസത്തിൽ കുറവ് ദിവസങ്ങളേ തൊഴിലിൽ ഏർപ്പെട്ടിരുന്നുള്ളൂ എന്ന കാരണത്താൽ തുക ഒടുക്കുന്നതിന് തയ്യാറായിരുന്നില്ല.7/9/2019 തീയതിയിലെ എ1-3773/19 നമ്പർ കത്ത് പ്രകാരം തുക ഒടുക്കുന്നതിനുള്ള അറിയിപ്പ് വീണ്ടും നൽകിയിട്ടുള്ളതാണ്.

ഗ്രാമ പഞ്ചായത്തിലെ അഴീക്കലിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ ബ്രാഞ്ചിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ തുക ഒടുക്കിയിട്ടില്ല.7/9/2019 തീയതിയിലെ എ1-3773/19 നമ്പർ കത്ത് പ്രകാരം തുക ഒടുക്കുന്നതിനുള്ള അറിയിപ്പ് വീണ്ടും നൽകിയിട്ടുള്ളതാണ് .

17. വിളക്കുടി ഗ്രാമപഞ്ചായത്ത്

6 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും ടി സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ നികുതി പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും റിപ്പോർട്ടിലെ ഖണ്ഡിക 2.2-ൽ പരാമർശിച്ചിരുന്നു.

ഈ റിപ്പോർട്ടിന് പഞ്ചായത്ത് നൽകിയ ആദ്യ മറുപടി പരിഗണിച്ച് 29.12.2017-ൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിരുന്നു. മേൽ 6 സ്ഥാപനങ്ങളിൽ ഉൾപ്പെട്ടിരുന്ന മുത്തൂറ്റ് ഫിൻകോർപ്പ് ഇളമ്പൽ ടി വർഷത്തിൽ പ്രവർത്തനമില്ലാതിരുന്നത് പരിഗണിച്ച് പുനരഭിപ്രായക്കുറിപ്പിൽ ഒഴിവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നായ മുത്തൂറ്റ് മിനി ഫിനാൻസ് എന്ന സ്ഥാപനവും 2 വർഷം മുമ്പ് പ്രവർത്തനം അവസാനിപ്പിച്ചതാണെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക്/ റെയിൽവേ സ്റ്റേഷൻ ബ്രാഞ്ച് എന്നത് ആവണീശ്വരം

| | | |
|---|---|---|
| | | സർവ്വീസ് സഹകരണ ബാങ്ക് (ഹെഡ് ആഫീസ്) കുന്നിക്കോട് എന്ന സ്ഥാപനത്തിന്റെ ഒരു ശാഖ മാത്രമാണ്. ഈ ശാഖയിലെയും കോട്ടവട്ടത്ത് പ്രവർത്തിക്കുന്ന ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക് കുറ്റിക്കോണം ബ്രാഞ്ചിലെയും ജീവനക്കാരുടെ തൊഴിൽ നികുതി കുന്നിക്കോട് ഹെഡ് ആഫീസിലെ ലിസ്റ്റിൽ ഉൾപ്പെടുത്തി യഥാസമയം തന്നെ ഒടുക്ക് വരുത്തിയിട്ടുണ്ട്.<br><br>എം.ഇ.എസ് സ്കൂൾ കുന്നിക്കോട് ഗ്രാമപ്രദേശത്തെ കുട്ടികളിൽ നിന്ന് നാമമാത്രമായ ഫീസ് ഈടാക്കി ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമാണ്. അദ്ധ്യാപകരും പഠിപ്പിക്കുന്നതിനെ സേവനമായി കാണുന്നതിനാൽ പ്രതിമാസം 2000/- രൂപ പോലും വരുമാനം 2018-19 വരെ അദ്ധ്യാപകർക്ക് ലഭിച്ചിരുന്നില്ല. 2019-20 വർഷത്തിൽ വേതനത്തിൽ ചെറിയ വർദ്ധനയുണ്ടായതിനാൽ ഈ വർഷം മുതൽ നികുതി ഒടുക്കി വരുന്നുണ്ട്. ടി സ്കൂളിൽ 2015-16-ലെ തൊഴിൽ നികുതി സംബന്ധിച്ച പരാമർശം എ.ജി ആഡിറ്റ് അദാലത്തിൽ സമർപ്പിച്ച് ഒഴിവാക്കപ്പെട്ടിട്ടുള്ളതുമാണ്.<br><br>ശേഷിക്കുന്ന എ.പി.പി.എം.വി.എച്ച്.എസ്.എസ് ആവണീശ്വരം, സെന്റ് ബെനഡിക്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് 16.09.2019-ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് കാലാവധിക്കുള്ളിൽ തുക ഒടുക്കാതിരിക്കുന്ന പക്ഷം റവന്യൂ റിക്കവറി റിക്വസ്റ്റ് സമർപ്പിച്ച് തുക ഈടാക്കി കൊള്ളാമെന്ന് ബോധിപ്പിക്കുന്നു.<br><br>ഖണ്ഡിക 2.3-ൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാതിരുന്ന 19 സ്കൂളുകളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. ഇക്കൂട്ടത്തിൽ നികുതി ഒടുക്കിയതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ആദ്യ മറുപടിക്കൊപ്പം സമർപ്പിച്ചതിൻ പ്രകാരം പുനരഭിപ്രായക്കുറിപ്പിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ എണ്ണം 10 ആയി കുറഞ്ഞിരുന്നു. 2, 3, 4, 7, 9, 13, 14, 15, 16, 18 ക്രമനമ്പറിലുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കണമെന്ന് പുനരഭിപ്രായക്കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 3. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ 08.03.2016-ന് 1501400011 നമ്പർ രസീത് പ്രകാരവും ക്രമനമ്പർ 9. എസ്.ബി.റ്റി 03.10.2015-ന് 11501400009 നമ്പർ രസീത് പ്രകാരവും ക്രമനമ്പർ 18. സെന്റ് ബെനഡിക്ട് സ്കൂൾ 29.08.2017-ലെ 117010102386 നമ്പർ രസീത് പ്രകാരവും ഒടുക്കിയിട്ടുണ്ട്. ക്രമനമ്പർ 15. എം.ഇ.എസ് സ്കൂളിന് ടി കാലയളവിൽ നികുതിയുടെ പരിധിയിൽ വരുന്ന വരുമാനമില്ലാതിരുന്നതിനാൽ എ.ജി ആഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2 ബി.എസ്.എൻ.എൽ, 4. കെ.എസ്.ഇ.ബി, 7. സപ്ലൈകോ, 13-ഉം 14-ഉം ആവണീശ്വരം |

| | | |
|---|---|---|
| | | സർവ്വീസ് സഹകരണ ബാങ്ക്, 18. എസ്.ബി.ഐ എന്നീ 5 സ്ഥാപനങ്ങൾക്ക് 16.09.2019-ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് കാലാവധിക്കുള്ളിൽ തുക ഒടുക്കാതിരിക്കുന്ന പക്ഷം റവന്യൂ റിക്കവറി റിക്വസ്റ്റ് സമർപ്പിച്ച് തുക ഈടാക്കി കൊള്ളാമെന്ന് ബോധിപ്പിക്കുന്നു.<br><br>18. <u>പനയം ഗ്രാമപഞ്ചായത്ത്</u><br>2015-16 വർഷത്തിൽ സ്ഥാപന നികുതി ഒടുക്കു വരുത്താത്ത 3 സ്ഥാപനങ്ങൾക്ക് ആഡിറ്റ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കത്ത് നൽകുകയും ആയതിന് മാവേലി സ്റ്റോർ, പനയം എന്ന സ്ഥാപനം സ്ഥാപന നികുതി 27/12/2016 തീയതിയിൽ 11601102530-ാം നമ്പർ രസീതായി 2600/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട് മറ്റ് രണ്ടു സ്ഥാപനങ്ങൾക്ക് എ4-5288/16-ാം നമ്പരായി 07/12/2016 തീയതിയിൽ അറിയിപ്പ് നൽകിയിട്ടുള്ളതും അടവാക്കാത്തതിനാൽ നിരവധി തവണ ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതുമാണ്.<br>2015-16ൽ രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കുവരുത്താത്ത പെരിനാട് റെയിൽവെ സ്റ്റേഷനിലെ ജീവനക്കാരുടെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലേക്ക് ഡിവിഷണൽ മാനേജർ, സതേൺ റെയിൽവെ, തിരുവനന്തപുരത്തിന് 25/02/2016 ലെ എ4.10/16നം. പരാതി കത്ത് നൽകുകയും തുടർന്ന് ആയതു സംബന്ധിച്ച് നിരവധി തവണ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവെ അധികൃതരുടെ ഭാഗത്തുനിന്നും മറുപടി ലഭ്യമല്ലാതിരുന്നതിനാൽ തിരുവനന്തപുരം റെയിൽവെ ഡിവിഷണൽ ഓഫീസിൽ നേരിട്ട് പോയി അന്വേഷണം നടത്തുകയും ഈ ഓഫീസിൽ നിന്നുള്ള എ5-3026/19-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പെരിനാട് റെയിൽവെസ്റ്റേഷൻ പരിധിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി അവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നുണ്ടെന്നും, പനയം പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതായ തുക റെയിൽവെ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മൂലം പെരിനാട് പഞ്ചായത്തിലെ അക്കൗണ്ട് നമ്പർ. 06190100002I031-ലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയാൻ സാധിച്ചു ഈ സാഹചര്യത്തിൽ പെരിനാട് റെയിൽവെ സ്റ്റേഷനിലെ ജീവനക്കാരുടെ നാളിതുവരെയുള്ള തൊഴിൽ നികുതി തിരികെ പനയം പഞ്ചായത്തിൽ അയക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. 2019-20 അർദ്ധ വർഷം മുതൽ പെരിനാട് റെയിൽവെസ്റ്റേഷൻ ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായും പനയം പഞ്ചായത്തിൽ ഒടുക്കുവരുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് റെയിൽവെ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | **19. <u>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br>മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്,മിനി മുത്തൂറ്റ് കടപ്പ, വിദ്യാരംഭം ഇംഗ്ലീഷ് മീഡിയം സ്കൂൾ, കടപ്പ, ഡിസ്ട്രിക്സ് കോ‌പ്പറേറ്റീവ് ബാങ്ക്, മൈനാഗപ്പള്ളി, താജ്മഹൽ ആഡിറ്റോറിയം, വേങ്ങ എന്നീ സ്ഥാപനങ്ങൾ തുക ഒടുക്കുവരുത്തിയിട്ടുണ്ട്. മറ്റെല്ലാ സ്ഥാപനങ്ങൾക്കും കത്ത് നൽകിയിട്ടുണ്ട്, ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ച്ചുവടെ ചേർക്കുന്നു<br><br>തൊഴിൽ നികുതി ഈടാക്കുന്നതിന് കരാറുകാർക്ക് 04/09/2019 ൽ എം.6–6787 പ്രകാരംകത്ത് നൽകിയിട്ടുണ്ട്.പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്<br><br>തൊഴിൽ നികുതി ഈടാക്കുന്നതിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 04/09/2019 ൽ എം.6–6787 പ്രകാരംകത്ത് നൽകിയിട്ടുണ്ട് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**20. <u>പോരുവഴി ഗ്രാമപഞ്ചായത്ത്</u>**<br>ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാർക്ക് ലൈസൻസും തൊഴിൽ നികുതിയും ഈടാക്കുന്നതിനായി നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.<br>കേരള സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ 25/11/2017 ലെ കെ.എസ്.എ കെ.എൽ.എം/പി.10/1171/2016 നമ്പർ ഫർദർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ ഒഴിച്ചുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിലിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ബി.എസ്.എൻ .എൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>റ്റി.ഡി.ബി സെൻട്രൽ സ്കൂൾ 11601103565 തീയതി 23/02/2017 നമ്പർ രസീതു പ്രകാരം തൊഴിൽ നികുതി അടച്ചിട്ടുണ്ട്, അസോസിയേറ്റ് കാഷ്യൂ ഫാക്ടറി 11601103457 തീയതി 16/02/2017 നമ്പർ രസീതു പ്രകാരം തുക ഒടുക്കിയിട്ടുണ്ട്, മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകി നടപടി സ്വീകരിച്ചുവരുന്നു<br>രണ്ടാം അർദ്ധ വർഷത്തിലെ ഇടയ്ക്കാട് ബ്രാഞ്ച്പോസ്റ്റ് ഓഫീസ് ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി 02/05/2016 ലെ 11601100373 നമ്പർ രസീതു പ്രകാരം കുടിശ്ശിക ആയി ഒടുക്കുവരുത്തിയിട്ടുണ്ട്.<br>ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി 07.09.2019–ൽ |

എ3-3125/2019 നമ്പർ പ്രകാരം കത്തു നൽകിയിട്ടുണ്ട്..

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

ടി തുക് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

21. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ പേരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ട്.രസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.പരാമർശം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു.

22. പിറവന്തൂർ ഗ്രാമപഞ്ചായത്ത്

2016-2017 വർഷത്തെ സമാ ഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശ വിഷയമായ ഖണ്ഡിക 2. 1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല – കുടിശ്ശിക 37500. പരാമർശം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു.

2016-2016 വർഷം ആകെ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ ഈടാക്കാനുള്ള 37500/– രൂപയിൽ 25000/– രൂപ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ളതും ബാക്കി ഈടാക്കാനുള്ള തുകക്ക് ബന്ധപ്പെട്ട സ്ഥാപന ഉടമകൾക്ക് ആർ ആർ നോട്ടീസ് (ഫയൽ നമ്പർ 4059 തീയതി 21/06/2018) നൽകി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനാലും പരാമർശം ഒഴിവാക്കാൻ പരാമർശം ഒഴിവാക്കാൻ അഭ്യർത്ഥിക്കുന്നു.

23. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്

ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് ആഡിറ്റ് പരാമർശത്തിൽ പറയുന്ന തൊഴിൽ നികുതി കുടിശ്ശിക ചുവടെ പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്.

1. കെ. എ സ്. ഇ. ബി, വാളകം–2500/– രസീത് നമ്പർ 11601500010 തീയതി 21.7.2016
2. മാവേലി സ്റ്റോർ, വാളകം–1250 – രസീത് നമ്പർ 118010102969 തീയതി 04/10/2016
3. മേഴ്സി ഹോസ്പിറ്റൽ, വാളകം–2500/ – രസീത് നമ്പർ 11601102736 തീയതി 9.9.2016
4. എ സ്. ബി. റ്റി, വാളകം–1250/ – രസീത് നമ്പർ 11601400005 തീയതി 23.6.2016

5. സെന്റ് മേരി ബഥനി ,സെൻട്രൽ സ്കൂൾ, വാളകം-2500/- രസീത് നമ്പർ 118010102585 തീയതി 12.9.18

സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാക്കിയുള്ള ബി. എ സ്. എൻ. എൽ, വാളകം, തുക അട യ്ക്കു ന്ന തിന് 06/09/2018 ന് കത്ത് നൽകിയിട്ടുള്ളതതാണ്

ശ്രീമതി. രാജി. വി.(ASM) രണ്ടാം അർദ്ധ വർഷം കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള ഓഫീസിലാണ് ജോലി നോക്കിയിരുന്നത്. രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി 750/ രൂപ കൊല്ലം കോർപ്പറേഷനിൽ അടച്ചിട്ടുള്ളതാണെന്ന് സപ്ലൈകോ ഡിപ്പോ മാനേജർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന് യാതൊരു ധന നഷ്ടവും വരുത്താത്തിനാൽ ടി പരാമർശം ഒഴിവാക്കി നൽകാൻ അപേക്ഷിക്കുന്നു

24. <u>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്(2014-15 (2.3), </u>(2.5), (2.4)

പരാമർശത്തിൽ പറയുന്ന ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 20.03.2015 തീയതിയിലെ 11402101818196,03.03.2015 തീയതിയിലെ 11402108275 എന്നീ രസീതുകൾ പ്രകാരവും എൽ.എസ്.ജി.ഡി സെക്ഷന്റെ നികുതി 28.03.2015 തീയതിയിലെ 11402109104 രസീത് പ്രകാരവും പി.എച്ച്.സി കൊറ്റംകരയുടെ നികുതി 04.03.2015 തീയതിയിലെ 11402108300 രസീത് പ്രകാരവും ഒടുക്ക് വരുത്തിയിട്ടുണ്ട് ബാക്കി സ്ഥാപനങ്ങൾ നാളിതുവരെ നികുതി ഒടുക്ക് വരുത്തിയിട്ടില്ലാത്തതുമാണ്. ടി സ്ഥാപനങ്ങൾക്ക് 07.09.2019 തീയതിയിലെ ബി5-2100/19 നമ്പർ കത്ത് പ്രകാരം നികുതി ഒടുക്ക് വരുത്തുന്നതിന് വീണ്ടും അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്.

പരാമർശത്തിൽ പറയുന്ന പോപ്പുലർ ഫിനാൻസ് കുണ്ടറ 24.02.2015 തീയതിയിലെ 11402107997220.8.2014 തീയതിയിലെ 11420103211 , എന്നീ രസീതുകൾ പ്രകാരവും കേരള ഗ്രാമീൺ ബാങ്ക് 29.08.2014 തീയതിയിലെ 11402103469 നമ്പർ രസീത് പ്രകാരവും ഒടുക്ക് വരുത്തിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങൾ നാളിതുവരെ നികുതി ഒടുക്ക് വരുത്തിയിട്ടില്ലാത്തതുമാണ്. ടി സ്ഥാപനങ്ങൾക്ക് 07.09.2019 തീയതിയിലെ ബി5-2100/19 നമ്പർ കത്ത് പ്രകാരം നികുതി ഒടുക്ക് വരുത്തുന്നതിന് വീണ്ടും അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്

ടി സ്ഥാപനങ്ങൾക്ക് 07.09.2019 തീയതിയിലെ ബി5-2100/19 നമ്പർ കത്ത് പ്രകാരം നികുതി ഒടുക്ക് വരുത്തുന്നതിന് വീണ്ടും അറിയിപ്പ് നൽകിയിട്ടുള്ളതാണ്. പരാമർശത്തിൽ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടുണ്ട്. ആയത് ഡേബുക്ക് പരിശോധിച്ച് രസീത് നമ്പരുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ

ഇത്തരം അപാകതകൾ ഉണ്ടാകാതെ കൃത്യമായി രേഖകൾ സൂക്ഷിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. പരാമർശത്തിൽ പറയുന്ന പുനുക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ തൊഴിൽ നികുതി 08.09.2015 തീയതിയിലെ 11502103712 ,21.03.2016 തീയതിയിലെ 11502108686 നമ്പർ രസീതുകൾ പ്രകാരം ഒടുക്ക് വരുത്തിയിട്ടുള്ളതാണ്.

പരാമർശത്തിൽ പറയുന്ന മുത്തൂറ്റ് ഫിനാൻസ് പെരുമ്പുഴ 27.02.2016 തീയതിയിലെ 11502107919 നമ്പർ രസീത് പ്രകാരവും സിൻഡിക്കേറ്റ് ബാങ്ക് 03.06.2016 തീയതിയിലെ 11502400027 മ്പർ രസീത് പ്രകാരവും മുത്തൂറ്റ് മിനി പെരുമ്പുഴ 29.03.2016 തീയതിയിലെ 11502108753 നമ്പർ രസീത് പ്രകാരവും ഓറിയന്റൽ ഇൻഷുറൻസ് 26.02.2016 തീയതിയിലെ 11502107845 നമ്പർ രസീത് പ്രകാരവും ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്. ബാക്കി സ്ഥാപനങ്ങൾ നാളിതുവരെ നികുതി ഒടുക്ക് വരുത്തിയിട്ടില്ലാത്തതുമാണ്. ടി സ്ഥാപനങ്ങൾക്ക് 07.09.2019 തീയതിയിലെ ബി5–2100/19 നമ്പർ കത്ത് പ്രകാരം നികുതി ഒടുക്ക് വരുത്തുന്നതിന് വീണ്ടും അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്.

25. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

08.08.2016ലെ 11602102812 രസീത് പ്രകാരം II–ാം അർദ്ധ വർഷം തൊഴിൽ നികുതിയായ 300 രൂപ അടവാക്കിയിട്ടുള്ളതാണ്.

09.08.2016ലെ 11602500004 രസീത് പ്രകാരം II–ാം അർദ്ധ വർഷം തൊഴിൽ നികുതിയായ 1250 രൂപ അടവാക്കിയിട്ടുള്ളതാണ്.

16.09.2019 തീയതിയിലെ സി4–3887/17 നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. തുക ഒടുക്ക് വരുത്തി ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്

26. വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സ്ഥാപന നികുതി ഇനത്തിൽ നിലവിൽ കുടിശ്ശിക ഒന്നുമില്ല. 2018–19 സാമ്പത്തിക വർഷത്തിൽ മുഴുവൻ കുടിശ്ശിക തുകകളും പിരിച്ചെടുത്ത് നൂറ് ശതമാനം പിരിവ് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽപ്പെട്ട അൺ എയ്ഡഡ് സ്കൂളുകൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ , ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ , ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ, സ്വകാര്യ ബാങ്കിംഗ്/

**<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2009-10 മുതൽ 2015-16 വരെ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ ഖണ്ഡികകൾക്കുള്ള ന്യൂനതാ പരിഹാര പത്രിക</u>**

| ക്രമ നം | ഖണ്ഡിക നം | നിഗമനങ്ങൾ / ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3.8.17 (1) | <u>2009/10</u><br><u>അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി പാഴ്ചെലവ്</u><br>കർബല മാർക്കറ്റിംഗ് കോംപ്ലക്സിന്റെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പന്ന വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 2 ലക്ഷം രൂപയും കമ്പ്യൂട്ടർ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് 6 ലക്ഷം രൂപയും ഉൾപ്പെടെ 8 ലക്ഷം രൂപ വകയിരുത്തി ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കി കെട്ടിടത്തിന്റെ ഇന്റീരിയർ വർക്ക് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറെയും വൈദ്യുതി വിതരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തു.<br>കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 4 ലക്ഷം രൂപയാണ് പ്രോജക്റ്റിൽ വകയിരുത്തിയിരുന്നെങ്കിലും 4,99,400 രൂപ ചെലവഴിച്ച് 21-6-2006 ൽ 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായി. എന്നാൽ വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ | കർബല അംബേദ്കർ സെന്ററിൽ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതിയായി 2004 ൽ കെട്ടിടം പണി പൂർത്തിയാവുകയും 2006 ൽ സെന്ററിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി തയ്യാറെടുപ്പുകൾ നടത്തിയിട്ടുള്ളതാണ്. എന്നാൽ കൊല്ലം കോർപ്പറേഷനിൽ നിന്ന് കെട്ടിട നമ്പർ ലഭിക്കാതിരുന്നതു മൂലം കെട്ടിടത്തിലേയ്ക്ക് കറന്റ് കണക്ഷൻ എടുക്കാൻ സാധിച്ചില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിന് കാലതാമസം അനുഭവപ്പെടുകയും തുടർന്ന് 2009-2010 സാമ്പത്തിക വർഷത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രോജക്റ്റിന് അംഗീകാരം ലഭിച്ചത് 08.07.2010 നാണ്. തുടർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പ് നൽകിയിരുന്നെങ്കിലും ലിസ്റ്റ് ലഭിച്ചില്ല. 23.10.2010 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പും 02.11.2010 ന് ഫലപ്രഖ്യാപനവും തീരുമാനിക്കുകയും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരികയും ചെയ്തതിനാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളെ പത്രമാര തെരഞ്ഞെടുക്കുകയും രണ്ട് |

| | | |
|---|---|---|
| | പരിശീലന പരിപാടി നാളിതുവരെ ആരംഭിച്ചിട്ടില്ല.<br>കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ ഇടങ്ങിയ അനുബന്ധ ഉപകരണങ്ങളും രണ്ട് വർഷത്തിലേറെയായി നിരുപയോഗമായി ഇരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരമായ വീഴ്ചയായും പദ്ധതിപ്പണത്തിന്റെ പാഴ്ചെലവായും ഓഡിറ്റ് വിലയിരുത്തുന്നു. | പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.<br>കോഴ്സ് നടത്തിയത് സി-ഡിറ്റ്(സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി) ആണ്. സി-ഡിറ്റിന്റെ നിശ്ചിത കരിക്കുലം അനുസരിച്ചുള്ള കോഴ്സുകളാണ് പ്രസ്തുത സെന്ററിൽ നടത്തിയത്. ആദ്യ ബാച്ച് പരിശീലനം 17.01.2010 ന് ആരംഭിക്കുകയും 01.04.2010 ന് അവസാനിക്കുകയും രണ്ടാം ബാച്ച് 20.06.2011 ന് ആരംഭിക്കുകയും 21.09.2011 ന് അവസാനിക്കുകയും അതിൽ 35 പരിശീലനാർത്ഥികൾ പങ്കെടുക്കുകയും 31 പേർ പരീക്ഷ എഴുതുകയും പരീക്ഷ എഴുതിയവർക്കുള്ള മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവ വിതരണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൊല്ലം ജില്ലാ വ്യവസായകേന്ദ്രം മാനേജർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് പരിശീലനത്തിന് ആളുകളെ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 08/05/2013 ലെ 2(2) ാം നമ്പർ തീരുമാന പ്രകാരം 07/06/2013 ൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. ടി ഉപകരണങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ വിനിയോഗിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഹ്യൂമൻ റിസോഴ്സ് & ഐ.ടി. സെന്ററിൽ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള 12/08/2013 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 16 - ാം നമ്പർ തീരുമാനം ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. ടി സ്ഥാപനം ഇപ്പോഴും വിജയകരമായി കമ്പ്യൂട്ടർ പരിശീലനം നൽകി വരികയും ചെയ്യുന്നു. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾ ഉൾപ്പെടെയുള്ളവർക്ക് സൗജന്യനിരക്കിൽ കമ്പ്യൂട്ടർ പരിശീലനം ലഭ്യമാകുന്നുണ്ട്. ഓരോ വർഷവും ശരാശരി നൂറിലധികം പഠിതാക്കൾ ഇവിടെ നിന്നും മൂന്ന് മാസം ദൈർഘ്യമുള്ള കോഴ്സ് പൂർത്തീകരിച്ച് ഇറങ്ങുന്നുണ്ട്. 2019 |

| | | | |
|---|---|---|---|
| | | | ൽ പരിശീലനം നേടിയ പഠിതാക്കളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽ വസ്തുതകൾ കൂടി കണക്കിലെടുത്ത് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2 | 5.2.8(1) | <u>2010-11</u><br><br><u>13,59,250/- രൂപ ചെലവാക്കിയെങ്കിലും പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമായില്ല.</u><br>*പേപ്പർ ബാഗ് യൂണിറ്റിന് സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മെഷിനറി വാങ്ങി.<br>*ഒടുവിൽ കണ്ടെത്തിയത് വൈദ്യുതി ബന്ധമില്ലാത്ത സ്ഥലം<br>*ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തില്ല.<br>*13.59 ലക്ഷത്തിന്റെ മെഷിനറി ഉപയോഗശൂന്യമായി ഇരിക്കുന്നു.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ ഗ്രൂപ്പിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ഇടങ്ങുന്നതിനായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ പി.എൽ.ജി.483/ഡിപിസി/ഡിപിഒ/14.12.07 ഉത്തരവ് പ്രകാരം 18.40 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>പ്രോജക്ട് പ്രകാരം പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ സംഘടിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, സ്ഥലം എന്നിവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ സൗജന്യമായി | കൊല്ലം ജില്ലാ പഞ്ചായത്തിലെ 2007-08 പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആധുനിക പേപ്പർ ബാഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കുടുംബശ്രീ ജില്ലാ മിഷനും ജില്ലാ പഞ്ചായത്തും ചേർന്ന് ഏറ്റെടുത്തിരുന്നു. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച സാഹചര്യത്തിൽ ഉയർന്നുവന്ന വിപണന സാധ്യത പ്രയോജനപ്പെടുത്തി ദരിദ്ര കുടുംബങ്ങളിലെ പട്ടികജാതി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയായിരുന്നു പദ്ധതി ലക്ഷ്യം. ഗ്രാമ പഞ്ചായത്തുകൾ സൗജന്യമായി വിട്ടുതരുന്ന സ്ഥലങ്ങളിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാനായിരുന്നു ആദ്യം തീരുമാനിച്ചത്. ഗ്രാമ പഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കുമെന്ന പ്രതീക്ഷയിൽ ജില്ലാ പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകാത്ത സ്ഥിതിയിൽ ജില്ലാ പഞ്ചായത്തിന്റെ 25.03.2008 ലെ 7-ാം നമ്പർ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള പുയപ്പള്ളി മിനി വ്യവസായ കേന്ദ്രത്തിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.<br>ടെണ്ടർ വഴി അംഗീകാരം ലഭിച്ച YENYESKEY കമ്പനി നിശ്ചിത സമയത്ത് നിർദ്ദിഷ്ട സ്ഥലത്ത് മെഷിനറികൾ എത്തിക്കുകയും നിലവിലുള്ള സിംഗിൾ ഫെയ്സ് വൈദ്യുതി, |

വിജ്ഞാപിക്കുകയും, യൂണിറ്റൊന്നിൽ പട്ടിക വിഭാഗത്തിൽപ്പെട്ട 10 വനിതകൾക്ക് തൊഴിൽ അവസരം ലഭ്യമാക്കുകയും ചെയ്യേണ്ടതായിരുന്നു.

പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ മെഷിനറികൾ വാങ്ങുന്നതിന് 29.02.08 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും എൻ.എസ്.കെ മെഷിനറി ആന്റ് ടൂൾസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, 15.03.08 ൽ നെഗോഷ്യേഷനിലൂടെ 11.98 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1. ഹെവി & സ്പെഷ്യൽ ടൈപ്പ് പേപ്പർ ബാഗ് മെഷീൻ | 7,30,000 |
| 2. ട്യൂബിംഗ് അറ്റാച്ച്മെന്റ് | 3,00,000 |
| 3. സിംഗിൾസ്ട്രിപ്പ് സ്ട്രിപ്പിംഗ് അറ്റാച്ച്മെന്റ് | 75,000 |
| 4. പെഡൽ ഓപ്പറേറ്റഡ് ബാഗ്ഹോൾ പഞ്ചിംഗ് മെഷീൻ | 15,000 |
| 5. ബാഗ്ഹോൾ സൈക്ലിംഗ് മെഷീൻ | 60,000 |
| 6. ഇറക്കൽ, കമ്മീഷനിംഗ് & ട്രെയിനിംഗ് | 18,000 |
| 7. ട്രെയിനിംഗ് ടു സ്റ്റാഫ് ഫോർ 14 ഡെയ്സ് | 25,000 |
| 1 വർഷം സർവീസ് വാറന്റി | 25,000 |
| | 12,48,000 |
| നെഗോഷ്യേറ്റഡ് ഡിസ്കൗണ്ട് | 50,000 |
| | 11,98,000 |

25.03.08 ൽ കൂടിയ കമ്മിറ്റി തീരുമാനം 7 പ്രകാരം പ്രോജക്ട് 187/07 പേപ്പർ/ഇണിബാഗ് യൂണിറ്റ് പുയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ കേന്ദ്രത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

29.03.08 ൽ ഡി.ഡി.194082 പ്രകാരം 13,59,250/- രൂപ നികുതി ഉൾപ്പെടെ എൻ.എസ്.കെ.മെഷിനറി & ടൂൾസിന്

ജനറേറ്റർ എന്നിവയുടെ സഹായത്തോടെ മെഷീൻ സ്ഥാപിച്ച് ട്രയൽ റൺ നടത്തുകയും ആയത് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സിംഗിൾ ഫേസ് കണക്ഷനിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റും അനുബന്ധ ഉപകരണങ്ങളും ഘടിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിനാൽ ത്രീഫെയ്സ് കണക്ഷൻ പിന്നീട് ഏർപ്പെടുത്തുകയാണ് ഉണ്ടായത്.

യൂണിറ്റ് നടത്തിപ്പിനാവശ്യമായ കുടുംബശ്രീ ഗ്രൂപ്പിനെ പുയപ്പള്ളി ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. എൻ.കെ. നിർമ്മലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗുണഭോക്താക്കളെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത യൂണിറ്റ് അംഗങ്ങൾക്ക് കുടുംബശ്രീ കൊല്ലം ജില്ലാ മിഷന്റെ നേതൃത്വത്തിൽ എസ്.ഐ.ആർ.ഡി മുഖേന പ്രാഥമിക പരിശീലനം നൽകിയിട്ടുണ്ട്. മെഷിനറി സ്ഥാപിച്ചതിനുശേഷം ഗ്രൂപ്പിലെ അംഗങ്ങൾക്ക് YENYESKEY കമ്പനിയുടെ നേതൃത്വത്തിൽ പേപ്പർ ബാഗ് നിർമ്മാണത്തിൽ സാങ്കേതിക പരിശീലനം നൽകുകയുണ്ടായി. പൂർണ്ണ തോതിലുള്ള വൈദ്യുതി കണക്ഷൻ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭിച്ചതിനെ തുടർന്ന് ടി യൂണിറ്റ് വാണിജ്യാടിസ്ഥാനത്തിൽ പേപ്പർ ബാഗുകളുടെ നിർമ്മാണം ആരംഭിക്കുകയും പ്രവർത്തനം ഇതിന് വരികയും ചെയ്തു.

എന്നാൽ പിന്നീട് ഈ ഗ്രൂപ്പിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് താഴെ ചേർത്തിരിക്കുന്ന പ്രധാന തടസ്സങ്ങൾ വന്നു.

(i) പേപ്പർ ബാഗ് നിർമ്മിക്കുന്നതിനുള്ള ഉപകരണം സ്ത്രീകൾക്ക് കായികമായി പ്രവർത്തിപ്പിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. പ്രത്യേകമായി ഉപകരണം ആളുയർത്തി ഒന്ന് തവണയെങ്കിലും ഇതുവരെ നിശ്ചി വൃത്തിയാക്കേണ്ടി വരുന്നതിനാൽ ഇത് ചെയ്യുന്നതിന് സ്ത്രീകൾക്ക് കായികമായി പ്രയാസം നേരിട്ടു.

(ii) ഉത്പാദനത്തിന് ഉപയോഗിച്ച പേപ്പർ ഉയർന്ന നിലവാരം

നൽകി.

നാളിതുവരെ ഈ സ്ഥാപനം പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. മെഷിനറി സ്ഥാപിച്ച് ട്രയൽ റൺ പോലും നടക്കുകയോ, കുടുംബശ്രീ അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുകയോ ചെയ്തിട്ടില്ല. 6.6.08 ലെ ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ കത്ത് പ്രകാരം 90 എം.2 വിസ്തീർണ്ണമുള്ള (ഷെഡ് നം.2) ഒരു ഷെഡ് പേപ്പർ ബാഗ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്നതായി ഫയലിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട വനിതകൾ ഉൾപ്പെടെ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുക്കുക, യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക, ആവശ്യമായ വൈദ്യുതിബന്ധം സ്ഥാപിക്കുക തുടങ്ങിയ പ്രാഥമികമായ കാര്യങ്ങളൊന്നും പൂർത്തിയാക്കാതെ മെഷിനറി വാങ്ങുക മാത്രമാണ് നിർവ്വഹണഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. മെഷിനറി സ്ഥാപിക്കുക, ട്രെയിനിംഗ് നൽകി വനിതകളെ വ്യവസായ സംരംഭത്തിന് പ്രാപ്തരാക്കുക, യൂണിറ്റ് പ്രവർത്തനം തുടങ്ങി ഉൽപ്പാദന മികവ് കാണിക്കുകയും അതുവഴി വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നീ കാര്യങ്ങളൊന്നും നടപ്പിലായിട്ടില്ല.

കരാർ വ്യവസ്ഥയിലെ ഐറ്റം നം.6 പ്രകാരം 25.03.08 ന് മുമ്പായി സപ്ലൈ, ഇൻസ്റ്റലേഷൻ, ട്രയൽറൺ എന്നിവ നടത്തേണ്ടതായിരുന്നു. മെഷിനറിയുടെ തൃപ്തികരമായ പ്രവർത്തനം ബോധ്യം വന്നതിനുശേഷം മാത്രമേ ഐറ്റം 5,6,7 പ്രകാരമുള്ള തുകകൾ നൽകേണ്ടതുള്ളൂ. എന്നാൽ മെഷിനറി ഇൻസ്റ്റാൾ ചെയ്യുകയോ, വൈദ്യുതിബന്ധം സ്ഥാപിക്കുകയോ ചെയ്യുന്നതിന് മുമ്പായി ട്രയൽ റൺ ഉൾപ്പെടെ ഈ ഇനത്തിലുള്ള തുകകൾ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ നൽകിയ 68,000/-രൂപ (18,000+25,000+25,000) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ പ്രോജക്ടിനായി നൽകിയ മുഴുവൻ തുകയും (12,91,250/-)വിനിയോഗ സാക്ഷ്യപത്രത്തിന്റെയും പ്രവർത്തന പൂർത്തിയാകുന്നവയായതിനാൽ പേപ്പർ ബാഗുകൾക്ക് വില വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടായി.

(II) ഉൽപ്പാദിപ്പിക്കപ്പെട്ട പേപ്പർ ബാഗുകൾക്ക് കാര്യക്ഷമമായ വിപണന സംവിധാനങ്ങളുടെ അഭാവത്തിൽ യൂണിറ്റ് പ്രവർത്തനം മന്ദീഭവിച്ചു.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ അംഗങ്ങളിൽ ഭൂരിഭാഗവും ഇതിന് പ്രവർത്തിക്കുവാൻ താത്പര്യം കാണിച്ചില്ല. 21.04.2012 ന് നടന്ന ജില്ലാ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം പ്രവർത്തനരഹിതമായ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പേപ്പർബാഗ് മെഷിനറിക്ക് പകരമായി പേപ്പർ ഗ്ലാസ്, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്ന മെഷിനറി വാങ്ങുന്നതിനുള്ള സാധ്യത സംബന്ധിച്ച് YENYESKEY കമ്പനിയുമായി ചർച്ച നടത്തിയെങ്കിലും ഫലവത്തായില്ല. നിലവിലെ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ടെക്നിക്കൽ ടീമിനെ ചുമതലപ്പെടുത്തി മെഷിനറി പ്രവർത്തിക്കുവാനുള്ള സാധ്യത പരിശോധിക്കുന്നതാണ്. മെഷിനറി പ്രവർത്തന ക്ഷമമാണെന്ന് കാണുന്ന പക്ഷം ഗുണഭോക്താക്കളെ കണ്ടെത്തി മികച്ച മാനേജ്മെന്റ്, സാങ്കേതിക പരിശീലനങ്ങൾ നൽകിയും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേപ്പർ കവർ ഓർഡറുകൾ ലഭ്യമാക്കിയും യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദരിദ്രരായ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനും ഇവരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും മാത്രമാണ് ജില്ലാമിഷൻ ശ്രമിച്ചിട്ടുള്ളതെന്നും മന:പൂർവമായി ഈ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട യാതൊരുവിധ ഉപേക്ഷയും വരുത്തിയിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ മറുപടി നൽകിയതായി കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

| | | | |
|---|---|---|---|
| | | വിശദാംശങ്ങളുടേയും അഭാവത്തിൽ തടസ്സം ചെയ്യുന്നു.<br><br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u><br>ശ്രീ.എൻ.പി.ചിത്തർ<br>(കുടുംബശ്രീ ജില്ലാ മിഷൻ കോ.ഓർഡിനേറ്റർ കൊല്ലം)<br>ഫ്ളാറ്റ് നം.229, ബ്ലോക്ക് നം.110 ഇ.എം.എസ്. നഗർ<br>പാറ്റൂർ, വഞ്ചിയൂർ.പി.ഒ | |
| 3 | 5.2.8.<br>(2) | <u>2010-11</u><br><br><u>ഇംഗ്ളീഷ് ലാംഗ്വേജ് ലാബ് - പദ്ധതി നടപ്പായില്ല - 3,17,189/- രൂപയുടെ ചെലവ് തടസ്സപ്പെട്ടുന്നു</u><br>*പദ്ധതി ഭാഷാ നൈപുണ്യം ഉണ്ടാക്കുന്നതിന്<br>*സ്ഥാപിച്ചത് കമ്പ്യൂട്ടർ ലാബ്<br>*കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ വൈദ്യുതിയില്ല.<br><br>ജില്ലയിലെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ഇംഗ്ലീഷ് ഭാഷാ വൈദഗ്ധ്യം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി 3,17,189/- രൂപ ബിൽ നം.8/09 തീയതി 31.03.09 പ്രകാരം പിൻവലിച്ചു. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.<br>1. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളും ഇംഗ്ളീഷ് ഭാഷാ അധ്യാപകരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആ നിലയ്ക്ക് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് പകരം ജില്ലയുടെ വടക്കേ അതിർത്തി പ്രദേശത്തുള്ള പോരുവഴി ഗവ. ഹൈസ്കൂൾ മാത്രമാണ് പദ്ധതി പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുത്തത്. ഇത് ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാകുന്നില്ല.<br><br>2. പദ്ധതി പ്രവർത്തനമായി ആകെ നടത്തിയിട്ടുള്ളത് 7 കമ്പ്യൂട്ടറുകൾ, 7 ഹെഡ്ഫോൺ, 7 കമ്പ്യൂട്ടർ ചെയർ, 7 കമ്പ്യൂട്ടർ | 2008-09 വർഷം ജില്ലയിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇംഗ്ളീഷ്ഭാഷാ വൈദഗ്ധ്യം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയത്. മൂന്ന് വിദ്യാഭ്യാസ ജില്ലകളുള്ള കൊല്ലം റവന്യൂ ജില്ലയിൽ കൊല്ലം വിദ്യാഭാസ ജില്ലയിലുള്ള കൊല്ലം ജില്ലാ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമുൾപ്പെടെയുള്ള സ്കൂളുകൾ കൊല്ലം കോർപ്പറേഷന്റെ അധികാര പരിധിയിലുള്ളതാണ്. പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ പ്രധാന സ്കൂളുകളെല്ലാം പുനലൂർ മുനിസിപ്പാലിറ്റിയുടെ അധികാര പരിധിയിലുള്ളതാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ചാണ് കൊല്ലം വിദ്യാഭ്യാസ ജില്ലയുടെ വടക്കേ അറ്റത്തുള്ളതും കൊല്ലം വിദ്യാഭ്യാസ ജില്ലാ അതിർത്തിയിലുള്ളതും കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലുള്ളതുമായ പോരുവഴി ഗവ. ഹൈസ്കൂളിൽ ഇംഗ്ളീഷ് ലാംഗ്വേജ് ലാബ് പൈലറ്റ് പ്രോജക്ടായി ആരംഭിക്കുവാനും ഇതര വർഷങ്ങളിൽ ജില്ലയുടെ മറ്റ് ഭാഗങ്ങളിലും ഇംഗ്ളീഷ് ലാംഗ്വേജ് ലാബ് സ്ഥാപിക്കുവാനും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചത്.<br>ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ പ്രത്യേക അന്വേഷണം നടത്തുകയുണ്ടായി .അന്വേഷണ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.<br>*കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ,നിർവഹണ ഉദ്യോഗസ്ഥനായി ലാംഗ്വേജ് ലാബ് എന്ന പദ്ധതി* |

ടേബിൾ, 1 യു.പി.എസ് എന്നിവ വാങ്ങിയത്താണ്. കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതി സംവിധാനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയോ പ്രവർത്തനം ഇടങ്ങുകയോ ചെയ്തില്ല.

3.കമ്പ്യൂട്ടർ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചാൽ തന്നെ അത് ഒരു കമ്പ്യൂട്ടർ ലാബ് മാത്രമായിരിക്കും. ഭാഷാ പരിശീലനം ആരാൽ, ഏത് രീതിയിൽ നൽകും എന്നൊന്നും പദ്ധതിയിൽ പരാമർശമില്ല. 7 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുക വഴി ജില്ലയിലെ ആകമാനം വിദ്യാർത്ഥികളുടെയും ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരുടെയും ഭാഷാ നൈപുണ്യം മെച്ചപ്പെടുന്നതെങ്ങനെയെന്ന് വ്യക്തമാകുന്നില്ല.

പരാമർശ വിഷയത്തിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (നം.8/3.2.2010) മറുപടി ലഭ്യമാക്കിയിട്ടില്ല. അശാസ്ത്രീയവും ഭാവനാശൂന്യവുമായ പദ്ധതികൾ ഉണ്ടാക്കി, പദ്ധതിപ്പണം പാഴാക്കുകയാണ് നിർവഹണാധികാരി ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുന്ന രീതി ആശാസ്യമല്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ 3,17,189/- രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സം ചെയ്യുന്നു. ടി തുക ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളെപ്പറ്റിയും അവയുടെ നിലവിലുള്ള അവസ്ഥയെപ്പറ്റിയും വകുപ്പുതല അന്വേഷണത്തിന് ആഡിറ്റിൽ ശുപാർശ ചെയ്യുന്നു. (നിർവഹണാധികാരി - കൊല്ലം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ).

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ശ്രീ.വി.രാജേന്ദ്രൻ
(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ,കൊല്ലം)
കൃഷ്ണവിഹാർ, മുളങ്കാടകം,
തിരുമുല്ലവാരം .പി.ഒ,കൊല്ലം -691012

നിർവഹിക്കുകയുണ്ടായി.പദ്ധതിയുടെ ഭാഗമായി 7 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുകയും ലാബ് വൈദ്യുതീകരിച്ച് നൽകുകയും ചെയ്തു.എന്നാൽ ലാംഗ്വേജ് ലാബിൽ ഉപയോഗപ്പെടുത്തേണ്ട സോഫ്റ്റ് വെയർ ETNL (E-Tail Network Limited)എന്ന സ്ഥാപനം സമയബന്ധിതമായി എല്ലാ കമ്പ്യൂട്ടറുകളിലും സ്ഥാപിക്കുകയോ ,അത് ഉപയോഗിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രായോഗിക പരിശീലനം അദ്ധ്യാപകർക്ക് നൽകുകയോ ചെയ്തിട്ടില്ല.നിരവധി തവണ സ്കൂൾ അധികൃതർ ഇതിനായി പ്രസ്തുത സ്ഥാപനത്തിന്റെ ലഭ്യമായ വിലാസത്തിൽ ബന്ധപ്പെട്ടെങ്കിലും ഫലമുണ്ടായില്ല.പദ്ധതിയിൻ കീഴിൽ ലഭിച്ച കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒരു ദിവസം പോലും ഉപയോഗപ്പെടുത്തിയിട്ടില്ല.

പദ്ധതി നടപ്പിലാവാതിരുന്നതിനുള്ള പ്രധാന ഉത്തരവാദിത്വം നിർവഹണ ഉദ്യോഗസ്ഥനായ കൊല്ലം ,ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർക്കുതന്നെയാണ്.എന്നാൽ ഓഡിറ്റ്പരാമർശം വന്നതിനു ശേഷവും അതിനായി വാങ്ങിക്കൂട്ടിയ കമ്പ്യൂട്ടറുകൾ ഏതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്താതിരുന്നതിന് ജില്ലാ പഞ്ചായത്തിന് ഉത്തരവാദിത്വമുണ്ട്. തങ്ങളുടെ സ്കൂളിനു ലഭിച്ച ICT ഉപകരണങ്ങൾ ഏതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സ്കൂൾ അധികൃതരും പരിശ്രമിച്ചതായി കാണുന്നില്ല.സർക്കാർ ധനസഹായത്തിലൂടെ ലഭിച്ച ഉപകരണങ്ങളുടെ മേൽ ആർക്കും ഉത്തരവാദിത്വം ഇല്ലാത്ത അവസ്ഥ ഈ വിഷയത്തിൽ സംജാതമായിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ആവശ്യമായ മുന്നൊരുക്കമോ അവബോധമോ സൃഷ്ടിക്കാതെ താഴെ തട്ടിലേയ്ക്ക് പദ്ധതികൾ അടിച്ചേൽപ്പിച്ചതുമൂലമാണ് ഈ അവസ്ഥ ഉണ്ടായത് .

ഈ പദ്ധതിയിൻകീഴിൽ സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയോ ,സ്കൂൾ അധികൃതരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമായി നിർവചിക്കുകയോ ചെയ്തിട്ടില്ല.ഈ

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പദ്ധതി നടപ്പിൽ വരുത്തിയ കാലയളവിലെ നിർവഹണ ഉദ്യോഗസ്ഥർ, ,ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരിൽനിന്നും നഷ്ടമായ തുക ഈടാക്കാവുന്നതാണ്. മേശകൾ ,കമ്പ്യൂട്ടർ ചെയറുകൾ എന്നിവ മറ്റാവശ്യത്തിന് സ്കൂൾ അധികൃതർ ഉപയോഗപ്പെടുത്തിയതിനാലും ,ഇലക്ട്രിഫിക്കേഷൻ സ്കൂളിന് ഉപകാരപ്പെട്ടതിനാലും അതിനായി ചെലവഴിച്ച തുക പാഴായതായി കണക്കാക്കേണ്ടതില്ല. കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ, സൌണ്ട് വെയർ എന്നിവയ്ക്കായി ചെലവഴിച്ച തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഇതു ബാധ്യതയായി നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.<br><br>മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടോത്തരവാദിത്വം നിശ്ചയിച്ച് നഷ്ട തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| 4 | 5.2.8(3) | <u>2010-11</u><br>ട്രാക്ടറുണ്ടായിട്ടും പൂട്ടുകൂലി നൽകി<br><br>സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട നെടിയപാടം പാടശേഖര സമിതിയ്ക്ക് നെൽവിത്ത്, വളം, കീടനാശിനി, പൂട്ടുകൂലി, എന്നീ ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. 32 ഹെക്ടർ കൃഷിഭൂമിയിലാണ് നെൽകൃഷി നടത്തിയിട്ടുള്ളത്. 32 ഹെക്ടർ പൂട്ടിയ ഇനത്തിൽ ആകെ പൂട്ടുകൂലി 1,20,240/- രൂപയിൽ ഗുണഭോക്തൃ വിഹിതം കിഴിച്ച് 60,000/- രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഡിഡി.നം. 401016/6.4.09 പ്രകാരം 50,000/- രൂപയും, ഡി.ഡി.നം.403613/23.4.09 പ്രകാരം 10,000/- രൂപയും ഈ ആവശ്യത്തിലേയ്ക്കായി ശൂരനാട് വടക്ക് കൃഷി ആഫീസർക്ക് കൈമാറിയിട്ടുള്ളതാണ്. | സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട നെടിയപാടം പാടശേഖര സമിതിയ്ക്ക് 32 ഹെക്ടർ കൃഷി ചെയ്യുന്നതിന് സ്റ്റേറ്റ് റ്റി.എ.ജി.യും, ഡി.പി.സി.യും അംഗീകാരം നൽകിയ പദ്ധതി പ്രകാരം പൂട്ടുകൂലിയായി 60,000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരമാണ് സബ്സിഡി ഇനമായി 60,000/- രൂപ ടി പാടശേഖര സമിതിയ്ക്ക് നൽകിയിട്ടുള്ളത്. ചെറുകിട നാമമാത്ര കർഷകർക്ക് ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് സർക്കാർ മാനദണ്ഡ പ്രകാരം ഹെക്ടറിന് 30,000/- രൂപ ചെലവ് വരും. ആയതിനാൽ പൂട്ടുകൂലിയായി ഹെക്ടറിന് 2,425/- രൂപ കൊടുത്തിരിക്കുന്നത് സാധൂകരിച്ച് തടസ്സവാദം ഒഴിവാക്കണമെന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥയായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്) അപേക്ഷിച്ചിട്ടുണ്ട്. 2007-08 ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നെടിയപാടം പാടശേഖര |

| | | | |
|---|---|---|---|
| | | [illegible] ട്രാക്ടർ വാങ്ങി നൽകിയിട്ടുണ്ട്. ട്രാക്ടർ സ്വന്തമായി ഉള്ള പാടശേഖരസമിതിക്ക് വീണ്ടും പുട്ടുകട്ടി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ പുട്ടുകട്ടി ഇനത്തിൽ സബ്സിഡിയായി നൽകിയ 60,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥ<br>ശ്രീമതി .ജീന ജോൺ<br>(കൃഷി ഡെപ്യൂട്ടി ഡയറക്ടർ , പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കൊല്ലം) അറപ്പുരയിൽ, കൈരളി നഗർ-15, പുലമൺ പി.ഒ, കൊട്ടാരക്കര. | [illegible] ട്രാക്ടർ നൽകിയിട്ടുണ്ടെങ്കിലും ആയത് പ്രവർത്തിപ്പിക്കണമെങ്കിൽ ഡീസൽ ചാർജ്ജ്, ഡ്രൈവറുടെ കൂലി, ട്രാക്ടറിന്റെ മെയിന്റനൻസ് മുതലായ ഇനങ്ങളിൽ കർഷകർക്ക് നല്ലൊരു തുക ചെലവാകുന്നുണ്ട്. ആയതിനാൽ പുട്ടുകട്ടി ഇനത്തിൽ അനുവദനീയമായ 60,000/- രൂപ സബ്സിഡി കൊടുത്ത നടപടി സാധൂകരിച്ച് തടസ്സവാദം ഒഴിവാക്കണമെന്ന് മുൻ നിർവഹണ ഉദ്യോഗസ്ഥ അപേക്ഷിച്ചിട്ടുണ്ട്. മേൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെയും പ്രാദേശിക പരിശോധനയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡിക പരാമർശത്തിന്മേലുള്ള സർച്ചാർജ്ജ് നടപടി ഉപേക്ഷിക്കുന്നതിന് 09/03/2015 ലെ എൽ.എഫ്.എ.ഡി.ബി 2592/14 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 5 | 4.1 | 2013-14<br><br>ടെണ്ടർ നടപടികൾ അട്ടിമറിച്ചു. നഷ്ടം 8.5 ലക്ഷം രൂപ<br>*താൽക്കാലികമായി അംഗീകരിച്ച ആദ്യ ടെണ്ടർ അകാരണമായി നിരസിച്ചു.<br>*പുനർ ടെണ്ടർ ക്ഷണിച്ച് അതേ വ്യക്തികൾക്ക തന്നെ ഇരട്ടിയിലേറെ വരുന്ന നിരക്കുകൾ നൽകി.<br><br>*സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അസാധാരണമായ നടപടി വൻ നഷ്ടത്തിനു കാരണമായി.<br><br>കരിയോട്ടുമല ബഹുജന ബ്രീഡിംഗ് ഫാമിലെ ഉരുക്കളുടെ പരിചരണത്തിനായി ക്ഷണിച്ച ടെണ്ടറുകൾ പ്രകാരം കറവ പശുവിനും, കറവയില്ലാത്ത പശുവിനും ഏറ്റവും കുറവ് | കരിയോട്ടുമല ബഹുജന ബ്രീഡിംഗ് ഫാമിലെ ഉരുക്കളുടെ പരിചരണത്തിന് ക്ഷണിച്ച ടെണ്ടർ പ്രകാരം കറവ പശുവിനും കറവയില്ലാത്ത പശുവിനും ഏറ്റവും കുറച്ച് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സോമൻ, കല്ലുംവിള വീട്, എലിക്കാട്ടൂർ എന്ന എന്ന വ്യക്തിയുമാണ്. കറവ പശുവിന് 14/- രൂപയും കറവയില്ലാത്തതിന് 8/- രൂപയുമാണ് രേഖപ്പെടുത്തിയിരുന്നത്. ഈ ടെണ്ടർ താല്കാലികമായി അംഗീകരിച്ച് 23.07.2010 ലെ ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചു. ഈ നിരക്കുകൾ പരിശോധിച്ച സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തന്നെ വിശദീകരണത്തിൽ ടെണ്ടർ വിളിക്കുന്ന വിവരമോ, ടെണ്ടറിന്റെ ഓപ്പണിംഗ് തിയതിയോ കമ്മിറ്റിയെ അറിയിക്കാതിരുന്നതിനാലും ഫാം സൂപ്രണ്ട് അയച്ച കത്തിൽ ഓരോ ഇനം ഉരുക്കളുടെ എണ്ണം, ഒരുവർഷം ചെലവാകുന്ന തുക, പ്രാദേശിക പത്രപ്പരസ്യം കൊടുത്ത ഉരുക്കളുടെ ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് പുനർ |

നിരക്കുകൾ രേഖപ്പെടുത്തിയത് ശ്രീ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ എന്നയാളും കിടാരികൾക്കും 3 മാസത്തിന് മുകളിൽ പ്രായമുള്ള കിടാവിനും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ശ്രീ. എം. പ്രഹ്ളാദൻ, ഇളയില വീട്, പുനല (പി.ഒ) എന്ന വ്യക്തിയാണ്.

23.07.2010 ൽ നടന്ന ടെണ്ടർ താത്കാലികമായി അംഗീകരിച്ച് നടപടിക്രമങ്ങൾ ഫാം സൂപ്രണ്ട് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചു. എന്നാൽ നിരക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു എന്ന അവ്യക്തതയും അസാധാരണവുമായ കാരണം പറഞ്ഞ് ഇതൊഴിവാക്കി പുനർദർഘാസ് നടത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു (തീരുമാനം 8 തീയതി 10.08.2010). എന്നാൽ ടെണ്ടർ ഡോക്യുമെന്റ് പരിശോധിച്ചതിൽ നിരക്കുകളിൽ യാതൊരു അവ്യക്തതയും ഇല്ല. മാത്രമല്ല മേൽ വ്യക്തികളുടെ സാന്നിധ്യത്തിലാണ് ദർഘാസ് തുറന്ന് അവരുടെ അംഗീകാരത്തോടുകൂടി ഫാം സൂപ്രണ്ട് നിരക്കുകൾ താത്കാലികമായി സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ആദ്യ ദർഘാസിൽ അവ്യക്തത ഉണ്ടായിരുന്നുവെങ്കിൽ അതിലെ രണ്ടാമത്തെ കുറഞ്ഞ നിരക്കുകൾ അംഗീകാരത്തിന് പരിഗണിക്കാവുന്നതായിരുന്നു. 11.10.2010 ൽ നടന്ന പുനർ ദർഘാസിൽ ഇരട്ടിയിലധികം വന്ന നിരക്കുകളിൽ അതേ വ്യക്തികൾക്ക് തന്നെയാണ്. കരാർ ഉറപ്പിച്ച് നൽകിയത്. പഴയ ദർഘാസും പുതിയ ദർഘാസും തമ്മിലുള്ള നിരക്കുകളിടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പുനർ ദർഘാസ് പ്രകാരം കരാർ വച്ച വ്യക്തികളുടെ പേരും മേൽവിലാസവും | പുനർദർഘാസ് പ്രകാരമുള്ള നിരക്ക് (രൂപ) | ആദ്യത്തെ നിരക്കുകൾ (രൂപ) | വ്യത്യാസം |
|---|---|---|---|---|
| കറവ പശു | ശ്രീ. എൻ. സോമൻ, കല്ലുകടവിൽ വീട്, എലിക്കാട്ടൂർ | 30 | 14 | 16 |
| കാള | ശ്രീ. എൻ. സോമൻ, | 18 | 8 | 10 |

ദർഘാസിന് തീരുമാനിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ മുൻവർഷവും ഉരുക്കളുടെ സംരക്ഷണ ചുമതല ഏറ്റവും കുറഞ്ഞ ദർഘാസ് സമർപ്പിച്ച ശ്രീ. സോമന് തന്നെയായിരുന്നു നൽകിയത് എന്നും ഫാം കൗൺസിലിൽ നിന്നും ടിയാനെക്കുറിച്ച് വളരെയധികം പരാതി വന്നതിനാലും പുനർ ദർഘാസിന് തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ ഈ പ്രശ്നങ്ങൾ എല്ലാം വിശദമായി മിനിട്സിൽ ചേർത്തിട്ടില്ല. അതിന് പകരം ദർഘാസിൽ അവ്യക്തത ഉണ്ടെന്ന് മാത്രമാണ് മിനിട്സിൽ ചേർത്തിട്ടുള്ളത്. ഈ വിശദീകരണം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് 30.05.2014 ൽ ജില്ലാ പഞ്ചായത്തിൽ നിന്നും പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

പുനർ ദർഘാസ് നിരക്ക് അംഗീകരിച്ചത് 02.12.10 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൽ പറയുന്ന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി കഴിയുകയും പുതിയ ഭരണ സമിതി 08.11.2010 ൽ അധികാരമേൽക്കുകയും അതിന്റെ ഫലമായി അധികാരത്തിൽ വന്ന പുതിയ വികസന സ്റ്റാന്റിംഗ് കമ്മിറ്റി 02.12.2010 ൽ ദർഘാസ് നിരക്ക് അംഗീകരിച്ച് നൽകുകയാണ് ഉണ്ടായത്. 23.07.2010 ൽ തന്നെ കരിയാട്ടമല ഫാം സൂപ്രണ്ട് ടെണ്ടർ താത്കാലികമായി അംഗീകരിച്ചിരുന്നു. ഫൈനൽ അംഗീകാരത്തിന് മാത്രമായാണ് ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചത്. പുതിയ ജില്ലാ പഞ്ചായത്ത് ഭരണ സമിതിയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നിലവിൽ വരുമ്പോൾ അതിലുള്ള ജനപ്രതിനിധികൾക്ക് മുമ്പ് ചെയ്ത കാര്യങ്ങൾ വ്യക്തമായി അറിയില്ല. ഇത് വ്യക്തമായി സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതിന്റെ ഉത്തരവാദിത്വം ആ സമയത്തെ ഫാം സൂപ്രണ്ടിനാണ്. ഇക്കാര്യങ്ങൾ പുതിയ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാതെ നിരക്ക് അംഗീകരിക്കുക മാത്രമാണ് ഫാം സൂപ്രണ്ട് ചെയ്തത്.

സാധൂകരിക്കത്തക്ക കാരണങ്ങളില്ലാതെ ആദ്യ ടെണ്ടർ റദ്ദുചെയ്യാനുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം

| | | | |
|---|---|---|---|
| ഇല്ലാത്ത വില | കല്ലടവിൽ വീട്, എലിക്കാട്ടൂർ | | |
| കിലോഗ് | ശ്രീ. എൽ. സോമൻ, കല്ലടവിൽ വീട്, എലിക്കാട്ടൂർ 13 | 6.50 | 6.50 |
| കിലോമി | ശ്രീ എം. പ്രസ്ഗോപൻ ഇടയിലവീട്, പുനലൂർ 15 | 6 | 9 |

പുനർദർഘാസ് പത്രിക പരിശോധിച്ചതിൽ നാലുപേർ പങ്കെടുത്തതായി കാണുന്നുവെങ്കിലും മറ്റുള്ളവർ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല.

07.12.2010 മുതൽ പ്രാബല്യത്തിൽ വന്ന പളുപരിപാലന കാലാവധി 06.12.2011 ന് അവസാനിക്കുകയായിരുന്നുവെങ്കിലും ശ്രീ. സോമന് കറവപ്പശു പരിപാലനത്തിനുള്ള കാലാവധി 06.12.2011 ലെ കത്ത് മുഖേന വീണ്ടും ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ നീട്ടിക്കൊടുക്കുകയായിരുന്നു. ഈ കരാർ പ്രകാരം ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം 8,50,698/- രൂപയാണ്. വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ തെറ്റായ തീരുമാനമാണ് ഈ നഷ്ടത്തിന് കാരണമായതെന്നതിനാൽ 10.08.2010 ലെ വികസന സ്റ്റാൻറിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ ഈ നഷ്ടത്തിന് ഉത്തരവാദികളാണ്. പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതായി അറിയിച്ചുകൊണ്ട് 02.07.2014 ൽ കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.ക്യു.പി.ജി/839/2014 നമ്പർ കത്ത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ

ക്രമപ്രകാരമല്ലെന്ന കാണുന്നതിനാൽ പ്രസ്തുത തീരുമാനം കൈക്കൊണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ,ആദ്യ ടെണ്ടറിലെ വസ്തുതകൾ മറച്ചുവെച്ചുകൊണ്ട് ഉയർന്ന നിരക്കിൽ ടെണ്ടർ ഉറപ്പിക്കാൻ കാരണക്കാരനായ ഫാം സൂപ്രണ്ടും നഷ്ടത്തിന് ഉത്തരവാദികളായി കണക്കാക്കാവുന്നതാണ്.നഷ്ടത്തുക മേൽ വ്യക്തികളിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ശ്രീ.എൻ .പ്രസന്നകുമാർ, ചെയർമാൻ,വികസന സ്റ്റാന്റിംഗ് കമ്മറ്റി,കൊല്ലം ജില്ലാ പഞ്ചായത്ത് | [illegible] വീട് , [illegible] പി.ഒ,കൊല്ലം |
| 2 | ശ്രീ.എ.സാജിദ്,മെമ്പർ വികസന സ്റ്റാന്റിംഗ് കമ്മറ്റി,കൊല്ലം ജില്ലാ പഞ്ചായത്ത് | പുത്തൻവീട് ,[illegible] [illegible] പി.ഒ, |
| 3 | ശ്രീ.വി.സുമലാൽ കുമാർ, മെമ്പർ,വികസന സ്റ്റാന്റിംഗ് കമ്മറ്റി,കൊല്ലം ജില്ലാ പഞ്ചായത്ത് | ശ്രീനന്ദി നിവാസ് , പൂതക്കുളം പി.ഒ,-691302 |
| 4 | ശ്രീ.എസ്.സുഭാഷ് മെമ്പർ വികസന സ്റ്റാന്റിംഗ് കമ്മറ്റി,കൊല്ലം ജില്ലാ പഞ്ചായത്ത് | ശ്രീവാണി ,കലയ്ക്കോട് പൂതക്കുളം പി.ഒ,-691302 |
| 5 | ശ്രീമതി ജയദേവി മോഹൻ മെമ്പർ ,വികസന സ്റ്റാന്റിംഗ് കമ്മറ്റി,കൊല്ലം ജില്ലാ പഞ്ചായത്ത് | സുമി ഹൗസ് ഈസ്റ്റ് കല്ലട പി.ഒ, കൊല്ലം |

| | | | |
|---|---|---|---|
| 6 | 4.2 | 2013-14<br><br>ലക്ഷങ്ങൾചെലവഴിച്ചിട്ടും പവർ ലാൺട്രി സ്ഥാപിച്ചിട്ടില്ല.<br><br>*ജില്ലാ വിക്ടോറിയ ആശുപത്രികളിൽ പവർലാൺട്രി സ്ഥാപിക്കുന്നതിന് 14,98,000/- രൂപ ചെലവഴിച്ചിട്ടും നാളിതുവരെ പവർലാൺട്രി സ്ഥാപിച്ചിട്ടില്ല.<br>*തുക നൽകിയിരിക്കുന്നത് 4,05,000/- രൂപ അധികം ക്വോട്ട് ചെയ്ത സ്ഥാപനത്തിന്<br><br>ജില്ലാ മെഡിക്കൽ ആഫീസർ (അലോപ്പതി) നിർവഹണ ഉദ്യോഗസ്ഥനായി ഈ പ്രോജക്ടിനുവേണ്ടി 14,98,000/- രൂപ (ഡി.ഡി.നം.224141/10.04.12 - 10,93,000/- രൂപ (വികസന ഫണ്ട്) & ഡി.ഡി.നം.125702/26.03.12 - 4,05,000/- രൂപ (എച്ച്.എം.സി ഫണ്ട്) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് മുൻകൂർ നൽകിയിട്ടുള്ളത്.<br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം പവർ ലാൺട്രി സ്ഥാപിക്കുന്നതിന് 10,93,000/- രൂപയുടെ ഇൻവോയിസ് നേരത്തെ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ തുക തന്നെയാണ് (10,93,000/- രൂപ) ഈ പ്രോജക്ടിനുവേണ്ടി വകയിരുത്തിയിരുന്നതും. എന്നാൽ പിന്നീട് ഇത് അവഗണിച്ച് 14,98,000/- രൂപ മുൻകൂറായി കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് നൽകുകയായിരുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനവും സർക്കാർഅംഗീകൃത ഏജൻസിയാണെന്നിരിക്കെ പ്രസ്തുത ഏജൻസി സമർപ്പിച്ച കുറഞ്ഞ നിരക്ക് നിരസിച്ചതുമൂലം | 2011-12 ലെ പദ്ധതി പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയുടെയും ഗവ. വിക്ടോറിയ ആശുപത്രിയുടെയും സംയുക്താവശ്യത്തിനു വേണ്ടി ഒരു പവർ ലോൺട്രി സ്ഥാപിക്കുന്നതിനുള്ള 356/2011-12 ആയുള്ള ഒരു പ്രോജക്ട് ജില്ലാ പ്ലാനിംഗ് വിഭാഗം അംഗീകാരം നൽകുകയും അതനുസരിച്ച് 24-02-2012 ൽ കൂടിയ കൊല്ലം ജില്ലാ പഞ്ചായത്ത് ഭരണാനുമതി നൽകുകയും ആവശ്യമായ തുകയായ 10,93,000/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു.<br>അതനുസരിച്ച് സർക്കാർ സ്ഥാപനമായ കെ.എം.എസ്.സി.എല്ലുമായി ബന്ധപ്പെട്ടപ്പോൾ പവർ ലോൺട്രി യൂണിറ്റിന്റെ വിലയായ 10,93,000/- രൂപ മൂന്ന് വർഷത്തേക്കുള്ള ആനുവൽ മെയിന്റനൻസ് തുകയും സർവ്വീസ് ചാർജ്ജും ചേർത്ത് 3,07,000/- രൂപ ഉൾപ്പെടെ 14 ലക്ഷം ആകുമെന്ന് അറിയിച്ചിരുന്നു. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് ആധികാരികതയുള്ള ഒന്നായിരുന്നില്ല. മാത്രവുമല്ല നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ട് തന്നതുമല്ല. ടി ഇൻവോയ്സ് കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ട് അയച്ചു തന്നിട്ടുള്ളതായിരുന്നു. താഴെ പറയുന്ന കാരണങ്ങളാൽ ടി ഇൻവോയ്സ് അംഗീകരിക്കാവുന്നതായിരുന്നില്ല.<br>1. ടി ഇൻവോയ്സിൽ അത് സമർപ്പിച്ച സ്ഥാപന മേധാവിയുടെയോ അയാൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ ഒപ്പോ സീലോ ഒന്നും ഇല്ലായിരുന്നു.<br>2. ടി ഇൻവോയ്സിന്റെ കാലാവധി 31-01-2012 വരെ മാത്രമേ ഉള്ളുവെന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രോജക്ടിനുള്ള ഭരണാനുമതി കൊല്ലം ജില്ലാ പഞ്ചായത്ത് തന്നത് 24-02-2012 ലെ തീരുമാനപ്രകാരമായിരുന്നു.<br>3. ടി ഇൻവോയ്സിലെ പവർ ലോൺട്രിയുടെ വാഷിംഗ് കപ്പാസിറ്റി 50 കെ.ജി ആണെങ്കിൽ കെ.എം.എസ്.സി.എൽ |

4,05,000/- രൂപയുടെ പ്രത്യക്ഷ നഷ്ടമാണ് ഈ ഇടപാടിൽ ഉണ്ടായിരിക്കുന്നത്. മാത്രമല്ല, കെ.എസ്.ഐ.ഇ.യുടെ നിബന്ധനകൾ പ്രകാരം സാധനം നൽകിയതിനുശേഷം മാത്രം തുക നൽകിയാൽ മതിയായിരുന്നു. കൂടാതെ രണ്ട് വർഷത്തെ സൗജന്യ വാറന്റി എന്ന മെച്ചവും ഉണ്ടായിരുന്നു. എന്നാൽ കെ.എം.എസ്.സി.എൽ എന്ന സ്ഥാപനം ഉപകരണത്തിന്റെ വിലയായി 14,00,000/- രൂപയും 7% എ.എം.സി.യായി 98,000/- രൂപയുമാണ് കൈപ്പറ്റിയിട്ടുള്ളത്. വർഷംതോറും നിശ്ചിത തുക എ.എം.സി.ക്കായി നീക്കി വയ്ക്കേണ്ടിയും വരുന്നു. തുക മുൻകൂർ നൽകിയിട്ടും സ്ഥാപനവുമായി കരാർ വച്ചിട്ടില്ലാത്തതിനാൽ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ പോലും സ്വീകരിക്കാനാവാത്ത അവസ്ഥയാണുള്ളത്.

ഈ സാഹചര്യത്തിൽ 4,05,000/- രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. ശേഷിക്കുന്ന 10,93,000/- രൂപയുടെ ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമുണ്ടാകുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു. ഈ ഇടപാട് മൂലം ഭാവിയിലുണ്ടാകുന്ന മുഴുവൻ നഷ്ടത്തിനും നിർവഹണ ഉദ്യോഗസ്ഥ ഡോ. കെ. സലില ഉത്തരവാദിയായിരിക്കുന്നതാണ്. പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതായും സ്വീകരിച്ച നടപടി അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 02.07.14 ൽ കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.കൃ.പി.ബി/839/2014-ാം നമ്പർ കത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u>

ഡോ.സലില.കെ, ജില്ലാ മെഡിക്കൽ ഓഫീസർ ,കൊല്ലം,
പുത്തൻവീട്,ആദിച്ചനെല്ലൂർ പി.ഒ,കൊല്ലം, 691573

വീറ്റ് 60 കെ.ജി ആണ്.

4. രണ്ട് വർഷത്തെ വാറന്റി മാത്രമാണ് ടി ഇൻവോയ്സിൽ പറഞ്ഞിരുന്നത്. എന്നാൽ കെ.എം.എസ്.സി.എൽ റേറ്റ് കരാർ പ്രകാരം 3 വർഷത്തെ സമഗ്ര വാറന്റിയും ഗ്യാരന്റിയും തുടർന്നുള്ള 5 മുതൽ 7 വർഷം വരെ ഫിക്സഡ് ആനുവൽ മെയിന്റനൻസ് ഗ്യാരന്റിയും ഉറപ്പ് നൽകിയിരുന്നു.

കേരള സംസ്ഥാന ആരോഗ്യവകുപ്പ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ രൂപീകരണ ശേഷം ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളുടെ മേജർ ഉപകരണങ്ങളും സാധനങ്ങളും മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ചുമതലയിലുള്ള റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പവർ ലോൺട്രി സ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും സമയാസമയം നടത്തിയിട്ടുള്ളതായും സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ് പവർ ലോൺട്രിയുടെ പ്രവർത്തനത്തെപ്പറ്റി വിദഗ്ധ ഉപദേശം തേടുകയും ടി ഉപദേശങ്ങളുടെയും പർച്ചേയ്സ് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് കെ.എം.എസ്.സി.എൽ ന്റെ അംഗീകൃത റേറ്റ് കോൺട്രാക്ട് കമ്പനിയായ റാംസൺസ് ഗാർമെന്റ്സ് ഫിനിഷിംഗ് എക്വിപ്മെന്റ്സ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

നിലവിലുള്ള എല്ലാ നിബന്ധനകൾക്കും വിധേയമായാണ് പദ്ധതി നടപ്പിലാക്കിയതെന്നും കെ.എം.എസ്.സി.എൽ ന്റെ ഭാഗത്ത് നിന്നും റിമൈൻഡിംഗ് പോലുള്ള നടപടികൾ വൈകിയതുമൂലമാണ് പവർ ലോൺട്രി സ്ഥാപിക്കുന്ന പ്രക്രിയയ്ക്ക് തടസ്സം നേരിട്ടതെന്നും 28.12.2015 ൽ പവർ ലോൺട്രി സ്ഥാപിക്കുകയും അത് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായും മറുപടിയിൽ വ്യക്തമാക്കുന്നു.

ടി പവർ ലോൺട്രി നടപ്പിലാക്കിയത് സംബന്ധിച്ച്

| | | | |
|---|---|---|---|
| | | | 09.12.2017 തിയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഡോ.കെ.സലില , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളെനെതിരെയുള്ള സർചാർജ്ജ് നടപടി ഒഴിവാക്കിയതായി 28.12.2017 ലെ കെ.എസ്.എ.3675/സ്പെ.സെൽ/ സി.എസ്.സി/ബി2/2016 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 7 | 8.3 | **2015-16**<br>കാടവളർത്തൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - കാടമുട്ടകളിൽ പ്രവൃകൾ ചേക്കേറി<br>*പ്രോജക്ട് ഇതുവരെയും പൂർത്തീകരിക്കപ്പെട്ടില്ല.<br>*മൂന്നുവർഷക്കാലം കാടകളെ വളർത്തണമെന്ന കരാർ വ്യവസ്ഥ പാലിച്ചില്ല<br>*പദ്ധതി മോണിറ്റർ ചെയ്തില്ല.<br><br>2011-12 ലെ 287/12 പ്രോജക്ട് പ്രകാരം ആരംഭിച്ച കാടവളർത്തൽ പദ്ധതി 293/13, 290/14, 908/13, 164/14 പ്രോജക്ടുകളിലൂടെ തുടർന്നു. പ്രോജക്ടുകൾ അവ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. മൂന്ന് വാർഷിക പദ്ധതികളിലായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ 2013-14 വരെ 45085 കാടക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തത്. പ്രോജക്ട് പ്രകാരം ഒരു ലക്ഷത്തോളം കാടക്കുഞ്ഞുങ്ങളെ ഇനിയും വിതരണം ചെയ്യേണ്ടതുണ്ട്. എന്നാൽ കരിയോട്ടുമല ഫാമിൽ ഇപ്പോൾ കാടക്കോഴികളെ വളർത്തുന്നില്ലെന്ന് ഫാം സന്ദർശിച്ച ഓഡിറ്റ് ടീമിന് ബോധ്യമായി. ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് ഇതുവരെ 17,58,272/- രൂപ ചെലവഴിച്ചു. | ജില്ലാ പഞ്ചായത്ത് 2011-12 സാമ്പത്തികവർഷം ആരംഭിച്ച കാടവളർത്തൽ പദ്ധതി ഒരു ലക്ഷം കാടക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടതാണെന്നും എന്നാൽ 45,085 കാടക്കുഞ്ഞുങ്ങളെ മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. വിതരണം പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടി പദ്ധതി പ്രകാരം കൂട് നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം ആണ് കാടകളെ വിതരണം ചെയ്യുന്നത് അത് പ്രകാരം കാടയെ വിതരണം ചെയ്യാൻ താമസിച്ചു.<br>2. മിനിസ്ട്രി ഓഫ് ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് 2011 ഒക്ടോബറിൽ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972 പ്രകാരം കാട വന്യജീവി സംരക്ഷണത്തിന്റെ പരിധിയിൽ വരുന്നതാണെന്നും കാടയെ കൂട്ടിൽ ഇട്ട് വളർത്താൻ പാടില്ല എന്നുള്ള ഉത്തരവ് വന്നിരുന്നു. അത് കാരണം എല്ലാ സർക്കാർ ഫാമുകളിലും കാട വളർത്തൽ നിരോധിച്ചിരുന്നു.<br>3. കരിയോട്ടുമല ഫാമിൽ നിന്ന് മാത്രമാണ് കാടക്കുഞ്ഞുങ്ങളെ കിട്ടിയിരുന്നത്. അത് മതിയായ എണ്ണം |

വിശദവിവരം ചുവടെ.

| വർഷം | വൗച്ചർ നമ്പർ | [illegible] | നിർവ്വഹണ ഉദ്യോഗസ്ഥൻ | അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|---|
| 2011-12 | 287/12 | വികസന ഫണ്ട് | [illegible] | 220000 | 377482 |
| 2012-13 | 293/13 | വികസന ഫണ്ട് | [illegible] | 195000 | 69675 |
| 2012-13 | 908/13 | തനത് ഫണ്ട് | [illegible] | 160000 | 202540 |
| 2013-14 | 464/14 | തനത് ഫണ്ട് | [illegible] | 457460 | 443575 |
| 2013-14 | 290/14 | വികസന ഫണ്ട് | [illegible] | 125325 | 665000 |
| ആകെ | | | | | 1758272 |

മോണിട്ടറിംഗിന്റെ അഭാവം പദ്ധതി നടത്തിപ്പിൽ പ്രകടമാണ്. കാടകളെ ഏറ്റുവാങ്ങിയവരിൽ ചുരുക്കം ഗൃഹങ്ങൾ മാത്രമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. മിക്കവരും കാടക്കൂടുകളിൽ പ്രാവുകളെ വളർത്തുന്നു.

കരാറുകാർ തുടർച്ചയായ മൂന്ന് വർഷക്കാലമെങ്കിലും കാടകളെ വളർത്താമെന്നും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കാമെന്നുള്ള എഗ്രിമെന്റിന്മേലാണ് കർഷകർക്ക് കാടയെ നൽകിയത്. എന്നാൽ ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായില്ല.

കാടക്കോഴി വളർത്തൽ പദ്ധതിയിലുണ്ടായ വീഴ്ചകൾ വിലയിരുത്തുന്നതിന് സർക്കാർതല അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

കിട്ടിയിരുന്നില്ല.

കാടയെ തുടർച്ചയായ മൂന്ന് വർഷം വളർത്തുന്നത് സംബന്ധിച്ച് കാടയുടെ ആയുസ്സ് തന്നെ രണ്ട് വരെ വർഷം മാത്രമാണെന്നും കാടയുടെ ലാഭകരമായ ഉല്പാദന കാലയളവ് ഒരു വർഷം മാത്രമാണെന്നും, ജീവനക്കാരുടെ ഭാഗത്ത് നിന്നും ബോധപൂർവ്വമായി ബന്ധപ്പെട്ട വീഴ്ച ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കുന്നു.

പ്രസ്തുത മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| | | പ്രസ്തുത വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് പരിഗണിച്ചിട്ടുള്ള വിവരം 11.08.2016 ലെ നമ്പർ കെ.എസ്.എ.കെ.എൽ.എം.ഡി.ബി.632/15-ാം നമ്പർ കത്ത് പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. | |
| 8 | 9.2 | 2015-16<br>ക്ഷീരാമൃതം പദ്ധതി - പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക (ആകെ 7,22,000/- രൂപ) തിരിച്ചടച്ചു.<br>കൊല്ലം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ചേർന്ന് സംയുക്തമായി നടപ്പിലാക്കിയ ക്ഷീരാമൃതം പദ്ധതിയിൽ പാൽ വിപണന ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി നൽകിയത് 12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ വിവിധ വിപണന ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയ ഇനത്തിലെ ചെലവ് ഓഡിറ്റ് നിരാകരിച്ചതിനെതുടർന്ന് പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക ട്രഷറിയിൽ തിരിച്ചടച്ചു. (പേരയം 4,12,000/- രൂപ ചെലാൻ നം.191426/26.03.2014, പെരിനാട് - 3,10,000/- രൂപ ചെലാൻ നം. 191427/26.3.14) | ക്ഷീരാമൃതം പദ്ധതി പ്രകാരം പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളിലെ വിപണന ഗ്രൂപ്പുകൾക്ക് നൽകിയ തുക യഥാക്രമം 4,12,000/- രൂപ ചെലാൻ നം.191426/26.03.2014, 3,10,000/- രൂപ ചെലാൻ നം. 191427/26.3.14 പ്രകാരവും തിരിച്ചടച്ചിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 9 | 9.3 | 2015-16<br>ഗുണമേന്മാ സമിതി കൺവീനർ ഹാജരാക്കിയ ബില്ലുകൾ വ്യാജമെന്ന് കണ്ടെത്തിയതിനെതുടർന്ന് 5,87,425/- രൂപ ഈടാക്കി<br>കൊല്ലം ജില്ലാ പഞ്ചായത്തിലെ എ.എ റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രിയിൽ ഗുണമേന്മാ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ നിയമാനുസൃതമായി ഫാറം 8 ബി യിൽ തയ്യാറാക്കിയവ അല്ലാത്തതിനാൽ ഓഡിറ്റിന്റെ നം.എൽ.എഫ്.ക്യു.ഡി. | കൊല്ലം ജില്ലാ പഞ്ചായത്തിലെ എ.എ റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രിയിൽ ഗുണമേന്മാ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തികളുടെ കൺവീനറായ ശ്രീ. കെ. എസ്. മധുസൂദനൻ പിള്ളയിൽ നിന്ന് 5,87,425/- രൂപ (3,81,030/- രൂപ രസീത് നം.5301190/15.01.15 പ്രകാരവും 2,06,395/- രൂപ രസീത് നം.5301189/- 15.01.15 പ്രകാരവും) ഈടാക്കിയിട്ടുണ്ട്. ജി.എസ്.ടി നിലവിൽ വന്ന ശേഷം ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടായിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പരാമർശം |

ബി.2936/14 തീയതി 10.12.14 പ്രകാരം ഇവയുടെ സാധുത പരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നു.
പരിശോധിക്കുന്നതിനായി കൊമേഴ്സ്യൽ ടാക്സ് ഇന്റലിജൻസ് ഓഫീസർക്ക് കൈമാറുകയും ടിയാളുടെ 15.12.14, 27.12.14 തീയതികളിലെ FIR.No. IBK.A1-613/14-15 കത്തുകൾ പ്രകാരം പ്രസ്തുത ബില്ലുകൾ വ്യാജമാണെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രവൃത്തികളുടെ കൺവീനറായ ശ്രീ. കെ. എസ്. മധുസൂദനൻ പിള്ളയ്ക്ക് കൊമേഴ്സ്യൽ ടാക്സ് വിഭാഗം നോട്ടീസ് നൽകുകയും ആകെ 5,87,425/- രൂപ(3,81,030/- രൂപ രസീത് നം.5301190/15.01.15 പ്രകാരവും 2,06,395/- രൂപ രസീത് നം.5301189/- 15.01.15 പ്രകാരവും) ടിയാനിൽ നിന്നും ഈടാക്കുകയും ചെയ്തു.

2019 ജനുവരി മുതൽ ആഗസ്റ്റ് 2 വരെ ഈ കേന്ദ്രത്തിൽ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ വിവരം.

| Sl. No. | Reg. No. | Name of Student | Name of Course |
|---|---|---|---|
| 1. | C203/19 | Ajithakumari. K | MS Office |
| 2. | C204/19 | Siya Stanley | " |
| 3. | C205/19 | Reshmi Raj Pillai | DTP |
| 4. | C206/19 | Malini | MS Office |
| 5. | C207/19 | Sreelatha | DTP |
| 6. | C208/19 | Athira. O.J | MS Office |
| 7. | C209/19 | Shylaja. | " |
| 8. | C210/19 | Aleena. | " |
| 9. | C211/19 | Samiyath | " |
| 10. | C212/19 | Aneeta. A | " |
| 11. | C213/19 | Soumya mol. S | " |
| 12. | C214/19 | Ajeesh U | DTP |
| 13. | C215/19 | Bijina. N | MS Office |
| 14. | C216/19 | Umadevi | DTP |
| 15. | C217/19 | Shefeek | " |
| 16. | C218/19 | Aswathy Chandran | " |
| 17. | C219/19 | Aiswarya. R | " |
| 18. | C220/19 | Geethu. A | " |
| 19. | C221/19 | Mamatha Murugan | " |
| 20. | C222/19 | Ahna. | " |
| 21. | C223/19 | Devika S | MS Office |
| 22. | C224/19 | Lalitha Hari | DTP |
| 23. | C225/19 | Vaisakh S | MS Office |

| | | |
|---|---|---|
| [illegible]/19 | Akhila. M | MS office |
| 25. C227/19 | Ramsani. S | " |
| 26. C228/19 | Sunitha. S | " |
| 27. C229/19 | Sreelcith. PJ | " |
| 28. C230/19 | Uma Vijayan | " |
| 29. C231/19 | Mariya Benedict | " |
| 30. C232/19 | Jills Jose | " |
| 31. C233/19 | Latheef Bavi | " |
| 32. C234/19 | Rozili | " |
| 33. C235/19 | Salma. R | " |
| 34. C236/19 | Folin | " |
| 35. C237/19 | Asly. X | " |
| 36. C238/19 | Gayathri | " |
| 37. C239/19 | Kripa Thampi | " |
| 38. C240/19 | Vidya. M | " |
| 39. C241/19 | Shahana. | DTP |
| 40. C242/19 | Nandulal. T | MS office |
| 41. C243/19 | Kiran Chandran | " |
| 42. C244/19 | Athul R. Nair | " |
| 43. C245/19 | Lekshmi. B | " |
| 44. C246/19 | Sunimol. S | " |
| 45. C247/19 | Shyni. S | " |
| 46. C248/19 | Sherary. S | DTP |
| 47. C249/19 | Soumya. K | " |
| 48. C250/19 | Aswathy. S | " |
| 49. C251/19 | Nasarin | MS office |
| 50. C252/19 | Metilda. F | " |

| | | |
|---|---|---|
| 51. C253/19 | Sandhya. M | DTP |
| 52. C254/19 | Divya Unni | " |
| 53. C255/19 | Akhila Solomon | MS office |
| 54. C256/19 | Santra Manuel | " |
| 55. C257/19 | Sreedevi. V | DTP |
| 56. C258/19 | Manju Bhaskaran | " |
| 57. C259/19 | Swayam Dash | " |
| 58. C260/19 | Malavika C | " |
| 59. C261/19 | Terry Titus | MS office |
| 60. C262/19 | Santhosh. C | " |
| 61. C263/19 | Aswathy. A | DTP |
| 62. C264/19 | Shylaja. A | " |
| 63. C265/19 | Athira Suresh. A | MS office |
| 64. C266/19 | Preethi. L | " |
| 65. C267/19 | Soorya Gayathri. S | DTP |
| 66. C268/19 | Sambu Sundar Sivarasan | MS office |
| 67. C269/19 | Sreelatha. V. | " |
| 68. C270/19 | Saaya. N | " |
| 69. C271/19 | Pravan. G | DTP |
| 70. C272/19 | Aradhya. M | MS office |
| 71. C273/19 | Shani Sadan | " |
| 72. C274/19 | Arjun Vinod | " |
| 73. C275/19 | Sabeena. R | " |
| 74. C276/19 | Manisha. M. Nair | " |
| 75. C277/19 | Vivek. B | " |
| 76. C278/19 | Sana Rani. S | " |
| 77. C279/19 | Athira Suresh | DTP |

78. C280/19 Annie Thomas MS Officer
79. C281/19 Sajimol. L "
80. C282/19 Anuja. J DTP
81. C283/19 Anjali Viswanadhan MS Officer

[signature] 16/9/19
Vimal Raj. L
HRD IT Centre
Kollam Zilla Panchayat

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - 2004-05, 2007-08, 2009-10, 2016-17 എന്നി വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ.

| ക്രമ നമ്പർ | വർഷം ഖണ്ഡിക | ബ്ലോക്ക് പഞ്ചായത്ത് | പരാമർശം | മറുപടി |
|---|---|---|---|---|
| 1 | 2004-05 1.1(i) | ബ്ലോക്ക് പഞ്ചായത്തുകൾ | മരാമത്ത് പണികൾ (പൊതുപരാമർശങ്ങൾ) | നിലവിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തിലും മരാമത്ത് പണികൾ എല്ലാം തന്നെ ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയാണ് നടപ്പിലാക്കുന്നത്. ടെണ്ടർ നടപടികൾ ഇ-ടെണ്ടറിംഗ് മുഖേന സുതാര്യമായിട്ടാണ് നടത്തുന്നത്, കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനവും നിലവിലുണ്ട്. പ്രവൃത്തികളിൽ കരാറുകാരുടെ കുത്തക അവസാനിപ്പിച്ച് ടെണ്ടർ നടപടികൾ സുതാര്യമാക്കിയിട്ടുണ്ടെന്ന് ഗ്രാമവികസനകമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 2004-05 2.1 | ബ്ലോക്ക് പഞ്ചായത്തുകൾ | ഇടർ പ്രവർത്തനമില്ല. പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാകുന്നു. | പ്രസ്തുത കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി യാതൊരുവിധ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയും നടന്നിട്ടില്ല. നിലവിൽ ജനസേചന പദ്ധതികളുടെയും മറ്റ് അടിസ്ഥാന വികസന പദ്ധതികളുടെയും നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നുവെങ്കിലും ടി പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതാണ്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ജാഗ്രത പുലർത്തുന്നതാണെന്ന് ഗ്രാമവികസനകമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.. |
| 3 | 2004-05 2.2 | ബ്ലോക്ക് പഞ്ചായത്തുകൾ | നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല. പദ്ധതി വിഹിതം 18.19 കോടി വിവിധ സ്ഥാപനങ്ങളിൽ | കൃത്യമായ എസ്റ്റിമേറ്റിന്റെയും, കരാറിന്റെയും അടിസ്ഥാനത്തിൽ മാത്രമേ നിക്ഷേപ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകുകയുള്ളൂ. നിക്ഷേപ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആയതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപത്രവും ബ്ലോക്ക് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമാക്കുന്നതിനും നിലവിൽ അതീവ ശ്രദ്ധ പുലർത്തുന്നുണ്ടെന്ന് ഗ്രാമവികസനകമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 2004-05<br>2.3 | അഞ്ചാലുമ്മൂട് (ചിറ്റുമല) | <u>തൊഴിൽ സംരംഭങ്ങൾ അടച്ച് പൂട്ടി</u><br><u>പദ്ധതി വിഹിതം 4.02 കോടി നഷ്ടം</u><br><br>കൊല്ലം ജില്ലയിലെ അഞ്ചാലുമ്മൂട് ബ്ലോക്ക് പഞ്ചായത്ത് 10,59,150/- രൂപ ചെലവഴിച്ച് സ്ഥാപിച്ച മാർക്കറ്റിംഗ് & സെയിൽസ് സഹകരണ സംഘം അടച്ച് പൂട്ടി | അഞ്ചാലുമ്മൂട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി പ്രവർത്തനം ആരംഭിച്ച മാർക്കറ്റിംഗ് ആന്റ് സെയിൽസ് സഹകരണസംഘം ഇപ്പോഴും പ്രവർത്തിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു. നിലവിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുമ്മൂട് ഷോപ്പിംഗ് കോംപ്ലക്സിന്റെ 3 മുറികളിലായി ഗ്രാമ്യ എന്ന പേരിൽ പലചരക്ക് മൊത്തവ്യാപാര ചെറുകിട വ്യാപാരശാല നടത്തുന്ന വിവരം കൂടി അറിയിക്കുന്നു. |
| | | ചടയമംഗലം | കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സമഗ്ര നെൽകൃഷി വികസനത്തിന് വാങ്ങിയ 2 കൊയ്ത്ത് യന്ത്രം കൃഷി ഓഫീസിൽ ഉപയോഗിക്കാതെ നശിക്കുന്നു. ഇതിന്റെ വില 9,85,705/- രൂപ പാഴായി | 98-99 ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28, 30 എന്നിവ സംബന്ധിച്ച് 2004-05 ലെ സമഗ്ര ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സമഗ്ര നെൽകൃഷി വികസനം - പാടിക്കൂട്ടം കൊയ്ത്ത് യന്ത്രവും പ്രയോജന രഹിതമായി എന്ന പരാമർശവും പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്യാത്തതുമൂലം 2.8 ലക്ഷം രൂപ നഷ്ടപ്പെട്ടതായി എന്നീ പരാമർശങ്ങളും സംബന്ധിച്ചുള്ള മറുപടി സമർപ്പിക്കേണ്ടതായി നടത്തിയ പരിശോധനയിൽ ഫയലോ മറ്റ് വിവരങ്ങളോ ലഭ്യമായില്ല എന്ന് ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ സംബന്ധിച്ച ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.<br><br>സാധ്യമായ മാർഗങ്ങളിലൂടെ അന്വേഷിച്ച് സമിതി മുൻപാകെ മറുപടി നൽകുന്നതിന് സാവകാശം ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 5 | 2007-08<br>3.1 | ശാസ്താംകോട്ട | ലക്ഷങ്ങൾ ചെലവഴിച്ചിട്ടും, പൂർത്തീകരിക്കാത്ത, ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പൊതുവിഭാഗ നിർവ്വഹണം 2002-03-ൽ ഉൾപ്പെടുത്തി പ്രോജക്ട് നംബർ 004/2002-03 പ്രകാരം 15 ലക്ഷം രൂപ വകയിരുത്തി കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിനായി അംഗീകാരം ലഭിച്ചു. ടി |

| | | | | |
|---|---|---|---|---|
| | | | സംബന്ധിച്ചുള്ള പൊതു നിരീക്ഷണം.<br>ചെലവഴിച്ച തുക - 92397/-<br>പൊതു ഞാറ്റടി തയ്യാറാക്കലും, ട്രാൻസ്പ്ലാന്റർ എന്ന യന്ത്രം ഉപയോഗിച്ച് പറിച്ച് നടീലും എന്ന പദ്ധതിയ്ക്ക് ഉപകരണം വാങ്ങൽ- റെയ്ഡ്കോയ്ക്ക് 92397/- രൂപ നൽകി. യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ സ്റ്റോർ റൂമിൽ ഇരിക്കുന്നതായി കാണുന്നു. ഇത് പാഴായി. ആധുനികവൽക്കരണത്തിലൂടെ നെൽകൃഷി ലാഭകരമാക്കുക എന്ന പദ്ധതി സഫലമായില്ല. | തുകയിൽ 8 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും 7 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായുമാണ് ടി പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ, ശാസ്താംകോട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ 1447345/- രൂപയ്ക്ക് റെയ്ഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്നും കൊയ്ത് മെതി യന്ത്രം വാങ്ങിയിട്ടുള്ളത്. കൂടാതെ യന്ത്രത്തിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഇതേ ഇനത്തിന് 81,552/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കൊയ്ത്മെതിയന്ത്രം നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഡി.എ യുടെ പേരിൽ 01.12.2003-ന് രജിസ്റ്റർ ചെയ്ത് ഇൻഷ്വറൻസ് എടുത്തിട്ടുള്ളതാണ്. കൂടാതെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ മൈനാഗപ്പള്ളി ഇന്ത്യൻ ബാങ്ക് ശാഖയിൽ 6885 എന്ന അക്കൗണ്ട് ഇട്ടിട്ടുണ്ട്.<br>ടാക്ടർ, കൊയ്ത് മെതി യന്ത്രം, ഞാറുനടീൽ യന്ത്രം എന്നിവ വാങ്ങിയശേഷം ശാസ്താംകോട്ട പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ വർഷങ്ങളായി കിടന്നതിനാൽ അവ തുരുമ്പ് പിടിക്കുന്നതിന് കാരണമായി. ആയതിനാലാണ് അന്നത്തെ ഭരണസമിതിയുടെ നിർദ്ദേശപ്രകാരം പിന്നീട് ബ്ലോക്ക് കോമ്പൗണ്ടിൽ എത്തിച്ചത്.<br>ഈ യന്ത്രത്തിന്റെ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്തിനും, നടത്തിപ്പ് ശാസ്താംകോട്ട എ.ഡി.എ.യ്ക്കും ആയിരുന്നു. 1998-99 മുതൽ 2004-05 വരെയുള്ള കാലയളവിൽ യന്ത്ര സാമഗ്രികളുടെ തകരാറ് പരിഹരിക്കുന്നതിനായി ബ്ലോക്ക് ഫണ്ടിൽ നിന്നും 81,552/- രൂപ ചെലവഴിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ടെത്തിയിരിക്കുന്നു. ടി തുകയിൽ 3,650/- രൂപ ബാറ്ററി മാറ്റുന്നതിനും 20,103/- രൂപ റിപ്പയറിംഗ് ചാർജ്ജ് ഇനത്തിലും ഉൾപ്പെടുന്നു.<br>ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിന് മറുപടിയുടെ ഭാഗമായി ഈ യന്ത്രത്തിന്റെ ലോഗ് ബുക്ക്, പ്രവർത്തന രേഖ സംബന്ധിച്ച യാതൊരു വിധ രേഖകളും ശാസ്താംകോട്ട എ.ഡി.എ. യിൽ നിന്നും ലഭ്യമായില്ല. ഇത് സംബന്ധിച്ച് ശാസ്താംകോട്ട എ.ഡി.എ. നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടാക്ടർ, കൊയ്ത് മെതിയന്ത്രം, ഞാറ് നടീൽ യന്ത്രം എന്നിവ വാങ്ങിച്ചിട്ടുള്ളതായും ഈ പ്രദേശത്തെ മിക്ക ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കും ഒരു |

| | | | | |
|---|---|---|---|---|
| | | | | വർഷത്തെ ഉപയോഗത്തിനായി ഈ മൂന്ന് ഉപകരണങ്ങളും 75,000/- രൂപ വാടകയ്ക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രസ്തുത തുക 7,500/- രൂപ വീതം 10 തവണകളായി നൽകിക്കൊള്ളാമെന്ന വ്യവസ്ഥയിലായിരുന്നു. 2009 മുതലാണ് അമിത ഉപയോഗം മൂലം യന്ത്രം പ്രവർത്തന രഹിതമായിട്ടുള്ളത്. പല തവണകളായി 98,167/- രൂപ മരണിക്കാവ് ഇന്ത്യൻ ബാങ്കിലെ ഓക്ഷൻ അക്കൗണ്ട് ആയ 6885 ൽ അടച്ചിട്ടുണ്ട്.<br>നിലവിൽ മൂന്നും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനരഹിതമായി ബ്ലോക്ക് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | 2009-10<br><br>22 | അഞ്ചൽ | ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വരുംവർഷത്തെ സ്ഥാപനത്തിന്റെ വരവു ചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും, മാർച്ച് ആദ്യവാരത്തിന് മുമ്പായി പ്രത്യേകം | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2004-05 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചത് 9,23,56,000/- രൂപ വരവും, 9,22,41,000/-രൂപ ചെലവുമായിട്ടാണ്. യഥാർത്ഥത്തിൽ ആ വർഷത്തെ പദ്ധതി അടങ്കൽ വരവ് 3,22,46,819/-രൂപ മാത്രമാണ്. ചെലവായതാകട്ടെ 3,23,68,208/-രൂപയും. അക്കാലത്ത് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയപ്പോൾ പഞ്ചായത്ത് സമിതിയുടെ ആവശ്യപ്രകാരം ഓരോ വർഷവും ലഭിക്കുന്ന പ്ലാൻവിഹിതം കൂടാതെ ജനറൽ, എസ്.സി.പി., ടി.എസ്.പി., എം.ജി. (റോഡ്വിതരം) എം.പി.ഫണ്ട് എം.എൽ.എ. ഫണ്ട്, ഹരിയാലി, എസ്.ജി.ആർ.വൈ., ഹഡ്ഡ, എൻ.സി.എഫ്.ആർ.ഡബ്ല്യു. എന്നിങ്ങനെ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രതീക്ഷിത വരവും ചെലവും കണക്കിലെടുത്തു കൊണ്ടാണ് ഉയർന്ന തുക ബഡ്ജറ്റിൽ വകയിരുത്തിവന്നത്. ഈ വിഷയം ഓഡിറ്റിൽ ചൂണ്ടികാണിച്ചതിനെ തുടർന്ന് 2008-09 മുതൽ ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി അടങ്കൽ ഇനത്തിൽ അനുവദിക്കുന്ന തുക വകയിരുത്തിതന്നെയാണ് ബഡ്ജറ്റ് തയ്യാറാക്കിവരുന്നത്.<br>ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ട്. ബഡ്ജറ്റുകളിൽ വരവ് ചെലവ് എസ്റ്റിമേറ്റുകൾ പെരുപ്പിച്ച് കാണിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റിന്റെ കർശനമായ പരിശോധനയും നിയന്ത്രണവും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ ഉണ്ട്. |

| | | | | |
|---|---|---|---|---|
| | | | വിളിച്ച് ചേർക്കുന്ന യോഗത്തിൽ വച്ച് തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരും വർഷത്തെ പ്രതീക്ഷിക്ക വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾക്ക് ജനുവരി 16 ന് മുമ്പായി അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കുന്ന ബജറ്റ് മാർച്ച് ആരംഭത്തിന് മുമ്പായി സമർപ്പിക്കുക ഇത്തരം നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ യഥാവിധി ചർച്ച ചെയ്യപ്പെടുകയോ, നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല.<br>ബജറ്റ് പ്രകാരമുള്ള വരവ് - 92356000/-<br>ബജറ്റ് പ്രകാരമുള്ള ചെലവ് -92241000/-<br>യഥാർത്ഥ വരവ്- 32246819/-<br>യഥാർത്ഥ ചെലവ് -32368208/- | |
| | | ഓച്ചിറ | ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ജാഗ്രതയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം | 2009 -2010 ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2005-2006 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയതിൽ ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിലുള്ള അന്തരം ചൂണ്ടിക്കാട്ടി തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, വരുംവർഷത്തെ സ്ഥാപനത്തിന്റെ വരവു ചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും, മാർച്ച് ആദ്യവാരത്തിന് മുമ്പായി പ്രത്യേകം വിളിച്ച് ചേർക്കുന്ന യോഗത്തിൽ വച്ച് അദ്ദേഹത്തെ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരും വർഷത്തെ പ്രതീക്ഷിത വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾക്ക് ജനുവരി 16 ന് മുമ്പായി അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ തയ്യാറാക്കുന്ന ബജറ്റ് മാർച്ച് ആദ്യവാരത്തിന് മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ യഥാവിധി ചർച്ച ചെയ്യപ്പെടുകയോ, നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ | എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ., എസ്സ്.ജി.എസ്.വൈ., എസ്.ജി.ആർ.വൈ. പദ്ധതികൾകൾക്ക് ബഡ്ജറ്റിൽ പ്രതീക്ഷിച്ച തുക ലഭിക്കാതിരുന്നത് മൂലമാണ് ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ അന്തരമുണ്ടായിട്ടുള്ളത്.<br><br>എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ബഡ്ജറ്റിൽ തുകകൾ വകയിരുത്തിയിട്ടുള്ളത് തികച്ചും യാഥാർത്ഥ്യബോധത്തോടെയും രേഖകളുടെ പിൻബലത്തോടെയും ആണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഉണ്ടാകുന്നില്ല.<br>ബജറ്റ് പ്രകാരമുള്ള വരവ് - 36473500/-<br>ബജറ്റ് പ്രകാരമുള്ള ചെലവ് -36254500/-<br>യഥാർത്ഥ വരവ്- 18694520/-<br>യഥാർത്ഥ ചെലവ് -16084753/- | |
| 7 | 2016-17<br><br>7 | ഇത്തിക്കര | വിദ്യാഭ്യാസ പദ്ധതിക്കുള്ള തുക ഫർണിച്ചർ നൽകൽ മാത്രമായി തീർന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.<br>തുക- 2,42,8000/-<br>കാരണം-ഫർണിച്ചർ വിതരണത്തിൽ ജി.ഒ(എം.എസ്) 4/2016/ത.സ്വ.ഭ.വ/11/01/2016 സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ/16/11/2013 എന്നിവയിലെ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടില്ല. | 2014 - 15 വർഷം പ്രത്യേക ഘടക പദ്ധതിയ്ക്കായി ആദ്യം തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം നേടിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ അവസരത്തിലാണ് പകരം പുതിയ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് ബ്ലോക്ക് കമ്മിറ്റി നിർദ്ദേശിക്കുന്നത്. ടി പദ്ധതിയുൾപ്പെടെ 4 പ്രോജക്ടുകൾ നിർദ്ദേശിക്കുകയും കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തു. സാമ്പത്തിക വർഷം അവസാനിക്കുവാൻ ഏതാനം മാസങ്ങൾ മാത്രമാണ് മുന്നിലുണ്ടായിരുന്നത്. സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ നൽകുന്നതിന് സ്കൂളിൽ നിന്നും ലിസ്റ്റ് വാങ്ങി നടപ്പിലാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടായിരുന്നു. ബ്ലോക്കിന്റെ കീഴിലുള്ള വിവിധ സ്കൂളുകളിൽ മറ്റ് ബ്ലോക്ക് അതിർത്തിക്കുള്ളിൽ സ്ഥിര താമസമുള്ള വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. അവർക്ക് ടി ആനുകൂല്യത്തിന് അർഹതയില്ല. മറ്റൊന്ന് സ്കൂളിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അവരുടെ അപേക്ഷയും രേഖകളും ലഭ്യമാക്കുക എന്നതും വൈകിയ വേളയിൽ പ്രായോഗികമായിരുന്നില്ല.<br><br>ഏറ്റവും പ്രായോഗികവും സുതാര്യവുമായ മാർഗ്ഗം എന്ന നിലയിലാണ് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് അതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയത്. അർഹരായ മുഴുവൻ ആളുകൾക്കും ഒന്നും രണ്ടും ഘട്ടമായി ആനുകൂല്യം അനുവദിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. ആദ്യ ഘട്ടം എന്ന നിലയിൽ ബി.പി.എൽ വിഭാഗത്തെയും രണ്ടാംഘട്ടം എന്ന നിലയിൽ എ.പി.എൽ വിഭാഗത്തെയും ഉൾപ്പെടുത്തിയാണ് ലിസ്റ്റ് തയ്യാറാക്കിയിരുന്നത്. |

| | | |
|---|---|---|
| | | [illegible] തുക മാറിയത്. എന്നാൽ ഇത്രയും പേർക്ക് [illegible] നൽകാനായി വൈകിയ വേളയിൽ സാധ്യമല്ലായിരുന്നു. [illegible] ടെൻഡർ/ക്വട്ടേഷൻ ഫോർമാലിറ്റിസ് പാലിക്കുവാനുള്ള സമയം [illegible]ണ്ടായിരുന്നുമില്ല.<br>സിഡ്‌കോ പോലുള്ള ഏജൻസികൾ മിക്ക സ്ഥലങ്ങളിലും ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ടെങ്കിലും കേവലം ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകുകയും, പിന്നീട് മാസങ്ങൾക്ക് ശേഷം ഫർണിച്ചർ വിതരണം ചെയ്യുകയും ചെയ്യുന്ന രീതി സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് എതിരായതിനാലാണ് അത്തരം നടപടികളിലേക്ക് പോകാതെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും സുതാര്യവും പരാതിരഹിതവുമായ രീതി അവലംബിച്ച് ഗുണഭോക്താക്കൾ നേരിട്ട് ഫർണിച്ചർ വാങ്ങുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കിയത്.<br>2014 - 15 വർഷം മുതൽ യുവജന ക്ഷേമത്തിന് നിർബന്ധിത വകയിരുത്തൽ വന്നതോട് കൂടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വ്യക്തിഗത ആനുകൂല്യം നടപ്പിലാക്കാമെന്നും ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് അപേക്ഷ സ്വീകരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിരുന്നു. അതനുസരിച്ചാണ് 2014-15 വർഷം ഇത്തിക്കര ബ്ലോക്കിൽ പദ്ധതികൾക്കായി പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ സ്വീകരിച്ചതും, ആയത് ഗ്രാമസഭയുടെ അംഗീകാരത്തിനായി പഞ്ചായത്തുകൾക്ക് അയച്ചു കൊടുക്കുകയും ചെയ്തത്. എന്നാൽ സാമ്പത്തിക വർഷം അവസാന ഘട്ടത്തിൽ (മാർച്ച് മാസത്തിൽ) ഗ്രാമസഭ കൂടാൻ കഴിയാത്തതു കൊണ്ട് മിക്ക പഞ്ചായത്തുകളും ഗ്രാമസഭയുടെ അംഗീകാരം പിന്നീട് ലഭ്യമാക്കാമെന്നും പദ്ധതി നടപ്പിലാക്കുന്നതിന് എതിർപ്പില്ലെന്നും അറിയിക്കുകയാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് ലഭ്യമായ ലിസ്റ്റിൽ നിന്നും അർഹതയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.<br>648 പേർക്കുള്ള തുക 2015 മാർച്ച് 31 ന് പാസ്സായെങ്കിലും മുഴുവൻ ഡി.ഡി.യും ബാങ്കിൽ നിന്നും ലഭിച്ചത് ജൂൺ ആദ്യവാരം ആയത് കൊണ്ടാണ് തുക വിതരണത്തിൽ കാലതാമസം നേരിട്ടത്. ലിസ്റ്റിൽ കൂടുതൽ പേർ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെട്ടിരുന്നതിനാലും രണ്ടാം ഘട്ടമായി പദ്ധതികൾ നടപ്പിലാക്കാനുണ്ടായിരുന്നതു കൊണ്ടും തുക തിരിച്ചടയ്ക്കാതെ ലിസ്റ്റിൽ അവശേഷിക്കുന്നവരെ അറിയിച്ച് തുക വിതരണം ചെയ്യു വരികയായിരുന്നു.<br>അംഗീകൃത കടകളിൽ നിന്നും സ്റ്റീൽ/തടിയുടെ ഫർണിച്ചർ വാങ്ങി ബില്ല് ഹാജരാക്കിയതിന് ശേഷം, ആയത് കണ്ട് ബോധ്യപ്പെട്ടാണ് തുക നൽകിയിട്ടുള്ളത്. ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഫർണിച്ചർ വാങ്ങിയിട്ടുള്ളതാണ്. ഫർണിച്ചർ ഗുണഭോക്താക്കൾ വാങ്ങിയതിനാൽ സർക്കാരിനോ ബ്ലോക്ക് പഞ്ചായത്തിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന മാത്രമല്ല പദ്ധതി ഗുണഭോക്തൃ സൗഹൃദമായി നടപ്പിലാക്കിയിട്ടുള്ളതാണ്. സാമ്പത്തിക വർഷാവസാനം മറ്റൊരു നിർവാഹവുമില്ലാത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ സുതാര്യമായും അഴിമതി രഹിതമായും പദ്ധതി നടപ്പിലാക്കിയെന്നുള്ള വസ്തുത കണക്കിലെടുത്ത് ഇതിന്മേലുള്ള തടസ്സവാദം അവസാനിപ്പിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |

M.S. [illegible]
Additional Secretary [illegible]
State [illegible]

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 3.2.1 | തൊഴിൽ പരിശീലനപദ്ധതികൾ ലക്ഷ്യം കണ്ടില്ല.<br><br>നഗരസഭയുടെ തൊഴിൽ പരിശീലന പദ്ധതികൾ ലക്ഷ്യം കണ്ടില്ല.<br><br>തൊഴിൽരഹിത വനിതകൾക്ക് ഫാഷൻ ടെക്നോളജി പരിശീലനം നൽകുന്നതിന് വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി അംഗീകൃത സർക്കാർ സ്ഥാപനം മുഖേന നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായി സ്വകാര്യ ഏജൻസിക്ക് നൽകിയ 3,00,000/- രൂപ അഞ്ച് മാസങ്ങൾക്ക് ശേഷം സെക്രട്ടറിയുടെ പി.ഡി അക്കൗണ്ടിൽ തിരിച്ച് അടച്ചതായിയ കാണുന്നു. പദ്ധതിപ്പണത്തിന് 12% നിരക്കിൽ 14,104/- രൂപ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്.<br><br>2002-03-ൽ വ്യവസായവികസന ആഫീസർ നടപ്പിലാക്കിയ ടെലിഫോൺ, സെൽഫോൺ റിപ്പയറിംഗ് പരിശീലനം തുടങ്ങിയ വനിതാ പദ്ധതികൾക്ക് കരാർ വയ്ക്കുന്നതിന് മുമ്പ് 60% തുക സെന്റർ ഫോർ | കൊല്ലം കോർപ്പറേഷൻ<br><br>ഓഡിറ്റ് നിർദ്ദേശിച്ച പ്രകാരം 14104/- രൂപ പ്ലാൻ ഫണ്ടിൽ ഒടുക്കുവരുത്തുന്നതിന് മുൻ വ്യവസായ വികസന ഓഫീസറായിരുന്ന ശ്രീ.കെ. രാജൻപിള്ളയ്ക്ക് 26.3.09-ലെ IEO/Kollam /09/03-ാം നമ്പർ പ്രകാരം ടി ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ 3000/- രൂപ വീതം രണ്ട് ഗഡുക്കൾ 09/06/2009, 10/07/2009 എന്നീ തീയതികളിൽ 8448/00/102/94/01/MCFA11 എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുള്ളതിന്റെ ചെല്ലാനുകൾ ഹാജരാക്കിയിട്ടുള്ളതാണ്. ബാക്കി തുകയായ 8104/- രൂപ അടയ്ക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ലാത്തതിനാൽ ടി തുക ഈടാക്കുന്നതിന് 19/09/2010-ാം തീയതി 2019/9566/02 നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>1299500/- രൂപയുടെ ചെലവ് രേഖകൾ 01/04/2009 ൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളതാണ്. |

| | |
|---|---|
| മാനേജ്മെന്റ് ഡെവലപ്പ്മെന്റ് നൽകി. പദ്ധതിയുടെ നിർവ്വഹണരേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് 1299500/- രൂപ തടസ്സപ്പെടുത്തുന്നു. വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതിപ്പണം വളരെ മുൻപ് മുൻകൂറായി നൽകുക, ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാൻ കാലതാമസം വരുത്തുക, ആവശ്യമായ രേഖകൾ ഹാജരാക്കാതിരിക്കുക എന്നീ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.<br>കോർപ്പറേഷൻ ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് നൽകാൻ വന്ന കാലതാമസം മൂലമാണ് അഡ്വാൻസ് തുക നൽകി 10 മാസത്തോളം കഴിഞ്ഞ് പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കുവാനിടയായത് | |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.2.1 | മുൻകൂർ നൽകിയ 2,21,773/- രൂപ ക്രമീകരിച്ചിട്ടില്ല – ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(23):<br><br>2003-04 വർഷത്തിൽ കൊല്ലം നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കായുള്ള മരാമത്ത് ചെലവുകൾക്കായി ജീവനക്കാർക്ക് 2003-04-ൽ മുൻകൂർനൽകിയ 2,21,773/-രൂപ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ ചെലവഴിച്ച തിന്റെ രേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്ന തായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ടി രജിസ്റ്റർ തുകയിൽ 1,01,665/- രൂപ ടി രജിസ്റ്ററിൽ ചേർക്കാതെയാണ് നൽകിയിട്ടുള്ളതെന്ന് വൗച്ചറുകളും, അഡ്വാൻസ് രജിസ്റ്ററും തമ്മിൽ ഒത്ത് നോക്കിയതിൽ വ്യക്തമായിട്ടുണ്ട്. 20.04.1998 മുതൽ നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾപോലും ഇപ്പോഴും ക്രമീകരിച്ചിട്ടില്ല എന്നും, മുൻവർഷങ്ങളിൽ വസൂലാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ കുട്ടിയെഴുതി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും കാണുന്നു.<br><br>മുൻകൂർ വാങ്ങിയ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ | കൊല്ലം കോർപ്പറേഷൻ<br><br>നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറുകൾ എടുത്തിട്ടുള്ള പല ജീവനക്കാരും വിരമിച്ചിട്ടുള്ളതാണ്. ലിസ്റ്റ് പ്രകാരമുള്ള ആളുകളുടെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ മുൻകൂർ എടുത്തിട്ടുള്ള തുകകൾ ഡി.സി.ആർ.ജി യിൽ കുറവു ചെയ്തിട്ടുള്ളതാണ്. ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കറന്റ് ചാർജ്ജിനത്തിൽ– 2786/-രൂപ, അഡ്വക്കേറ്റ് ഫീസിനത്തിൽ – 30050/- രൂപ, ഔദ്യോഗിക ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള – 1834089/-രൂപ ഇവ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നു. ടി തുകകൾ മുൻകൂറായി നൽകിയിട്ടുള്ളവയല്ല.<br><br>ഡി.സി.ആർ.ജി യിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളതും ഫിനാൻസ് സ്റ്റാന്റിങ് കമ്മിറ്റി തീരുമാനപ്രകാരവും ആകെ 827756/-രൂപ ക്രമീകരിച്ചിട്ടുള്ളതാണ്.<br><br>കുരീപ്പുഴ ചണ്ടി ഡിപ്പോ ആധാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചെലവാക്കിയിട്ടുള്ള 2842216/- രൂപ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരുന്നു.81984/- രൂപ മുൻകൂറുകൾ എടുത്തിട്ടുള്ളവർ മരണപ്പെട്ടുപോയിട്ടുള്ളതാണ്. ബാക്കി തുകയായ 2237614/- രൂപ റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | ഇവ ക്രമീകരിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അഡ്വാൻസായി വാങ്ങിയ തുകയിൽ ചെലവഴിക്കാൻ ബാക്കിയുണ്ടെങ്കിൽ 12% പലിശ സഹിതം മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. | |
| 2 | 4.2.2 | അനധികൃതമായി മൊബൈൽ ഫോൺ വാങ്ങാൻ ചെലവഴിച്ച 30,600/- രൂപയുടെ ചെലവ് നിരാകരിക്കുന്നു - ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(38):<br><br>സർക്കാർ ഉത്തരവ് നമ്പർ 51445/ഡി/03/ത.സ്വ.ഭ.വ. തീയതി 24.01.04 പ്രകാരമുള്ള നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് 30,600/- രൂപ ചെലവഴിച്ച് കൊല്ലം കോർപ്പറേഷൻ 4 മൊബൈൽ ഫോണുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതായി കാണുന്നു. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ജി1.40520/00 ഫയലിൽ ഇവ സെക്രട്ടറി, മേയർ, ഡെപ്യൂട്ടി മേയർ എന്നിവർക്ക് നൽകിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾ മറികടന്നുകൊണ്ട് അനധികൃത മായി മൊബൈൽ ഫോണിനായി ചെലവഴിച്ച 30,600/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. | കൊല്ലം കോർപ്പറേഷൻ<br><br>കോർപ്പറേഷൻ മേയർ, സെക്രട്ടറി എന്നിവർക്ക് കൗൺസിൽ തീരുമാനപ്രകാരം മൊബൈൽഫോണും അനുബന്ധ സാമഗ്രികളും വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക 30600/-രൂപ അനുവദിച്ച നടപടിക്ക് സാധൂകരണം ലഭിക്കുന്നതിന് സർക്കാരിനെ സമീപിക്കുന്നതാണ് |
| 3 | 4.2.3 | അംഗീകൃതപ്രോജക്ടിന് വിരുദ്ധമായി ജെ.സി.ബി വാങ്ങൽ - ചെലവ് തടസ്സം - 17,60,555/- രൂപ -<br><br>ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ | കൊല്ലം കോർപ്പറേഷൻ<br><br>03.06.06-ലെ 25155/ജി3/06/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു എസ്ക്കവേറ്റർ ലോഡർ 2005-06-ലെ സ്പിൽഓവർ പ്ലാൻഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് കൊല്ലം നഗരസഭയ്ക്ക് അനുമതി |

| | |
|---|---|
| 2(49): <br><br> കൊല്ലം കോർപ്പറേഷനിൽ ഖരമാലിന്യ നിർമ്മാർജ്ജന ത്തിനായി 2 മിനി ജെ.സി.ബി വാങ്ങാൻ 2003-04 വർഷ ത്തിലെ എസ്/245/2002-03-ാം നമ്പർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 8,50,000/- രൂപാ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിന് പകരം 17,60,555/- രൂപ ചെലവഴിച്ച് ഒരു എസ്കോർട്ട്സ് ജെ.സി.ബി 3 ഡി എസ്ക വേറ്റർ വാങ്ങുകയാണുണ്ടായത്. എന്നാൽ പ്രോജക്ടിന് വിരുദ്ധമായി ചെലവഴിച്ചതിന് റിവൈസ്ഡ് പ്രോജക്ട് തയ്യാറാക്കി ഡിപിസി യുടെ അംഗീകാരം വാങ്ങിയിരുന്നില്ല. <br><br> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിന് മുൻപായി സർക്കാരിൽ നിന്നും അനുമതി വാങ്ങി, പത്രപ്പരസ്യം നൽകി, ക്വട്ടേഷൻ മുഖേന അംഗീകൃത ഏജൻസികളിൽ നിന്ന് മാത്രമേ വാങ്ങാൻ പാടുള്ളു. ടി മനദണ്ഡം ലംഘിച്ച് ഇൻഡ്യാ ടെക് ലിമിറ്റഡ്, പള്ളിക്കൽ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും ടി | നൽകിയിട്ടുള്ളതാണ്. ഖരമാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദവും സുഗമവുമാണ് എന്ന നിലയിലാണ് 3ഡി എസ്കവേറ്റർ വാങ്ങിയിട്ടുള്ളത്. 2006 മുതൽ 2015 വരെ 9469 മണിക്കൂർ ടി. എസ്കവേറ്റർ ഉപയോഗിച്ചിട്ടുള്ളതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിനായി വാഹനം ഉപയോഗിച്ചിരുന്നതിനാൽ ടി വാഹനം പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ പി. ഡബ്ല്യൂ.ഡി മെക്കാനിക് വിഭാഗത്തിന്റെ നിർദ്ദേശാനുസരണം 17/10/18-ാം തീയതിയിൽ 259600/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. |

| | |
|---|---|
| ജെ.സി.ബി വാങ്ങിയത് അംഗീകരിക്കത്തക്കതല്ല.<br><br>കൗൺസിൽ തീരുമാനപ്രകാരം 2 വീതം ടിപ്പർ ലോറിയും, ജീപ്പും, ഒരു ചെറിയ ജെ.സി.ബി-യും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങാൻ തീരുമാനമെടുത്ത് ക്വട്ടേഷൻ ക്ഷണിച്ചതിന് മേൽ ലഭിച്ച കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉൾപ്പെടെയുള്ള<br><br>ക്വട്ടേഷനുകൾ പരിഗണിക്കാതെ തീരുമാനം മാറ്റി ജെ.സി.ബി 3ഡി എസ്ക്കവേറ്റർ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല.<br><br>നിലവിൽ ഒരു ജെ.സി.ബി ഉണ്ടായിരിക്കെ വീണ്ടും അതേ വലിപ്പമുള്ള മറ്റൊരെണ്ണം കൂടി വാങ്ങാനുണ്ടായ കാരണവും, അതിന്റെ ഉപയോഗവും വ്യക്തമല്ല.<br><br>അംഗീകൃത പ്രോജക്ടിലെ ധനകാര്യ വിശകലനത്തിന് വിരുദ്ധമായി ചെറിയ രണ്ട് ജെ.സി.ബി 8,50,000/- രൂപാ മാത്രം ചെലവഴിച്ച് വാങ്ങുന്നതിന് പകരം 17,60,555/- രൂപ ചെലവഴിച്ച് മതിയായ കാരണവും,അംഗീകാരവും ഇല്ലാതെ ഒരു വലിയ ജെ.സി.ബി മാത്രം വാങ്ങിയത് പ്ലാൻ | |

| | | |
|---|---|---|
| | ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതി നാൽ ടി ഇനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗം തടസ്സത്തിൽ വച്ച് കൂടുതൽ അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നു. | |
| 4.2.4 | വൃക്ഷമിത്ര പദ്ധതി – പ്രോജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000/- രൂപ അംഗീകരിക്കുന്നില്ല – <u>ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003–04 ഖണ്ഡിക നമ്പർ 2(49)(എഫ്):</u><br><br>കൊല്ലം കോർപ്പറേഷന്റെ 50 ഡിവിഷനുകളിലായി ഒരു വർഷം 10,000 വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുക, വൃക്ഷ തൈകൾ ലഭ്യമാക്കുവാൻ കോർപ്പറേഷൻ തലത്തിൽ<br><br>സ്ഥിരം സംവിധാനം സാധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ടാണ് 2002–03–ലെ എസ്.105/02–03.–ാം നമ്പർ വൃക്ഷമിത്ര പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.<br><br>പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ചതിന്റെയടി സ്ഥാനത്തിൽ പേരൂർ ശ്രീരാമരാമ സ്മാരക ട്രസ്റ്റ്, വാളത്തുംഗൽ എന്ന കുടുംബ ട്രസ്റ്റിന്റെ പേർക്ക് | കൊല്ലം കോർപ്പറേഷൻ<br><br>കൊല്ലം നഗരസഭയിലെ എസ്.105/02–03 വൃക്ഷമിത്ര പദ്ധതിപ്രകാരം തോട്ടം മോടിപിടിപ്പിക്കുന്നതിന് 50000/- രൂപ, തോട്ടം പരിപാലിക്കുന്നതിന് 50000/- രൂപ, വൃക്ഷത്തൈ ഉൽപാദന ചെലവായി 100000/- രൂപ, വൃക്ഷത്തൈ പരിപാലനത്തിന് 50000/- രൂപ, പൊതുയോഗം തുടങ്ങിയവക്ക് 50000/- രൂപ എന്ന രീതിയിലാണ് 300000/- രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തിയത്.<br><br>ടി പ്രോജക്ടിൽ പറഞ്ഞിരുന്ന പ്രകാരം മാതൃകാതോട്ടം സ്ഥാപിക്കുന്നതിന് തയ്യാറുള്ള സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപ്പരസ്യം നൽകിയിരുന്നു. ആയതിൻമേൽ അപേക്ഷകളൊന്നും ലഭിക്കാത്തതിനാൽ താൽപ്പര്യപത്രം പത്രപ്പരസ്യത്തിലൂടെ നൽകിയതിന്റെയടിസ്ഥാനത്തിൽ പേരൂർ ശ്രീരാമരാമ സ്മാരക ട്രസ്റ്റ് സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകാരത്തോടെയാണ് ടി ട്രസ്റ്റിന് വൃക്ഷമിത്ര പദ്ധതി നടപ്പാക്കാനുള്ള അനുമതി |

| | |
|---|---|
| 1,00,000/- രൂപ മുൻകൂറായി നൽകിയതായി കാണുന്നു. കുടുംബത്തിലെ അംഗങ്ങൾ മാത്രം ഉൾപ്പെട്ട ഒരു ട്രസ്റ്റിന് പദ്ധതി നിർവ്വഹണവുമായി പ്ലാൻ ഫണ്ട് അനുവദിച്ച് നൽകിയത് അംഗീകരിക്കാനാവില്ല. കോർപ്പറേഷൻ പ്രദേശത്ത് തന്നെ ഔഷധ/ഫലവൃക്ഷത്തോട്ടം നിലവി ലുള്ള രജിസ്റ്റേർഡ് സംഘടനകൾ മുഖാന്തിരം മാതൃകാതോട്ടം സ്ഥാപിക്കാനാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്. ടി ട്രസ്റ്റിന് നേരത്തെ ഔഷധത്തോട്ടമോ, ഫലവൃക്ഷത്തോട്ടമോ ഉള്ളതായിട്ടുള്ള രേഖകൾ ലഭ്യമാക്കി യിട്ടില്ല. കൂടാതെ പ്രോജക്ടിന്റെ പരമമായ ലക്ഷ്യം കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട റസിഡൻഷ്യൽ അസോസിയേഷനുകൾക്ക് വൃക്ഷത്തൈകൾ നൽകുകയും ആയത് നട്ട് പിടിപ്പിക്കുകയും ആണ്. ഇവ നിറവേറ്റാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഇനത്തിൽ നൽകിയ 1,00,000/-രൂപ ബന്ധപ്പെട്ട സംഘടനയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. | നൽകിയിട്ടുള്ളത്.<br><br>പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം പുതിയ തൈകൾ നട്ട് നിലവിലുള്ള വൃക്ഷങ്ങളിൽ നെയിം ബോർഡുകൾ സ്ഥാപിക്കുകയും അടിക്കാടുകൾ വെട്ടിത്തെളിക്കുകയും വഴിച്ചാലുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള ട്രസ്റ്റിന്റെ റിപ്പോർട്ടിൻമേൽ നഗരസഭയിലെ കൃഷി ഓഫീസർമാർ നടത്തിയ പരിശോധനയിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.<br><br>പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ വിസ്തൃതിയുള്ള ഭൂമിയും കാവും നിർമ്മിക്കുന്നതിന് സന്നദ്ധരായിട്ടുള്ള വ്യക്തികളാരും ഇതിനായി ബന്ധപ്പെടാതിരുന്നതിനാലും ടി പ്രവൃത്തിക്ക് താൽപര്യമായി ടി ട്രസ്റ്റിൽനിന്നും അപേക്ഷ ലഭിച്ചിട്ടുള്ളതിനാലും പ്രോജക്ടിൽ നിർദ്ദേശിച്ചതു പോലെ വിസ്തൃതിയുള്ള ഭൂമിയും കാവും ലഭ്യമായിട്ടുള്ള സാഹചര്യത്തിലാണ് ടി ട്രസ്റ്റിന് തുക നൽകിയിട്ടുള്ളത്. കൂടാതെ ട്രസ്റ്റിന് നൽകിയിട്ടുള്ള ഒരു ലക്ഷം രൂപയുടെ മുൻകൂർ വർക്കുകളും ചെയ്തിട്ടുള്ളതാണ്. ആശ്രാമം മൈതാനത്തടക്കം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ടി പദ്ധതി വഴി വച്ചുപിടിപ്പിച്ച വൃക്ഷത്തൈകൾ വലിയ മരങ്ങളായി ഇപ്പോൾ നിൽക്കുന്നുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു |

| | | |
|---|---|---|
| 4.2.5 | വിവിധ പദ്ധതികളിലെ അപാകതകൾ - 49,82,100/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.<br><br>ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക നമ്പർ 2(50)(സി)(ഡി):<br><br>കൊല്ലം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ (എസ്.097/02-03 നമ്പർ സ്പിൽ ഓവർ പദ്ധതി പ്രകാരം കോർപ്പറേഷൻ പരിധിയി ലുള്ള ദ്രാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എട്ടാം ക്ലാസ്സ് പാസ്സായ തൊഴിൽ രഹിതരും, 18-45-നുംമദ്ധ്യേ പ്രായമുള്ള 50 വനിതകൾക്ക് 4 മാസം ദൈർഘ്യമുള്ള ഫാഷൻ ടെക്നോളജി പരിശീലന കോഴ്സ് ഗവ.അംഗീകൃത സ്ഥാപനങ്ങൾ മുഖേന) പ്രോജക്ടിന് ആദ്യം 2 ലക്ഷം രൂപ എറണാകുളത്തുള്ള ഒരു സ്ഥാപനത്തെ ഏൽപ്പിച്ച് പിന്നീട് തിരികെ വാങ്ങി. 10000/- രൂപ ഗുണഭോക്തൃവിഹിതമുൾപ്പെടെ 4 ലക്ഷം രൂപ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിന് നൽകിയാതായി കാണുന്നു. 50 പേർക്ക് പകരം 100 പേർക്ക് പരിശീലനം നൽകിയതായി കാണുന്നു. പദ്ധതി തുകയിൽ മാറ്റം | **കൊല്ലം കോർപ്പറേഷൻ**<br><br>എസ്.ഒ 97/2002-03 നമ്പർ പദ്ധതി പ്രകാരമാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. 2 ബാച്ചുകളിലായി 50 പേർക്ക് പരിശീലനം നല്കുന്നതിന് പകരമായി 100 പേർക്ക് താഴെ പറയുന്നവയിൽ പരിശീലനം നൽകിയിട്ടുണ്ട്..<br><br>2002-03 വർഷത്തിൽ നടത്തിയ മറ്റ് പ്രോജക്ടുകളായ എസ്.075(ടെലഫോൺ, സെൽഫോൺ പരിശീലനം), എസ്.081 (യു.പി.എസ്, ഇൻവർട്ടർ അംസംബ്ലിംഗ് പരിശീനം), എസ് 079 (സി.എഫ്.എൽ അഡാപ്റ്റർ, എമർജൻസി ലാമ്പ് നിർമ്മാണ പരിശീലനം) എസ്.089 (ലതർ ചപ്പൽ, ബാഗ്, കുട നിർമ്മാണ പരിശീലനം) എന്നീ വനിതാ പ്രോജക്ടുകൾ കൗൺസിൽ അംഗീകാരത്തോടെ സി.എം.ഡി എന്ന സ്ഥാപനം മുഖേന വിജയകരമായി പരിശീലനം നൽകിയിട്ടുള്ളതാണ്.<br><br>ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതാണ് . |

| | | |
|---|---|---|
| | വരുത്തി ഡ്രിപിസി-യുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഗുണഭോക്താ ക്കളായ പരിശീലനാർത്ഥികൾക്ക് പ്രോജക്ട് അനുസരി ച്ചുള്ള യോഗ്യതകൾ ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോ അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, പരിശീലന ഏജൻസിയെ സംബന്ധിച്ച രേഖകൾ, പരിശീലനം നൽകിയതിന്റെയും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെയും രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥൻ പദ്ധതി ലക്ഷ്യത്തോട് നിരുത്തരവാദപരമായി സമീപനമാണ് കാട്ടിയത്. 4582100/- രൂപ ചെലവഴിച്ച് ടി ഉദ്യോഗസ്ഥൻ നടപ്പാക്കിയ മറ്റ് 12 പ്രോജക്ടുകളുടെ നടത്തിപ്പിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ സമഗ്രന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. | |
| 4.2.6 | വികലാംഗർക്ക് സഹായഉപകരണവിതരണം - നിർവ്വഹണത്തിലെ അപാകതകൾ - 12,06,385/- രൂപ തടസ്സപ്പെടുത്തുന്നു- <u>ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖ-ിക നമ്പർ 52 (ബി):</u><br><br>പുനലൂർ സിഡിപിഒ നിർവ്വഹണ ഉദ്യോഗസ്ഥനായി | <u>കൊല്ലം കോർപ്പറേഷൻ</u><br><br>വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനു വേണ്ടി പ്രോജക്ട് നിർദ്ദേശാനുസരണം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ജില്ലാ ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ ടീം ക്യാമ്പിൽ ഹാജരായി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ള വികലാംഗരെ |

| | |
|---|---|
| നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 358/02-04 130/03-04 എന്നിവ പ്രകാരം വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ട് പ്രകാരം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ലിസ്റ്റ് തയ്യാറാക്കി ആവശ്യാനുസരണം ഉള്ള സഹായഉപകരണങ്ങൾ സംസ്ഥാനവികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നു. എന്നാൽ ഓരോ ഇനത്തിലും പരമാവധി എത്രപ്പേർക്ക് സഹായം നൽകണമെന്നോ, മൊത്തം ചെലവ് എത്രയെന്നോ പ്രോജക്ടിൽ കണക്കാക്കിയിട്ടില്ല. കൂടാതെ ഡിപിസി അംഗീകാരം നൽകിയപ്പോൾ ബിപിഎൽ വിഭാഗത്തിന് മാത്രമായി ഉപകരണവിതരണം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിരുന്നെങ്കിലും ഇവ പാലിച്ചിട്ടില്ല. പ്രോജക്ട് വിഭാവന പ്രകാരം 3400/- രൂപ നിരക്കിലുള്ള ട്രൈ സൈക്കിൾ വാങ്ങി വിതരണം ചെയ്യുന്നതിന് പകരം 25,000/- രൂപ നിരക്കിലുള്ള സൈഡ്‌വീൽ അറ്റാച്ച്മെന്റുള്ള സ്ക്കൂട്ടറുകൾ വാങ്ങി 40 പേർക്കായി വിതരണം ചെയ്തത് അംഗീകരിക്കത്തക്കതല്ല. ടി സ്ക്കൂട്ടർ ഉൾപ്പെടെ 12 സഹായഉപകരണങ്ങൾ വികാലംഗ ക്ഷേമ | പരിശോധിച്ച് അവർക്കാവശ്യമായ ഉപകരണങ്ങൾ ശുപാർശ ചെയ്യുകയ അതിന്റെയടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി കൗൺസിലിെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്. ഉപകരണങ്ങൾ വിതരണ നടത്തിയിട്ടുള്ളത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളത് ഡിപിസി-യുടെ അംഗീകൃ മാനദണ്ഡമനുസരിച്ചാണ്. വികലാംഗർക്ക് യന്ത്രവൽക്കൃ ത്രിചക്രവാഹനം വിതരണം ചെയ്യുന്നതിനാണ് പ്രോജക് നിർദ്ദേശാനുസരണം സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനോ ആവശ്യപ്പെട്ടിരുന്നത്. വികലാംഗർക്ക് ഉയോഗിക്കുന്നതിന് സ്വി സ്ക്കൂട്ടറാണ് കൂടുതൽ അഭികാമ്യമെന്ന് വികലാം ക്ഷേമകോർപ്പറേഷനും കൊല്ലം കോർപ്പറേഷൻ അധികാരികകള തമ്മിൽ നടത്തിയ ചർച്ചയുടെയടിസ്ഥാനത്തിലാണ് ഈ സ്ക്കൂട്ടർ വാങ്ങ വിതരണം നടത്തിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിലും കൈനെറ്റിക സ്വിങ് സ്ക്കൂട്ടറാണ് നൽകിയിട്ടുള്ളത്. അപേക്ഷകള അനുബന്ധരേഖകളും സ്റ്റോക്ക് രജിസ്റ്ററും നിർദ്ദേശപ്രകാരം ഓഡി ടീമിന് വീണ്ടും സമർപ്പിച്ചിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയിൽ നിന്ന വ്യതിചലിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയതെങ്കിലും സാമൂഹ്യമാ അവശത അനുഭവിക്കുന്ന ഈ വിഭാഗത്തിന് മെച്ചപ്പെട്ട ഉപകരണങ്ങ നൽകാൻ കഴിഞ്ഞു. അതുപോലെ തന്നെ ഗുണഭോക്താക്കളുടെഎണ്ണ കുറയ്ക്കേണ്ടി വന്നപ്പോൾ കിട്ടാതെ പോയ ആളുകൾക്ക് തുടർന്നുള വർഷങ്ങളിൽ സഹായ ഉപകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട് എന്ന വിവര |

| | | |
|---|---|---|
| | കോർപ്പറേഷനിൽ നിന്നും വാങ്ങിയത് പ്രകാരം 12,06,385/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന് വിരുദ്ധമായും, വ്യക്തമായ കാഴ്ചപ്പാടില്ലാതെയും പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെയും ചെലവഴിച്ച 12,06,385/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 4.2.7 | കുടുംബശ്രീ പ്രോജക്ട് - 53,87,561/- രൂപ വിനിയോഗിച്ചിട്ടില്ല - <u>ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖ-ിക നമ്പർ 2(64):</u><br><br>കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് 2002-03 മുതൽ 2004-05 സാമ്പത്തികവർഷങ്ങളിലായി 53,87,561/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും കൊടുത്തിരുന്നു. പദ്ധതി തുകകൾ അതാത് വർഷം ചെലവഴിക്കാതെ കുടുംബശ്രീ യൂണിറ്റു കൾക്ക് നേരിട്ട് ലഭിക്കുന്ന കേന്ദ്രസംസ്ഥാന വിഹിതങ്ങൾ നിക്ഷേപിക്കാനായി തുറന്നിട്ടുള്ള എസ്.ബിഅക്കൗണ്ടിൽ<br><br>നിക്ഷേപിച്ച് കാണുന്നു. സാമ്പത്തിക | <u>കൊല്ലം കോർപ്പറേഷൻ</u><br><br>കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രവർത്തനം ആരംഭിച്ച് 6 മാസം പൂർത്തിയായതും 10,000/- രൂപ സമ്പാദ്യം ഉള്ളതുമായ അയൽക്കൂട്ടങ്ങളെ ഗ്രേഡിങ് നടത്തി 10,000/- രൂപാ വീതം റിവോൾവിങ് ഫണ്ട് നൽകുന്നതിന് വേണ്ടിയാണ് പ്രോജക്ട് നടപ്പാക്കിയത്. അത് പ്രകാരം 2002-03 വർഷത്തിൽ 19,28,195/- രൂപയും (31.3.2003) 2003-04 വർഷത്തിൽ 21,21,014/- രൂപയും (9.4.05) ഉൾപ്പെടെ 53,87,561/- രൂപ 538 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് നൽകാനായി പ്ലാൻഫണ്ടിൽ നിന്നും നൽകിയത് ഗവൺമെന്റ് അംഗീകൃത നിർവ്വഹണ ഏജൻസി ആയ സി.ഡി.എസ് അക്കൗണ്ടിലാണ് (അക്കൗണ്ട് നമ്പർ 6321 ബാങ്ക് ഓഫ് ഇൻഡ്യ, പ്രോജക്ട് ഓഫീസർ, സിഡിഎസ് പ്രസിഡണ്ട് എന്നിവരുടെ ജോയിന്റ് അക്കൗണ്ട്) നിക്ഷേപിച്ചിരിക്കുന്നത്. ബാങ്ക് ഓഫ് ഇൻഡ്യ, |

| | |
|---|---|
| വർഷാവസാനത്തിൽ ചെലവഴിക്കാതെ നിർവ്വഹണദ്യോഗസ്ഥന്റെ കൈവശം നിൽക്കുന്ന പ്ലാൻ ഫണ്ടു തുകകൾ സെക്രട്ടറിയുടെ പ്ലാൻ പി.ഡി.യിലേയ്ക്ക് ഒടുക്ക് വരുത്താതെ ടി അക്കൗണ്ടിൽ തന്നെ ഇപ്പോഴും സൂക്ഷിച്ചിട്ടുള്ളത് ചട്ടവിരുദ്ധമാണ്. | കടപ്പാക്കട ബ്രാഞ്ചിലാണ് ഇതിനായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതും.<br>28/05/2003 മുതൽ 17/04/2007 വരെയുള്ള കാലയളവിൽ 5387561/- രൂപ റിവോൾവിങ് ഫണ്ട് ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്. |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 3.2.1 | പട്ടികജാതി പദ്ധതികൾക്ക് വകയിരുത്തിയ 2,86,11,397/- രൂപ വകമാറ്റി ചെലവഴിച്ചത് - ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക നമ്പർ 3-37:<br><br>കൊല്ലം നഗരസഭ 2007-08 വർഷം പട്ടികജാതി വികസനത്തിനായി ആവിഷ്ക്കരിച്ച് അംഗീകാരം നേടിയ 25 പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ 2,86,11,397/- രൂപ മറ്റ് ആറ് പദ്ധതികൾക്കുവേണ്ടി വകമാറ്റുകയും ഈ തുകയിൽ നിന്ന് 2,86,41,397/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിലും ജില്ലാ കളക്ടറുടെ അക്കൗണ്ടിലും നിക്ഷേപിക്കുകയും ചെയ്തെങ്കിലും ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.<br><br>പട്ടികജാതി വികസനത്തിനായി അംഗീകാരം നേടിയ 13 പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ 1,42,62,772/- രൂപ വകമാറ്റുകയും | **കൊല്ലം കോർപ്പറേഷൻ**<br><br>പട്ടികജാതി കോളനികളിൽ കടിവെള്ള . പദ്ധതി നടപ്പിലാക്കാനായി കേരള വാട്ടർ അതോറിറ്റിക്ക് 1,76,41,397/- രൂപ നൽകിയത് സംബന്ധിച്ച് -<br><br>ചാത്തിനാംകുളം ഡിവിഷനിലെ കുരുനാമണി വയൽ ചേരി ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 2007-08-ലെ പ്രോജക്ട് നമ്പർ 795/07-08 പ്രകാരം 2,16,000/- രൂപ 31.03.2008-ലെ 558146 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതും ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്.<br><br>കരിക്കോട് ഡിവിഷനിലെ കരിമ്പാലിൽ കോമ്പൗണ്ടിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവർത്തികളും എന്ന വേലയ്ക്കായി 2007-08-ലെ പ്രോജക്ട് നമ്പർ 794/07-08 പ്രകാരം 11,30,000/- രൂപ 31.03.2008-ലെ 558145 നമ്പർ ഡി.ഡി പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതും ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്.<br><br>കൊല്ലം നഗരസഭയിലെ വിവിധ പട്ടികജാതി കോളനികളിലെ കുടിവെള്ളവിതരണ പദ്ധതിക്കായി ഒടുക്കുവരുത്തിയത് സംബന്ധിച്ച് |

| | |
|---|---|
| ടി തുക പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തെങ്കിലും വാട്ടർ അതോറിറ്റി നാളിതുവരെ പദ്ധതിയുടെ പ്രാരംഭപ്രവർത്തനം പോലും നടത്തിയിട്ടില്ല. മേൽ പറഞ്ഞത് കൂടാതെ 12 പട്ടികജാതി വികസന പദ്ധതികളിൽ നിന്നായി 1,45,43,625/- രൂപ വകമാറ്റുകയും അതിൽ നിന്ന് 1,43,78,625/- രൂപ നാല് പുതിയ പദ്ധതികൾക്കായി വകയിരുത്തുകയും ചെയ്തു. ആയതിൽ നിന്നും 1,10,00,000/- രൂപ ജില്ലാ കളക്ടർക്കും 33,78,625/- രൂപ വാട്ടർ അതോറിറ്റിക്കും നൽകിയെങ്കിലും ടി തുകകളൊന്നും തന്നെ ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.<br><br>പ്രത്യേകഘടകപദ്ധതികൾക്കായി വകയിരുത്തുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശ ങ്ങളുടേയും സർക്കാർ നിർദ്ദേശങ്ങളുടേയും ലംഘനമാണ്. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കുന്ന പദ്ധതി വിഹിതം വകമാറ്റുന്നതും ചെലവഴിക്കാതിരിക്കുന്നതും നഗരസഭയിൽ | പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 28/04/2008, 29/08/2008, 24/04/14, 14/01/16 എന്നീ തീയതികളിൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ അടിയന്തിരമായി ആയത് ലഭ്യമാക്കണമെന്ന് കാണിച്ച് 17/11/16-ൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>ചാത്തിനാംകുളം കെ.പി നഗർ കുടിവെള്ള വിതരണത്തിനായി 2007-08-ലെ പ്രോജക്ട് നമ്പർ 796/07-08 പ്രകാരം 20,30,625/-രൂപ 31.03.2008-ലെ 558147 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതും ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 28/04/2008, 29/08/2008, 24/04/14, 14/01/16 എന്നീ തീയതികളിൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ അടിയന്തിരമായി ആയത് ലഭ്യമാക്കണമെന്ന് കാണിച്ച് 17/11/16-ൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>1.ബി. ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ബഹു. കൊല്ലം ജില്ലാ കളക്ടർക്ക് 1,10,00,000/- രൂപ നൽകിയത് സംബന്ധിച്ച് |

| | | |
|---|---|---|
| | അർപ്പിതമായ പ്രാഥമിക ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള വീഴ്ചയായി കാണുന്നു. മേൽ പ്രകാരമുള്ള 2,86,41,397/- രൂപ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾപോലും സ്വീകരിക്കാതെ ധൃതിപിടിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാനദിവസങ്ങളിൽ പിൻവലിച്ചത് പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവ് പെരുപ്പിച്ച് കാണുന്നതിനുള്ള നടപടിയായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ പ്രാരംഭപ്രവർത്തനം പോലും ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ 2,86,46,397/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. | സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുക എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കാണ് ടി പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ 2008-ൽ ആരംഭിച്ച ടി പദ്ധതി ഭൂഉടമകളുടെ എതിർപ്പും കോടതി നടപടി മൂലവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 01/01/14 മുതൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം നിലവിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി കാലഹരണപ്പെട്ടിട്ടുള്ളതാണ്. പുതിയ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്ന വിഷയം റവന്യൂ വിഭാഗവുമായി ആലോചിച്ച് കൗൺസിൽ അജണ്ട തയ്യാറാക്കി തുടർനടപടി സ്വീകരിച്ചു വരുന്നതാണെന്ന് വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 3.8.1 | മുൻകൂർ നൽകിയ 74,77,828.93 ക്രമീകരിക്കാത്തത് -(ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക 3-42) അഡ്വാൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1989-90 മുതൽ മുൻകൂർ നൽകിയ 7477828.93 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഭരണവകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്. | <u>കൊല്ലം കോർപ്പറേഷൻ</u><br><br>നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറുകൾ എടുത്തിട്ടുള്ള പല ജീവനക്കാരും വിരമിച്ചിട്ടുള്ളതാണ്. ലിസ്റ്റ് പ്രകാരമുള്ള ആളുകളുടെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ മുൻകൂർ എടുത്തിട്ടുള്ള തുകകൾ ഡി.സി.ആർ.ജി യിൽ കുറവു ചെയ്തിട്ടുള്ളതാണ്. ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച |

| | |
|---|---|
| | വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കറന്റ് ചാർജ്ജിനത്തിൽ- 2786/-രൂപ, അഡ്വക്കേറ്റ് ഫീസിനത്തിൽ - 30050/-രൂപ, ഔദ്യോഗിക ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള - 1834059/-രൂപ ഇവ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നു. ടി തുകകൾ മുൻകൂറായി നൽകിയിട്ടുള്ളവയല്ല.<br><br>ഡി.സി.ആർ.ജി യിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളതും ഫിനാൻസ് സ്റ്റാന്റിങ് കമ്മിറ്റി തീരുമാനപ്രകാരവും ആകെ 827756/-രൂപ ക്രമീകരിച്ചിട്ടുള്ളതാണ്.<br><br>കുരീപ്പുഴ ചണ്ടി ഡിപ്പോ ആധാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചെലവാക്കിയിട്ടുള്ള 2542215/- രൂപ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരുന്നു.81964/- രൂപ മുൻകൂറുകൾ എടുത്തിട്ടുള്ളവർ മരണപ്പെട്ടുപോയിട്ടുള്ളതാണ്. ബാക്കി തുകയായ 2237614/- രൂപ റവന്യു റിക്കവറി വഴി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 2.4(4) | തനത് വരുമാനം<br><br>വിനോദ നികുതി, ലൈസം, വാടക എന്നീയിനങ്ങളിൽ ഭീമമായ തുക കുടിശ്ശികയായി ഇപ്പോഴും നിലനിൽക്കുന്നു<br><br>കൊല്ലം നഗരസഭ<br><br>2008–09<br><br>2.4(എ)<br><br>വിനോദ നികുതി തുക<br>590470 | കൊല്ലം കോർപ്പറേഷൻ<br><br>കൊല്ലം കോർപ്പറേഷന്റെ പരിധിയിലുള്ള 14 സിനിമാ തീയറ്ററുകളുടെ ടിക്കറ്റ് സീൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിക്കറ്റുകൾ സീരിയൽ നമ്പരിന്റെ തുടർച്ചയിൽ സീൽ ചെയ്യാത്തതിനാൽ ഇടയ്ക്കുള്ള ടിക്കറ്റുകൾ വിനോദനികുതിയിൽ നിന്നും ഒഴിവാകുന്നതായി കാണുന്നു. തീയറ്ററിന്റെ ഡി.സി.ആർ പരിശോധിച്ചതിൽ വിനോദ നികുതിയിൽ നിന്ന് ഒഴിവായ ഈ ടിക്കറ്റുകൾ വിറ്റഴിച്ചിട്ടുള്ളതായി കാണുന്നു എന്നാണ് ഓഡിറ്റ് പരാമർശം.<br><br>യഥാർത്ഥത്തിൽ വിനോദ നികുതിയിനത്തിലുള്ള മുഴുവൻ തുകയും കോർപ്പറേഷൻ അക്കൗണ്ടിൽ വന്നിട്ടുണ്ട്. പോസ്റ്റിങ് കൃത്യമാകാത്ത സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. വിശദമായ വിവരങ്ങൾ ഓഡിറ്റിന് നൽകുന്നതാണ്. |
|  | (ഭ) | കൊല്ലം നഗരസഭ<br><br>2008–09<br><br>2.4(സി) |  |

| | | | |
|---|---|---|---|
| | | വിനോദ നികുതി/ തുക<br>സർവ്വീസ് ചാർജ്ജ് 874200 | |
| 2 | 2.8(1) | <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്കെടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്.</u><br><br>വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിങ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഉപയോഗിക്കുന്നതിന് ലേലത്തിൽ പിടിക്കുന്ന വ്യക്തികളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ചുള്ള കരാർ ചമയ്ക്കാത്തതിനാൽ വാടക ഒടുക്കുന്നതിന് വീഴ്ചവരുത്തുന്ന വ്യക്തികളിൽ നിന്നും തുക ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ തടസ്സം നേരിടുന്നു. കൂടാതെ, കരുതൽധനം വാങ്ങാതിരിക്കുക, വാടകക്കാരെ രജിസ്റ്റർ ചെയ്യാതിരിക്കുക തുടങ്ങി നിരവധി അപാകതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് തുക ഈടാക്കാതെ മുറികൾ വാടകക്കാർക്ക്കൈമാറുന്നതും വാടക അടയ്ക്കാത്തവരെ മുറികളിൽ തുടരാൻ അനുവദിക്കുന്നതും കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർലേലം ചെയ്യാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളുടെ വീഴ്ചയാണ്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയ പ്രസ്തുത അപാകതകൾ ചുവടെ ചേർക്കുന്നു. | <u>കൊല്ലം കോർപ്പറേഷൻ</u><br><br>1) കൊല്ലം നഗരസഭയുടെ 2008–09 വർഷത്തെ പൊതുലേലത്തിൽ ഉൾപ്പെട്ട വലിയകട മാർക്കറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ ശ്രീ.നജീബ്, കൊട്ടിലിൽ വീട്, ബീച്ച് നോർത്ത് എന്നയാളുടെ പേരിൽ 275700/– രൂപയ്ക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. ടിയാൻ ലേല സംഖ്യ അടച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>രസീത് നം. തീയതി തുക<br>112060/36 14.02.08 12600/–<br>112076/13 26.02.08 56325/–<br>1090112323248 23.02.10 206775/<br><br>കൂടാതെ സർവ്വീസ് ടാക്സ് ഇനത്തിൽ 21298/– രൂപയും കിസ്തു തുക അടയ്ക്കാൻ വൈകിയതിനുള്ള പിഴപ്പലിശ 20238/– രൂപയും ഈടാക്കിയിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>2) 2008–09ൽ ഫീസ് പിരിക്കുന്നതിന് ഏറ്റവും കൂടുതൽ തുകയായ 55100/– രൂപ ലേലം വിളിച്ച ശ്രീ.നജീബ് ചുവടെ പറയും പ്രകാരം തുക ഒടുക്കിയിട്ടുള്ളതാണ്.<br><br>ഇ.എം.ഡി – 25100/– 112060/47 14.02.08<br>കിസ്ത് – 75000/– 112076/12 26.07.08<br>കിസ്ത് – 75150/– 122032/78 19.06.08 |

| | | | |
|---|---|---|---|
| | | കൊല്ലം നഗരസഭ<br>2008–09 (2.7(ഇ))<br>വാടകയ്ക്ക് നൽകിയ ആസ്തിയുടെ വിവരം<br>1. വലിയകട മാർക്കറ്റ് ഗേറ്റ് ഫീസ് നഷ്ടം – 219378/-<br>2. സ്റ്റോട്ടർ ഹൗസ് ഫീസ് നഷ്ടം –177350<br>3. ലോറി സ്റ്റാന്റ് – 375601/-<br>ആണ്ടാമുക്കം കംഫർട്ട് സ്റ്റേഷൻ – 33200/- | കിസ്ത് – 75000/- 112066/100 28.07.08<br>കിസ്ത് – 75000/- 122145/71 03.11.08<br>കിസ്ത് – 73500/- 10801100338 15.12.08<br>കിസ്ത് – 82200/- 10901123250 23.02.10<br>കൂടാതെ സർവ്വീസ് ടാക്സ് ഇനത്തിൽ 21407/- രൂപ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക ഒടുക്കുവരുത്തുന്നതിന് 19/09/2019–ാം തീയതി 2019/9556/02 നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>3.<br>ലോറി സ്റ്റാൻഡ് ലേലം കൊണ്ട ശ്രീ.മനോജ് ഒടുക്കുവാനുള്ള ലേലത്തുക ഈടാക്കുന്നതിനായി 19/09/2019–ാം തീയതി 2019/9557/02 നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>4<br>ആണ്ടാമുക്കം കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട ശ്രീ.നജീബ് ഒടുക്കുവാനുള്ള ലേല തുക ഈടാക്കുന്നതിനായി 19/09/2019–ാം തീയതി 2019/9555/02 നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് |
| 3 | 3.8.20 | നിലവിലില്ലാത്ത തയ്യൽ പരിശീലനകേന്ദ്രം വിപുലീകരിക്കൽ – ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 46,904/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>വികസന ഫണ്ടിൽ നിന്നും 50,000/- രൂപ വകയിരുത്തിയ ആക്കോലിൽ നഗരസഭ വക തയ്യൽ പരിശീലനകേന്ദ്രം വിപുലീകരണം എന്ന 188/08–09–ാം | കൊല്ലം കോർപ്പറേഷൻ<br>2008–2009 വർഷത്തിൽ പ്രോജക്ട് നം.188/8–08 പ്രകാരം പ്രവർത്തനരഹിതമായ ആക്കോലിൽ തയ്യൽ പരിശീലനകേന്ദ്രം പുനരുദ്ധീകരിക്കുന്നതിനായി 46904/- രൂപ ചെലവഴിച്ച് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതാണ്.<br>ക്രമ നം \| ഇനങ്ങൾ \| എണ്ണം<br>\| \| 0 |